**KOTTAYAM PUBLIC LIBRARY**

Call No 301.42 PAR-X Acc. No 80821

Author പരമേശ്വരക്കുറുപ്പ്

Title വിവാഹരംഗം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1009

# വിവാഹരംഗം

ഗ്രന്ഥകർത്താ:

കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.

DISTRIBUTING LIBRARY,
No.
KOTTAYAM.

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

(വില 1—8—0)

രണ്ടാം പതിപ്പ്.

*Copyright to publishers.*

301.42
Parv

Printed at
The Prakasakaumudi Printing Works, Kozhikode.

1955

# മുഖവുര.

ശ്രീതങ്കും വിജ്ഞാനദീപവെളിച്ചം തൽ-
പ്പൂതനേത്രങ്ങളിൽ പൂണ്ടുകൊണ്ടും
സ്വാതന്ത്ര്യജ്വാലതന്നാത്മാക്കളിലാന്നും
സ്ഫീതപ്രതാപമോട്ടഴിതന്നിൽ
ജാതരായീട്ടും മഹനീയവംശം, സം-
പ്രീതരായ് വാഴ്ക, ഭവിക്കഭദ്രം!

(ഗ്രന്ഥ)

മലയാളഭാഷാസാഹിത്യത്തിൽ കുറഞ്ഞൊരു കാലമായി നോവലുകൾ, ആഖ്യായികകൾ, ഖണ്ഡകവനങ്ങൾ മുതലായവ ദിനംപ്രതി വദ്ധിച്ചുവരുന്നുണ്ടെന്നുള്ളതു സന്തോഷാവഹമായ ഒരു സംഗതിയാണ്. എന്നാൽ പ്രസ്തുത ഗ്രന്ഥങ്ങളുടെ പ്രചാരംകൊണ്ടു സമുദായപരിഷ്കാരത്തിന്നുതകുന്ന വിശിഷ്ടാദശങ്ങൾ സുലഭമായി ലഭിക്കുന്നില്ലെന്നു പറയുന്നതിൽ പക്ഷാന്തരമുണ്ടാകുമെന്നു തോന്നുന്നില്ല. നമ്മുടെ ഭാഷയിൽ ശാസ്ത്രീയഗ്രന്ഥങ്ങളുടെ അഭാവം നാനാപ്രകാരേണ സമുദായാഭിവൃദ്ധിക്കു തടസ്ഥമായ പ്രധാനകാരണങ്ങളിൽ ഒന്നാണെന്നു പല വിദ്വാന്മാരും അഭിപ്രായപ്പെടുന്നതും ഏറെക്കുറെ വാസ്തവമാണ്. കേരളസാഹിത്യഭണ്ഡാരത്തിൽ ഇങ്ങിനെയുള്ള ഒരു ന്യൂനതയെ കഴിയുന്നത്ര പരിഹരിച്ചു മുതലെടുപ്പ് വദ്ധിപ്പിക്കേണ്ടതു ഭാഷാഭിമാനികളുടെ ഒരു പ്രത്യേക ചുമതലയാകുന്നു. പ്രസ്തുതോദ്ദേശത്തെ കഴിയുന്നത്ര നിറവേററണമെന്നു കരുതിയാണ് "അണ്ണാക്കൊട്ടനും തന്നാലായതു" എന്നമട്ടിൽ സമുദായാഭിവൃദ്ധിയെ പുരസ്കരിച്ചു ശാസ്ത്രീയതത്വങ്ങൾക്കു കൂടുതൽ പ്രാധാന്യം കല്പിച്ചു അത്ഥശൂന്യ

ങ്ങളായ പഴയമാമൂലുകൾക്കു എതിരായി "വിവാഹരംഗം" എന്ന ഇപ്പുസ്തകം ഞാൻ എഴുതിയതു്. ലോകപരിഷ്ക്കാരം, അഥവാ ലോകാഭിവൃദ്ധി തന്നെ സമുദായാഭ്യുന്നതിയെ ആശ്രയിച്ചിരിക്കുന്നതിനാൽ മലയാളീസമുദായത്തിന്നു ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ എല്ലാംകൊണ്ടും ഉപയോഗപ്രദമായിത്തീരുമെന്നുള്ളതിന്നു സംശയമില്ല. സന്മാർഗ്ഗജീവിതത്തെ മാതൃകയാക്കുന്ന സൽസ്സന്താനങ്ങളെ ഉൾക്കൊണ്ടല്ലാതെ യാതൊരു സമുദായത്തിന്നും, അഥവാ സാമ്രാജ്യത്തിന്നുതന്നേയും, ഉൽഗ്ഗതി പ്രാപിക്കുവാൻ കഴിയുകയില്ലെന്നു ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഈ പണ്ഡിതാഭിപ്രായം യഥാൎത്ഥമാണെങ്കിൽ ഏതാദൃശമായ ഒരു പ്രസ്ഥാനത്തിൽ അവതരിക്കുന്ന സകലപുസ്തകങ്ങളേയും സജ്ജനങ്ങൾ ആദരിക്കാതിരിക്കയില്ല. "വിവാഹരംഗം" എന്ന എൻെറ ഈ പുസ്തകത്തിൻെറ ആവിൎഭാവത്തെക്കുറിച്ചു് ഇതിലധികമായി എനിക്കു പറയുവാനില്ല.

ഇനി ഈ പുസ്തകത്തിൻെറ അവതാരം ഒരു ശുഭമുഹൂൎത്തത്തിലാണെന്നു പറയുന്നതിലും എനിക്കു അനല്പമായ സന്തോഷമുണ്ടു്. എന്തെന്നാൽ, നമ്മുടെ രാജ്യത്താകട്ടെ ഇന്നത്തെ പരിഷ്കൃതാശയന്മാരെല്ലാം വിവാഹവിഷയത്തിൽ സുഗമവും, സുസ്ഥിരവുമായ ഒരു നിയമം കൂടിയേ കഴിയൂ എന്നു യുക്തിപൂൎവ്വം അഭിപ്രായപ്പെടുന്ന ഒരു കാലഘട്ടമാണിതു്. വിവാഹോദ്ദേശം, വിവാഹകാലം, വധൂവരന്മാർ, വിവാഹമോചനം, പരിശുദ്ധമായ ഐക്യം എന്നീ വിഷയങ്ങളിൽ പ്രായേണ ഗണനീയമായ യാതോരു നിയമങ്ങളും ഇല്ലാത്തതുകൊണ്ടു സമുദായത്തിന്നു വന്നുകൂടുന്ന അതിരററ ദോഷങ്ങൾ നമുക്കു ആലോചിക്കുവാൻ കൂടി വഹിയാത്തവിധത്തിൽ അത്രഭയങ്കരങ്ങളാണെന്നു പറയാതെ നിവൃത്തിയില്ല. ശൈശവ

വിവാഹംകൊണ്ടും മററും നമ്മുടെ സമുദായത്തിന്നു സംഭവിക്കുന്ന കഠോരതങ്ങളായ ദോഷങ്ങളെ തീരെ പരിഹരിക്കുവാൻ റാവുസാഹേബ്ബ് സാർദ്ധായുടെ ബിൽ മുതലായവ ഭാരതസാമ്രാജ്യസഭയിൽ എത്തിച്ചേർന്നിട്ടുള്ള ഇക്കാലത്തുതന്നെയാണ് ഭാവിതലമുറകളുടെ അഭിവൃദ്ധിക്കുതകുന്ന ഈ വക പരിഷ്കൃതഗ്രന്ഥങ്ങൾ പുറത്തിറങ്ങേണ്ടതെന്നുള്ള സംഗതിയും മറച്ചുവെക്കത്തക്കതല്ല. സമുദായോന്നമനത്തിന്നു സർവ്വപ്രധാനമായ വിവാഹം എന്ന പരിശുദ്ധപ്രസ്ഥാനത്തിന്നു കാലാനുകൂലമായ പരിഷ്കാരം വരുത്തി നമ്മുടെ സമുദായത്തിന്നു ഉത്തമാദർശവും, ഉൽകൃഷ്ടമായ ഘടനയും, ഉറപ്പും, ഉണ്ടാക്കിത്തീർക്കുവാൻ ഉതകുന്ന പല പ്രചാരവേലകളിൽ ഏററവും ലഘുവായ ഒരു ഭാഗംമാത്രമായിട്ടെങ്കിലും ഇപ്പുസ്തകംഉപകരിക്കുവാൻ ഇടവരുന്നതായാൽതന്നെ അതു എനിക്കു എന്തെന്നില്ലാത്ത ഒരു കൃതാർത്ഥതയ്ക്കിടയാകുന്നതാണ്. വാസ്തവത്തിൽ എന്റെ പ്രയത്നത്തിന്നുള്ള പ്രതിഫലവും അതുതന്നെയാകുന്നു. കേരളസാഹിത്യമണ്ഡലത്തിൽ ഈ സുമുഹൂർത്തത്തിൽ ഞാൻ പ്രതിഷ്ഠിക്കുവാൻ പോകുന്ന ഈ "വിവാഹരംഗ"ത്തെക്കുറിച്ചു ഇത്രയൊക്കെ പറഞ്ഞ സ്ഥിതിക്കു ഇതുകൊണ്ടു സാധിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു എനിക്കു തോന്നുന്ന ചുരുക്കം ചില സംഗതികളെപ്പററി മാത്രം ഒന്നുരണ്ടു വാക്കു പറയാം. ഈ വിഷയത്തിൽ മററു ചില പുസ്തകങ്ങളെപ്പററി സന്ദർഭവശാൽ പ്രസ്താവിക്കേണ്ടിവരുന്നതിൽ ആർക്കും എന്നെപ്പററി തെററിധാരണ ഉണ്ടാകാതിരിപ്പാൻ അപേക്ഷിച്ചുകൊള്ളുന്നു. കാമശാസ്ത്രത്തിന്റെയും, വാത്സ്യായനസൂത്രത്തിന്റേയും, ആഭാസതരങ്ങളായ മററുവല്ല സംസ്കൃത ശ്ലോകങ്ങളുടെയും ആശയങ്ങൾ അങ്ങിനെ തന്നെ പകത്തി കേവലം ഗ്രാമ്യങ്ങളായ വിഷയങ്ങളെ വ്യാഖ്യാനിച്ച് വായനക്കാരുടെ മനസ്സിനെ ദൂഷി

പ്പിക്കുന്ന ഒരു വക പ്രസിദ്ധീകരണങ്ങളും, ഇപ്പുസ്തകവുമായി യാതൊരു സാദൃശ്യവുമില്ലെന്നു എനിക്കു അഭിമാനസമേതം പ്രസ്താവിക്കുവാൻ കഴിയും. സമുദായപരിഷ്കാരത്തെ ലാക്കാക്കി ശാസ്ത്രീയവും, സാമ്പത്തികവുമായ പല യഥാൎത്ഥതത്വങ്ങളേയും, പണ്ഡിതന്മാരുടെ അഭിപ്രായങ്ങളേയും ക്രോഡീകരിച്ചും, പല ഇംഗ്ലീഷു പുസ്തകങ്ങളിൽനിന്നും വളരെ സംഗതികൾ സംഗ്രഹിച്ചുമാകുന്നു ഞാൻ ഇപ്പുസ്തകം എഴുതിയിട്ടുള്ളതു്. ഈ വിഷയത്തിൽ മോണാബെൎഡ്, ഡബ്ളിയു എം. ഗാല്ലിഷൻ; മേരി സ്റ്റോപ്സ് മുതലായവരുടെ ഇംഗ്ലീഷുപുസ്തകങ്ങളാണ് എനിക്കു മാൎഗ്ഗദൎശികൾ എന്നു പറയുന്നതിലും ഞാൻ അശേഷം ശങ്കിക്കുന്നില്ല. മററു രാജ്യങ്ങളിലെ വിവിധങ്ങളായ വൈവാഹികാചാരങ്ങളെപ്പററി സുദീൎഘമായി ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. വാസ്തവത്തിൽ നമ്മുടെ രാജ്യത്തുള്ള വിവാഹസമ്പ്രദായങ്ങളെക്കുറിച്ചു ഏറെക്കുറെ നമുക്കു അറിവുള്ളതിനാലും, അന്യരാജ്യങ്ങളിലെ പല സമ്പ്രദായങ്ങളും നാം മനസ്സിലാക്കേണ്ടതുകൊണ്ടും അവയിൽ ഉത്തമമെന്നു തോന്നുന്നവയെ നാം ആദൎശമാക്കുന്നതു് നന്നെന്നു തോന്നുകയാലുമാണ് ഞാൻ പ്രസ്തുത വിവാഹരീതികൾ ഇപ്പുസ്തകത്തിൽ കുറെയധികം വിസ്തരിച്ചിട്ടുള്ളതു്. വിവാഹവിഷയത്തിൽ പൌരസ്ത്യാദൎശത്തിന്നും, സ്ത്രീത്വത്തിന്നും, അഥവാ ഗൃഹനായികാത്വത്തിന്നും, പൌരസ്ത്യർ കല്പിക്കുന്ന മഹനീയസ്ഥാനത്തേയും സംക്ഷിപ്തമായി ഞാൻ ഇപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു ഏററവും അഭിമാനത്തോടു കൂടിയാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. പഴയ അന്ധവിശ്വാസങ്ങളും, മാമൂലുകളും, തീരെ പരിത്യജിച്ചു് പൊതുവിൽ ഭാരതീയർ, വിശേഷിച്ചു മലയാളികൾ, ഗൃഹസ്ഥാശ്രമ ധൎമ്മത്തെ ഏററവും മഹ

ത്തായ ആദൎശത്തോടുകൂടി പരിപാലിക്കുവാൻ സുഗമമായ മാൎഗ്ഗങ്ങളെ ആരായുന്നതിന്നുവേണ്ടി മാത്രമാകുന്നു വിഭിന്ന സമുദായ വിവാഹരീതികളും മററും ഞാൻ ഈ "വിവാഹ രംഗ"ത്തിൽ ഒരു അംഗമാക്കിയെടുത്തിട്ടുള്ളതു്. അതു കൊണ്ടു ഭാരതീയ ആദൎശങ്ങൾക്കല്ല ഇതിൽ പ്രാമാണ്യം കല്പിച്ചിട്ടുള്ളതെന്നു പൊതുവിൽ ഒരാക്ഷേപത്തിന്നു ഞാൻ അൎഹനാവുകയില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കാലം മുന്നോട്ടുപോകുമ്പോൾ കോലവും അതേ രീതിയിലാകണം എന്ന അഭിപ്രായം നാം ആദരിക്കുന്ന പക്ഷം ഈ "വിവാഹ രംഗം" കൊണ്ടു ഇന്നത്തെ ദമ്പതിമാൎക്കും. ദാമ്പത്യധൎമ്മമനുസരിക്കേണ്ടവൎക്കും വളരെ ഉപയോഗമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതല്ലാതെ യാഥാസ്ഥികമനസ്ഥിതികളെ തൃപ്തിപ്പെടുത്തുവാൻ എനിക്കുദ്ദേശമില്ലെന്നു മാത്രമല്ല, ഞാൻ അതിന്നു അശക്തനുമാകുന്നു.

ഇത്രയും പറഞ്ഞുകൊണ്ടു ഈ മുഖവുരയെ അവസാനിപ്പിക്കുന്നതിന്നു മുമ്പു ഇപ്പുസ്തകം സദയം പരിശോധിക്കുകയും, എന്റെ അപേക്ഷാനുസരണം സരസവും, സാരതരവുമായ ഒരു അവതാരിക എഴുതിത്തരികയും ചെയ്ത സാഹിത്യരസികനും, സഹൃദയനും, എന്റെ ഒരു മാന്യസ്നേഹിതനുമായ ശ്രീമാൻ സി. ഗോപാലൻനായർ (ബി. ഏ. ബി. എൽ.) അവർകളോടു എനിക്കുള്ള അകൈതവമായ നന്ദിയെ ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു. സമുദായാഭ്യുന്നതിയെ ലാക്കാക്കി ഞാൻ എഴുതിയ ഇപ്പുസ്തകത്തിന്റെ സമൎപ്പണത്തിന്നു സൎവ്വഥാ അൎഹൻ മിതവാദി പത്രാധിപർ ശ്രീമാൻ സി. കൃഷ്ണൻ (ബി ഏ. ബി. എൽ.) അവർകളാണെന്നു എനിക്കു തോന്നുകയും, അദ്ദേഹം അതിന്നു സദയം അനുവദിക്കുകയും ചെയ്ത സംഗതിയും ഈ അവസര

ത്തിൽ സന്തോഷപൂർവ്വം പ്രസ്താവിക്കത്തക്കതാണ്. വിശേഷിച്ച അച്ചടിവിഷയത്തിൽ ജർമ്മനി മുതലായ വിദേശങ്ങളിൽനിന്ന പ്രത്യേകവിദഗ്ദ്ധത സമ്പാദിച്ചിട്ടുള്ള ശ്രീമാൻ സി. ഉണ്ണി അവർകൾ ഇപ്പുസ്തകത്തെ അദ്ദേഹത്തിൻെറ എമ്പയർ പ്രസ്സിൽ വളരെ വൃത്തിയായും, ആകർഷണീയമായ രീതിയിലും ചുരുങ്ങിയ സമയത്തിന്നുള്ളിൽ അച്ചടിച്ചുതന്നതിൽ എനിക്കുള്ള അദ്ദേഹത്തോടുള്ള നിർവ്യാജമായ കൃതജ്ഞതയും പ്രസ്താവയോഗ്യമാണ്.

മിതവാദി ആഫീസ്സ്,
കോഴിക്കോട്ട്,
1928 ഒക്ടോബർ 8-ാംനു- } ഗ്രന്ഥകർത്താവ്.

# അവതാരിക.

ഒരു സാഹിത്യരസികനും, പ്രസിദ്ധഭാഷാകവിയും, പ്രത്യേകിച്ചു അവിവാഹിതനുമായ എൻെറ സ്നേഹിതൻ ശ്രീമാൻ കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പ് അവർകൾ ദാമ്പത്യവിഷയത്തെപ്പററി ഗദ്യത്തിൽ ഒരു പുസ്തകമെഴുതുമെന്നോ, അതിന്നു എനിക്കു ഒരു അവതാരിക എഴുതേണ്ടിവരുമെന്നോ ഞാൻ വിചാരിക്കാത്ത ഒരു സംഗതിയാണ്. പുസ്തകം എഴുതിത്തീൎന്ന ഉടനെ അദ്ദേഹം എന്നോടു അതിന്നു ഒരു അവതാരിക എഴുതേണമെന്നു സ്നേഹപൂൎവ്വം നിർബ്ബന്ധിച്ചതിനാലും, പുസ്തകം ആകപ്പാടെ മലയാളികൾക്കു പൊതുവെ ഉപയോഗപ്രദമാണെന്നു എനിക്കു തോന്നുകയാലും ആ അപേക്ഷയെ ഞാൻ കൈക്കൊള്ളുകയും ഈ അവതാരിക എഴുതുവാൻ ബാദ്ധ്യസ്ഥനാവുകയും ചെയ്തു.

വിവാഹത്തെപ്പററിയും, തത്സംബന്ധമായ വിഷയങ്ങളെക്കുറിച്ചും മലയാളത്തിൽ ഇയ്യിടെയായി ചില പുസ്തകങ്ങളെല്ലാം പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ട്. അവയിൽ ചിലതു സംസ്കൃതത്തിൽനിന്നു മലയാളത്തിലേക്കു തൎജ്ജമചെയ്തവയും, വേറെ ചിലതു "അവിടുന്നും ഇവിടുന്നും" വിവാഹത്തെപ്പററി ചില സംഗതികൾ ക്രോഡീകരിച്ചു പുസ്തകരൂപത്തിൽ പുറത്തിറക്കിയവയുമാകുന്നു. ദാമ്പത്യത്തിൻെറ യഥാൎത്ഥോദ്ദേശത്തേയും, ഇന്നത്തെ സാമുദായികാദൎശങ്ങൾക്കു അനുസരിച്ചു വിവാഹച്ചടങ്ങുകളിൽ വരുത്തേണ്ടുന്ന മാററങ്ങളെപ്പററിയും ദാമ്പത്യമുറകളേയും, എന്നുവേണ്ട ദമ്പതിമാർ ആവശ്യം അറിഞ്ഞിരിക്കേണ്ടുന്ന പല സംഗതികളെക്കുറിച്ചും സഭ്യമായ വിധത്തി

ലും, ലളിതമായ ഭാഷയിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ ഇല്ലെന്നുള്ള അപവാദം ശ്രീമാൻ കുറുപ്പവർകളുടെ ഇപ്പുസ്തകത്തിൻെറ ആവിർഭാവം കൊണ്ടു തീൎന്നുപോകുമെന്നുള്ളതു നിൎവ്വിവാദമാണ്. ഇപ്പുസ്തകത്തിൽ അധികഭാഗവും പാശ്ചാത്യവിവാഹജീവിതത്തേയും, നടപടികളേയും കുറിച്ചാണെന്നു ഒരു അഭിപ്രായം വായനക്കാൎക്കു തോന്നുവാൻ സംഗതിയുണ്ട്. നമ്മുടെ വിവാഹാദൎശങ്ങളും, പാശ്ചാത്യവിവാഹാദൎശങ്ങളും സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചാൽ അവയിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല. പാശ്ചാത്യരാജ്യങ്ങളിലും അടുത്തകാലംവരെ സ്ത്രീകളുടെ നില വളരെ അഭിലഷണീയമായ ഒന്നായിരുന്നില്ല. സ്ത്രീകൾ കേവലം പുരുഷൻെറ അടിമസ്ഥാനം മാത്രമാണുണ്ടായിരുന്നത്. ഈ അനാശാസ്യമായ ആദൎശത്തിന്നു അനുസരിച്ചായിരുന്നു പാശ്ചാത്യരുടെ നിയമവും, സാമുദായികനടപടികളും. സ്ത്രീകൾക്കു സ്വന്തമായി സ്വത്തു സമ്പാദിക്കുവാനോ, ഉദ്യോഗങ്ങളിൽ ഏൎപ്പെടുവാനോ, ഒരു സ്വതന്ത്രജീവിതം നയിക്കുവാനോ പാശ്ചാത്യ നിയമവും, ആചാരവും അടുത്തകാലം വരെ അവരെ അനുവദിച്ചിട്ടില്ല. പക്ഷെ കുറെ സംവത്സരങ്ങളായി സ്ത്രീകളെപ്പററിയുള്ള സമുദായാദൎശം ക്രമേണ ഉയൎന്നുവരുന്നതോടുകൂടി സ്ത്രീകളുടെ നിലക്കു മാത്രമല്ല, ദാമ്പത്യസമ്പ്രദായങ്ങൾക്കും, ദാമ്പത്യധൎമ്മത്തിന്നും അഭിനന്ദനീയമായ മാററങ്ങൾ ഉണ്ടായിവന്നിട്ടുണ്ടെന്നും, പ്രസ്തുത മാററങ്ങൾ ഇന്ത്യാരാജ്യത്തിൽ സാധിതപ്രായമാകുവാൻ ഇപ്പോഴത്തെ സ്ഥിതികൊണ്ടു ഇനിയും വളരെക്കാലം പിടിക്കുമെന്നും നിഷ്പക്ഷവാദിയും, യഥാൎത്ഥ സമുദായസ്നേഹിയും ആയ യാതൊരാളും സമ്മതിക്കുമെന്നു തോന്നുന്നു.

സത്യമായും, അസത്യമായും, അർഹതയുണ്ടെങ്കിലും ഇല്ലെങ്കിലും അവനവന്റെ രാജ്യക്കാരേയോ, രാജ്യത്തേയോ, സമുദായത്തേയോ സ്തുതിക്കുന്നതു സ്വദേശസ്നേഹമാണെന്നു വിചാരിക്കുന്നതു വിഡ്ഢിത്വമാകുന്നു. മിസ്സ് മേയോ (Miss Mayo.) ഇന്ത്യയിൽവന്നു നമ്മുടെ ശൈശവവിവാഹത്തിന്റെ ക്രൂരതയേയും, ബാലവിധവകളുടെ ദയനീയാവസ്ഥയേയുംപററി കഠിനമായി നിരൂപണം ചെയ്യുമ്പോൾ നമ്മുടെ സ്വദേശാഭിമാനത്തിന്നു അതു ഒരു ഇടിച്ചിലാണെന്നു സമ്മതിക്കാമെങ്കിലും, ആ അമേരിക്കൻ സ്ത്രീ പറയുന്ന കാൎയ്യങ്ങളിൽ ഏതാണ്ടു വാസ്തവമുണ്ടെന്നു മനസ്സിലാക്കി സമുദായത്തിലെ കേടുകൾ തീൎക്കുവാൻ നാം പരിശ്രമിക്കുന്നതു ആ സ്ത്രീയുടെ പുസ്തകങ്ങൾ ചുട്ടുകരിക്കുന്നതിനേക്കാൾ രാജ്യത്തിന്നു തുലോം ക്ഷേമകരവും, യഥാൎത്ഥാഭിമാനത്തിന്നു കാരണവുമായിരിക്കും. ഈ നിലക്കു ശ്രീമാൻ പരമേശ്വരക്കുറുപ്പവർകൾ പാശ്ചാത്യവിവാഹജീവിതത്തേയും, നടപടികളേയുംപററി ഇപ്പുസ്തകത്തിൽ അധികമായി എടുത്തു പറഞ്ഞിട്ടുണ്ടെങ്കിൽ അതു പാശ്ചാത്യവൈവാഹികാദൎശങ്ങളിൽ ആശാസ്യമായവയെ നമ്മുടെ നാട്ടുകാർ ഒരു ഉത്തമ മാതൃകയായി കൈക്കൊള്ളേണമെന്നുള്ള ആഗ്രഹം കൊണ്ടു മാത്രമാണെന്നു നമുക്കു സമാധാനിക്കുവാൻ ധാരാളം വഴിയുണ്ട്. പശ്ചാത്യാദൎശങ്ങളിലും, നടപടികളിലും ഉള്ള ന്യൂനതകളേയും, അതുകൾ മുഴുവൻ നമ്മുടെ നാട്ടുകാർ കൈക്കൊള്ളുന്നതിൽ ഉള്ള അനൌചിത്യത്തേയുംപററി ഗ്രന്ഥകൎത്താവുതന്നെ പല സന്ദൎഭങ്ങളിലും ഇപ്പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹം പാശ്ചാത്യപരിഷ്കാരത്തിൽ ആലോചനയില്ലാതെ ഭ്രമിക്കുന്ന ആളല്ലെന്നും ധാരാളം വിശദമായിരിക്കുന്നു. നമ്മുടെ ഇടയിലുള്ള ആദൎശങ്ങളുടെ ദു

ഷ്യങ്ങളെ ഗ്രന്ഥകർത്താവിൻെറ സ്വദേശസ്നേഹം കുലങ്കഷമായി പരിശോധിക്കവാൻ അദ്ദേഹത്തെ അനുവദിച്ചിട്ടില്ലെങ്കിലും ഇപ്പുസ്തകം ആകപ്പാടെ വായിക്കുന്നവക്കു ഗ്രന്ഥകർത്താവിൻെറ അഭിപ്രായത്തിൽ ഉത്തമാദർശങ്ങൾ മനുഷ്യസമുദായത്തിൽ പലദിക്കിലും ഉണ്ടെന്നും, അവ ക്രമേണ ഉന്നതിയെ ലാക്കാക്കികൊണ്ടു് പ്രചരിച്ചുവരുന്നുണ്ടെന്നും, കാലക്രമത്തിൽ "വിവാഹരംഗം" ഒരു ഉത്തമ പ്രസ്ഥാനത്തിൽ എത്തിച്ചേരുമെന്നും അദ്ദേഹം വിശ്വസിക്കുന്നുണ്ടെന്നു പ്രസ്തുത പുസ്തകത്തിൽ നിന്നു സ്പഷ്ടമാകുന്നു.

ഇന്ത്യയിലെ വിവാഹാദർശങ്ങൾക്കും, സ്ത്രീത്വത്തിനും ഇതരരാജ്യങ്ങളെ അപേക്ഷിച്ചൊരു പ്രത്യേകവിശേഷത കൂടിയുണ്ടു്. മററുള്ള രാജ്യങ്ങളിൽ വിവാഹാദർശങ്ങൾ സ്ത്രീപുരുഷന്മാരുടെ പഠിപ്പ്, ആരോഗ്യം മുതലായവയിലുള്ള യോഗ്യതായോഗ്യതകളെ മാത്രമേ അടിസ്ഥാനപ്പെടുത്തുന്നുള്ളൂ. ഇന്ത്യയിലൊ നേരെ മറിച്ച് ഈ യോഗ്യതായോഗ്യതകൾക്കു ഒരു ചുരുങ്ങിയ സ്ഥാനം മാത്രമെ നമ്മുടെ സമുദായം കല്പിച്ചുകൊടുത്തിട്ടുള്ളൂ. പതിനഞ്ചു വയസ്സായ ഒരു ബ്രാഹ്മണയുവതിക്കു മുപ്പതു വയസ്സായ ഒരു മുഹമ്മദു് യുവാവിനേക്കാൾ അറുപതിൽ പരം വയസ്സായ ഒരു "ഉഗ്രതപസ്സ്" ആണത്രെ അനുരൂപനായ ഭർത്താവു്. നമ്മുടെ വിവാഹാദർശത്തിൻെറ നീചത്വത്തിനു ഉദാഹരണമായി "ശീലാവതി"യുടെ കഥതന്നെ എടുത്തു പറയാവുന്നതാണു്. "ശീലാവതികൾ" ഉള്ള ലോകത്തെ പക്ഷെ സ്വർഗ്ഗലോകത്തിനോടുപമിക്കാം. "ഉഗ്രതപസ്സ്" കളെപ്പോലെയുള്ള ഭർത്താക്കന്മാർ നിറഞ്ഞ രാജ്യം നീചരും അപരിഷ്കൃതരുമായ മനുഷ്യർക്കുമാത്രം പററിയതാണെന്നേ ഇവിടെ പറയുന്നുള്ളൂ.

ഇപ്പുസ്തകത്തിലെ രണ്ടാമദ്ധ്യായത്തിൽ പല രാജ്യങ്ങളിലുമുള്ള വിവാഹസമ്പ്രദായങ്ങൾ എടുത്തുപറഞ്ഞിട്ടുണ്ട്. വിവാഹം എന്നൊരു സ്ഥാപനം ഇല്ലാതെ വളരെ കാലത്തോളം മനുഷ്യസമുദായം നിലനിന്നിരുന്നു എന്നും, പിന്നെ കാലക്രമംകൊണ്ട് വിവാഹം എന്നൊരു വ്യവസ്ഥ പരിവൎത്തനരീതിയിൽ ഉണ്ടായിത്തീൎന്നു എന്നും കാണിക്കുവാൻ നമ്മുടെ പഴയ പുരാണങ്ങളിലും, ഇപ്പോൾഉള്ള അപരിഷ്കൃത രാജ്യക്കാരുടെ നടപടികളിലും ധാരാളം തെളിവുകൾ ഉണ്ട്. വൈനതേയൻ, ആദിതേയൻ മുതലായ മാതൃസംജ്ഞകളെ സൂചിപ്പിക്കുന്ന പേരുകൾ നമ്മുടെ പുരാണകാലങ്ങളിൽ ഉള്ളവയാണ്. ഗ്രന്ഥകൎത്താവു രണ്ടാമദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന എല്ലാ വിവാഹ സമ്പ്രദായങ്ങളും നമ്മുടെ സ്മൃതികളിലും പ്രതിപാദിച്ചിട്ടുണ്ട്. ബ്രാഹ്മം, ദൈവം, ആൎഷം, പ്രജാപത്യം ആസുരം, ഗാന്ധൎവ്വം, രാക്ഷസം, പൈശാചം മുതലായി സ്മൃതികളിൽ പറയുന്ന വിവിധവിവാഹസമ്പ്രദായങ്ങളിൽപ്പെടാത്ത യാതൊരു സമുദായനടപടിയും പ്രസ്തുത വിവാഹാചാരവിവരണത്തിൽ അടങ്ങിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ സംഗതികൊണ്ടുതന്നെ പാശ്ചാത്യാദൎശങ്ങളും, പൌരസ്ത്യാദൎശങ്ങളും എന്നു വേണ്ട പൊതുവെ മനുഷ്യസമുദായത്തിലെ ആദൎശങ്ങൾ ഒരേ നിലയിൽ തുടങ്ങിയവയാണെന്നും, മനുഷ്യരുടെ ബുദ്ധിക്കും, മനസ്സിന്നും വികാസവും, ഉണൎച്ചയും, വന്നതോടുകൂടി ഈ ആദൎശങ്ങൾ ക്രമേണ പരിഷ്കരിക്കപ്പെട്ടുവരുന്നുണ്ടെന്നും തെളിയുന്നു.

വിവാഹകാലം, അനുരൂപ വധൂവരന്മാർ, സഹവാസകാലം, സന്താനലാഭസമയം, സന്താനങ്ങൾ, വിവാഹമോചനം മുതലായ അദ്ധ്യായങ്ങളിൽ സ്ത്രീ പുരുഷന്മാർ അറിഞ്ഞിരിക്കേണ്ടുന്ന പല സംഗതികളെയുംപററി സുഗ

മമായ രീതിയിൽ ഗ്രന്ഥകത്താവു വിവരിച്ചിരിക്കുന്നു. ഈ വിഷയങ്ങളെപ്പററി പരസ്യമായി പ്രതിപാദിക്കുന്നതു യോഗ്യതയല്ലെന്നോ, അതുകൊണ്ടു ഗുണത്തിന്നു പകരം ദോഷമാണു ഫലമെന്നോ വിചാരിക്കുന്നവരുടെ സംഖ്യ ഇപ്പോഠം ചുരുങ്ങിവരുന്നു എന്നു തീച്ചയായും പറയാം. വിവാഹത്തെക്കുറിച്ചും, തത്സംബന്ധമായ സംഗതികളെപ്പററിയും ജനങ്ങഠംക്കുള്ള അജ്ഞതകൊണ്ടു വളരെ കുഴപ്പങ്ങഠം നേരിട്ടിട്ടുണ്ടു. "വിവാഹരംഗ"ത്തെപ്പററിയുള്ള അറിവു ഗോപ്യമായ ഒരു കാൎയ്യമായി കരുതുന്നതിന്നു പകരം സമുദായാംഗങ്ങളായ ഏവക്കും അറിയുവാൻ അഹതയുള്ള ഒരു സംഗതിയായി അതിനെ ലോകം സ്വീകരിക്കുന്നതുവരെ സമുദായത്തിൻെറ അഭിവൃദ്ധിപൂണ്ണമായി എന്നോ, സഫലീകരിച്ചു എന്നോ പറഞ്ഞുകൂട. ഈ അഭിപ്രായമാണു ദാമ്പത്യധമ്മത്തെയും തദനുകൂലമായ വിഷയങ്ങളെയുംപററി ഇപ്പോഠം പാശ്ചാത്യരാജ്യങ്ങളിൽ നിരന്തരമായി നടക്കുന്ന വാദപ്രതിവാദങ്ങളുടെ ആന്തരാത്ഥം. ഈ മാതിരി പുസ്തകങ്ങളുടെ പ്രചാരവും വാദപ്രതിവാദങ്ങളും അധികമായി ഉള്ളതു പുതിയ പരിഷ്കാരങ്ങളുടെയും ആദശ്ങ്ങളുടെയും കേന്ദ്രസ്ഥാനമായ അമേരിക്കയിലാകുന്നു. ആരോഗ്യവും, പഠിപ്പും, യോഗ്യതയുമുള്ള മാതാപിതാക്കന്മാക്കു മാത്രമെ ഉത്തമസന്താനങ്ങഠം ഉണ്ടാവുകയുള്ളു എന്നും, ഉത്തമസന്താനങ്ങഠം മാത്രമെ സമുദായാഭിവൃദ്ധിക്കുതകുകയുള്ളുവെന്നും പാശ്ചാത്യസമുദായങ്ങഠം മനസ്സിലാക്കി ഇപ്പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളെപ്പററി പൊതുജനങ്ങഠംക്കു വിവരമുണ്ടാക്കിത്തീപ്പാൻ അവർ നിശ്ശങ്കംപ്രവത്തിച്ചുതുടങ്ങിയിരിക്കുന്നു. ഈ ആദശങ്ങളെ നമ്മുടെ നാട്ടുകാരും സ്വീകരിച്ചു സമുദായോന്നതിയെ മുൻനിത്തി സ്വാത്ഥവും, ദുരഭിമാനവും വിട്ടുനിയമങ്ങളിലും സമുദായനടപടികളിലും യഥോചിതം മാററങ്ങഠം വരുത്തു

ന്നതാണെങ്കിൽ നമ്മുടെ രാജ്യത്തിൻെറ ഭാവി ഏററവും ശോഭനമായിരിക്കുമെന്ന ആശിക്കാം. അങ്ങിനെ ചെയ്യാൻ ഇപ്പുസ്തകം മലയാളികളെ പ്രേരിപ്പിക്കണമെന്നാകുന്നു, ഗ്രന്ഥകത്താവിൻെറ ആഗ്രഹവും, വിശ്വാസവുമെങ്കിൽ പ്രസ്തുതോദ്ദേശം ഇപ്പുസ്തകം ധാരാളമായി സാധിപ്പിക്കുമെന്നതാണ് എനിക്കു തോന്നുന്നത്. പല ആഭാസനോവലുകളും ആഖ്യായികകളും "കർപ്പൂരയ്യൻ ശാരദയിൽ പറയുംപോലെ ബ്രാഹ്മണരേയും മററും അനാവശ്യമായി ദുഷിക്കുന്ന പുസ്തകങ്ങളും" ഖണ്ഡകൃതികളും, പരിഭാഷകളും വേണ്ടതിലധികം പ്രചാരത്തിൽ വന്നിട്ടുള്ള ഇക്കാലത്ത് കേരളഭാഷാ ഭണ്ഡാരത്തിലേക്കുള്ള ശ്രീമാൻ കുറുപ്പിൻെറ ഈ പുതിയ സമ്പാദ്യം കാലോചിതവും, ഉപയോഗപ്രദവുമാണെന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു തോന്നുന്നില്ല. ശ്രീമാൻ കുറുപ്പിൻെറ ഈ ശ്രമത്തെ ഞാൻ നിർവ്യാജം അഭിനന്ദിക്കുകയും, അദ്ദേഹത്തിൻെറ ഉദ്ദേശപ്രകാരം ഇപ്പുസ്തകം കേരളീയരുടെയിടയിൽ പ്രചരിച്ചു കാണുവാൻ എനിക്കുള്ള ആഗ്രഹത്തെ ഇവിടെ പ്രസ്താവിക്കുകയും ചെയ്തുകൊണ്ടു ഈ അവതാരിക ഇവിടെ അവസാനിപ്പിക്കട്ടെ.

കോഴിക്കോട്,
1928 ഒക്ടോബർ 5-ാംനു

സി. ഗോപാലൻനായർ,
ബി. ഏ. ബി. എൽ.

# വിഷയവിവരം


| | | | | പേജ്. |
|---|---|---|---|---|
| മുഖവുര | | | | i മുതൽ vi വരെ |
| അവതാരിക | | | | vii—xiii |
| 1. | വിവാഹോദ്ദേശം | ... | ... | 1 |
| 2. | വിവിധവിവാഹസമ്പ്രദായങ്ങൾ | | ... | 15 |
| 3. | വിവാഹകാലം | ... | ... | 40 |
| 4. | അനുരൂപവധൂവരന്മാർ | | ... | 55 |
| 5. | സഹവാസകാലം | ... | ... | 70 |
| 6. | പരിശുദ്ധമുറകൾ | ... | ... | 85 |
| 7. | സന്താനലാഭസമയം | ... | ... | 103 |
| 8. | സന്താനങ്ങൾ | ... | ... | 119 |
| 9. | ദാമ്പത്യഭംഗം | ... | ... | 135 |
| 10. | പരിശുദ്ധമായ ഐക്യം | | ... | 154 |

# വിവാഹരംഗം.

## I

## വിവാഹോദ്ദേശം.

അലസക്തിയായ് സ്വഭാവദൂഷ്യം
പലതേൽപ്പൂ കലിബാധമൂലമെന്നും.

രണ്ടുകൈകൊണ്ടും കൊട്ടിടാഞ്ഞാലൊച്ച-
യുണ്ടായിടുകയില്ലെന്ന വാസ്തവം
പണ്ടത്തെക്കൂട്ടരോതു;മനുഭവം-
കൊണ്ടുമായാതൊരാപ്തവാക്യം ദൃഢം.

(പാന)

പഴഞ്ചൊല്ലുകളെല്ലാം പണ്ഡിതന്മാരുടെ ബുദ്ധിശക്തിയുടെ പരിപക്വഫലങ്ങളാകുന്നു വിവാഹവിഷയത്തിലും പ്രായേണ ഈ ആപ്തവാക്യതത്വങ്ങൾ അംഗീകരിക്കേണ്ടതാണ്. എന്നാൽ "പതിരില്ലാത്ത" ഈ പഴഞ്ചൊല്ലുകളുടെ പൊരുളുകളെല്ലാം എന്തെങ്കിലും ഒരു അപകടത്തിൽപ്പെട്ടാലെ സാധാരണക്കാരൻ ആലോചിക്കയുള്ളു. ബുദ്ധിശക്തി ശരിയായ് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ മാത്രമേ യഥാൎത്ഥഫലപ്രാപ്തിയിൽ എത്തുകയുള്ളു എന്നാണ് വിചാരശീലന്മാർ വിളിച്ചുപറയുന്നത്. വിവാഹകാൎയ്യത്തിലാണ് നാം ബുദ്ധിശക്തി ശരിയായി ഉപയോഗിക്കേണ്ടതെന്നു പഠിപ്പുള്ള പഴമക്കാർ പറയുമ്പോൾ ഇന്നത്തെ പച്ചപ്പരിഷ്കാരികൾ പുച്ഛരസത്തോടുകൂടി നെററി ചുളിക്കുന്നതിൻെറ ഫലം അവരുടെ

ദാമ്പത്യജീവിതത്തിലെ അസുഖാവസ്ഥ അവരെ സവ്വഥാ ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

മനുഷ്യർ വിവാഹം ചെയ്യുന്നതെന്തിനെന്നു ചോദിക്കുന്നവരോട്, വിവാഹകമ്മം ദൈവികമായ പല ആവശ്യങ്ങളിലും ഉൾപ്പെട്ട ഒരു ലൌകികവിഭാഗമാണെന്നു പറയുന്നതിൽ അശേഷം അധൈയ്യപ്പെടേണ്ടതില്ല. എന്നാൽ ഒരു പ്രസിദ്ധപണ്ഡിതൻ പറയുന്നത് വിവാഹം കഴിക്കുന്നത് നല്ലതാണെങ്കിലും, ദാമ്പത്യജീവിതം നയിക്കാതിരിക്കുകയാണ് അധികം നല്ലതെന്നാകുന്നു. ഈ തത്വം ചിലർ കേവലം അസംബന്ധമായി ഗണിക്കുവാൻ വഴിയുണ്ട്. ദാമ്പത്യജീവിതം കൈവിടുന്നത് അധികം നല്ലതാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടത് യഥാത്ഥ ദാമ്പത്യജീവിതാനുഷ്ഠാനത്തിനുള്ള അസൌകയ്യവും, പ്രയാസവും സാധാരണജനങ്ങളുടെ ഇടയിൽ അദ്ദേഹത്തിന്നു നിത്യാനുഭവമാകയാലായിരിക്കാം. എന്നാൽ വിവാഹം കഴിക്കാത്ത പുരുഷനോ, സ്ത്രീയോ കേവലം ഒരു അപൂണ്ണജീവിയാണെന്നും ആ മഹാൻ തന്നെ പറയുന്നുണ്ട്: വിവാഹജീവിതത്തിലടങ്ങിയ ഗുണഭാഗങ്ങൾകൊണ്ട് സംതൃപ്തരാകാത്ത പലരേയും ബുദ്ധിശാലിയായ അദ്ദേഹം കണ്ടു സഹതാപമുണ്ടായിട്ടാണ് പൂവ്വാപരവിരുദ്ധങ്ങളെന്നു സാമാന്യക്കാക്കു തോന്നുന്ന ഈ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുള്ളതെന്നൂഹിക്കാം.

ഒരു പ്രാചീനപണ്ഡിതനാണെന്നു തോന്നുന്നു സ്ത്രീകളേയും പുരുഷന്മാരേയും കേവലം ഓരോ അദ്ധ്വൃത്താകാരമാക്കി കണക്കാക്കീട്ടുള്ളതു്. അവരുടെ അപരാദ്ധഭാഗങ്ങൾ എവിടേയോ തിരിഞ്ഞും മറിഞ്ഞുംകൊണ്ടിരിക്കുന്നതിനാലാണത്രെ ആ മഹാൻ ഇപ്രകാരം അഭിപ്രായ

പ്പെട്ടിട്ടുള്ളതെന്നറിയുന്നു. ഈ വൃത്താകാരത്തെ പരിപൂണ്ണനിലയിലാക്കുവാൻ കഴിയാത്തതു് യഥാത്ഥതത്വാന്വേഷണത്തിൽ സാധാരണ മനുഷ്യക്ക ശ്രദ്ധയില്ലാത്തതുകൊണ്ടുതന്നെയാണ്. വാസ്തവം പറയുകയാണെങ്കിൽ നമ്മുടെ യുവാക്കന്മാർ ബാഹ്യമായ എന്തെങ്കിലും ഒരു ആകഷ്ണത്തിൽപ്പെട്ടു് വിവാഹം എന്ന വലിയ വലയിൽച്ചെന്നു ചാടുന്നു എന്ന ഈ തത്വത്തിൽനിന്നു നമുക്കനുമാനിക്കാൻ കഴികയുള്ളു. വധൂവരന്മാരുടെ സ്വഭാവം അന്യോന്യം അവർ മനസ്സിലാക്കാതെ പുറംപൂച്ചുകളിൽ ഭ്രമിച്ച് വിവാഹജീവിതം നയിക്കുന്നതുകൊണ്ടാണു അവർ ലോകത്തിൽ നിർഭാഗ്യവാന്മാരായിക്കാണപ്പെടുന്നതു്.

വിവാഹം കേവലം അലസന്മാക്കു ഒരു പ്രവൃത്തി, അഥവാ ജീവിതത്തിൽ മററുപയോഗകരമായ കാര്യങ്ങരം ചെയ്യാതിരിപ്പാനുള്ള ഒരു ബന്ധം, എന്നു വ്യാഖ്യാനിക്കുന്ന ചില വേദാന്തികളുണ്ടു്. ഈ തത്വവേദികളുടെ അഭിപ്രായങ്ങരംക്കും അത്ഥമുണ്ടു്. വല്ല സ്ഥലത്തുംവെച്ച് കണ്ടുമുട്ടിയ യുവതീയുവാക്കന്മാർ തമ്മിലുള്ള വിവാഹത്തെ സംബന്ധിച്ചായിരിക്കും അവർ ഇപ്രകാരം അഭിപ്രായപ്പെടുന്നതു്. ഈ വക ദാമ്പത്യസമ്പ്രദായങ്ങരം സാധാരണ വിവാഹച്ചന്തയിൽനിന്നു നിഷ്പ്രയാസം നമുക്കു മനസ്സിലാക്കാവുന്നതാണ്. യുവതീയുവാക്കന്മാർ തമ്മിൽ വല്ല സംഗതിവശാലും അനുരക്തരായി തീന്നാൽ അവരുടെ പ്രസ്തുതാനുരാഗത്തിന്നു വളച്ച്യുണ്ടെന്നു കാണുന്ന പക്ഷം അവക്കു യഥേഷ്ടം അതേ നിലയിൽ കഴിഞ്ഞുകൂട്ടുവാൻ ഇടകൊടുക്കാതെ ചുമതലപ്പെട്ട രക്ഷാകത്താക്കന്മാർ അവരുടെ വിവാഹം ഉടനെ നടത്താതിരുന്നാൽ അവസാനഫലം അപകടനിലയിലായിരിക്കുമെന്നുള്ള സംഗ

തി നാം മനസ്സിലാക്കേണ്ടതാണ്. യഥാൎത്ഥാനുരക്തരുടെ വിവാഹത്തിനു കാലതാമസമുണ്ടാക്കുന്ന കക്ശബുദ്ധികൾ ശപിക്കപ്പെട്ടവരാണെന്നു വേദാന്തികളായ മഹാന്മാർ കൂടി പറയുന്നു.

കല്യാണകാലം അടുത്ത പുത്രീപുത്രന്മാരുടെ കാൎയ്യത്തിൽ മാതാപിതാക്കന്മാർ വളരെ സൂക്ഷിക്കേണ്ടതാണെന്നു:ഒരു ലോകതത്വമുണ്ട്. ഈ വിഷയത്തിൽ പ്രസ്തുത മാതാപിതാക്കന്മാരെ വലിയ അപരാധികളാക്കുവാൻ നിവൃത്തിയില്ല. ഒരേ പ്രായക്കാരായ തരുണീതരുണന്മാർ ഇരുചെവിയറിയാതെ വല്ല സങ്കേതസ്ഥലത്തും ചെന്നു സ്വൈരസല്ലാപം ചെയ്യുന്നതും മററും രക്ഷിതാക്കന്മാർ എങ്ങിനെ അറിയും? തങ്ങളുടെ പുത്രിപുത്രന്മാർ അവരൊന്നിച്ചു ചില ചങ്ങാതിമാരെ (സ്ത്രീപുരുഷന്മാരെ) സ്വഗൃഹങ്ങളിലേക്കു വല്ല സമയത്തും ക്ഷണിച്ചുവരുത്തുന്നതു തടയുവാൻ മൎയ്യാദക്കാരായ മാതാപിതാക്കന്മാരുടെ മനസ്ഥിതി സമ്മതിക്കുമോ? മാതാപിതാക്കന്മാർ, അവരുടെ പുത്രീപുത്രന്മാരുടെ ചങ്ങാതിമാരെക്കണ്ട മാത്രയിൽ ലൌകികം പറയാതെ പാഞ്ഞുകളയണമെന്നു ആജ്ഞാപിക്കുവാൻ തുടങ്ങിയാൽ വലിയ അനൎത്ഥമായി. ഈ സന്ദൎഭത്തിൽ യുവജനങ്ങൾക്കു അസ്വാതന്ത്ര്യവും, അസ്വാധീനതയും ഉണ്ടാകുന്നതു അവരുടെ മനസ്സിൽ വലിയ വാശിയും, സിദ്ധാന്തവും കൂട്ടുകയാകുന്നു. യുവതീയുവാക്കന്മാർ അധികമായി അനുരക്തരാകുന്നതു ഈവക അസ്വാതന്ത്രതകൾ കാരണമാകുന്നു. സ്വപുത്രീപുത്രന്മാരെ വിശ്വാസമില്ലെന്നു മതാപിതാക്കന്മാർ അവരുടെ പ്രവൃത്തികൊണ്ടു വരുത്തിയാൽ സാമാന്യേന യുവാക്കൾ അവരുടെ ആഗ്രഹപൂൎത്തിക്കു സ്വൈരസങ്കേതങ്ങൾ കണ്ടുവെയ്ക്കുന്നതു സാധാരണ സംഭവങ്ങളാണ്. ഈ തരുണീതരു

ണന്മാർതന്നെ, മാതാപിതാക്കന്മാർ അവരെ എന്തു വ
മ്പിച്ച ശൃംഖലകൊണ്ടു ബന്ധിച്ചാലും, വല്ല ആഘോഷാ
വസരങ്ങളിലോ, ഉത്സവസ്ഥലങ്ങളിലോ, സഭാമണ്ഡപ
ങ്ങളിലോ വെച്ചു അന്യോന്യം കണ്ടുമുട്ടിയാൽ അവരുടെ
അനുരാഗപ്രകടനത്തിന്നു കൂടിയതു ഒരു ഏറുകണ്ണിട്ട നോ
ട്ടമോ, ഒരു ഇളംപുഞ്ചിരിയോ മാത്രം മതി. ഈ ഒരു പ്ര
ത്യേകസന്ദർഭംകൊണ്ടു തരുണീതരുണന്മാർ സമ്പാദിക്കുന്ന
ദൃഢാനുരാഗം അവർ അസ്വാധീനരായിക്കഴിഞ്ഞുകൂടിയ
തിൻെറ ഫലമാണെന്നും; ഒടുവിൽ ഈ അനുരാഗബാധ
തന്നെ, മാതാപിതാക്കന്മാർ "മക്കടെമുഷ്ടി"ക്കരായാൽ
അവരുടെ മാനഭംഗത്തിന്നു കാരണമാകുമെന്നും നമുക്ക
അനുഭവഗോചരമായ സംഗതികളാണ്. ഈ വിഷയ
ത്തിൽ യുവതികളെ വലിയ കുററക്കാരാക്കുന്നതാണ്
സങ്കടം. പ്രായേണ പുരുഷൻെറ വലയിലാണു സ്ത്രീകൾ
അധികഭാഗവും കുടുങ്ങിക്കാണുന്നത്. അനുരാഗദ്യോതക
മായ പ്രസ്തുത സൂചനകൾകൊണ്ടെല്ലാം നമ്മുടെ തരുണി
കളിൽ മിക്കപേരും വിചാരത്തിലൊ, പ്രവൃത്തിയിലോ
കളങ്കമുള്ളവരായിരിക്കയില്ല; എന്നാൽ അവരുടെ യഥാ
ർത്ഥമായ മനഃകുസുമം തരുണന്മാരാൽ അപഹരിക്കപ്പെടു
കയാണു ചെയ്യുന്നത്. സ്ത്രീയെ സംബന്ധിച്ചു പുരുഷ
ൻെറ ആദർശം സാധാരണ അഭിമാനകരമായ നിലയി
ലല്ല. വിശേഷിച്ചു സ്ത്രീ പുരുഷന്നധീനയായാൽപ്പിന്നെ
ഈ ആദർശത്തിന്നു പുരുഷൻ മാററു കുറച്ചുകൊണ്ടു വരിക
യേയുള്ളു. സുഖാനുഭവത്തിന്നുള്ള ഒരു യന്ത്രമെന്ന നില
യിലാണു സാധാരണ പുരുഷന്മാരിൽ അധികപക്ഷക്കാരും
സ്ത്രീകളെ കരുതാറുള്ളത്. ഈ സുഖാനുഭവത്തിന്നു വല്ല
കാരണത്താലും അല്പം ഭംഗംനേരിട്ടാൽ പ്രസ്തുത പുരു
ഷന്നു ഏറെയാറും അരുമയായിക്കരുതപ്പെട്ടിരുന്ന ഒരു സ്ത്രീ

കാളരാത്രിയായൊ, ചതുൎത്ഥിയായൊ ഭവിക്കുകയും പതിവാണ്. വാസ്തവത്തിൽ ബാഹ്യങ്ങളും, സുഖാസക്തിക്കാസ്പദങ്ങളുമായ ഒരുതരം നിസ്സാരകൎമ്മങ്ങൾകൊണ്ടു യഥാൎത്ഥാനുരാഗത്തിൻെറ വിലയും, നിലയും ശിഥിലപ്രായമാകുവാനിടയുണ്ട്. ഈ ബാഹ്യങ്ങളായ അനുരാഗസൂചകങ്ങളെ സുപ്രസിദ്ധനായ ഒരു സാഹിത്യകാരൻ വ്യാഖ്യാനിക്കുന്നതു കേവലം "മാനസികവ്യഭിചാരം" എന്നാകുന്നു.

ഏററവും പ്രധാനമായ ഈ വിഷയത്തെപ്പററി ഇത്രയും പറയുവാനിടയായതിൽനിന്നു ആക്കും തെററിദ്ധാരണക്കിടവരികയില്ലെന്നു വിശ്വസിക്കുന്നു. മുൻപ്രസ്താവിക്കപ്പെട്ട പ്രകാരത്തിലല്ലാതെ മറെറാരുതരത്തിലും യുവതികളായ തങ്ങളുടെ സ്നേഹിതന്മാരെ വല്ലസമയത്തും കണ്ടു പരിചയം ദൃഢീകരിപ്പാൻ കഴിവില്ലാത്ത നിൎഭാഗ്യവാന്മാരായ യുവാക്കന്മാർ വളരെയുണ്ട്. ഒരു കാരണത്താലല്ലെങ്കിൽ മറെറാരു കാരണത്താൽ ലൌകികവും സാമുദായികവുമായ സകല ഗുണങ്ങളുമനുഭവിക്കുവാൻ ഇടവരാത്ത നിലയിലും, ജീവിതപന്ഥാവിൽ സുഗമമായ രീതിയിൽ സഞ്ചരിക്കുവാൻ കഴിയാത്തവിധത്തിലും മാതാപിതാക്കന്മാരാൽ കൂട്ടിലിട്ടടച്ചു വളൎത്തപ്പെടുന്നവരാണ ഈ ഏകാകിത്വത്തിൽക്കുടുങ്ങി വലയുന്നവരെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഈ സാധുക്കളുടെ ഉൽഗതിക്കുപയുക്തമായ മാൎഗ്ഗമാണ ഇന്നത്തെ മനഃപരിഷ്കാരം സിദ്ധിച്ചവർ കണ്ടുവെയ്ക്കേണ്ടത്.

ഇപ്രകാരം സമാഗമസൌകൎയ്യം ലഭിക്കാത്ത ഒരു യുവാവിൻെറ മുറിയിൽക്കടക്കുവാനോ, അയാളെരുമിച്ചു സായാഹ്നസഞ്ചാരത്തിനു പുറപ്പെടുവാനൊ, അയാളുടെ സഹായത്തെ വല്ല കാൎയ്യത്തിലും ആവശ്യപ്പെടുവാനൊ

യുവതികൾ ശ്രമിക്കുന്നതു പ്രായേണ അനൎത്ഥകരമാണെന്നാലോചിക്കേണ്ടതാണ്. സ്വജനങ്ങളുമായിത്തീരെ പരിചയമില്ലാത്തവരും, തന്നിലും പ്രായംകൂടിയവരുമായ സ്ത്രീകളോടു അധികമായ താല്പൎയ്യം കാണിക്കുവാൻ യുവാക്കന്മാർ പുറപ്പെടുന്നതും അപകടമാകുന്നു. ഈവക സ്ത്രീകളോടു അധികം അടുക്കുന്നതിന്നു മുമ്പു അവരുമായി നല്ല പരിചയമുണ്ടായിരിക്കണം. അവരോടു പരസ്യമായി സംസാരിച്ചും, നേരമ്പോക്കു പറഞ്ഞും പരിചയം വൎദ്ധിപ്പിക്കുകയല്ലാതെ അവരുമായിട്ടുള്ള ഗൂഢസല്ലാപവും, സമാഗമവും യുവാക്കന്മാൎക്കു ദോഷകരമാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പരസ്യമായിട്ടുള്ള സമാഗമങ്ങളും, വിനോദങ്ങളും നിന്ദ്യമായ ഭാവനകൾക്കു വഴിയുണ്ടാക്കുകയില്ല. തരുണീതരുണന്മാർ തമ്മിലുള്ള പരസ്യസമാഗമത്തിലും, വിനോദങ്ങളിലും അതിർകവിഞ്ഞ കൊഞ്ചിക്കുഴഞ്ഞാട്ടത്തിന്നോ, മൎയ്യാദകേടായും പരന്നിന്ദയ്ക്കോ, പുച്ഛത്തിന്നോ, അനൎത്ഥകരമായ അംഗസ്പൎശത്തിന്നോ സൌകൎയ്യവും സന്ദൎഭവും ലഭിക്കുകയില്ല. ഒരു വന്ദ്യകവി അഭിപ്രായപ്പെട്ടിരിക്കുന്നതു "നിങ്ങൾക്കു കൂസൽകൂടാതെ ഒരു നദിയിൽ ഒരുമിച്ചു നീന്തിക്കളിക്കാൻ സാധിക്കുമെങ്കിൽ, ദാമ്പത്യനദിയിലെ കഠിനമായ ഒഴുക്കുകളിലും അപായംകൂടാതെ നീന്തിക്കയറുവാൻ നിങ്ങൾക്കു സംഗതിവരും" എന്നാണ്. ഈ പരമാൎത്ഥതത്വം ഇന്നത്തെ യുവതീയുവാക്കന്മാർ അക്ഷരംപ്രതി ആദരിക്കേണ്ടതൊന്നാകുന്നു. പൊതുസ്ഥലങ്ങളിലും മററും പ്രവേശിച്ചു വിനോദങ്ങളിലൊ, പ്രസംഗങ്ങളിലൊ പങ്കുകൊള്ളുന്ന ആൺകുട്ടികളും, പെൺകുട്ടികളും, സ്ത്രീകളും പുരുഷന്മാരും അവരുടെ അവസ്ഥയ്ക്കും, മൎയ്യാദയ്ക്കും യോജിച്ചവിധത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാതെ അവയവങ്ങളിൽ ചില

ഭാഗങ്ങളും മററും നിർല്ലജ്ജം പുറത്തുകാണിക്കുന്ന പച്ചപ്പരിഷ്ക്കാരപ്പട്ടാംബരങ്ങൾ ധരിക്കുന്നതുകൊണ്ടു പലപ്പോഴും ശൃംഗാരവിഷയമായ പല ചേഷ്ടകളിലും അവരിൽ ചിലക്കാസക്തി ജനിക്കുവാൻ വഴിയുണ്ട്. ഇന്നത്തെ പാശ്ചാത്യവനിതകളുടെ വസ്ത്രധാരണത്തിൻെറ പരിഷ്ക്കാരധോരണികളെ ശരിക്കു പകത്തിയെടുക്കുന്ന പൌരസ്ത്യമഹിളകളാണു ഈവക ദോഷങ്ങൾക്കു വിത്തുവിതയ്ക്കുന്നതെന്നു മുക്തകണ്ഠം ഘോഷിക്കാവുന്നതാണ്.

വിവിധവിനോദങ്ങൾകൊണ്ടു നമ്മുടെ ശരീരത്തിന്നു ശരിക്കു വ്യായാമം കൊടുക്കുകയും, സ്നേഹിതന്മാർ തമ്മിൽ യഥാത്ഥമായ പ്രണയം വദ്ധിപ്പിക്കുകയുമാകുന്നു ചെയ്യേണ്ടത്. നാം അധികനേരം ഒരു സ്ഥലത്തിരുന്നു പ്രവത്തിക്കുന്നപക്ഷം ആ പ്രവൃത്തി കഴിഞ്ഞാൽ നാനാവിനോദങ്ങളിലും, വ്യായാമത്തിലും പങ്കുകൊള്ളുവാൻ പുറപ്പെടേണ്ടതാണ്. നമുക്കു ദേഹപ്രയത്നമുള്ള പ്രവൃത്തിയാണധികമുള്ളതെങ്കിൽ വീണ്ടും ശരീരായാസത്തിന്നിടവരുത്താത്ത ചില്ലറ വിനോദങ്ങളിലാണ് നാം ഏപ്പെടേണ്ടത്.

പഠിപ്പുള്ളവക്കു പ്രായേണ പുസ്തകവായന വളരെ രസകരമായ ഒരു തൊഴിലാകുന്നു. പാമരന്മാരെക്കൂടി പണ്ഡിതജനസംസഗ്ഗത്താൽ ഗ്രന്ഥപാരായണശ്രവണത്തിൽ അത്യാസക്തിയുള്ളവരാക്കിത്തീക്കാം. ഗ്രന്ഥപാരായണതല്പരന്മാക്കു സ്നേഹിതന്മാരെ സമ്പാദിപ്പാനും, വിവിധരീതിയിലുള്ള ജനങ്ങളുടെ സാഹചയ്യത്താൽ ലോകസ്വഭാവം എളുപ്പത്തിൽ ഗ്രഹിക്കുവാനും കഴിയും. എന്നാൽ നാം വായിക്കുന്ന പുസ്തകങ്ങൾ ഏതു തരത്തിലുള്ളവയാണെന്നു പ്രത്യേകം ആലോചിക്കേണ്ടതാണ്. നോവലു

കരം (ആഖ്യായികകരം) മാത്രമേ വായിക്കയുള്ളു എന്നു ദൃഢവ്രതമുള്ള ചിലരുണ്ടു്. ഇത്തരക്കാൎക്കു അവരുടെ പല്ലിന്നു മധുരഫലഹാരങ്ങരം എപ്രകാരമോ അപ്രകാരത്തിൽ മനസ്സിന്നു പ്രസ്തുത നോവൽവായന ദോഷകരമാണെന്നുള്ളതിന്നു സംശയമില്ല.

“ഞാൻ കവിതകരം വായിക്ക പതിവില്ല. സാഹിത്യവിഷയം എനിക്കു മനസ്സിലാക്കുവാൻ സാധിക്കയില്ല” എന്നു ഒരു മദ്ധ്യവയസ്കനായ പുരുഷൻ ഒരിക്കൽ പറയുകയുണ്ടായി. “ഞാൻ പുഷ്പങ്ങരം നോക്കാറില്ല” എന്നോ “എനിക്കു സംഗീതം കൎണ്ണകഠോരമാണു” എന്നോ അയാരം പറയാത്തതു ഭാഗ്യം വാസ്തവം പറയുകയാണെങ്കിൽ സാഹിത്യപാരായണത്തിൽ ഒരാരം വിമുഖത കാണിച്ചു കാലം കഴിക്കുന്നതു അയാരം ലോകത്തിലുള്ള മനോഹരവസ്തുക്കളോടും, സംഗീതത്തോടും വൈരസ്യം പ്രദശിപ്പിക്കുന്നതുപോലെയാണ്. സാഹിത്യം—വിശുദ്ധസാഹിത്യം—ഉത്തമതത്വപരിപൂൎണ്ണമായ സാഹിത്യം—ഒരാരംക്കു ഏററവും മഹത്തായ ആദൎശങ്ങരം നൽകുന്നു. ഈ വിഷയത്തെപ്പററി ഇനിയും പറയുകയാണെങ്കിൽ, വിശിഷ്ടസാഹിത്യരസികരായ രണ്ടു യുവതീയുവാക്കന്മാർ പരസ്പരാനുരക്തർക്കൂടി ആയാൽ അവരുടെ വിവാഹജീവിതം ഒരു കാലത്തും ക്ലേശരകമോ; അസുഖകരമോ ആയിരിപ്പാൻ സംഗതിയില്ലെന്നാണ് നാം വിശ്വസിക്കേണ്ടതു്. ഈ സംഗതിയിലും വിഭിന്നാഭിപ്രായക്കാരുണ്ടായേക്കാം. എന്തെന്നാൽഒരു ഒററപ്പദ്യശകലമെങ്കിലും അന്യോന്യം ഉച്ചരിച്ച് രസിക്കാൻ സാധിക്കാത്ത ചില ദമ്പതിമാർ അവരുടെ ജീവിതം സുഖമായി നയിച്ചുവരുന്നതു് സാധാരണയാണ്. എന്നാൽ യഥാൎത്ഥസാഹിത്യം, അതിൽ മാനഃസോല്ലാസകരമായ രസികതത്വങ്ങളും, പരിശുദ്ധമായ

തത്വജ്ഞാനവും, പ്രകൃതിസ്നേഹവും, ലോകസ്വഭാവനിരീക്ഷണശക്തിയും, ഉൽകൃഷ്ടോദ്യമതല്പരതയും, ഉത്തമജീവിതാനുഷ്ഠാനക്രമവും, പരിശുദ്ധാദർശങ്ങളും അടങ്ങിയിരിക്കുന്നതിനാൽ പ്രസ്തുത സാഹിത്യരസികരായ യുവതീയുവാക്കന്മാരെ പരസ്പരം നിഷ്കളങ്കാനുരക്തരാക്കി അവരെ ജീവിതദശയിൽ സംതൃപ്തരായ ഭാഗഭാക്കുകളാക്കുവാൻ സംഗതി വരുത്തുന്നു.

ഇംഗ്ലണ്ടിലെ കവനകലാനിധികളായിരുന്ന റോബർട്ട് ബ്രൌണിങ്ങിൻേറയും എലിസബത്ത് ബാരററിൻേറയും യഥാൎത്ഥദാമ്പത്യ ജീവിതകഥപോലെ പ്രണയമസൃണമായ ഒരു വിവാഹ ജീവിതകഥ ഒരു സാഹിത്യത്തിലും അഥവാ ലോകത്തിൽ മറെറങ്ങും കാണുകയില്ലെന്നാണ് പല നവീന പണ്ഡിതന്മാരുടേയും അഭിപ്രായം. സരസ സാഹിത്യതത്വാനുസരണം നമുക്കേവൎക്കും ജീവിതദശ നയിക്കുവാൻ പ്രായേണ സാധിക്കയില്ലെങ്കിലും നമ്മളിൽ ഓരോരുത്തൎക്കും യഥാവസരം പ്രസ്തുത സാഹിത്യത്തിലെ ഉൽകൃഷ്ടാദൎശങ്ങൾ മനസ്സിലാക്കുവാനും കഴിയുന്നത്ര സന്തോഷപൂൎവ്വം കാലം കഴിച്ചുകൂട്ടുവാനും സംധിക്കുമെന്നു നിശ്ചയമായും വിശ്വസിക്കാം.

നാം ഭക്ഷിക്കുന്ന സാധനങ്ങളുടെ അവസ്ഥാഭേദത്തിന്നനുസരിച്ചായിരിക്കും നമുക്കു വിശപ്പുണ്ടാകുന്നത്. ഇതിൽനിന്നു നാം ഗ്രഹിക്കേണ്ടത് മാനസികവ്യാപാരക്രമമനുസരിച്ചായിരിക്കും കായികവ്യാപാരരീതിയുമെന്നാകുന്നു.

ചരിത്ര കഥകൾ, ജീവ ചരിത്രങ്ങൾ, തത്വജ്ഞാനശകലങ്ങൾ എന്നിവയിൽ നമുക്കഭിരുചിയില്ലെന്നു നാം സങ്കല്പിച്ചു കേവലം സരസലഘുകാവ്യങ്ങളിൽ മാത്രം ല

യിച്ചു കാലം കഴിച്ചുകൂട്ടുന്നതും ഒരു വിധം അബദ്ധമാണ്. ശൃംഗാരകാവ്യങ്ങളിൽപ്പെട്ട പ്രസ്തുത പുസ്തകങ്ങൾ പലപ്പോഴും വായിക്കുന്നതായാൽ നമ്മുടെ മനോഭാവം പ്രകൃത കാവ്യാദർശത്തെ അനുകരിക്കയും തന്മൂലം കേവലം വിഷയാസക്തി വദ്ധിക്കുവാൻ കാരണമാവുകയും ചെയ്യുമെന്നുള്ളതിന്നു സംശയമില്ല. ഈ ശൃംഗാരവകുപ്പിൽപ്പെട്ട പുസ്തകങ്ങൾ ഏതെല്ലാമെന്നു ഇവിടെ വീണ്ടും ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാരെ ധരിപ്പിക്കണമെന്നു തോന്നുന്നില്ല. ഈ പുസ്തകങ്ങൾ ആഭാസകരമായ "ശൃംഗാരമഞ്ജരിയോ" ഇംഗ്ലീഷിലാണെങ്കിൽ "റൈനോൾഡ്സ് നോവൽസോ മാത്രം ആയിരിക്കണമെന്നില്ല. പ്രസ്തുത പുസ്തകങ്ങൾ വല്ലവരും ശേഖരിച്ച് വെച്ചിട്ടുണ്ടെങ്കിൽതന്നെ അവ പ്രത്യേകം ഒരു അലമാരിയിൽ "അപകടം" എന്ന ഒരു ലേബൽ പുറമെ പതിച്ചു സൂക്ഷിക്കുകയാണുത്തമമെന്നു ഒരു ആംഗ്ലേയതത്വജ്ഞാനി പറയുന്നു. പൊതുസ്ഥാപനങ്ങളായ പുസ്തകശാലകളിൽ ആ വക ഗ്രാമ്യങ്ങളായ പുസ്തകങ്ങൾക്കു പ്രവേശനമനുവദിക്കുന്നതു ഒരു വലിയ അബദ്ധമാണ്. പ്രസ്തുത പുസ്തകങ്ങളിൽ വിഷയാസക്തിക്കാസ്പദമായ സംഗതികൾ ഒരു പക്ഷേ നീതീകരിക്കാത്തവയും പ്രസംശിക്കേണ്ടവയുമാണെന്നു ശഠിക്കുന്നുണ്ടായിരിക്കാം ഏതായാലും ആവക പുസ്തകങ്ങളിൽ സദാചാരപരമായ കാര്യങ്ങൾ ദുല്ലഭമാകയാൽ അതുകൾ പതിവായി വായിക്കുന്ന ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാർ അനുരാഗവിഷയത്തിൽ യഥാൎത്ഥതത്വങ്ങൾ കാണുന്നവരായിരിക്കുമെന്നു ഒരു കാലത്തും വിശ്വസിക്കുവാൻ നിവൃത്തിയില്ല. വിഷം കലക്കപ്പെട്ട ഒരു നദി എവിടെ ക്കൊഴുകിയാലും അതിൻെറ തീരപ്രദേശത്തു കുറെയെങ്കിലും വിഷജ്വാര ഉണ്ടാകാതിരിക്കയില്ലെന്നു തത്വമാണ്. ഇക്കാര്യത്തിൽ നാം ഓക്കേണ്ടതത്.

ആഭാസകരങ്ങളായ ഛായാപടങ്ങൾ, പോസ്റ്റ്കാൎഡുകൾ മുതലായ പല ഗ്രാമ്യസാമഗ്രികളും സംഭരിച്ചുവെച്ചിട്ടുള്ള ഷാപ്പുകൾകൂടി യുവാക്കന്മാരുടെ മനസ്ഥിതി കേവലം നിന്ദ്യമാക്കുന്നവയാകയാൽ ആ വക ഷാപ്പുകൾ സ്ഥാപിക്കുന്നവർ ശിക്ഷാൎഹന്മാരാണെന്നുള്ള ഒരു നിയമം അത്യാവശ്യമാണ്. വിശേഷിച്ച് പുസ്തകശാലകൾ പൊതുസ്ഥാപനങ്ങളോ സ്വകാൎയ്യസ്ഥാപനങ്ങളോ ഏതായാലും തരക്കേടില്ല—മദ്യഷാപ്പുകളെന്നപോലെ—ലൈസൻസുകൂടാതെ നടത്തുവാൻ പാടില്ലെന്നു നിശ്ചയിക്കേണ്ടതും, അങ്ങിനെ ലൈസൻസോടുകൂടി നടത്തപ്പെടുന്നവതന്നെ ക്രമവിരോധമായി പ്രവൎത്തിച്ചുകണ്ടാൽ അവയ്ക്കുള്ള ലൈസൻസു ദുർബ്ബലപ്പെട്ടത്തേണ്ടതുമാകുന്നു. നമ്മുടെ ചെറുപ്പക്കാരുടെ മനസ്ഥിതിക്കു മലിനത തട്ടാത്ത പുസ്തകങ്ങൾ ശേഖരിച്ചു നടത്തപ്പെടത്തക്കവണ്ണം പൊതു പുസ്തകശാലകളുടെ ഭരണകൎത്താക്കന്മാരായിരിക്കേണ്ടതു പൊതുകാൎയ്യപ്രസക്തന്മാരും, സദാചാരപരന്മാരുമായവരാണെന്നുകൂടി നിശ്ചയം ചെയ്യേണ്ടതാണ്. സാധാരണ പുസ്തകഷാപ്പുകൾ ഇടയ്ക്കിടയ്ക്കു പരിശോധിച്ചു ആഭാസതരങ്ങളായ വല്ല പുസ്തകങ്ങളും കണ്ടാൽ അതിന്നു തക്ക നടവടി നടത്തുവാനും ഒരു കമ്മിററിയെ നിൎണ്ണയിക്കുന്നതു കൊണ്ടും വളരെ ഉപകാരമുണ്ട്.

അലസതയുടേയും, തൊഴിലില്ലായ്മയുടേയും, സ്ത്രീകളോടു യഥേഷ്ടമുള്ള സാഹചൎയ്യത്തിൻെറ ഫലം സാധാരണയായി ഒരു മനുഷ്യന്നു ആത്മാഭിമാനവിനാശവും തന്മൂലം പല അപകടങ്ങളുമാകുന്നു.

പതിനെട്ടു വയസ്സിന്നു താഴെയുള്ള ദൃഢഗാത്രരായ യാതൊരു ആൺകുട്ടിയും പെൺകുട്ടിയും കളിസ്ഥലത്തോ

പ്രവൃത്തിസ്ഥലത്തോ വച്ച് തങ്ങളുടെ ചങ്ങാതിമാർ "ആണൊ പെണ്ണോ" എന്നുകൂടി ആലോചിക്കരുതെന്നാണ മനശ്ശാസ്ത്രവിദഗ്ദ്ധനായ ഒരു മഹാൻ പറയുന്നത്. വിനോദാവസരങ്ങളിലും മററും ചെറുപ്പക്കാർ ദുർവിചാര പരതന്ത്രരാകാതെ കായികവും മാനസികവുമായ വ്യായാമങ്ങളിൽ ഏർപ്പെടുകയാണ വേണ്ടത്. ആൺകുട്ടികളും, കേവലം ഇണയായി സഞ്ചരിക്കുന്നതു അബദ്ധമാകുന്നു. അവർ സ്വൈരസഞ്ചാരത്തിന്നു കൂട്ടംകൂട്ടമായിട്ടാണിറങ്ങേണ്ടത്. യുവതീയുവാക്കന്മാർ തമ്മിലുള്ള സ്വൈരസല്ലാപത്തിലും മററും അതിരു കവിഞ്ഞ ചില ഉഭയാർത്ഥപ്രയോഗങ്ങളും, അതുപോലെ അംഗസ്പർശഹേതുക്കളായ വല്ല പ്രവൃത്തികളും അത്യാപൽസൂചകങ്ങളാണെന്നറിയേണ്ടതാണ്.

സ്നേഹാധിക്യത്താൽ ചിലപ്പോഠം ചങ്ങാതിമാർ തമ്മിൽ ആശ്ലേഷിക്കുക, വികാരജന്യങ്ങളായ മററു ക്രിയവഠം വല്ലതുമനുഷ്ഠിക്കുക എന്നിവയെല്ലാം തീരെ ഗർഹണീയങ്ങളാണ്. എന്നാൽ സ്വന്തകുട്ടികളെ ചുംബിക്കാത്ത അമ്മമാർ രാക്ഷസികളാണെന്നു ഒരു പൌരസ്ത്യവിദ്വഷി അഭിപ്രായപ്പെട്ടിട്ടുള്ളതിനോടു നമുക്കും യോജിക്കാതെ നിവൃത്തിയില്ല. സ്നേഹിതന്മാർ തമ്മിലുള്ള ചുംബനം—പ്രത്യേകിച്ചും പാശ്ചാത്യരാജ്യങ്ങളിലാണ—പരമ്പരയാ ഒരു പരിശുദ്ധ ക്രിയയാണെന്നു കരുതപ്പെടുന്നു. എന്നാൽ ജാപ്പാൻ മുതലായ ചില രാജ്യങ്ങളിൽ ചുംബനസമ്പ്രദായമേ ഇല്ലത്രെ. അവിടെ സദാചാരപരമായ പല കാര്യങ്ങളിലും പാശ്ചാത്യപൌരസ്ത്യസമ്പ്രദായങ്ങഠംക്കു വിപരീതമായി ഒരു വിഭിന്നരീതിയാണനുഷ്ഠിക്കപ്പെട്ടുവരുന്നത്. ചുംബനസമ്പ്രദായത്തെപ്പററി പറയുകയാണെങ്കിൽ പരമ്പരയാ കവികഠം പറയുംപ്രകാരം—

സൂൎയ്യൻ തിരമാലകളേയും, കാററു ഇലകളേയും സ്പശിക്കുന്ന വിധത്തിൽ—കേവലം ലാളനയോടുകൂടിയ ഒരു ചുംബനം തരാതരക്കാരായ സ്ത്രീപുരുഷന്മാൎക്കൊഴികെ മററുള്ളവൎക്കു ചെയ്യുവാൻ വിരോധമില്ലെന്നു ഭാരതീയരിൽ ഭൂരിപക്ഷക്കാരും ഒരു പക്ഷേ സമ്മതിക്കുവാൻ വഴിയുണ്ട്. ദുൎവ്വിചാരപരിപൂൎണ്ണമായ ഏതു പ്രവൃത്തിയും നമുക്കു ബാഹ്യദൃഷ്ടിയിൽ വിരോധമില്ലെന്നു തോന്നുമെങ്കിലും, അവ അപകടമുണ്ടാക്കുന്നവയാകയാൽ സ്നേഹിതന്മാർ തമ്മിലുള്ള പ്രസ്തുത ചുംബനസമ്പ്രദായങ്ങളും മററും ഭാരതീയരായ നമ്മുടെ സമുദായരീതിക്കും പരിഷ്കാരത്തിന്നും ഒട്ടും യോജിച്ചതല്ലെന്നു നിസ്സംശയം പറയേണ്ടിയിരിക്കുന്നു.

ഇങ്ങിനെ സമുദായജീവിതത്തിലെ പല സംഗതികളും പറഞ്ഞുവരുമ്പോൾ വിവാഹകൎമ്മം നമുക്കു ദൈവികമായ ഒരു ആവശ്യമാണെന്നു തെളിയുന്നു. ആ ആവശ്യകതയെ നിറവേററുവാനുള്ള ബാദ്ധ്യത യഥാൎത്ഥപ്രേമത്തിന്നാണ്. നേരേമറിച്ചു പ്രസ്തുത ദൈവികാവശ്യകതയ്ക്കു കളങ്കമുണ്ടാക്കി ആകപ്പാടെ ദുഷ്പേരിന്നിടയാക്കുന്ന വല്ല ബാദ്ധ്യതയുമല്ലാ അത്.

"ദൈവത്തിന്റെ കണ്ണു മറയ്ക്കുവാൻ നമുക്കു കഴികയില്ല". അതിന്നു ശ്രമിക്കുന്നതു പ്രകൃതിനിയമത്തിന്നു വിരോധവും, മതതത്വങ്ങൾക്കു വിപരീതവുമായ ഒരു അപരാധമാകുന്നു. വിവാഹകൎമ്മം ദൈവികമായ ഒരു ആവശ്യമാണെന്നു വ്യാഖ്യാനിക്കുമ്പോൾ പരിശുദ്ധമായ ആ ആവശ്യത്തിൽ നാം പങ്കുകൊള്ളേണ്ടതു പ്രകൃതിനിയമത്തിലെ ഒരു യഥാൎത്ഥതത്വവുമാകുന്നു.

മുൻപ്രസ്താവിക്കപ്പെട്ടപ്രകാരം അലസത, ക്ഷുദ്രപുസ്തകവായന, നിന്ദ്യമായ ആദൎശങ്ങൾ, ആത്മാഭിമാനവി

നാശം, അനർത്ഥകരമായ അനുരാഗപ്രകടനം മുതലായവ യാണു മനുഷ്യരെ പലപ്പോഴും വിവാഹബന്ധത്തിൽപ്പെ ടുത്തുവാനിടയാക്കുന്നത്. അപ്രകാരത്തിൽ നിർബ്ബന്ധവ ശാലോ, ആലോചനകൂടാതേയോ ഉള്ള വിവാഹങ്ങൾ നമ്മേ അനർത്ഥക്കുണ്ടിലേക്കു തള്ളി ;വിടുകയല്ലാതെ മററൊന്നും ചെയ്യുന്നില്ല. നമ്മുടെ ജീവിതസമുദ്രത്തി ലുള്ള ദുർവ്വിചാരത്തിരകളിൽകൂടി ദ്രുതഗതിയിൽ വിവാഹ ക്കപ്പലോടിക്കാൻ നാം ശ്രമിച്ചാൽ അപജയക്കരയി ലാണു നാം ചെന്നിറങ്ങുകയെന്നു എല്ലാവരും പ്രത്യേകം ആലോചിക്കേണ്ടതാണ്. എന്നാൽ നമ്മുടെ മാനസി കവും, ആത്മികവുമായ സകലഭാവനകളുടേയും ഫല മായി ഓരോരുത്തരുടെയും ശരിയായ സ്വഭാവവും, ആ വശ്യവും നമുക്കു മനസ്സിലാകുമ്പോൾ നമുക്കു ഒഴിച്ചുകൂ ടാത്ത ഒരു ദൈവികാവശ്യകതയായ വിവാഹധർമ്മം നാം അനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥരാകും. മനുഷ്യരുടെ സകല പ്രവൃത്തികൾക്കും—വിശേഷിച്ചു എല്ലാററിലും പ്രാധാന്യ മേറിയ പരിശുദ്ധകർമ്മങ്ങളിലൊന്നായ വിവാഹത്തിനു സാരസമ്പൂർണ്ണങ്ങളായ പല കാരണങ്ങളുമുണ്ടായിരിക്കണം.

---

## II

# വിവിധ വിവാഹ സമ്പ്രദായങ്ങൾ.

ആശിച്ചിടിക്കലനുരാഗ പ്രാർത്ഥന
ഹ! ശിക്ഷയിൽച്ചെന്നിരിക്കുമൊരാൾ
എങ്ങാനുംചെന്നുകുടുങ്ങി വിവാഹവു-
മങ്ങുനടത്തുമതല്ലോ നീതി.

(ഗാഥ)

ഒരിക്കലെങ്ങാനും പ്രണയ പ്രാർത്ഥന
വരിച്ചനാരിയേ മഹാവ്യാധൻമർത്ത്യൻ
ഗൃഹയ്ക്കകത്തുനിന്നെടുത്തു ചാടിച്ചെ-
ന്നഹോ! വലിച്ചിഴച്ചവളെക്കശ്മലൻ
അതിനിന്ദ്യകർമ്മമളവററുചെയ്തു
മതിതൃപ്തിനേടി മദിച്ചുനില്ക്കുന്നു.
മൃണാളകോമളതനുവാകമവരം
ഘൃണയോടേരക്തം ചൊരിഞ്ഞുകേഴുന്നു.

(അനന്നട)

സാധാരണക്കാരനായ ഒരു മനുഷ്യൻ ഒരു കന്യക കയുമായി പരിചയത്തിന്നിടയായാൽ ഉടനെ ചെയ്യുന്നതു അവളെ സ്വാർത്ഥപരിപൂർണ്ണമായ എന്തെങ്കിലും നിന്ദ്യമായ പ്രവൃത്തിചെയ്യുവാൻ നിർബ്ബന്ധിക്കുകയാകുന്നു. എന്നാൽ കാലത്തിൻെറ പോക്കനുസരിച്ച് മനുഷ്യൻെറ മൃഗീയമായ ഈ ക്രിയകറംക്കു വളരെ ഉപശാന്തി വന്നു കാണുന്നുണ്ട്. ഈ സന്ദർഭത്തിൽ പരിഷ്കൃതരാജ്യങ്ങളെന്നു വിളിച്ചുവരുന്ന പല രാജ്യങ്ങളിലും ഇന്നും നടന്നുവരുന്ന സമ്പ്രദായങ്ങറം എന്തെല്ലാമെന്നു നാം അറിയേണ്ടതും വാസ്തവത്തിൽ അപരിഷ്കൃതരായിരുന്ന നമ്മുടെ പൂർവ്വികന്മാരും നമ്മളുമായി പ്രസ്തുത വിഷയത്തിൽ നാം എത്രത്തോളം വ്യത്യസ്തനിലയിലാണിരിക്കുന്നതെന്നു അന്വേഷിക്കുന്നതും അത്യാവശ്യമാണ്.

പൂർവ്വകാലങ്ങളിൽ പ്രായേണ മിക്ക രാജ്യങ്ങളിലും നടപ്പുണ്ടായിരുന്ന വിവാഹസമ്പ്രദായങ്ങറം "കയ്യൂക്കുള്ളോൻ കാര്യക്കാരൻ" എന്ന നിലയിലായിരുന്നു എന്നു കേറംക്കുന്നതു നമുക്കു വ്യസനഹേതുകമായ ഒരു സംഗതിയാകുന്നു.

ഉദാഹരണമായിപ്പറയുകയാണെങ്കിൽ മലാക്ക എന്ന അഴ്ദ്വീപിൽ വധു (മണവാട്ടി) അവളെ ഒരു വക തോണിയിൽ കയററിക്കൊണ്ട് നടക്കുവാൻ വരനോട് (മണവാളനോട്) നിർബന്ധിക്കുന്നൊരു സമ്പ്രദായമുണ്ട്. ഇന്നും സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിൽ വധു കേവലം അസ്വാതന്ത്ര്യതയും അതിരററ വിനയവും നടിച്ചിട്ടായിരിക്കണം ഭർത്താവിൻെറ ഭവനത്തിലേക്ക് അവളെ നിർബന്ധിച്ചു പറഞ്ഞയ്ക്കുവാൻ ഇടവരുന്നതു്. പൌരസ്ത്യരാജ്യങ്ങളിൽ, പ്രത്യേകിച്ച് ജാപ്പാനിൽ, വിവാഹക്രിയകൾ നടത്തുന്നത് സാധാരണയായി അന്യന്മാരുടെ-വിവാഹദല്ലാളികളുടെ-ആഭിമുഖ്യത്തോടുകൂടിയാണ്. അവിടങ്ങളിൽ വധു സാധാരണയായി ഒരിക്കലെങ്കിലും വിവാഹത്തിനുമുമ്പ് വരനെ കണ്ടിട്ടുണ്ടാകുമെന്നു കൂടി സംശയിപ്പാൻ സംഗതിയില്ല. അബ്സീനിയാ രാജ്യത്തുള്ള വിവാഹസമ്പ്രദായം ബഹുവിശേഷരീതിയിലാണ്. അവിടെ വരൻ വധുവിനെ (തടവുപുള്ളിയെപ്പോലെ) കൈക്കുപിടിച്ചു വലിച്ചുകൊണ്ട് പബ്ലിക്കുറോഡിൽക്കൂടി നടക്കുന്ന ഒരു പതിവുണ്ടെന്നു രാജ്യസഞ്ചാരികൾ പറയുന്നു.

ഈ സമ്പ്രദായങ്ങൾ- മൃഗീയമായ ബലപരാക്രമപ്രയോഗങ്ങൾ- ഒരു കാലത്തു് അക്കാലത്തെ നടവടികൾപോലെ ആചരിച്ചുവന്നിരുന്നവയാണ്. അനുരൂപവരന്മാരെ തിരഞ്ഞെടുക്കുന്നതിന്നു സ്ത്രീകൾക്കു യാതൊരു സ്വാതന്ത്ര്യവുമന്നുണ്ടായിരുന്നില്ല. എന്നാൽ വിവാഹം കഴിച്ച ഒരു സ്ത്രീക്കും അവളുടെ സന്താനങ്ങൾക്കും വീരപരാക്രമം പ്രദശിപ്പിച്ചാൽ അവർ ഭർത്താവിൻെറ അടിമകളെന്ന നില വിടുവാൻ സാധിച്ചിരുന്നു. ഇക്കാലത്താകട്ടെ പണത്തിന്നു സകലപ്രാധാന്യവും കല്പിച്ചിരിക്കെ വലിയ ധ

നികന്മാക്കാണ വിവാഹച്ഛന്തയിൽ സർവ്വവിജയവും സിദ്ധിക്കുന്നത്. ഭാര്യമാരെ വിലയ്ക്കു വാങ്ങുന്ന സമ്പ്രദായം കേവലം മൂഢസമ്പ്രദായമായി നാം ഇന്നു കണക്കാക്കിവരുന്നു. ഈ നടവടിയും ഭാര്യമാക്കുവേണ്ടി യുദ്ധം ചെയ്യുന്ന പഴയ സമ്പ്രദായത്തിൻെറ പരിഷ്ക്കരിച്ച ഒരു അവസ്ഥാഭേദമെന്നേ പറയുവാനുള്ളു പക്ഷേ ഈ സമ്പ്രദായങ്ങളിൽ ഏതാണ പരിഷ്കൃതരീതിയെന്നു യുക്തിവാദങ്ങൾകൊണ്ടു തീച്ചപ്പെടുത്തേണ്ടതാണെങ്കിലും, പൂർവ്വസമ്പ്രദായം ഒരുവിധം ചമൽക്കാരപരമായ ഫലത്തെയാണ നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നത്.

പ്ലൂട്ടാക്ക്, ഹോമർ മുതലായ സുപ്രസിദ്ധപാശ്ചാത്യകവികളുടെ കവനമാതൃകകളിൽ യഥാത്ഥതത്വങ്ങളും, ഉത്തമസാഹിത്യവുമടങ്ങിയിരിക്കുന്നു, എന്നു പറയപ്പെടുന്നു. അവർ പറയുന്നതു സൌന്ദര്യം ശൌര്യപരാക്രമങ്ങളിൽ ഉൾപ്പെട്ട ഒരു ദൈവികാനുഗ്രഹമാണെന്നാകുന്നു. ഈ ആശയത്തെ മററു പണ്ഡിതന്മാർ, "ധൈര്യശാലികൾക്കു മാത്രമേ ഉത്തമ വസ്തുക്കൾക്കവകാശമുള്ളു" എന്നു വ്യാഖ്യാനിക്കുന്നു. ഇക്കാലത്തു മനുഷ്യർ ഭാര്യമാക്കല്ല, ഉത്തമാദർശങ്ങൾക്കാണ പോരാടുന്നതെന്നു കാണുമ്പോൾ ഇന്നത്തെ സ്ത്രീകൾക്കും വീരോചിതവും, വിപുലവുമായ കർമ്മങ്ങൾ ചെയ്യുവാൻ "ബദ്ധകങ്കണമാരാ"കാൻ വിരോധമില്ല.

കല്യാണാവസരങ്ങളിൽ വിവാഹപാരിതോഷികങ്ങൾ കിട്ടുവാൻ അഹ്വരല്ലാത്ത, അഥവാ സ്നേഹിതന്മാരെക്കൊണ്ടു അനുഭവമില്ലാത്ത, ഒരുവകക്കാരുണ്ട്. ഭാര്യമാരെ വിലയ്ക്കുവാങ്ങുന്ന സമ്പ്രദായം ശരിയായി നടന്നുവരുമ്പോൾ പ്രസ്തുത വിവാഹസമ്മാനങ്ങൾക്കു വധൂവര

ന്മാർ അഹ്റരാകാത്തതിലും അത്ഭുതമില്ല. ഈ വിവാഹസമ്മാനദാനരീതിതന്നെ പല രാജ്യങ്ങളിലും പലവിധത്തിലാണു ആചരിച്ചുവരുന്നത്. ജാപ്പാനിൽ— സാമുദായികാചാരങ്ങൾക്കു പല വ്യത്യാസവുമുള്ള ഈ പൌരസ്ത്യരാജ്യത്തു-- വധു വരന്നും വരൻെറ കുടുംബക്കാൎക്കും സമ്മാനങ്ങൾ നൽകുന്നു. എന്നാൽ ചീനരാജ്യത്തു വിവാഹനിശ്ചയാനുസരണം വധുവിനെസ്സംബന്ധിച്ചാണു വിവാഹസമ്മാനങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നത്. വിവാഹസമ്പ്രദായങ്ങളേയും സമ്മാനങ്ങളേയും സംബന്ധിച്ച ഒരു തൃപ്തികരമായ നടപടി ഇന്ത്യയിലും, ബൾഗേരിയായിലുമാണെന്നാകുന്നു പലരുടേയും അഭിപ്രായം. ബൾഗേരിയായിൽ നടക്കുന്ന ഒരു വിവാഹത്തിൽ വധുവിൻെറ കഴുത്തിൽ അവളുടെ ഭൎത്താവു അടുത്തുനിന്നു അണിയിക്കുന്ന വിലയേറിയ ആഭരണങ്ങൾക്കു ഒരു കയ്യും കണക്കുമില്ല. വധുവിൻെറ സ്വഭാവത്തിൽ അവളുടെ അച്ഛനുണ്ടാകുന്ന സംതൃപ്തിപോലെയാണു അവളെ അയാൾ സൎവ്വാംഗവിഭൂഷിതയാക്കിത്തീൎക്കാറുള്ളതെന്നും പറയപ്പെടുന്നു. ഇന്ത്യയിലാകട്ടെ വധൂവരന്മാരുടെ അച്ഛന്മാർ വധുവിനുള്ള ആഭരണങ്ങൾക്കെല്ലാം ഒന്നുപോലെ പണം ചിലവഴിച്ചുവരുന്നു. ഇംഗ്ലാണ്ടു മുതലായ രാജ്യങ്ങളിൽ കല്യാണവസ്ത്രാലങ്കരണാദികൾ തയ്യാറാക്കുവാനുള്ള ഒരു പ്രത്യേകാവകാശം വധൂകുടുംബക്കാൎക്കാകുന്നു. മററു രാജ്യങ്ങളിലെ സമ്പ്രദായം ഇതിന്നു വിപരീതമാണെന്നു തോന്നുന്നു. എസ്കിമോജാതിക്കാരുടെയിടയിൽ വധുവിന്നുള്ള വസ്ത്രം—ഒരുവിധം രോമംകൊണ്ടുള്ള വസ്ത്രമാണവിടെ—വരൻതന്നെ അവൻെറ ദേഹപ്രയത്നംകൊണ്ടുണ്ടാക്കണമെന്നുകൂടി ഒരു നിശ്ചയമുണ്ട്. എന്നാൽ മാത്രമേ മാന്യതയായുള്ളവെന്നാണവരുടെ സങ്കല്പം.

"വിവാഹധന ആക്ട്''പ്രകാരം യഹൂദന്മാരുടേയും, മുഹമ്മദീയരുടേയും ഇടയിൽ വധൂകുടുംബക്കാരാണു വസ്ത്രാഭരണാദികഠം നൽകപ്പെടേണ്ടതെന്നു സ്പഷ്ടമാകുന്നു. അങ്ങിനെ ചെയ്യുന്നതു മതപരമായ ഒരു ധമ്മമാണെന്നുകൂടി അവർ വിശ്വസിച്ചുവരുന്നു. ഇററലിയിലും, ഫ്രാൻസിലുമുള്ള ചില വിവാഹങ്ങഠംക്കു യാതൊരു സ്ത്രീധനവും കൊടുക്കേണമെന്നില്ല. സ്കോട്ട്ലാണ്ടിലെ പെൺകുട്ടികഠം ഭത്താക്കന്മാക്കു സ്ത്രീധനസമ്പ്രദായത്തിൽ എന്തെങ്കിലും നൽകേണമെന്നു നിർബന്ധമില്ല. എന്നാൽ സ്ത്രീധനം കൊടുക്കുവാൻ ത്രാണിയില്ലാത്ത പെൺകിടാങ്ങളെ അവിടങ്ങളിലെ ധാടികൂടിയ പെൺകിടാങ്ങഠം സാധാരണ കരുതി വരാറുള്ളതു തക്ക ഭത്താക്കന്മാരെക്കിട്ടാൻ കഴിവില്ലാത്തവരാണെന്നാണ്. ഇംഗ്ലണ്ടിൽ സാധാരണയായി ഈ വിഷയത്തിലെല്ലാം ബുദ്ധിപൂവ്വമായ ആലോചനയക്കാഠം കാര്യമായി ഗണിച്ചുവരുന്നതു മിക്കവാറും ജനങ്ങളുടെ മനോഭാവനയെ മാത്രമാണെന്നു പറയേണ്ടിയിരിക്കുന്നു. കണ്ണുമഞ്ഞളിപ്പിക്കുന്ന കനകത്തിന്നുതന്നെയാണു അവിടെ കാര്യമായ പ്രാധാന്യം നൽകപ്പെടുന്നത്.

വിലകൊടുത്തുവാങ്ങപ്പെടുന്ന ഭാര്യയുടേയും, യഥാത്ഥപ്രേമത്തിൻെറ ഫലമായിക്കിട്ടുന്ന ഭാര്യയുടേയും അവസ്ഥാഭേദത്തെപ്പററി ലോകസ്വഭാവമറിയുന്നവക്കു വളരെ അധികം ചിന്തിക്കേണമെന്നില്ല. വാസ്തവത്തിൽ പുരുഷന്നാകട്ടെ, സ്ത്രീയ്ക്കാകട്ടെ അഴകും, അതിയായ ബുദ്ധിസാമത്ഥ്യവുമല്ലാ കാര്യമായിട്ടുള്ളതു്. സ്വഭാവഗുണമാണു ഏതു സ്ത്രീക്കും, പുരുഷന്നും ഒരു പ്രത്യേകഭൂഷണമെന്നും, പ്രസ്തുത ഭൂഷണമുള്ളവക്കു കൃത്രിമാഡംബരങ്ങഠം

ആവശ്യമില്ലെന്നും നാം മനസ്സിലാക്കേണ്ടതാണ്. ശരിയായ സ്ത്രീത്വവും, പുരുഷത്വവുമുള്ള വധൂവരന്മാർ യാതൊരു സ്ത്രീധനവിഷയത്തിലും ആശിക്കയില്ലെന്നു നമുക്കു ഉറപ്പു പറയാം. സിലോണിലും വടക്കെ അമേരിക്കയിലെ ചില ഭാഗങ്ങളിലും ഈ തത്വത്തെ ആസ്പദമാക്കി പല വിവാഹങ്ങളും നടത്തപ്പെടുന്നുണ്ട്.

വിവാഹവിഷയത്തിൽ സ്ത്രീപുരുഷന്മാൎക്കു സ്വാതന്ത്ര്യം നൽകേണമെന്നു അധികപക്ഷക്കാരും ശഠിക്കുന്ന ഇക്കാലത്തു ആദിമമനുഷ്യവൎഗ്ഗത്തിൽപ്പെട്ടവരെന്നു നാം കരുതിവരുന്ന ചില ജാതിക്കാരുടെ ഇടയിൽപോലും ഒരു വധുവിന്നു യഥേഷ്ടം വരനെ തിരഞ്ഞെടുക്കുവാൻ അധികാരമുണ്ടെന്നറിയുമ്പോൾ ആൎക്കും അത്ഭുതം തോന്നാനിടയുണ്ട്. ആഫ്രിക്കയിലെ അപ്പർമിസ്സിസ്സിപ്പിയിൽ നിവസിക്കുന്ന ചില വൎഗ്ഗക്കാരുടെയിടയിൽ നടപ്പുള്ള വിവാഹസമ്പ്രദായം ഇതിന്നുദാഹരണമാകുന്നു. അവിടങ്ങളിൽ സാധാരണ വിനോദാവസരങ്ങളിലെല്ലാം ഒരു യുവതിയിൽ അനുരാഗമുള്ള യുവാവു അയാളുടെ ആന്തരമായ പ്രണയപ്രാൎത്ഥന ഏതെങ്കിലും ഒരു കാഹളത്താലൊ, സംഗീതയന്ത്രത്താലൊ പ്രസ്തുത യുവതിയെ അറിയിച്ചാൽ അവൾക്കു അയാളിൽ പ്രേമമുള്ള പക്ഷം അവൾ അതു ഏതെങ്കിലും സംജ്ഞകൊണ്ടു ആ യുവാവിനെ ബോദ്ധ്യപ്പെടുത്തുന്നു. എന്നാൽ ആ യുവതിക്കു താൻ അയാളുടെ പ്രഥമഭാൎയ്യയാണെന്നു കരുതാമെങ്കിലും, വീണ്ടും വിവാഹം കഴിക്കുകയില്ലെന്നു നമ്മുടെ യുവാവു ഒരു വാക്കുകൊടുക്കേണമെന്നില്ല. പുരുഷന്മാരുടെയിടയിൽ അവിടെ ബഹുഭാൎയ്യാത്വം നടപ്പുള്ളതിനാൽ കാലക്രമേണ പ്രസ്തുത യുവതിക്കു സപത്നിമാരായി അവളുടെ സ്വാതന്ത

സഹോദരിയേയോ, അമ്മായിയേയോ, മരുമകളേയോ ലഭിക്കുന്നതും സാധാരണയാണ്. പക്ഷെ പ്രഥമഭാര്യയായ പ്രസ്തുത യുവതിക്കുള്ള ഒരു പ്രാമാണ്യം അവരു പ്രധാനഭാര്യ എന്നുള്ള ഒരു നിലയാകുന്നു. ഭർത്താവ് അവളോട് ക്രൂരത കാണിച്ചാൽ അവൾക്കു വിവാഹമോചനം എളുപ്പത്തിൽ നടത്തുവാനും സാധിക്കും. അങ്ങിനെയുള്ള സ്ത്രീകൾ ഭർത്താവിനെയുപേക്ഷിച്ച് സ്വമാതാപിതാക്കന്മാരോടുകൂടിത്താമസിക്കുകയാണ് അവിടങ്ങളിലെ ക്ഷിപ്രസാദ്ധ്യമായ വിവാഹമോചനക്രിയ. ഈ ജാതിക്കാരുടെയിടയിലും ഭർത്താവു മരിച്ച സ്ത്രീക്കോ ഭാര്യ മരിച്ച പുരുഷനോ പുനർവിവാഹം കഴിക്കണമെങ്കിൽ കുറെ അധികം കാലം കഴിയണമെന്നു ഒരു നിശ്ചയമുണ്ട്. എന്നാൽ അവിടെ ഭാര്യ മരിച്ച ഒരു പുരുഷൻ കാലതാമസം കൂടാതെ വിവാഹം ചെയ്യാൻ ആലോചിച്ചാൽ അതിന്നുള്ള ശിക്ഷ അയാളുടെ വിധവയുടെചാർച്ചക്കാർ കോപാന്ധരായി പെട്ടെന്നു വന്നു അയാളുടെ സ്വത്തുക്കളെല്ലാം പിടിച്ചുടക്കുകയാകുന്നു.

ഇപ്രകാരത്തിലുള്ള വിവിധവിവാഹങ്ങളുടെ കുഴപ്പങ്ങൾ കരുതിയിട്ടായിരിക്കും ചിലപ്പോൾ പരസ്പരാനുരക്തരായ സ്ത്രീപുരുഷന്മാർ ഒളിച്ചോടി പോയ്ക്കളയുന്നതെന്നു തോന്നുന്നു. ശരിയായ ദാമ്പത്യാനുഷ്ഠാനത്തിന്നു ഈ മാർഗ്ഗവും ഒട്ടും തന്നെ യോജിച്ചതല്ല. അന്യോന്യാനുരക്തരായ യുവതീയുവാക്കന്മാർക്കു യഥേഷ്ടം വിവാഹംചെയ്യാൻ അധികാരവും അവകാശവുമുണ്ടെന്നും അവരുടെ മാതാപിതാക്കന്മാർക്കും ഈ വിഷയത്തിൽ വല്ല പ്രതിബന്ധവും മുണ്ടാക്കുവാൻ അധികാരമില്ലെന്നും ലോകസമക്ഷം പരസ്യപ്പെടുത്തേണമെന്നു ശഠിക്കുന്ന ചില പരി

ഷ്ഠാരികളാണ് ഇന്നുള്ള യുവാക്കന്മാരിൽ അധികപക്ഷ ക്കാരും. ഇത്തരത്തിലുള്ള ഒരു വിവാഹരീതി നമ്മുടെ രാജ്യങ്ങളിൽ വളരെ ദുല്ലഭമാണ്. ഗ്രീൻലാണ്ടുകാർ, കാരിബ്ബുകാർ, പാററഗോണിയൻകാർ, പ്യൂബ്ളോക്കർ, ചൈപ്പവെക്കാർ, ഗ്രീക്കുകാർ മുതലായ ചില വർഗ്ഗക്കാരുടെ ഇടയിൽ ഈ സമ്പ്രദായം സർവ്വസാധാരണമാണ്. ഉൽകൃഷ്ട നാഗരീകത്വത്തിൽ എത്രയോ ആത്മപ്രശംസ ചെയ്യുന്ന ചിലരാജ്യങ്ങളിൽ നടക്കുന്ന യുക്തിവാദം തങ്ങളുടെ ജീവദശയിൽ ഭാഗഭാക്കുകളായിരിക്കേണ്ടവരായ സ്ത്രീകൾക്കു വിവാഹത്തിന്നു പൂണ്ണസ്വാതന്ത്ര്യം പുരുഷന്മാർ നൽകേണമെന്നാണ്. ഭാർയ്യമാരെ വിലയ്ക്കു വാങ്ങുന്ന സമ്പ്രദായവും, ഏതാനും അധികാരാവകാശങ്ങൾകൊണ്ടെല്ലാം നടത്തുന്ന വിവാഹസമ്പ്രദായവും പ്രാചീനകാലങ്ങളിൽ ഭാർയ്യമാരെ ബലാൽക്കാരമായി സ്വീകരിക്കുന്ന സമ്പ്രദായങ്ങൾക്കു തുല്യമാകുന്നു. ഈ ഓരോ വിവാഹരീതികളും മനുഷ്യബുദ്ധിയുടെ വളച്ച്യയെയല്ലാ സൂചിപ്പിക്കുന്നത്. നേരേമറിച്ചു അതിൻെറ താഴ്ചയേയാകുന്നു.

മുഹമ്മദീയരുടെ യിടയിൽ ഇക്കാലത്തു ഒരു ശരിയായ മതവിശ്വാസിക്കു നാലു ഭാർയ്യമാരെ സ്വീകരിക്കാൻ അനുവാദമുണ്ട്. എന്നാൽ ഭാർയ്യയെക്കൊണ്ടുമാത്രം തൃപ്തിപ്പെടുന്ന ഒരു മുസ്സൽമാൻ പ്രായേണ അയാളുടെ ദാരിദ്ര്യത്തിലാണു അപ്രകാരം ചെയ്യുന്നതെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. പഴയ കാലം മുതൽ നടപ്പിലിരിക്കുന്ന ഈ വിവാഹരീതികൊണ്ടു ചില ഭത്താക്കന്മാക്കു മുമ്പു വളരെ ബുദ്ധിമുട്ടുകളും അസൌകയ്യങ്ങളുമുണ്ടായിരുന്നു എന്ന സംഗതി സ്മരണീയമാണ്. അന്നു സാമാന്യേന ഒരു ഭത്താവിൻെറ സ്ഥിതി മിക്കവാറും സങ്കടകരമായിരുന്നു. കാ

ലത്തു ഒരു സ്ത്രീ ഒരാളുടെ ഭാൎയ്യയായിരിക്കും. വൈകുന്നേരമാകുമ്പോഴേക്കു അവളുടെ ഭൎത്താവു വല്ല കൂട്ടരാലും കൊല്ലപ്പെടുകയൊ, തടവിലാക്കപ്പെടുകയൊ പതിവായിരുന്നു. ഇതിൻെറ ഫലമായി അവളും അവളുടെ കുട്ടികളും പ്രസ്തുത ഭർത്തൃഘാതകൻെറ അടിമകളായിത്തീൎന്നിരുന്നു. അക്കാലത്തുള്ള വിവാഹത്തിൽ വധൂവരന്മാൎക്കു കാൎയ്യമായ അനുരാഗം അന്യോന്യം ഉണ്ടായിരുന്നു എന്നു പറവാൻ ന്യായമില്ല. വാസ്തവത്തിൽ വിവാഹം ഒരു ദൈവികാനുഗ്രഹത്തിൻെറ പരിപാവനപ്രസ്ഥാനമായിക്കണക്കാക്കി ഒരു ഭാൎയ്യയെക്കൊണ്ടു അവളുടെ ഭൎത്താവു സംതൃപ്തനായിരിക്കേണ്ടതാണ്.

ആദിമ മനുഷ്യവംശക്കാരുടെ കഥ മുഴുവനും പറഞ്ഞവസാനിപ്പിക്കുന്നതിനുമുമ്പായി ആ അപരിഷ്കൃതകാലത്തു ഖിജാതീയസാമുദായികസമ്പ്രദായം അനുഷ്ഠിച്ചുകൊണ്ടിരുന്ന പ്രസ്തുത വൎഗ്ഗക്കാരെ സംബന്ധിച്ചു പല രസകരമായ സംഗതികളും പറയുവാനുണ്ടു്. ഈ പരിഷ്കാരകാലത്തുള്ളതിലും അധികം അവിവാഹക്രിയതന്നെ കുറെ കുഴപ്പത്തിലായിരുന്നു അക്കാലത്തു നടത്തപ്പെട്ടിരുന്നതു്.

ഇന്നും പല വിനോദവൎത്തമാനപത്രങ്ങളിലും, നാടകരംഗങ്ങളിലും ഒരു പ്രത്യേകവിഷയമായിക്കണ്ടുവരുന്ന ശ്വശ്രൂക്കളുടെ കുസൃതികൾ പഴയകാലത്തുള്ള പല ദുഷിച്ച സമുദായികസമ്പ്രദായങ്ങളുടെയും ചില അവശേഷങ്ങൾ മാത്രമാണെന്നൂഹിക്കാം. ബലാൽക്കാരമായിട്ടാണു മുൻകാലങ്ങളിൽ ജാമാതാക്കൾ തങ്ങളുടെ ഭാൎയ്യമാരെ സ്വഗൃഹങ്ങളിലേക്കുകൊണ്ടു പോയിരുന്നതെന്നും,

തൻമൂലം ശത്രുക്കൾ വളരെവിരോധഭാവം കാണിച്ചിരുന്നു എന്നും പഴയ സാമുദായികചരിത്രങ്ങൾ തിരഞ്ഞു നോക്കിയാലറിയാം.

40821

വടക്കെ അമേരിക്കയിലെ "ഇന്ത്യക്കാരിൽ" ചിലരുടെ ഇടയിൽ ഇന്നും ഒരു ജാമാതാവു തന്റെ ഭാൎയ്യയുടെ മാതാപിതാക്കന്മാരോടു സംസാരിക്കുന്നതു നിരോധിക്കപ്പെട്ടുവരുന്നു. ജാമാതാക്കന്മാൎക്കു അവർ യാതൊരു കത്തെടവാടും നടത്താറില്ല. യുവാക്കന്മാരുടെ വിവാഹങ്ങളിൽ മാതാപിതാക്കന്മാർ ചാടിവീണു അനൎത്ഥമുണ്ടാക്കുന്നതിന്നു, ബുദ്ധിപൂൎവ്വമായ ആ ഏൎപ്പാടു ഇക്കാലത്തു പല സ്ഥലങ്ങളിലും നടപ്പിലാകുന്നപക്ഷം, വലിയ പരിഹാരമുണ്ടാകുമായിരുന്നു. ഈ വൎഗ്ഗക്കാരുടേയും ആസ്ത്രേലിയായിലെ ആദിമമനുഷ്യവൎഗ്ഗക്കാരുടെയും ഇടയിൽ മറെറാരു സമ്പ്രദായമുണ്ട്. ചില പ്രത്യേകവൎഗ്ഗക്കാരുമായി മാത്രമെ അവൎക്കു വിവാഹം നടത്തുവാൻ പാടുള്ളു. ഈ നിയമം തെററിക്കുന്നവൎക്കു ജാതിഭ്രഷ്ടു കല്പിക്കാറുണ്ടു്. ചില ചാൎച്ചക്കാരുമായി നടത്തുന്ന വിവാഹങ്ങൾക്കൂടി നിരോധിക്കപ്പെടുന്നു. ആ രാജ്യങ്ങളിൽ ഒരു സ്ത്രീ ഗൎഭം ധരിക്കുന്നതു മുതൽ പ്രസവം കഴിഞ്ഞു കുട്ടിയുടെ മുലകുടി മാറുന്നതുവരെ ഭൎത്താവിന്നു ഭാൎയ്യയെ തൊടുവാൻ പാടില്ല. ഈ സമ്പ്രദായം കുട്ടിയുടെ ഗുണത്തെ ഉദ്ദേശിച്ചാണെന്നു പറയപ്പെടുന്നു.

വിവാഹനിശ്ചയസമ്പ്രദായങ്ങൾക്കും, വിവാഹക്രിയകൾക്കും പണ്ടു പല രാജ്യങ്ങളിലും യാതൊരുദ്ദേശവുമുണ്ടായിന്നില്ല. ഈ വക അസംബന്ധസമ്പ്രദായങ്ങൾ ചില രാജ്യങ്ങളിൽ ഇന്നും നടപ്പുണ്ട്. പ്രസ്തുത പഴയ നിരൎത്ഥകസമ്പ്രദായങ്ങളെ പരിഷ്കരിച്ചു ഇന്നത്തെ രീതിയോടു

ഏതാണ്ട യോജിപ്പിച്ചുകൊണ്ടുവരുവാൻ ശ്രമിക്കുന്നവരും ധാരാളം ഉണ്ട്.

ഇംഗ്ലീഷുകാരുടെ ഇടയിൽ വധു (മണവാട്ടി) വെള്ളവസ്ത്രമാണു ധരിക്കുക. കന്യകമാൎക്കു വെള്ളനിറമാണു പരിശുദ്ധമായി സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. അവരുടെ സമ്പ്രദായപ്രകാരം കന്യകയെ കല്യാണകൎമ്മാവസരത്തിൽ ഒരു മൂടുപടംകൊണ്ടു ഭദ്രമായി ആച്ഛാദനം ചെയ്യേണ്ടതാണ്. വിവാഹത്തിൻെറ ഗോപ്യമായ സ്വഭാവത്തിന്നു ഇതു ഒരു ഉദാഹരണമാണ്. വിവാഹക്രിയാനന്തരം വരൻ മൂടുപടം നീക്കുന്നതും, വധുവിനെ ചുംബിക്കുന്നതും ശരിയായ ഒരു ഭൎത്താവിൻെറ സ്വാതന്ത്ര്യാധികാരങ്ങൾക്കു തക്ക തെളിവുകളുമാകുന്നു. വിവാഹാംഗുലീയം സ്വൎണ്ണമാകണമെന്നു നിർബന്ധമുള്ളതു സ്വൎണ്ണം ഏററവും വിലപിടിച്ച ലോഹമാകയാലാണ്. വധൂവരന്മാരുടെ പരസ്പരാനുരാഗത്തിൻെറ സുസ്ഥിരനിലയെ കാണിക്കുന്ന ഒരു വൃത്താകരമാണു പ്രസ്തുത മോതിരം. വിവാഹാവസ്ഥയുടെ സ്വാഭാവികത്വവും, കേവലം സാധാരണ സമ്പ്രദായവുമാണു ഈ "ഒഴുക്കൻമോതിരം" സൂചിപ്പിക്കുന്നത്. എല്ലാ രാജ്യങ്ങളിലും—കിഴക്കും, പടിഞ്ഞാറും, വടക്കും, തെക്കും—വധൂവരന്മാർ അന്യോന്യം കരഗ്രഹണം ചെയ്യേണമെന്നുള്ളതു വിവാഹച്ചടങ്ങിൻെറ ഒരു പ്രധാനഭാഗമാണ്. പഴയകാലം മുതൽക്കുതന്നെ വിവാഹക്രിയകൾ മതപരമായിരിക്കേണമെന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ളതു തന്നെ അതു (വിവാഹം) ഒരു വൈദിക ആവശ്യമാണെന്നു സങ്കല്പിക്കപ്പെടുന്നതിന്നാലാകുന്നു.

ഈ അടുത്തകാലത്തു മാത്രമാണ് വിവാഹത്തിന്നു മതപരമായ ക്രിയകളുടെ സാന്നിദ്ധ്യം അത്ര അത്യാവശ്യ

മല്ലെന്നു കരുതപ്പെട്ടുവരുന്നത്. രാജ്യഭരണസംബന്ധമായ ഏററവും വലിയ പരിവൎത്തനകാലത്താണു ഫ്രാൻസിൽ വിവാഹസമ്പ്രദായം നിയമാനുകൂലമായ ഒന്നാണെന്നു പ്രഖ്യാപനം ചെയ്യപ്പെട്ടത്. 1563-ൽ ട്രെൻടിലെ പ്രതിനിധിസംഘക്കാർ വിവാഹം ദേവാലയങ്ങളെ (പള്ളികളെ) സംബന്ധിക്കുന്ന ഒരു പരിശുദ്ധക്രിയാംശമാണെന്നു പ്രഖ്യാപനം ചെയ്തു. അന്നുമുതൽക്കാണ് മിക്ക ക്രിസ്തീയരാജ്യങ്ങളിലും വിവാഹത്തിന്നു മതകൎമ്മങ്ങൾ അംഗീകരിക്കുവാൻ തുടങ്ങിയത്.

കല്യാണസ്സദ്യയെന്ന മറെറാരു ചടങ്ങു ഒരു പഴയ സമ്പ്രദായാനുകരണമെന്നേ പറയാനുള്ളു. ദൈവികാവശ്യമായ വിവാഹത്തിൻെറ സന്തോഷസൂചകമായ ഒരു വിഭാഗമാണു സദ്യ. ഇതു പൂൎവ്വകാലങ്ങളിൽ ക്രൂസ്തീയരാജ്യങ്ങളിലും മററും ഒരു ലഘുഭക്ഷണരീതിയിലായിരുന്നു. ഇന്നു പേരിന്നും പെരുമയ്ക്കും വേണ്ടി വിവിധവിഭവങ്ങളോടുകൂടി സദ്യ കഴിക്കുന്ന സമ്പ്രദായം ആശാസ്യമല്ലെന്നു പലൎക്കും അഭിപ്രായമുണ്ട്. പക്ഷെ ഇന്ത്യ മുതലായ പൌരസ്ത്യരാജ്യങ്ങളിൽ സദ്യ വിവാഹച്ചടങ്ങിൽ ഒരു പ്രധാനമായ ഇനമാകുന്നു.

അതിപ്രാചീനകാലങ്ങളിൽ വിവാഹകൎമ്മങ്ങൾ ദേവാലയങ്ങളിൽ (പള്ളികൾ എന്നും വിവക്ഷിക്കാം) വെച്ചല്ല നിൎവ്വഹിച്ചു വന്നിരുന്നത്. അടുക്കളയിൽ അടുപ്പിൻെറ മുമ്പിൽവെച്ചു വിവാഹം കഴിക്കുക എന്നൊരു സമ്പ്രദായമാണു അന്നുണ്ടായിരുന്നത്. ഗൃഹദേവതകൾക്കു വഴിപാടുകൾ (നിവേദ്യങ്ങൾ മുതലായവ) കൊടുക്കുകയും പതിവായിരുന്നു.

മിക്ക ഇൻഡോ_യൂറോപ്യന്മാരും അഗ്നിയെ ജീവനെ പ്പോലെ കണക്കാക്കിവരുന്നു. അതുകൊണ്ടാണ് ചില രാജ്യങ്ങളിലും, കുടുംബങ്ങളിലും ഇന്നും അടുപ്പിലെ തീ കെടുത്താതെ വെച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത കുടുംബങ്ങൾ നിലനിൽക്കുന്ന കാലത്തോളം ഏതു സമയവും അടുപ്പിലും തീ കെടാതെ നിൽക്കുന്നമെന്നാണു നിശ്ചയം. പഴയകാലങ്ങളിൽ ഈ അടുപ്പിലെ തീ ഓരോ കൊല്ലം കഴിയുമ്പോൾ (വെസ്റ്റാ) ദേവാലയങ്ങളിലെ തീകൊണ്ടു പുതുപ്പിക്കുക എന്നൊരു സമ്പ്രദായമുണ്ടായിരുന്നു. കന്യകാദേവിയായ "വേസ്റ്റ" എന്ന ഗൃഹദേവതയുടെ പ്രസാദത്തിന്നാണ് അങ്ങിനെ ചെയ്തിരുന്നത്. വിവാഹത്തിൻെറ പരിപാവനതത്തിന്നു അധിഷ്ഠാനദേവതയാണു "വേസ്റ്റ."

ജീവിതത്തിൻേറയും, യഥാത്ഥപരിപൂതാവസ്ഥയുടേയും, സ്ത്രീതത്തിൻേറയും, കുടുംബത്തിൻേറയും ആദശങ്ങൾ അത്ര മനോഹരവും, വന്ദ്യവുമായ നിലയിൽ ആദരിക്കപ്പെടുമ്പോൾ, ആധുനികനാഗരികതത്തിന്നു പ്രസ്തുത വസ്തുക്കളുടെ യഥാത്ഥമായ പ്രാധാന്യത്തെ അറിയുവാൻ കഴികയില്ലെന്നു കാണുന്നതു ലജ്ജാകരമായ ഒരു സംഗതിയാകുന്നു. നവീനഭാരതത്തിൽ ചില പ്രദേശങ്ങളിൽ ഒരു കുട്ടി ജനിച്ചാൽ ഗ്രീസ്സിലേയും, റോമിലേയും സമ്പ്രദായംപോലെ, ആദ്യമായി അടുക്കള (അടുപ്പു) ദേവന്മാരെയാണു ആരാധനാപൂവ്വം തൃപ്തിപ്പെടുത്തുന്നതു്. അടുപ്പിന്നുചുററും മൂന്നുവട്ടം കൊണ്ടുനടക്കുന്നതുകൊണ്ടു് പ്രസ്തുത ശിശു ശുദ്ധിയുള്ളതായിത്തീരുന്നു എന്നാണു സങ്കല്പം. അടുപ്പിൻെറ സാന്നിദ്ധ്യത്തിന്നു ശേഷമേ ആ ശിശുവിന്നു സ്വകുടുംബവുമായി സമ്പക്കം ലഭിക്കുകയുള്ളൂ.

ഇപ്രകാരത്തിലുള്ള കുടുംബ ബന്ധങ്ങളേയും ഭാവനകളേയും തീരെ തിരസ്കരിക്കുന്ന ഇന്നത്തെ വിചാരശീലന്മാർ പ്രസ്തുത പരിശുദ്ധകർമ്മാനുഷ്ഠാനരീതിയിൽ ജനങ്ങൾക്കു ആസക്തി ഇല്ലാതാക്കുവാൻ ലോകത്തിലെ അതിപ്രാചീനവും, മഹാശക്തിമത്തുമായ സമുദായഘടനാസമ്പ്രദായങ്ങളെ നിസ്സംശയം നശിപ്പിക്കുന്നു! ഗൃഹസംബന്ധമായ (അടുക്കളയെസ്സംബന്ധിച്ച എന്നുതന്നെ പറയട്ടെ) ഈ വിശിഷ്ടമതാനുഷ്ഠാനങ്ങളുടെ നാരായവേർ പറിക്കുവാൻ ശ്രമിക്കുന്നവർ നമ്മുടെ സമുദായരക്ഷയുടെയും, സമാധാനത്തിൻെറയും അസ്ഥിഭാരക്കല്ലു പൊളിക്കുവാനാണുത്സാഹിക്കുന്നത്. വാസ്തവത്തിൽ 1914 മുതൽ 1918-വരെ ലോകത്തിലെ നാനാപ്രദേശങ്ങളിലും നടന്ന യുദ്ധത്തിൻെറ ഉദ്ദേശംതന്നെ അടുപ്പിൻെറയും കുടുംബത്തിൻെറയും രക്ഷയാണെന്നൂഹിക്കാം. ലോകത്തിലെ സമുദായങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യപുരോഹിതന്മാരായ ചില പാശ്ചാത്യസ്ത്രീരത്നങ്ങൾ തങ്ങളുടെ പരിശുദ്ധജീവിതാനുസരണം ഓരോ കുടുംബവും വിശുദ്ധിയുടേയും, പ്രേമത്തിൻെറയും കേന്ദ്രസ്ഥാനമാകുവാൻ തക്കവണ്ണം ആത്മികവും യാഥാർത്ഥികവുമായ ഉദ്ദേശത്താൽ അടുപ്പു വെടുപ്പായിവെച്ചു തീ നന്നായിക്കത്തുവാനിടയാകുന്നതു നമ്മുടെ മാന്യസഹോദരിമാർ കാണട്ടെ.

പരിഷ്കാരം വർദ്ധിച്ചതോടുകൂടി നമ്മുടെ രാജ്യങ്ങളിൽ വിവാഹനിയമങ്ങളും, സമ്പ്രദായങ്ങളും ആകപ്പാടെ മാറി മറിഞ്ഞു പ്രായേണ ബുദ്ധിപൂർവ്വമായ ചില അഭിപ്രായങ്ങൾക്കും, അധികപക്ഷക്കാരുടെ ക്ഷേമത്തിനും യോജിച്ചവിധത്തിലായിക്കലാശിച്ചിരിക്കുന്നു.

നമ്മുടെ മററുള്ള അവകാശങ്ങളെപ്പോലെ ഈ നൂതനനിയമങ്ങൾ സമുദായത്തിൽക്കടന്നുകൂടി പൊതുവിൽ വലിയ കുഴപ്പങ്ങളുണ്ടാക്കാതിരിപ്പാൻ നാം പോരാടേണ്ടതും, നമ്മുടെ സാമുദായികജീവിതരീതി കളങ്കപ്പെട്ടുത്താതെ നോക്കേണ്ടതും എല്ലാവരുടേയും ധർമ്മമാകുന്നു. പാശ്ചാത്യരാജ്യത്തു ദേവാലയങ്ങളിൽ (പള്ളികളിൽ) വിവാഹപരസ്യം മുതലായവ പ്രസിദ്ധംചെയ്യേണമെന്നു നിയമം പാസ്സായ കാലത്തു അതിന്നു വളരെ വിരോധകക്ഷികൾ ഉണ്ടായിരുന്നു. അതുപോലെതന്നെയാണ വിവാഹം ഒരു മതപരമായ കർമ്മമാകുവാൻ പാടില്ലെന്നുള്ള പലരുടേയും അഭിപ്രായമനുസരിച്ച 1836_ൽ "സിവിൽവിവാനിയമം" പാസ്സാക്കപ്പെട്ടപ്പോഴും വലിയ എതിർവാദങ്ങൾ ഉണ്ടായത്.

ഇക്കാലത്തു അമേരിക്കയിലെ ഗൃഹനായികമാക്കാണ് ഏററവും സ്വാതന്ത്ര്യമുള്ളതെന്നു തോന്നുന്നു. ഫ്രാൻസിൽ കുടുംബിനികളായ സ്ത്രീകൾക്കു ഏററവും ശരിയായ സമാനാവസ്ഥയാണുള്ളത്. ബ്രിട്ടീഷുഭാൎയ്യമാർ ഈ രണ്ടു കാൎയ്യത്തിലും അല്പം പിന്നോക്കമാണെങ്കിലും, ഒരു വിധം വീൎയ്യം കാണിക്കുവാനാണവൎക്കു വാസനയത്രെ.

വാസ്തവത്തിൽ ശരിയായ ഗൃഹഭരണവിഷയത്തിൽ ഫ്രാൻസിന്നാണ പ്രാധാന്യം നൽകേണ്ടത്. ഫ്രാൻസിലെ കുടുംബബന്ധം വളരെ ഉറപ്പുള്ള ഒന്നാണ്. ഗൃഹജീവിതം വളരെ പരിശുദ്ധവുമാകുന്നു. ഇങ്ങിനെയൊക്കെ ആയാലും വിവാഹം ചെയ്യാത്ത പുരുഷന്മാർ ഇഷ്ടംപോലെ വെപ്പാട്ടിമാരെ വെച്ച കൊണ്ടിരിക്കുന്നതു അവിടെ ഒരു വിധം എല്ലാ തരക്കാരുടെയിടയിലും ഒരു സമ്പ്രദായമാകുന്നു. ഇക്കാൎയ്യത്തിൽ ഇത്തരക്കാൎക്കു കൂടുതൽമെച്ചം സി

ദ്ധിച്ചതു, ലോകമഹായുദ്ധകാലത്തു ബ്രിട്ടീഷുപട്ടാളവകുപ്പുകൾ ഒരു മനുഷ്യൻെറ ന്യായമായ കുടുംബത്തിന്നു ജീവനാംശം കല്പിച്ചുകൊടുത്തപോലെ, ഫ്രാൻസിലും ഒരു മനുഷ്യൻെറ വെപ്പാട്ടിക്കു ആവശ്യമായ ജീവനാംശം കൊടുക്കുവാൻ ഫ്രെഞ്ചു നിയമം അനുവദിക്കുകയാലാകുന്നു.

ഫ്രാൻസിൽ വിവാഹത്തിനുമുമ്പായി വരന്നോ വധുവിന്നോ അതിന്നുള്ള ഏപ്പാടുകളെ സംബന്ധിച്ച അധികമൊന്നും ചെയ്യാനില്ല. പ്രായേണ വധുവിനെ ആദ്യമായി അവളുടെ സ്കൂളിൽനിന്നോ, കന്യകാമഠത്തിൽ നിന്നോ കൊണ്ടുവരികയും എവിടെയോ കിടക്കുന്ന ഒരു വയസ്സന്നു കല്യാണം കഴിച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ സംഗതികൾ ആലോചിക്കുമ്പോൾ ഫ്രാൻസിൽ മററു രാജ്യങ്ങളെ അപേക്ഷിച്ച ജനനക്കണക്കു (തോതു) തീരെ അതൃപ്തികരമായിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ നിയമാനുസരണം വിവാഹം കഴിക്കപ്പെട്ട ഗൃഹനായികകളുടെ ഉത്തരവാദബോധവും, തങ്ങളുടെ ഭത്താക്കന്മാക്കു ശരിയായ ഒരു സഹായം തങ്ങൾതന്നെയാണെന്നു കാണിപ്പാനുള്ള അവരുടെ സാമത്ഥ്യവും, പൊതുവിൽ കുടുംബജീവിതം സുഖകരമാക്കുന്നതിനുള്ള ബുദ്ധിപൂവ്വമായ പ്രവൃത്തികളും മററും മററു രാജ്യങ്ങൾക്കു അസൂയ ജനിപ്പിക്കുന്നവയും, എല്ലാ രാജ്യക്കാരും അനുകരിക്കേണ്ടവയുമാകുന്നു.

ഫ്രെഞ്ചുഗൃഹനായികമാർ തങ്ങളുടെ സ്ഥിതിയെ നല്ലപോലെ അറിയുന്നതുകൊണ്ടും, അവർ സ്ത്രീധനമായി ഭത്താക്കന്മാക്കു യാതൊന്നും കൊണ്ടുവന്നു കൊടുത്തിട്ടില്ലെന്നുള്ളതു പരബോദ്ധ്യമാകയാലും അവരുടെ ഗൃഹജീ

വിതത്തിൽ ബുദ്ധിമുട്ടില്ലാതാക്കുവാനാണു അവർ ശ്രമിക്കു ന്നത്. ഈ ബുദ്ധിപൂർവ്വമായ വിചാരവും, പ്രവൃത്തിയും ഫ്രഞ്ചുകുടുംബിനികളിൽ ആത്മാഭിമാനത്തിനു കൂടുതൽ മാർഗ്ഗം ഉണ്ടാക്കുന്നു. വീട്ടിൽ ന്യായമായ സുഖജീവിത ത്തിന്നു ചിലവാക്കുന്ന പണം തന്റെ സ്ത്രീധനത്തിൽനി ന്നാണെന്നു കരുതി കുണ്ഠിതപ്പെടുന്ന ചില ഇംഗ്ലീഷുകുടും ബിനികളുടെ ഗൃഹജീവിതത്തേക്കാൾ എല്ലാംകൊണ്ടും കൂടുതലായ സ്വാതന്ത്ര്യവും, സന്തുഷ്ടിയും ഫ്രഞ്ചുകുടുംബി നികളുടെ ഗൃഹജീവിതത്തിന്നുണ്ടെന്നു പറയാതെ നിവൃ ത്തിയില്ല.

ഫ്രാൻസിൽ ഭാര്യാഭർത്താക്കന്മാർ ഒരുപോലെ ഗൃഹജീ വിതത്തിൽ പ്രത്യേകം പരിശീലിച്ചുവരുന്നു. ഫ്രഞ്ചുഗൃഹ നായികമാർക്കു ചരിത്രപ്രധാനമായ പേരുകേൾക്കേണമെ ന്നോ, അതിന്നുപയുക്തമായ ധാടിയോടുകൂടി നടക്കേണ മെന്നോ വിചാരമില്ല. യഥാർത്ഥഗൃഹജീവിതം തൃപ്തികര മാക്കിത്തീർക്കുവാനാണവർ ശ്രമിക്കുന്നത്.

ഫ്രഞ്ചു ആഖ്യായികകളും, നാടകം മുതലായ കളിക ളും കല്യാണശേഷമുള്ള കഥകളെ ആദർശമാക്കുന്നവയായി ട്ടാണു് സാധാരണ കണ്ടുവരുന്നത്. പ്രശംസാർഹങ്ങളും വീര്യശൌര്യദ്യോതകങ്ങളുമായ വിഷയങ്ങൾ കഥകളിലും, നാടകങ്ങൾ മുതലായ കളികളിലും കൊണ്ടുവന്നു ഘടിപ്പി ക്കുവാൻതക്ക സന്ദർഭവും മററും ഫ്രഞ്ചുസാഹിത്യകാരന്മാ ർക്കും, നടന്മാർക്കും നല്ലപോലെ അറിയാം. ഗൃഹജീവിത ക്രമത്തിന്നു സുഗമമായ വിഷയങ്ങൾ പ്രതിപാദിക്കുന്ന തിലാണു ഫ്രഞ്ചുപണ്ഡിതന്മാർ പ്രത്യേക പാടവം കാണി ക്കുന്നത്.

ഫ്രാൻസിലെ വിവാഹരീതി മിക്കവാറും നിയമാനുസൃതവും, മതപരവുമായ ഒരു സമ്പ്രദായത്തിൻെറ വകഭേദവുമാകുന്നു. പ്രായേണ വിവാഹദിവസം മുഴുവനും അതിൽ സംബന്ധിക്കപ്പെടുന്ന എല്ലാവക്കും ഒരു ഉത്സവംതന്നേയാണ്.

സ്പെയിൻരാജ്യത്തു ഫ്രാൻസിലെ നിയമങ്ങൾക്കു ഏതാണ്ടു വിപരീതമായ രീതിയിലാണ് വിവാഹങ്ങൾ നടത്തുന്നത്. അവിടെ യുവാക്കന്മാരെ കല്യാണം കഴിക്കുന്നതുവരെ തനിച്ചു താമസിപ്പാൻ അനുവദിക്കുകയില്ലെങ്കിലും, അവർ യഥേഷ്ടം യുവതികളെ വരിക്കുകയും, അവരെ സ്നേഹിക്കുകയും ചെയ്യുന്നു. സ്പെയിനിൽത്തന്നെ ചില ദേശങ്ങളിൽ യുവതീയുവാക്കന്മാർ തമ്മിൽ കൈകൊടുക്കുക പതിവില്ല. ചുംബനാദികളും നന്നെ കുറവാണ്.

പോർട്ടുഗലിലെ യുവതീയുവാക്കന്മാക്ക് തങ്ങളുടെ അനുരാഗസൂചനയ്ക്കു വളരെ ബുദ്ധിമുട്ടാണ്. പള്ളികളിൽവെച്ചു മാത്രമേ അവർ തമ്മിൽ കണ്ടുമുട്ടുകയുള്ളൂ. അവക്കു വല്ലതും സ്വകാര്യം പറയേണമെങ്കിൽ ഒരു കിഴവിയായ വിധവയെ സാക്ഷിവെച്ചു വേണമത്രേ. എന്നാൽ തന്നെ പ്രേമസൂചകമായി യാതൊരു കാര്യവും പറയുവാൻ പാടില്ലപോൽ. ഒരു യുവതിയോടു അവളെ സ്നേഹിക്കുന്ന ഒരു യുവാവു വല്ലതും പറയുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കേവലം പ്രേമസംഗീതം പാടി അറിയിക്കുകയാണ് പതിവു്. കാസ്റ്റൽ എന്ന രാജ്യത്തു് ഒരു പുരുഷൻ താൻ കല്യാണം കഴിക്കുവാൻ വിചാരിക്കുന്ന സ്ത്രീക്കു ഒരു ഒഴിഞ്ഞ വണ്ടി കൊടുത്തയക്കുന്നു. ആ വണ്ടിയിൽ കയറി പ്രസ്തുത സ്ത്രീ പബ്ലിക്ക് റോഡുകളിൽക്കൂടി

ഷോകുന്നുണ്ടെങ്കിൽ അവരുടെവിവാഹനിശ്ചയത്തിൻെറ സൂചകമാണതെന്നു കണക്കാക്കാം. അതിന്നടിസ്ഥാനമായി വിവാഹത്തിന്നു സവ്വവിധത്തിലുള്ള ഒരുക്കങ്ങളും ചെയ്യാവുന്നതാണ്. മെക്ക്സിക്കോവിൽ വിവാഹാവസരത്തിൽ വധുവിൻെറ വെള്ളമൂടുപടം വരൻെറ ചുമലുകളോട് ചേത്തു തുന്നിപ്പിടിപ്പിച്ചിരിക്കും. ഇതു അവർ തമ്മിൽ യോജിച്ചുകഴിഞ്ഞു എന്നുള്ളതിൻെറ ഒരു സൂചനയാണത്രെ. അവിടെ വിവാഹകമ്മം രണ്ടുദിവസംകൊണ്ടേ കഴിയുകയുള്ളു. അതിന്നുശേഷമുള്ള സന്തോഷാവസരത്തിൽ വരൻ വധുവിന്നെക്കാണുമ്പോഠം മററാരും ഉണ്ടാകുവാൻ പാടില്ലെന്നുണ്ട്.

യൂറോപ്പിലെ മിക്ക വിവാഹങ്ങളും കേവലം ധനലാഭത്തെ മുൻനിത്തി നടത്തപ്പെടുന്നതാണെന്നു കാണുമ്പോഠം വീയ്യശൌയ്യപ്രവൃത്തികഠംക്ക കേഠംവിപ്പെട്ട സ്പെയിൻ, ഇററലി മുതലായ രാജ്യങ്ങളിലെ വിവാഹരീതികളും അഭിലഷണീയങ്ങളായവയല്ല. യൂറോപ്പിലെ ദക്ഷിണപ്രദേശങ്ങളിലെ യുവതിയുവാക്കന്മാർ പെട്ടെന്നു അനുരാഗപൂണ്ണരാവുകയും, അതുപോലെത്തന്നെ അവർ ബദ്ധവിരോധികളായിത്തീരുകയും ചെയ്യുകാണുമ്പോഠം ആ രാജ്യങ്ങളിലെ വിവാഹ രഹസ്യം അഭിലാഷണീയമല്ലെന്നു പറയേണ്ടിവരുന്നു. പ്രസ്തുത ഭൂഖണ്ഡത്തിലെ ഉത്തരപ്രദേശനിവാസികളാണ് വിവാഹവിഷയത്തിൽ മറേറക്കൂട്ടരേക്കാഠം ഭേദക്കാരെന്നു ചിലക്കഭിപ്രായമുണ്ട്. ചരിത്രപ്രധാനമേറിയ ഈ രാജ്യത്തിൽ മിക്കവാറും ഒരു പുരുഷൻ ഒരു സ്ത്രീയെ സ്നേഹിച്ചു കൈവശപ്പെടുത്തുന്നതു ആയാളുടെ പൌരഷം കൊണ്ടാണെന്നു തോന്നിപ്പോകുന്നു. പക്ഷെ ഒരു സ്ത്രീ ധാരാളം സ്ത്രീധനവും മററുമുള്ളവളാണെങ്കിൽ അവഠം ഭത്താവിനെ തൻെറ സ്വാധീന

ത്തിൽവെക്കുകയും, ഭർത്താവിന്നു അവളോട്ട് അധികമായി അനുരാഗമുണ്ടാകുവാൻ സംഗതിവരികയും ചെയ്യുന്നു.

പൌരസ്ത്യരാജ്യങ്ങളിലെ വിവാഹങ്ങളെല്ലാം പൂർവ്വകാലങ്ങളിലെ പല സാമുദായികസമ്പ്രദായങ്ങളേയും നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നു. അവിടങ്ങളിലും ഇപ്പോൾ പുതിയ സമ്പ്രദായങ്ങൾ പലതുംകാണ്മാനുണ്ട്. എങ്കിലും പ്രാചീന രീതികൾ തീരെ വിട്ടുമാറിയിട്ടില്ലെന്നു തന്നെയാണ് കരുതേണ്ടത്. വിവാഹകർമ്മാദികളിലുള്ള ഏതാനും പ്രധാനഭാഗങ്ങൾ ഒഴികെ പ്രസ്തുത ക്രിയകളിലെ പല ചടങ്ങുകളും നോക്കുമ്പോൾ പാശ്ചാത്യസമ്പ്രദായത്തിന്നും പൌരസ്ത്യസമ്പ്രദായത്തിന്നും തമ്മിൽ വലിയ അന്തരമുണ്ട്. ഉഷ്ണപ്രദേശങ്ങളിൽ വിവാഹാഘോഷത്തിന്നു കൂടുതൽ സമയമെടുക്കുന്നു. സദ്യകളും മററും ആ തോതനുസരിച്ച് നീട്ടിക്കൊണ്ടുവരികയും ചെയ്യും. അമേരിക്കയിലും തുർക്കിയിലും വധു ചുകപ്പുനിറത്തിലുള്ള വസ്ത്രമാണ് ധരിക്കുന്നത്. അവളുടെ ശിരസ്സിൽ പക്ഷിത്തൂവലുകൾ ഉണ്ടായിരിക്കുമെന്നു തന്നെയല്ല കാർഡുബോർഡു കൊണ്ടുള്ള ചിറകുകളും അവൾക്കൊരു അലങ്കാരമായിരിക്കും. വിവാഹകർമ്മത്തിൻെറ കാലാവധി എട്ടു ദിവസമാകുന്നു. അവസാന ദിവസം പുരോഹിതൻവധുവിൻേറയും വരൻേറയും ശിരസ്സുകൾ തമ്മിൽ കൂട്ടിമുട്ടിക്കുന്നു. ഇങ്ങിനെ വളരെ അസ്വാസ്ഥ്യവും, അപരിഷ്കൃതവുമായ ഒരു ക്രിയകൊണ്ടാണ് വിവാഹകർമ്മം അവസാനിപ്പിക്കുന്നത്.

വംശവർഗ്ഗമര്യാദകൾ അനുസരിച്ച് വിവാഹസമ്പ്രദായങ്ങൾക്കും പൌരസ്ത്യരാജ്യങ്ങളിൻ വളരെ വ്യത്യാസമുണ്ട്. യഹൂദന്മാരുടെ ഇടയിൽ (ജർമ്മനിയിൽ ഉള്ളപോലെ) വിവാഹ നിശ്ചയം ശരിയായ വിവാഹക്രിയയുടെ

ഒരു പ്രധാനഭാഗമായി കരുതപ്പെടുന്നു. ഈ ക്രിയകശേഷം വിവാഹകൎമ്മം നടത്തേണമെന്നു നിർബന്ധമുണ്ട്. ലണ്ടൻ പട്ടണത്തിൻെറ കിഴക്കെ അററത്തുള്ള യഹൂദവൎഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളും [Yiddish Girls] കോക്കസസ്സിലെ പെൺകുട്ടികളും തമ്മിൽ സാമുദായിക സമ്പ്രദായങ്ങളിൽ വളരെ വ്യത്യസ്തനിലയിലാണെങ്കിലും ഈ രണ്ടു വൎഗ്ഗക്കാൎക്കും വിവാഹാനന്തരം തലമുടി വടിച്ചു കളയിക്കുന്ന ഒരു സമ്പ്രദായമുണ്ട്. ആദ്യം പറഞ്ഞ വൎഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾ കുറച്ചുകാലത്തേക്കു ഈ വൈരൂപ്യം അന്യന്മാരറിയാതിരിപ്പാൻ അവരുടെ തലയിൽ വാർമുടി വെച്ചുകെട്ടുന്നു. രണ്ടാമത്തെ വൎഗ്ഗക്കാർ തലപ്പാവോ, തൊപ്പിയോ ധരിക്കുകയാണ് പതിവ്.

കോപ്ടിക്ക് ചൎച്ചിൽപെട്ട സിറിയൻ ക്രിസ്ത്യാനികളുടെയിടയിൽ വധു വളരെ നേരം ഒന്നായി കണ്ണുതുറക്കുവാനും കൂടി പാടില്ലാത്ത വിധത്തിൽ അവളുടെ വൈവാഹികവസ്ത്രാലങ്കാരാദികളോടുകൂടി ഇരുന്നുകൊള്ളണമെന്നൊരു നിർബന്ധമുണ്ട്. പൌരസ്ത്യരാജ്യങ്ങളിലെ ക്രിസ്തീയ വൎഗ്ഗത്തിൽപെടാത്ത ചില സമുദായങ്ങളിലെ വധൂവൎഗ്ഗങ്ങൾക്കു പിന്നീട് പല ബുദ്ധിമുട്ടുകളും ഉണ്ടാകാനിടയുണ്ടെങ്കിലും വിവാഹാവസരത്തിൽ അത്ര വളരെസമയം കുഴങ്ങുവാൻ ഇടവരികയില്ല. സുഖമായ കുളിയും, സദ്യയും, വാസനാദ്രവ്യലേപനവും വിവാഹകൎമ്മത്തിൻെറ ഒരു ഭാഗമായി അവർ കണക്കാക്കുന്നു. വിശേഷിച്ച് ചില രാജ്യങ്ങളിൽ വരൻ അയാളുടെ മുടിയും നഖങ്ങളും അവയ്ക്കു പററിയ തൈലമോ ചായമോ പുരട്ടി വളരെ ഭംഗിയാക്കുന്നു. സാധ്വവധു തൻെറ സകലകാൎയ്യങ്ങൾക്കും— കൃഷിപ്പണിക്കും, വീട്ടുജോലിക്കും, കുട്ടികളെ നോക്കുവാനും മററും— ഒരു പ്രത്യേക ഭാരവാഹിനിയാ

ണെങ്കിലും അവളെ കൈവശം കിട്ടുവാൻ വരൻ ധൃതികൂട്ടിക്കൂടെന്നൊരു നിയമമുണ്ട്. പൌരസ്ത്യരാജ്യങ്ങളിൽ സ്ത്രീകൾക്കു മിക്കവാറും വിവാഹം നിർബന്ധമായ ഒരു വിഷയമാണ്. ഒരു പുരുഷൻ ഒന്നിലധികം സ്ത്രീകളെ വിവാഹം ചെയ്യുന്ന സമ്പ്രദായം മിക്കരാജ്യങ്ങളിലുമുണ്ട്. ഇതു കൊണ്ടു നാം വിചാരിക്കുന്ന പ്രകാരം അസുഖവും, അസൌകര്യവും കാണുന്നില്ല. എന്തെന്നാൽ പ്രഥമഭാര്യക്കു മററു ഭാര്യമാരേക്കാൾ പ്രായേണ പ്രാധാന്യമുള്ളതുകൊണ്ടു അവളെ അനുസരിക്കുകയാണ് മററുള്ളവർ സാധാരണ ചെയ്യാറുള്ളത്. ഈ രാജ്യങ്ങളിൽ വിവാഹമോചനം അത്ര എളുപ്പമായ ഒരു കാര്യമല്ല. എങ്കിലും അതും സാധിക്കാം. സ്ത്രീയാണ് പുരുഷനെ ഉപേക്ഷിച്ചുപോകുവാൻ ആഗ്രഹിക്കുന്നതെല്ലങ്കിൽ അവൾ പോകുമ്പോൾ വിവാഹത്തിന്നു കൊടുത്ത സ്ത്രീധനവു, അവൾക്കുള്ളതായിരിക്കും. ഭാര്യമാർ കൃതഘ്നകളും, അവിശ്വാസ പാത്രങ്ങളുമാണെങ്കിൽ, ചില പ്രദേശങ്ങളിൽ ഭർത്താക്കന്മാർക്കു അവർക്കു മരണശിക്ഷ വിധിക്കത്തക്കവിധത്തിലുള്ള വലിയ അധികാരങ്ങൾ എല്ലാം ഉണ്ട്! ഇതിന്നുള്ള നിയമങ്ങളെല്ലാം ഭർത്താക്കന്മാർതന്നെ ഉണ്ടാക്കുന്നവയാണ്. പൌരസ്ത്യരാജ്യങ്ങളിൽ വിവാഹം കഴിക്കപ്പെട്ട ഒരു സ്ത്രീയുടെ പദവി അപ്രകാരമുള്ള അവളുടെ പാശ്ചാത്യ സഹോദരിയുടേതിനേക്കാൾ താഴ്ന്ന നിലയിലാണ്. എന്നാൽ തനിക്കു അത്ര അന്തസ്സ മതി എന്നുള്ള വിചാരക്കാരാണ് പൌരസ്ത്യവനിതകളിൽഅധിപപക്ഷക്കാരും. ഗൃഹഭരണവിഷയത്തിലാണവർ അധികമായി ശ്രദ്ധ കാണിക്കുന്നത്. വീട്ടുവിട്ടുപുറത്തൊന്നും സാധാരണയായി അവർക്കു വലിയ സ്വാതന്ത്ര്യമില്ലെങ്കിലും തന്റെ ഭർത്താവിന്നു അവർ ജീവദശയിൽ ഒരു ശരിയായ ഭാഗഭാക്കായിരിക്കുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസം വർദ്ധിച്ചതോടുകൂടി ഈ

ജിപ്തിലും, ഇന്ത്യയിലും, തുക്കിയിലും സ്ത്രീകൾ കേവലം ഗൃഹഭരണം മാത്രം നടത്തി തൃപ്തിപ്പെടുകയെന്ന നിലക്കു വളരെ വ്യത്യാസം വന്നിട്ടുണ്ട്. ഈ പൌരസ്ത്യരാജ്യങ്ങളിലെല്ലാം സ്ത്രീകളെ കേവലം അന്തഃപുരനിവാസിനികളാക്കിമൂടുപടമെടുക്കാതെ ഇരുത്തുന്ന സമ്പ്രദായത്തിന്നും, അവക്കു പൊതുകായ്യങ്ങളിൽ പ്രവേശിക്കുന്നതിലുള്ള തടസ്ഥങ്ങൾക്കും വളരെ നിവൃത്തിമാർഗ്ഗം വന്നുകാണുന്നുണ്ട്. അനേകം ഭാരതീയ സ്ത്രീകൾ ഇംഗ്ലണ്ടിലും മററും പോയി വൈദ്യവിദ്യാബിരുദുകൾ സമ്പാദിച്ച സ്വരാജ്യത്തേക്കു മടങ്ങി പൊതുജനങ്ങൾക്കും, സെനാനാ മിഷ്യനിലെ പരോപകാരനിരതമരായ സ്ത്രീകൾക്കും വലിയ സഹായവും ഉപദേശവും മററും കൊടുത്തുകാണുന്നത് സന്തോഷാവാഹമായ ഒരു സംഗതിയാണ്. ഈജിപ്തിലും സൌഡാനിലും കേവലം പർഡാ (ഘോഷാ) സമ്പ്രദായമനുകരിച്ച കാലം കഴിച്ചുകൂട്ടുന്ന പല നല്ല കുടുംബങ്ങളിലേയും പെൺകുട്ടികൾക്കു അമേരിക്കയിലെ സെനാനാമിഷ്യൻ വിലയേറിയ വിദ്യാഭ്യാസംകൊടുത്തു അവരെ അന്ധകാരത്തിൽനിന്നു പുറത്തുകൊണ്ടുവരുന്നുണ്ട്. കുറഞ്ഞൊരു കാലമായി ബുദ്ധി, വിദ്യാഭ്യാസം, സൌശീല്യം, സൌഭാഗ്യം മുതലായ ഗുണങ്ങളുള്ളവരും, വളരെക്കാലമായി സ്വാതന്ത്ര്യവും, പഠിപ്പും സിദ്ധിച്ചിട്ടുള്ള തങ്ങളുടെ പാശ്ചാത്യ സഹോദരിമാരേപ്പോലെ ലോകത്തിന്നുതകുന്ന പ്രവൃത്തികൾ ചെയ്യാൻ തക്കവരുമായി ചില തുക്കി സ്ത്രീകൾ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിശേഷമായ ആഖ്യായികകളും, കവിതകളും ഇന്നത്തെ പല പണ്ഡിതന്മാരും സശിരഃകമ്പം കൊണ്ടാടുന്നുണ്ട്.

ആകപ്പാടെ പൊതുവിൽ ഒരു അഭിപ്രായം പറയുകയാണെങ്കിൽ പൌരസ്ത്യസ്ത്രീകളെ ശരിയായ ഗൃഹനാ

യികകളും, മയ്യാദക്കാരും, വിനയാനതമാരും, ശാന്തതയു ള്ളവരുമാക്കിത്തീത്തിട്ടുള്ളതു അവക്കു പരമ്പരയാ കിട്ടി ക്കൊണ്ടിരിക്കുന്ന പരിശീലനമെന്ന മഹത്തായ ഗുണമാ കുന്നു. വാസ്തവത്തിൽ അവരുടെ ലൌകികനാഥന്മാർ തന്നേയാണ് അവക്കുള്ള യഥാത്ഥനാഥന്മാർ. അവരുടെ ഭരണകത്താക്കന്മാർ ലോകകത്താക്കന്മാരാണെന്നഭിമാനി ക്കുന്നതുകൂടി അവരിൽ ചിലരുടെ ധമ്മമാണ്. പൌര സ്ത്യരുടെയിടയിൽ, പ്രത്യേകിച്ചു ഭാരതീയരുടെയിടയിൽ സ്ത്രീകൾക്കു വലിയ സ്വാതന്ത്ര്യങ്ങളൊന്നുമില്ലെങ്കിലും, അ വരുടെ ദാമ്പത്യജീവിതം മററു ഭൂഖണ്ഡക്കാരെ അപേ ക്ഷിച്ചു കൂടുതൽ തൃപ്തികരമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഒരു പൌരസ്ത്യവനിതയ്ക്കു തന്റെ സ്വ ന്തരാജ്യത്തു ഭാൎയ്യയുടേയും, അമ്മയുടേയും നിലയിലുള്ള പ്രാമാണ്യം സവ്വസമ്മതവും, നിർവ്വിവാദവുമാണ്. അവ ളുടെ വിവാഹജീവിതം വാസ്തവത്തിൽ പാശ്ചാത്യമഹിള കളെ ആശ്ചയ്യപരതന്ത്രമാരാക്കുവാൻതക്ക ഒന്നാണെന്നു ള്ളതും നിരാക്ഷേപമായ ഒരു സംഗതിയാകുന്നു. ഈ വിഷയത്തിൽ ഒരു പാശ്ചാത്യവനിതയുടെ സാമുദായിക ജീവിതത്തെപ്പററി നിരൂപണം ചെയ്യുകയാണെങ്കിൽ, അവൾ നായും നിഴലും എന്ന കഥയിലെ നായയുടെ നിലയാണ് കൈക്കൊള്ളുന്നത്. അവൾ പലപ്പോഴും സ മത്വമെന്ന നിഴലിലേക്കു ചാടിനോക്കുകയും, യഥാത്ഥ സുഖത്തിന്റെ സാരാംശമെല്ലാം നഷ്ടപ്പെട്ടു കഷ്ടപ്പെടു കയും ചെയ്യുന്നു.

## III
# വിവാഹ കാലം.

"ഉണ്ടൊരുകാലമോർത്താലാശ്ലേഷിപ്പതിന്നു-
വേണ്ടെന്നുവെയ്ക്കാനുമായുണ്ടൊരുകാലം നൂനം"
"കിളിപ്പാട്ട്"

"പരസ്പരപ്രേമവിലാസപൂരം
പരന്നിരിയ്ക്കും സമയത്തിലാക്കും
നിരന്തരം നിർമ്മലമാംവിവാഹ-
വരക്രിയയ്ക്കുത്തമകാലമത്രെ."

സ്ത്രീപുരുഷന്മാരിൽ പലരും പരസ്പരാനുരക്തരാകുന്നതു സ്വാഭാവികമാണ്. അവർ ആലോചിക്കാതെ വിവാഹബന്ധത്തിൽപ്പെടുന്നതു ദോഷകരമാകുന്നു. ഈ ചെറുവാചകത്തിൽ വിവാഹകാലത്തെസംബന്ധിച്ച സകല തത്വവുമടങ്ങിയിരിക്കുന്നു.

മനുഷ്യർ (സ്ത്രീപുരുഷന്മാർ) സ്നേഹബന്ധത്തെ ഉറപ്പിക്കുന്ന സമയമാണ് വിവാഹത്തിന്നു പററിയ കാലമെന്നു നാം മിക്കവാറും വിശ്വസിച്ചു വരുന്നു. വാസ്തവത്തിൽ വിവാഹകർമ്മം മനുഷ്യരുടെ പ്രായാനുകൂലമായ സമയത്തു നിർവ്വഹിക്കേണ്ടതാണെന്നുള്ള ഒരു സാധാരണ തത്വവും നമുക്കു ആലോചനാവിഷയമാണ്.

ഒരു മനുഷ്യന്നു ശരിയായ വിവാഹസമയം ഏതാണെന്നു തീർച്ചപ്പെടുത്തുവാൻ വളരെ യുക്തിവാദങ്ങളാം ആവശ്യമില്ലെങ്കിലും, പ്രസ്തുത സമയം ഇന്നതെന്നു ഒരാറം

കള ആലോചനകൂടാതെ പറയുവാനൊ, ഇപ്പുസ്തകത്തിൽ കേവലം ഒരു യുക്തിയുമില്ലാതെ പ്രതിപാദിക്കുവാനൊ സാധിക്കുകയില്ല.

വിഷയത്തിൽ മനസ്സു വ്യാപരിപ്പിക്കുന്നവൎക്കു തത്വജ്ഞാനവും മററും കണ്ണുസുഖപ്രദമാവുന്നതല്ല. എങ്കിലും സാമാന്യം ലോകതത്വങ്ങളെല്ലാം നീതീകരിക്കത്തക്കവിധത്തിൽ വളരെ വിവാഹങ്ങൾ നിൎവ്വഹിക്കപ്പെട്ടുന്നുണ്ട്. അനുരാഗക്കുറിയിൽ ഒന്നാമത്തെ നറുക്കു കിട്ടുവാൻ ഭാഗ്യമുള്ള ചില പുരുഷന്മാരില്ലെന്നില്ല. അവൎക്കു കിട്ടുന്ന ആ പ്രഥമസമ്മാനം (ഭാൎയ്യ) അവരുടെ ദുഃഖത്തെ സൎവ്വഥാ കുറച്ചുകൊണ്ടു വരികയും, സുഖത്തെ ദ്വിഗുണീഭവിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരം ബുദ്ധിയും, സ്നേഹമുള്ള ഒരു സ്ത്രീയുടെ പ്രണയത്തിന്നു പാത്രീഭവിക്കുന്ന പുരുഷൻ തനിച്ചു ജീവിതസമരം ചെയ്യുന്നതിലും നല്ലതു തൻെറ തുണയ്യൊരു ഭാഗഭാക്കുകൂടിയുണ്ടാകട്ടെ എന്നു കരുതുന്നതു എത്രയും ഉചിതമായ ഒരു സംഗതിയാണു. സുഖദുഃഖാവസരങ്ങളിൽ ഭാഗഭാക്കുകളാകുന്ന യഥാൎത്ഥഭാൎയ്യമാരെ ചില ഭൎത്താക്കന്മാൎക്കു സിദ്ധിക്കുന്നതു വിലയേറിയ ഒരു ദൈവികാനുഗ്രഹത്തിൻെറ ഫലത്താലാകുന്നു.

സ്ത്രീയാകട്ടെ, പുരുഷനാകട്ടെ വിവാഹത്തിന്നു തക്കപ്രായമാകാത്തവരാണെങ്കിൽ ശരീരശാസ്ത്രാനുസരണം വാസ്തവത്തിൽ വലിയ ഒരു അപകടത്തിന്നിടയാകുമെന്നുള്ള സംശയമില്ല. ബാല്യവിവാഹം മിക്കവാറും മനുഷ്യസമുദായഹത്യതന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ തത്വത്തോടു വിദഗ്ദ്ധന്മാരായ സകലഭിഷഗ്വരന്മാരും യോജിക്കുന്നുണ്ട്. മാനസികമൊ, കായികമൊ ആയ വൈവാഹികഭാരം പേറുവാൻ പതിനാറൊ—പതിനെ

ട്ടാ—വയസ്സു കഴിയാത്ത ഒരു സ്ത്രീ (യൂറോപ്പു മുതലായ
രാജ്യങ്ങളിലാണെങ്കിൽ 20 വയസ്സാകണം) പ്രായേണ
പ്രാപ്തിയുള്ളവളായിരിക്കയില്ല. ഇക്കാലത്തിന്നുമുമ്പ അവ
ളുടെ പുനരുല്പാദനാവയവങ്ങൾക്കു ശരിയായ ശക്തി സിദ്ധി
ക്കുന്നില്ലെന്നുതന്നേയല്ല. അവളുടെ ശരീരത്തിലെ മിക്ക
അസ്ഥികളും പൂൎണ്ണമായി വളൎന്നിരിക്കയില്ല. പ്രസ്തുത പ്രാ
യത്തിന്നു വളരെമുമ്പ് വിവാഹിതയായ ഒരു സ്ത്രീ തൻെറ
ന്യായമായ സുഖാവസ്ഥയും, യഥാൎത്ഥ ബാലികാത്വത്തി
ൻെറ സ്വാതന്ത്ര്യവും അനുഭവിപ്പാൻ സംഗതിവരാത്തവ
ളാകുന്നു. അവൾ സ്വശരീരത്തെ എന്നേക്കും പലവിധ
സുഖക്കേടുകളാൽ അപകടനിലയിലാക്കുന്നു; എന്നുമാത്ര
മല്ല, അവളുടെ സന്താനങ്ങൾ ജീവിച്ചിരിക്കുന്നപക്ഷം
കേവലം ബലഹീനരും ആയിരിക്കും. ഈ സന്താനങ്ങൾ
കാലക്രമേണ അവതരിപ്പിക്കുന്ന ശിശുപരമ്പരകളുടെ ദേ
ഹസ്ഥിതിയും വളരെ മേശമായിരിക്കും.

ഒരു ചെറുപ്പക്കാരിയായ അമ്മ തൻെറ പ്രഥമസ
ന്താനത്തോടുകൂടി പ്രശോഭിക്കുന്നതുപോലെ ലോകത്തിൽ
മറെറാരു മനോഹര കാഴ്ചയുമില്ല. നേരെമറിച്ച് ഒരു
ബാലികയായ അമ്മ തനിക്കു പേറുവാൻ കഴിയാത്ത ചു
മതലകളും ബുദ്ധിമുട്ടുകളും സഹിച്ച് കുഴങ്ങുന്നത് ഏവൎക്കും
കേവലം ദയനീയമായ ഒരു കാഴ്ചയുമാണ്.

“ഞാൻ ഒരു ബാലികയായിരുന്നതിന്നു മുമ്പ് ഒരു
അമ്മ ആയിരുന്നു.” കേവലം ശൈശവവിവാഹങ്ങളായ
അനീതികൾക്കു പരിഹാരമാൎഗ്ഗം കണ്ടുവെക്കാത്ത രാജ്യ
ങ്ങളിൽ ഭാൎയ്യാപദം ഏറെറടുത്തു കഴിഞ്ഞുകൂടുന്ന ചില
സ്ത്രീകൾ തങ്ങളുടെ ഭൎത്താക്കന്മാരോടും, മാതാപിതാക്ക
ന്മാരോടും പറയാൻതക്ക ഒരു വാചകമാണിത്. ബാല്യ

ദശയിൽ പെൺകുട്ടികൾക്കു ദേഹത്തിന്നും, മനസ്സിന്നും വികാസം നൽകേണ്ടതായ നല്ല പ്രവൃത്തികളിലേക്കു അവരെ പ്രേരിപ്പിക്കാതെ, പ്രകൃതിനിയമം തീരെ അവഗണിച്ച് അവരെ കേവലം "അമ്മ"മാരാക്കിത്തീക്കുന്ന നിഷ്ഠുരയരായ മാതാപിതാക്കന്മാർ ദൈവശിക്ഷക്കുകൂടി അർഹരാണെന്നു ഒരു പ്രസിദ്ധകവി പറയുന്നു.

അപ്രകാരത്തിൽ തന്നെ ഇരുപത്തഞ്ചുവയസ്സാകാത്ത (യൂറോപ്പുരാജ്യങ്ങളിലാണെങ്കിൽ ഇരുപത്തെട്ടു—മുപ്പതു വയസ്സാകാത്ത) ഒരു യുവാവ് നിയമദൃഷ്ട്യാ അയാൾ ഏതു തരക്കാരനായാലും വേണ്ടതില്ല, കായികാവസ്ഥയിൽ ഒരു പുരുഷനായിട്ടുണ്ടെന്നു കരുതുവാൻ പാടില്ല. പ്രാചീനകാലത്ത് പാശ്ചാത്യതത്വജ്ഞാനികളായിരുന്ന പ്ലാട്ടോ, അരിസ്റ്റോട്ടിൽ മുതലായ മഹാന്മാർ തങ്ങളുടെ രാജ്യങ്ങളിൽ ഇരുപത്തെട്ടിൽ കൂടുതൽ വയസ്സുള്ള പുരുഷന്മാക്കു മാത്രമേ വിവാഹത്തിന്നനുവാദം നൽകിയിരുന്നുള്ളു. അക്കാലത്തുണ്ടായിരുന്ന മനുഷ്യസമുദായം ഇന്നത്തെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ ശരീരാരോഗ്യമുള്ളവരായിരുന്നു എന്നു അറിയപ്പെടുന്നു.

ബാല്യവിവാഹങ്ങൾ തീരെ ദോഷകരങ്ങളാണെന്നു കാണിപ്പാൻ മനുഷ്യസമുദായാഭിവൃദ്ധിയിൽ വംശപാരമ്പര്യത്തിന്റെ നിലതന്നെ നോക്കിയാൽമതി. ഒരു ആൺകുട്ടി ഒരു പുരുഷന്റെ (മനുഷ്യന്റെ) അച്ഛനാണെന്ന തത്വം സത്യമാണെങ്കിൽ ഒരു ബാലപിതാവിന്നു ഒരു ബാലപുത്രനാണുണ്ടാവുകയെന്ന തത്വവും പരമാത്ഥമായിരിക്കും. അപ്രകാരത്തിലുള്ള ഒരു പുത്രൻ നമ്മുടെ കണ്ണുകൾക്കു അവന്റെ ജീവകാലംവരെ ശരീരത്തിലും,

സ്വഭാവത്തിലും കേവലം ഒരു അപൂർണ്ണമുദ്ര പതിക്കപ്പെട്ട നിലയിലിരിക്കുന്നതുമായിരുന്നു.

1914 മുതൽ 1918 വരെ നടന്ന ലോകമഹായുദ്ധത്തിന്റെ ഫലമായി ഇപ്രകാരം ആലോചനാശൂന്യമായും, ധൃതിയായും നടത്തപ്പെട്ട വിവാഹങ്ങൾ കാരണം മനുഷ്യസമുദായത്തിൽ ഒട്ടനേകം അപൂർണ്ണസന്താനങ്ങൾ ഉണ്ടാകുവാൻ കാരണമായിട്ടുണ്ട്.

ആ ദുർഘടഘട്ടത്തിൽ വിവാഹം കഴിക്കപ്പെട്ട അനേകബാലികാബാലന്മാരുടെ ഇന്നത്തെ സ്ഥിതി ആലോചിച്ചാൽ പ്രസ്തുത വിവാഹം അനർത്ഥകരമായെന്നു ഇപ്പോൾ നമുക്കു വിശ്വസിക്കുവാൻ ന്യായമുണ്ട്. ആ വിവാഹത്തിൽപ്പെട്ട കക്ഷികൾ കേവലം പ്രായം തികയാത്തവർ എന്നു മാത്രമല്ല അനുരൂപരുമല്ലെന്നുള്ള കണ്ടിതം ഇപ്പോൾ അവരുടെ മാതാപിതാക്കന്മാൎക്കും, അവൎക്കുമുണ്ടെന്നു മാത്രമല്ല, ആ വക ബുദ്ധിശൂന്യമായ വിവാഹബന്ധത്തിന്റെ ഫലമായി എത്രയോ സന്താനപരമ്പരകൾ വിവിധരോഗബാധിതരായിക്കാണപ്പെടുകയും ചെയ്യുന്നു.

മഹായുദ്ധത്തിന്റെ ഫലമായിട്ടുണ്ടായ ഇപ്രകാരമുള്ള വിവാഹജീവിതം നയിക്കുന്ന അനുരൂപരല്ലാത്ത ഭാൎയ്യാഭൎത്താക്കന്മാൎക്കു ചിലപ്പോൾ വിവാഹമോചനങ്ങൾകൊണ്ടു് ഒരുവിധം ഉപശാന്തിനേടാൻ കഴിയും. എന്നാൽ ജന്മനാ അപൂൎണ്ണജീവികളായിപ്പിറന്നിട്ടുള്ളവരും അസുഖാവസ്ഥയിൽ കാലം കഴിക്കേണ്ടവരുമായ ഭാവിപൌരന്മാരുടെ കഥയോൎക്കുമ്പോൾ ആൎക്കാണ് അനുകമ്പ ജനിക്കാത്തത്? ഇവയ്ക്കുദാഹരണങ്ങൾ എത്ര വേണ

മെങ്കിലും നമ്മുടെ പുറവപാടുമുണ്ട്. അഞ്ചു മുതൽ എട്ടു വരെ വയസ്സു തോന്നുന്ന ശിശുക്കൾ കേവലം "കൈപ്പിള്ള"മാരായി (എപ്പോഴും അമ്മമാരുടെ കയ്യിൽനിന്നു വിട്ടുവാൻ പാടില്ലാത്തവരായി സാമാന്യേന എല്ലാ ദിക്കിലും ഇപ്പോൾ കണ്ടുവരുന്നതു–ആ ശിശുക്കൾ മാനസികമായി വല്ല അശക്തിയും ബാധിച്ചിട്ടുള്ളവരല്ല—അവരുടെ ജീവിതം ദുഃഖഭൂയിഷ്ഠമാകത്തക്കവിധത്തിൽ അവക്കു പലവിധ രോഗങ്ങൾ (ഞരമ്പു, നാഡിസംബന്ധമായ) ബാധിച്ചിട്ടാകുന്നു.

ഇതുകൂടാതെ പാശ്ചാത്യരാജ്യങ്ങളിൽ യുദ്ധകാലത്തു ഭാൎയ്യയോ ഭൎത്താവോ അഥവാ രണ്ടുകൂട്ടരും ദുരാചാരവിഷയത്തിൽ പ്രവേശിച്ചിരുന്നതിൻെറ ഫലമായി പല രോഗബീജങ്ങളും അവരിൽനിന്നുണ്ടായിട്ടുള്ള സന്താനങ്ങൾക്കു സമൎപ്പിച്ചിട്ടുള്ളതിനാൽ ലോകത്തിന്നു വന്നുകൂടിയിട്ടുള്ള അനൎത്ഥവും നാം കാണുന്നുണ്ട്.

കുഡുംബജീവിതമനുഭവിക്കുവാൻ സൌകൎയ്യപ്പെടാതെ എവിടേയെങ്കിലും നിവസിക്കുന്ന പുരുഷന്മാരുടെയിടയിൽ സാധാരണയായി സദാചാരദോഷം കാണാമെന്നു ആരെങ്കിലും പറയുന്നതായാൽ അതു വലിയ അതിശയോക്തിയാകുന്നതല്ല. എന്നാൽ അത്തരത്തിൽപ്പെടാത്തവരും, യുദ്ധഭൂമിയുമായി യാതൊരു സംബന്ധവുമില്ലാത്തവരുമായ നമ്മുടെ പട്ടണവാസികളും, രാജ്യവാസികളുമായ പലരും ദുരാചാരപരതന്ത്രരാകുന്നതു അവരുടെ ഒരേ രീതിയിലുള്ള ദാമ്പത്യാവസ്ഥയിൽ മടുപ്പുതോന്നിയിട്ടാണെന്നും, പലപുറംപൂച്ചുകളും കണ്ടു അവർ കേവലം ഭ്രമിച്ചുപോകുന്നുണ്ടെന്നും നാം അഭിപ്രായപ്പെടുന്നതായാൽ വലിയ അബദ്ധമാകാൻ വഴിയില്ല. ഏതായാലും കഴിഞ്ഞ

മഹായുദ്ധം മനുഷ്യസമുദായത്തിനു കുടുംബജീവിതത്തിൽ പറയത്തക്ക പല അപകടങ്ങളും വരുത്തിവെച്ചിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. യഥാൎത്ഥത്തിൽ കാലോചിതവും, ന്യായവുമായ വിവാഹങ്ങൾക്കു പകരം ആ കാലങ്ങളിൽ അനീതിയായ വിവാഹങ്ങൾ കണക്കിലേറെ നടത്തുവാൻ സംഗതിവന്നിട്ടുണ്ടു്. എന്നാൽ കുടുംബജീവിതം പലപ്രകാരത്തിലും ദുസ്സഹമായിക്കരുതപ്പെട്ടിരുന്നവൎക്കു ശത്രുവിന്റെ വെടിയുണ്ട അവരുടെ ലൌകികസങ്കടത്തിനു ശമനം വരുത്തിയിട്ടുള്ളതിനാൽ യുദ്ധംകൊണ്ടു ലഘുവായ ചില ഗുണങ്ങളുമുണ്ടായിട്ടുണ്ടെന്നു പറയാം. പലരേയും യോദ്ധാക്കന്മാരായിത്തീരുവാൻ ഇടയാക്കിയതു് ഇക്കാരണത്താലല്ലെന്നും പറയുവാനും നിവൃത്തിയില്ല.

മഹായുദ്ധകാലങ്ങളിലുണ്ടായിട്ടുള്ള മനുഷ്യസന്താനങ്ങൾ ശപിക്കപ്പെട്ട ആ കാലഘട്ടത്തിന്റെ നിദൎശനപാഠമായിക്കണക്കാക്കാം, ആ സന്താനങ്ങളെ യഥാൎത്ഥപുരുഷന്മാരോ, സ്ത്രീകളോ ആക്കിത്തീൎക്കുവാൻ ഇന്നത്തെ ശാസ്ത്രീയസമ്പ്രദായമനുസരിച്ചുള്ള എന്തു ചികിത്സതന്നേ നടത്തിയാലും സാധിക്കയില്ല.

എന്നാൽ അശേഷം വിവേകമില്ലാതെ അമ്മയച്ഛന്മാരാകാൻ ഉത്സാഹിക്കുന്ന ബാലികാബാലകന്മാൎക്കു അവരുടെ സ്ഥിതി ഒരു താക്കീതിന്നെങ്കിലും വഴിയാക്കാതിരിക്കയില്ല. അകാലവിവിഹത്തിന്റെ അനൎത്ഥങ്ങളെല്ലാം ഇന്നത്തെ ബാലികാബാലന്മാൎക്കു സശ്രദ്ധം :പഠിക്കുവാൻ, കഴിഞ്ഞ മഹായുദ്ധം ഒരു ഗഭീരചിത്രം വരച്ചു വെച്ചിരിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

വധുവിന്റേയോ വരന്റേയോ ശരീരസ്ഥിതിയേയോ

ജിക്കാതിരിക്കുമ്പോഠം നടത്തുന്ന സകല വിവാഹങ്ങളും അകാലവിവാഹങ്ങളാണെന്നു തന്നെ പറയാൻ വിരോധമില്ല.

വിവിഹവിഷയത്തിൽ വധൂവരന്മാരുടെ വയസ്സിനെപ്പററി ചിന്തിക്കേണ്ടതു എത്രയോ പ്രധാനമായ ഒരു സംഗതിയാണ്. വളരെ ചെറുപ്പത്തിൽതന്നെ വിവിഹനിശ്ചയങ്ങഠം ചെയ്തുവെക്കുന്നതു് ബുദ്ധിപൂർണ്ണമായ ഒരു പ്രവൃത്തിയല്ല. അങ്ങിനെ മുൻകൂട്ടി വിവിഹനിശ്ചയം ചെയ്യുന്നതു വരനാകാൻ പോകുന്ന പുരുഷനു വിവിധ ചിന്തകഠംക്കിടയാകുന്നതിനാൽ അതു ദേഹസ്ഥിതിക്കും മനസ്സിന്നും നല്ലതല്ല. ഭാവിയിൽ കുടുംബജീവിതത്തിന്നാവശ്യമായതും, പുരുഷൻ പ്രയത്നിച്ചുണ്ടാക്കേണ്ടതുമായ പണം കാലേകൂട്ടി നടത്തുന്ന വിവാഹനിശ്ചയങ്ങഠംകൊണ്ട് ദുർവ്യയം ചെയ്തുപോകാനിടയുണ്ട്. തങ്ങളുടെ പ്രേമഭാജനങ്ങളോട് ലോകത്തിൽ അധികമാരും പിശുക്കു കാണിക്കുമെന്നു തോന്നുന്നില്ല. എന്നാൽ ചില പരിഷ്കൃത രാജ്യങ്ങളിൽ വിവാഹനിശ്ചയം കഴിഞ്ഞ തരുണീതരുണന്മാർ സർവ്വഥാ മധുരപലഹാരങ്ങഠം വാങ്ങിക്കുകയും, നാടകശാലകളിൽ പോവുകയും മററും ചെയ്യുന്നതു പണവും ആരോഗ്യവും നശിപ്പിക്കുവാനുള്ള വഴിയാകുന്നു.

വളരെ ചെറുപ്പത്തിലുള്ള വിവാഹനിശ്ചയങ്ങഠം കൊണ്ടു് ചില്ലറ ദോഷങ്ങഠം ഇനിയും പറയുവാനുണ്ട്. വിവാഹനിശ്ചയം കഴിഞ്ഞിട്ടു സാമാന്യത്തിലധികം താമസം വിവാഹത്തിന്നു വരുന്നതുകൊണ്ടു് സ്ത്രീപുരുഷന്മാർ ദമ്പതിമാരായി തീർന്നാൽ ഉടനെ ഉണ്ടാകേണ്ട അകൃത്രിമമായ അനുരാഗത്തിന്നും ഒരു പഴക്കം തട്ടുന്നു. ദമ്പതിമാരുടെ ദീർഘകാലത്തെ മുൻപരിചയത്താൽ അവക്കു വി

ശേഷവിധിയായി ഒരു ഭാവനയോ സ്തോഭമോ ഉണ്ടാവുകയില്ല. ഈ ദീർഘകാലപരിചയംകൊണ്ട് "മുററത്തെ മുല്ലക്കു മണമില്ല" എന്ന പഴഞ്ചൊല്ലുപ്രകാരം വധൂ വരനോട് ഇടക്കു കലഹത്തിന്നൊരുമ്പെടുന്നതു കുറച്ചു സമയമെങ്കിലും ഒരേ സ്വഭാവത്തിൽ ഇരിക്കാതെ കഴിക്കുവാൻവേണ്ടിയിട്ടാണെന്നോ മറേറാ ശങ്കിക്കുവാൻ വഴിയുണ്ട്. വിവാഹകർമ്മത്തിന് അധികകാലം നീട്ടുന്നതുകൊണ്ട് സ്ത്രീപുരുഷന്മാർക്കു അവരുടെ വിരോധകക്ഷികളും മററും വഴിയായി തങ്ങളുടെ അനുരാഗത്തിൻെറ മാററു കുറഞ്ഞുപോകുന്നതു സാധാരണയാണ്. തനിക്കു കരസ്ഥമാകുമെന്നു ഉറപ്പുള്ള സാധനവുംകൂടി മനുഷ്യന്നു ക്ഷണേന കൈക്കലാക്കേണമെന്നായിരിക്കും ആഗ്രഹം. ഈ വിഷയത്തിൽ പ്രകൃത്യാ മനുഷ്യൻ ഒരു വേടനെപ്പോലെയാണ് പ്രവർത്തിക്കുക. സ്ത്രീയാകട്ടെ, പ്രസ്തുത മനുഷ്യൻെറ ലാക്കു അയാൾക്കു ഉറപ്പു കൊടുക്കാതിരിക്കത്തക്ക വിധത്തിൽ കേവലം നയത്തോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ട് ഇടക്കു വല്ല അപകടവും വന്നുകൂടുവാൻ വഴിയുണ്ട്.

ഇപ്രകാരമുള്ള പല വിവാഹനിശ്ചയങ്ങളും കേവലം അനുരാഗദ്യോതകങ്ങളാകുന്നതിന്നുപകരം സാധാരണ മടുപ്പും ക്ഷീണവും ഉണ്ടാക്കുന്ന ഒരുവക ഏർപ്പാടുകളായിട്ടാണു കണക്കാക്കേണ്ടതു്. വിവാഹനിശ്ചയം കഴിഞ്ഞാൽ പ്രഥമസൌകര്യത്തിൽ അതു നിർവ്വഹിക്കുകയാണു വേണ്ടതു എന്നു ഒരു മനശ്ശാസ്ത്രപണ്ഡിതൻ പറയുന്നു. വിവാഹഭംഗത്തിന്നുകൂടി ഇടയാകത്തക്ക വിധത്തിൽ പല കാരണങ്ങളും കാലതാമസംകൊണ്ട് വന്നുകൂടുവാൻ വഴിയുണ്ട്. വിവാഹദശയാകുന്ന സന്തോഷാവസരത്തെ പ്രതീക്ഷിച്ചുകൊണ്ട് വളരെക്കാലം കഴിക്കുവാൻ യാതൊ

രു യുവതിയുടേയും മനഃസ്ഥിതി അനുവദിക്കുകയില്ല. വിവാഹനിശ്ചയം പതിനേഴാമത്തെ വയസ്സിൽ കഴിഞ്ഞ ഒരു സ്ത്രീക്കു ഇരുപത്തേഴാം വയസ്സിലും ദാമ്പത്യമനുഭവിക്കാൻ സാധിക്കാതെ വരുമ്പോഠം പ്രസ്തുത സ്ത്രീയുടെ മനോഭാവം എന്തായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണമെന്നില്ല. അതുപോലെതന്നെ പത്തു കൊല്ലമായ ഒരു ദീഘകാലത്തിന്നുള്ളിൽ താൻ സ്നേഹിച്ച ഒരു സ്ത്രീയെ വരിക്കുവാൻ കഴിയാത്ത ഒരു പുരുഷനേ ഒരു നിർഭാഗ്യവാൻ എന്നു പറയുന്നതിൽ ഭേതം കൊള്ളരുതാത്തവൻ എന്നു പറയുകയാണു ഉത്തമം.

ഇനി വിവാഹം ചെയ്യാൻ പോകുന്ന വധുവിൻെറ അനുരാഗം കുറച്ചു കാലെ:സമ്പാദിക്കാതെ പെട്ടന്നു വിവാഹകൎമ്മം നടത്താൻ ധൃതികൂട്ടി നടക്കുന്ന ഒരുവിധം ആലോചനാ ശൂന്യന്മാരായ പുരുഷന്മാരുണ്ടു്. അവർ തങ്ങളുടെ വിചാരശൂന്യതയുടെ ഫലം എന്തെങ്കിലും അപകട സംഭവമായിരിക്കുമെന്നു കരുതേണ്ടതാണ്.

ഇത്തരക്കാരെ നാം അധികമായിക്കാണുന്നതു വലിയ പട്ടണങ്ങളിലും, അവയുടെ ഉപനഗരങ്ങളിലുമാകുന്നു. നാട്ടുപുറങ്ങളിൽ പല കാരണങ്ങളാലും യുവതീയുവാക്കന്മാർ വിവാഹത്തിന്നു മുമ്പു പരസ്പരാനുരക്തരായി അധികകാലം കഴിഞ്ഞു കൂടുകയെന്നൊരു സമ്പ്രദായം ചുരുക്കമാണ്. വാസ്തവത്തിൽ പെട്ടെന്നുള്ള വിവാഹമാണു അവിടങ്ങളിൽ ഉണ്ടാകാറുള്ളത്. ഗ്രാമജീവിതത്തിലെ പ്രകൃതിരമണീയമായ പല അനുഭവങ്ങളും, ഏകാകിതപവും സ്ത്രീപുരുഷന്മാരെ ഉടനെ ദാമ്പത്യാവസ്ഥയിലേക്കു പ്രേരിപ്പിക്കുന്നു; പക്ഷെപെട്ടെന്നു മടിയന്മാരാക്കിത്തീൎക്കുകയും ചെയ്യുന്നു. പ്രകൃതി ഇവിടെതൻെറ പ്രവൃത്തിനല്ലപോലെ ചെയ്തുവരുന്നു. വസന്തകാലം മുതലായ ഓരോ മനോഹര

കാലങ്ങളിൽ മനുഷ്യർക്കു വിവാഹാനുഷ്ഠാനത്തിനുള്ള ആഗ്രഹം ഉണ്ടാക്കുവാൻ പ്രകൃതി പ്രത്യേകം ശ്രമിക്കുന്നുണ്ട്. മനോഹരവസ്തുക്കളെസ്സംബന്ധിച്ച ഏതു സംഗതിയിലും സ്വാഭാവികവും ലഘുതരവുമായ അവസ്ഥാഭേദങ്ങൾ നാം കാണുന്നുണ്ട്. പലവിധ ബഹളങ്ങളും, ക്ഷോഭങ്ങളുമുള്ള ഒരു ജനസംഘത്തിൽനിന്നു (പട്ടണത്തിൽനിന്ന്) വിവാഹം കഴിക്കാതെ നാട്ടുപുറങ്ങളിൽനിന്നു യഥേഷ്ടം അനുരൂപവതിയായ ഒരു ഭാര്യയെത്തിരഞ്ഞെടുക്കുന്നവൻ ഭാഗ്യവാനാണെങ്കിലും വിവാഹകാലവും മററും പ്രത്യേകം നോക്കാതിരുന്നാൽ അവൻെറ ദാമ്പത്യജീവിതവും ഒരു വിധം സങ്കടകരമായിരിക്കും. പക്ഷേ പട്ടണങ്ങളിൽനിന്നു വിവാഹം ചെയ്യുന്നവരോളം കഷ്ടപ്പാടുകൾ ഇക്കൂട്ടർ അനുവിക്കേണ്ടിവരില്ലെന്നേയുള്ളു.

നഗരങ്ങളിൽ പ്രായേണ അനുരാഗവിഷയത്തിൽ പരിശുദ്ധമല്ലാത്ത ഒരു വിഭ്രമശക്തിയുണ്ട്. അതു പലപ്പോഴും ദോഷകരമായ വിഷയാസക്തിയിലേയ്ക്കു സാധാരണക്കാരെ ചാടിക്കുന്നു. ഈ സംഗതിയാൽ വിവാഹനിശ്ചയം നിറവേററുവാൻ അസ്വാഭാവികമായ പല താമസങ്ങൾക്കുമിടയാകുന്നു. നമ്മുടെ നഗരങ്ങളിലും, ഉപനഗരങ്ങളിലും സുഖമായി നിവസിച്ചുവരുന്ന വിവാഹംകഴിക്കാത്ത പുരുഷന്മാരുടെ സ്വാത്മപ്രതിപത്തി ഗ്രാമങ്ങളുടെ, പൊതുവിൽ രാജ്യത്തിൻെറ അഭിവൃദ്ധിക്കു ഒരു അപകട ശകുനമാകുന്നു. ഒന്നാമതായി ഈ സമ്പ്രദായം ശരിക്കു ദുരാചാരപരമായ മാർഗ്ഗങ്ങളെ സഹായിക്കുന്നു. അരോഗദൃഢഗാത്രനായ ഒരു യുവാവിൻെറ സ്ത്രീവിഷയാസക്തി നിർഭയം തടയുവാനും പ്രയാസമാണ്.

ഈ വിഷയത്തെപ്പററി എതിർത്തുകൊണ്ടു ചിലർ വളരെ വിഡ്ഢിത്തങ്ങൾ പറയുകയും, എഴുതുകയും ചെ

യ്ക്കിരിക്കുന്നു. കപടഭക്തിയോ ഭയമോ കൂടാതെ അവയോടു മല്ലിടേണ്ടതുമാണ്. യുവാക്കന്മാരായ പുരുഷന്മാർ വിവാഹം കഴിക്കാതിരിക്കുന്ന കാലത്തോളം ഈ ഭയങ്കരദോഷത്തിന്നു അഥവാ സാമുദായികദുരാചാരത്തിന്നു യാതൊരു പരിഹാരവും ഉണ്ടാവുകയില്ല. വിവാഹിതമാരായ സ്ത്രീകൾ അവരുടെ ദാമ്പത്യധമ്മം ശരിയായി നിറവേററാതിരിക്കുന്ന കാലത്തോളം അവിവാഹിതമാരായ ഭാൎയ്യമാരുടെ എണ്ണം വദ്ധിക്കുവാനേ മാഗ്ഗമുള്ളൂ. ഈവക ദുരാചാരത്തെ നിരാകരിക്കുവാൻ വിയമങ്ങൾക്കും മററും കുറെയൊക്കെ ശക്തി ഉണ്ടായേക്കാം. എന്നാൽ മനുഷ്യക്കു വിശേഷബുദ്ധിയും, ശരിയായ മനസ്സാക്ഷിയുമുണ്ടെങ്കിൽ ഈ വിഷയത്തിൽ വളരെയധികം പ്രവൎത്തിക്കുവാൻ സാധിക്കും. ആറാം അദ്ധ്യായത്തിൽ ഈ വിഷയത്തെപ്പററി അധികം വിസ്തരിക്കുവാൻ ഭാവമുണ്ട്. എന്നാൽ ഇവിടെയും ഈ സംഗതി ഏതാണ്ടു് വ്യക്തമാക്കേണ്ടതാണ്. സ്വാഭാവികമായ അഥവാ ദൈവികമായ വഴിക്കു സന്തത്യുൽപ്പാദനാത്ഥം വിഷയത്തിൽ പ്രവേശിക്കാതെ അസ്വാഭാവികമായി വിഷയാസക്തി പരിഹരിപ്പാൻ പ്രവൎത്തിക്കുന്ന ഏതു കാൎയ്യവും ചതി, ദുരാചാരം, ദുഃഖം, മരണം എന്നീവകയ്ക്കു കാരണമാക്കുന്നു. എന്നുതന്നെയല്ല പ്രസ്തുത നീചപ്രവൃത്തികൾകൊണ്ടു് മനുഷ്യരുടെ സ്വാത്ഥപരമായ ഉദ്ദേശം വെളിവാവുകയും ചെയ്യുന്നു. ഈ വിഷയത്തിൽ സ്ത്രീകളേയും കുറെ കുററക്കാരാക്കാമെങ്കിലും വാസ്തവത്തിൽ വലിയ അപരാധികൾ പുരുഷന്മാരാണ്. യഥാത്ഥഗൃഹനായകസ്ഥാനം കയ്യേൽക്കാൻ തക്കസമയത്തു സ്വാത്ഥലോലുപന്മാരായിക്കഴിച്ചുകൂട്ടുന്ന പുരുഷന്മാരാണ് അവരുടെ ദുന്നടവടികൾ സ്ത്രീകൾക്കു ഒരു സാധനപാത്രമാക്കുന്നത്. ഇടത്തരത്തിൽപ്പെട്ട പുരുഷന്മാരുടെ വി

വാഹകാലത്തെസ്സംബന്ധിച്ച ഈ സന്ദർഭത്തിൽ കാര്യ മായി ആലോചിക്കേണ്ടതുണ്ട്. ഇക്കൂട്ടത്തിൽ പലരും 40-ം 50-ം വയസ്സായിട്ടുകൂടി ഒന്നോ രണ്ടോ സന്താന ങ്ങൾ അവർക്കുണ്ടാകാൻ വിഷമമാണെന്നു കാണുന്നതു അ വരുടെ വിവാഹം വളരെ വൈകിപ്പോയതിനാലാണെ ന്നറിയുമ്പോൾ ആർക്കാണ് കുണ്ഠിതമുണ്ടാകാത്തത്? ഇ ങ്ങിനെ വിവാഹകാലം നീട്ടിക്കൊണ്ടുപോകുന്നതിന്നു ന്യാ യമായ ചില കാരണങ്ങൾ അവർ പറയുമായിരിക്കും. മാതാപിതാക്കന്മാരാണു വിവാഹകർമ്മത്തിന്നു വളരെ താ മസം വരുത്തുന്നവർ എന്നൊരു പക്ഷമുണ്ട്. എന്നാൽ "നിങ്ങളുടെ അച്ഛനമ്മമാരെ ബഹുമാനിക്കുക" എന്ന ദൈവവചനത്തിന്നുമുമ്പായി ഒന്നാമത്തെ ദൈവകല്പന യായ "നിങ്ങളുടെ പ്രവൃത്തികൾക്കു സാഫല്യം വരികയും നിങ്ങൾ വൎദ്ധിച്ചുവരികയും ചെയ്യുക" എന്ന മഹത്തായ വചനത്തെ നാം ഓർക്കേണ്ടതാണ്. സർവ്വസുഖാനുഭവങ്ങ ളിലും ഭാഗഭാക്കുകളായിരുന്നിട്ടുള്ള മാതാപിതാക്കന്മാർ തങ്ങളുടെ പുത്രീപുത്രന്മാൎക്കു കേവലം സ്വാൎത്ഥബുദ്ധ്യാ പ്രസ്തുത സുഖാനുഭവകാലം നൽകുവാൻ താമസിപ്പിക്കുന്ന തിനെസ്സംബന്ധിച്ച "ഒരു മനുഷ്യൻ തക്കകാലത്തു മാതാ പിതാക്കന്മാരെ വിട്ടു ഭാൎയ്യയോടു ചേരേണ്ടതാണ്" എന്നു ദൈവംതന്നെ കല്പിച്ചിരിക്കുന്നു.

ശൈശവവിവാഹം, ബാല്യവിവാഹം മുതലായവ കൊണ്ട് സാധാരണ മനുഷ്യസന്താനങ്ങളിൽക്കാണുന്ന അപൂൎണ്ണതപോലെതന്നെ വിവാഹം വളരെ അധികം താ മസിപ്പിക്കുന്നതുകൊണ്ടും പല അനൎത്ഥങ്ങളും സന്താന വിഷയത്തിൽ സർവ്വസാധാരണമായി നമുക്കു അനുഭവ മാണ്. വളരെ താമസിച്ചു വിവാഹം കഴിക്കുന്ന സ്ത്രീപു രുഷന്മാരിൽനിന്നുണ്ടാകുന്ന സന്താനങ്ങൾ വൃദ്ധതാ-

ബാധിച്ച നിലയിൽ സാമാന്യേന ക്ഷീണിച്ച ജീവിച്ചിരിപ്പാൻതക്ക ചൈതന്യമില്ലാത്തവരായിക്കാണുന്നതു സാധാരണയാകുന്നു. ഈ വിവാഹങ്ങൾകൊണ്ടു് മനുഷ്യവംശത്തിന്നു അധഃപതനം വന്നുകൂടുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. വൃദ്ധമാതാപിതാക്കന്മാരുടെ സന്താനങ്ങൾ മൂക്കാതെ പഴുത്ത ഫലങ്ങൾപോലെ ജീവചൈതന്യം കുറഞ്ഞവരും, ബുദ്ധിശക്തിയുറക്കാത്തവരുമായിരിക്കുമെന്നുള്ളതിന്നു സംശയമില്ല.

ദാമ്പത്യജീവിതമനുഷ്ഠിക്കുവാൻ വേണ്ടതിലധികം കാലം നീട്ടിക്കൊണ്ടുപോകുന്ന സ്ത്രീകൾ വിവാഹശേഷം ഗർഭിണികളായാൽ പ്രസവത്തിൽ വലിയ അപകടമുണ്ടാകാൻ സംഗതിയുണ്ടു്. ഈവക സംഗതികൾ വിദഗ്ദ്ധന്മാരായ ഡോക്ടർമാർ ശരിയായി വിവരിക്കുന്നു. പ്രസവകാലംവരെ യാതൊരുവിധ അസൌകൎയ്യവും, അസ്വാസ്ഥ്യതയുമുണ്ടായിട്ടില്ലെങ്കിലും പ്രായം കൂടുതലുള്ള ഒരു സ്ത്രീക്കു പ്രസവസമയത്തു പലവിധ ബുദ്ധിമുട്ടുകളും സങ്കടവും വന്നുകൂടുവാനിടയുണ്ടു്.

മാതാപിതാക്കന്മാൎക്കു ഒരു വിധം പ്രായമാകുമ്പോഴേക്കും തങ്ങളുടെ സന്താനങ്ങളും സാമാന്യം വളൎച്ചയിലെത്തുന്നതു ഒരു കുടുംബത്തിന്നു വലിയ ഭാഗ്യമാണു്. ഇതുമൂലം അച്ഛനമ്മമാൎക്കു തങ്ങളുടെ മക്കൾ സൎവ്വകാൎയ്യങ്ങളിലും സഹായിപ്പാൻ ത്രാണിയുള്ളവരായിത്തീരുന്നതിന്നുപുറമെ പ്രസ്തുത മക്കളുടെ വിവാഹബന്ധംകൊണ്ടും ഗൃഹഭരണാദികാൎയ്യങ്ങളിൽ അമ്മക്കു വളരെ ആശ്വാസവും, സൌകൎയ്യവും ലഭിക്കുന്നു.

വളരെ പ്രായം ചെന്നശേഷം ദമ്പതിമാരായിത്തീൎന്നിട്ടുള്ളവൎക്കു തങ്ങളുടെ സന്താനങ്ങൾ വഴിയായുള്ള സു

വാനുഭവങ്ങളിൽ വലിയ ഭാഗഭാക്കുകളാകാൻ സാധിക്കയില്ല. പ്രസ്തുതസന്താനങ്ങൾക്കു തങ്ങളുടെ അച്ഛനമ്മമാരെ സന്തോഷിപ്പിക്കാനൊ സഹായിപ്പാനൊ സാധിക്കുന്ന ഒരു കാലം വരുമ്പോഴേക്കും അവർ(അച്ഛനമ്മമാർ) യാതൊരു വിനോദങ്ങളിലും കാര്യങ്ങളിലും പ്രവേശിക്കാൻ നിവൃത്തിയില്ലാതെ ക്ഷീണിച്ചുകിടപ്പിലാകുന്നു. അനാവശ്യമായി വിവാഹകർമ്മത്തിന്നു കാലതാമസം വരുത്തുന്നതിൻെറ ഫലം ഇങ്ങിനെയൊക്കെയാണെന്നു ആ വക സങ്കടമനുഭവിക്കുന്നവർ പ്രത്യേകം മനസ്സിലാക്കേണ്ടതാണു. ശരിയായ സമയത്തു വിവാഹം ചെയ്തു ദേഹസൌഷ്ഠവവും, സ്വഭാവഗുണവുമുള്ള പുത്രീപുത്രന്മാരുടെ സാന്നിദ്ധ്യത്താൽ ജീവിതം നയിക്കുവാൻ സാധിക്കുന്ന ദമ്പതിമാർ ഭാഗ്യവാന്മാരാണെന്നുള്ളതിന്നു സംശയമില്ല. കേവലം വൃദ്ധനാകാത്ത ഒരു പിതാവിൽ സ്വാഭാവികമായ ഒരു ചൈതന്യശക്തിയുണ്ടാകുന്നതു അയാളുടെ മകന്നു അച്ഛൻ കിഴവനായല്ലോ എന്നു പശ്ചാത്തപിക്കാതിരിക്കാൻ ഇടയാക്കുന്നതുപോലെ ഒരു മാതാവും കിഴവിയാകാതിരിക്കുന്നതു അവളുടെ ചെറിയ മക്കൾക്കു ഒരു വലിയ ആശ്വാസത്തിന്നും, സമാധാനത്തിന്നും കാരണമാകുന്നു.

ഇപ്രകാരമുള്ള ദമ്പതിമാൎക്കു ജീവിതത്തിൽ ഒരു കാലത്തും ഏകാകിത്വമൊ, മനോമാന്ദ്യമോ ഉണ്ടാകാൻ സംഗതിയില്ല. "സൌമ്യശീലരല്ലാത്ത അവിവാഹിതവൃദ്ധരും, തന്നിഷ്ടക്കാരായ വൃദ്ധകന്യകമാരും വേദങ്ങളും പുരാണങ്ങളും എത്രതന്നെ പാരായണം ചെയ്താലും സ്വാൎത്ഥരഹിതരായ ഭാൎയ്യാഭൎത്താക്കന്മാരുടെ സ്വഭാവം അവൎക്കു കിട്ടുകയില്ല" എന്നു ഒരു മഹാകവി പറഞ്ഞിരിക്കുന്നു. നാം മരിക്കുന്നതുവരെ സ്വാൎത്ഥരഹിതരായിക്കഴിച്ചു കൂട്ടേണ്ടതു

അത്യാവശ്യമാണെങ്കിൽ നാം കാലോചിതമായ ദാമ്പത്യ ജീവിതം നയിക്കേണ്ടതാണെന്നും, ഈശ്വരമതത്തിന്നു വിപരീതമായി അഥവാ പ്രകൃതിധൎമ്മത്തിന്നു പ്രതികൂലമായി ഏകാകിത്വമനുഭവിച്ചു തൻകാൎയ്യം മാത്രം നോക്കുന്നതു യുക്തമല്ലെന്നും മഹാന്മാർ പറയുന്നതിൽ വലിയ തത്വം അടങ്ങിയിരിക്കുന്നു.

സ്ത്രീപുരുഷന്മാർ വിവാഹം കഴിക്കേണ്ടതു വളരെ ചെറുപ്പത്തിലൊ, അധികം പ്രായമായിട്ടോ അല്ല. വധൂവരന്മാൎക്കു പരസ്പരവികാരം അങ്കുരിക്കുമ്പോഴും അതായതു അവരുടെ ആദൎശങ്ങൾ അന്യോന്യമറിയുവാൻ അവർ പ്രാപ്തരാകുമ്പോഴും അവരുടെ അവയവങ്ങൾക്കെല്ലാം ശരിയായ വളൎച്ച വരുന്നതു സ്വാഭാവികമാകുന്നു. പ്രസ്തുത സമയം ദൈവികമായ ഒരു കാലമായി നാം കല്പിക്കേണ്ടതും, ആ കാലത്തെ ദാമ്പത്യദശയായി സ്വീകരിക്കേണ്ടതുമാകുന്നു.

---

IV

# അനുരൂപവധൂവരന്മാർ.

"യൌവനം തികഞ്ഞതിപ്രൌഢയായിരിപ്പോരു
സൌവൎണ്ണഗാത്രിയാളെ വരിക്കുന്നതുകൊള്ളാം
വരനോ ദൃഢഗാത്രനാകണം, പ്രായത്തിന്നും
വരണമൊരുമേച്ച്, മാന്യനായിരിക്കേണം"

(കിളിപ്പാട്ട്)

"സൈഥെയ്യമുള്ളവരനാകണമേററം
വീയ്യമാകൃതിയെടുത്തവിധത്തിൽ
ആയ്യശീലവധു, കാന്തികനക്കും
കായ്യകോവിദയുമായിവരേണം"

പുരോഗമനവിഷയത്തിൽ പ്രത്യേകം പ്രവത്തിക്കേണ്ടതു് മനുഷ്യധമ്മമാകുന്നു. വിഭിന്നവംശങ്ങളുടെയും ഉത്ഭവകാലം മുതൽക്കുതന്നെ ദൈവികബീജങ്ങൾ മനുഷ്യനിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. ശരിയായ ഉൽഗതിയെ ലാക്കാക്കി പല പരിവത്തനങ്ങളിലുംകൂടി തൻെറ വിധിയെ—ദൈവം സമ്പൂർണ്ണൻ എന്നപോലെ, അതും പരിപൂർണ്ണമായതാകുന്നു.—അവൻ നിവ്വഹിക്കല്ലം സാധിപ്പിക്കേണ്ടതാണ്.

ആദിമമനുഷ്യവഗ്ഗത്തിൽപ്പെട്ട ഒരു പ്രത്യേകവിഭാഗക്കാർ രക്തബന്ധത്തെ കായ്യമായി പരിഗണിക്കുന്നവരാണ്. എന്നാൽ സകല സാമ്രാജ്യങ്ങളുടേയും രാജ്യങ്ങളുടേയും പ്രഭുകുടുംബങ്ങളുടെയും പൂവ്വചരിത്രം വെളിപ്പെടുത്തുന്നതു് അധികം അടുത്ത ചാച്ചക്കാർ തമ്മിലുള്ള വിവാഹം മനുഷ്യവംശത്തിന്നു പല ദോഷങ്ങളും വരുത്തിക്കൂട്ടുന്നു എന്നാകുന്നു. സ്വദേശികളായ നമ്മുടെ ഇടയിൽതന്നെ അടുത്ത ചാച്ചക്കാർ തമ്മിൽ കൂടെക്കൂടെ വിവാഹം നടത്തുന്നതു വംശപരമായ പല ദോഷങ്ങൾക്കും കാരണമാണെന്നു കണ്ടിരിക്കുന്നു. ദൃഢഗാത്രന്മാരായവർ ദേഹസൌഖ്യമില്ലാത്തവരുമായി നടത്തുന്ന വിവാഹത്തേക്കാൾ രക്തബന്ധമുള്ളവർ തമ്മിൽ നടത്തുന്ന വിവാഹങ്ങൾക്കാണെന്നു, മാനസികമോ കായികമോ ആയ ദോഷം അധികം, യുക്തിപൂവ്വം ചിലശാസ്ത്രജ്ഞന്മാർ പറയുന്നു. എന്നാൽ ഈ രണ്ടു അഭിപ്രായങ്ങളേയും നാം

അംഗീകരിക്കാതെ തീരെ സുഖക്കേടില്ലാത്തവർ തമ്മിൽ മാത്രമേ വിവാഹം നടത്താവൂ എന്നൊരു നിശ്ചയം ചെയ്യുകയാണ് അധികം നല്ലത്.

ദേഹാരോഗ്യത്തിന്നല്ല എല്ലാററിലും പ്രാധാന്യമെന്നും, സ്വഭാവഗുണത്തിലാണ് സർവ്വവുമിരിക്കുന്നതെന്നും വാദിക്കുന്നവരോട് വളരെ ഉപദേശിക്കുവാനുണ്ട്. ഇക്കാര്യത്തിൽ ഡോക്ടർമാരും ശാസ്ത്രജ്ഞന്മാരും തമ്മിൽ ഒരു വിധത്തിലും യോജിക്കുകയില്ല. ചിത്തഭ്രമം, അപസ്മാരം മുതലായ രോഗങ്ങളും, സന്തത്യുല്പാദനത്തിന്നുതകുന്ന അവയവങ്ങൾക്കു വല്ല സുഖക്കേടുകളും ഉള്ളവൎക്കു വിവാഹം തീരെ വർജ്ജിക്കേണ്ടതാകുന്നു. എന്നാൽ വല്ല അംഗങ്ങൾക്കോ മററോ വൈരൂപ്യമുള്ളവരുടെ വിവാഹവും നീതികരിക്കാത്തതല്ലെന്നു ചിലർ സിദ്ധാന്തിക്കുമെങ്കിലും ആ വിഷയത്തിൽ അത്ര കൎശ്ശമായ ഒരു നിയമം കൊണ്ടുവരുവാൻ പാടുള്ളതല്ല. സൌന്ദൎയ്യം പ്രകൃതിദത്തമായ ഒരു സാധാരണ ഗുണമാകുന്നു. എന്നാൽ സൌന്ദൎയ്യത്തെ പ്രത്യേകം മനസ്സിലാക്കുവാനും, അതിനെ ശ്രവണേന്ദ്രിയം, നേത്രേന്ദ്രിയം സ്പർശേന്ദ്രിയം എന്നീ വഴികൾമൂലം സൂക്ഷ്മമായി പരിശോധിക്കുവാനും ഉള്ള ഒരു പ്രത്യേക ആസക്തി ആൎക്കും ആവശ്യമാണ്. കേവലം പോത്തുകളെപ്പോലെ ചുണയില്ലാത്തവരും മന്ദബുദ്ധികളുമായ ജനങ്ങൾമാത്രം നാൾക്കുനാൾ പെരുകിക്കൊണ്ടിരിക്കുന്നപക്ഷം ഈ ലോകം തീരെ ചൈതന്യമില്ലാത്ത ഒരു ജാഡ്യപ്രദേശമായിരിക്കുമെന്നുള്ളതിന്നു സംശയമില്ല. ലോകം മന്ദബുദ്ധികൾക്കു മാത്രമുള്ള ഒരു നിവാസരംഗമാണെങ്കിൽ നമുക്കു അത്യാനന്ദത്തെ പ്രദാനം ചെയ്യുന്ന സംഗീതവും, ആലോചനാമൃതമായ സാഹിത്യവും അതിമനോഹരമായ

ചിത്രവേലകളും അവിടെ ഒരു കാലത്തും കാണുവാൻ സംഗതിവരികയില്ല.

മനുഷ്യസമുദായോൽഗതിയെ ലാക്കാക്കി പ്രവൎത്തിക്കുന്നവർ പ്രായപൂൎത്തിവരാത്ത സന്താനങ്ങളെ സൃഷ്ടിച്ചു വിടുന്ന അകാലവിവാഹങ്ങൾ നടത്തുന്നവരെ ഒട്ടും പ്രോത്സാഹിപ്പിക്കരുതെന്നു മാത്രമല്ല, ദാമ്പത്യജീവിതം നയിക്കാതെ കഴിക്കുന്നവരെ സഹായിക്കുകയോ, ദുരാചാരവഴിയായി വിഷയാസക്തിക്കു നിവൃത്തിമാൎഗ്ഗം സമ്പാദിക്കുന്നവരെ ശിക്ഷിക്കാതിരിക്കുകയോ ചെയ്യരുത്. പാരമ്പൎയ്യവഴിയായി വല്ല സുഖക്കേടുകളുമുള്ളവർ വിവാഹം കഴിക്കാതിരിക്കുകയാണുത്തമമെന്നു ഈ അവസരത്തിലും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഭാൎയ്യാഭൎത്താക്കന്മാർ സദാചാരനിരതരും, മനോഗുണമുള്ളവരുമാണെങ്കിലും അവരിൽ ഒരാൾക്കു കായികമായ എന്തെങ്കിലും രോഗമുണ്ടെങ്കിൽ അവരുടെ സ്വഭാവഗുണത്തിന്നൊന്നും അവരിൽനിന്നുണ്ടാകുന്ന ചൈതന്യമില്ലാത്ത സന്താനങ്ങളെ സുഖശരീരികളാക്കുവാൻ കഴികയില്ല. ദൃഢാനുരക്തരായ ദമ്പതിമാരോടു അവരിൽ ആൎക്കെങ്കിലും ഈ വിധത്തിൽ അല്പം ദൂഷ്യമുണ്ടെന്നു തുറന്നുപറയുവാൻ മൎയ്യാദക്കാരനായ ഒരു ഡോക്ടർ വളരെ ശങ്കിക്കാതിരിക്കയില്ല. സ്വജീവിതം മലിനമാക്കുവാൻ ഇടവരുത്തുന്ന ഒരു മനുഷ്യൻ വിവാഹം കഴിക്കുന്നതു കുററകരമായിക്കരുതേണ്ടതാണ്. ഈശ്വര പ്രതിമയെ കയ്യിലെടുത്തുകൊണ്ടുനടന്നു തൽക്കാരുണ്യത്തെപ്പററി പുകഴ്ത്തുന്ന നമുക്കു അങ്ങിനെ വിവാഹം കഴിക്കുന്നതായാൽ ദൈവവിരോധം വന്നുകൂടുമെന്നുകരുതുവാൻ ധാരാളം വഴിയുണ്ട്. അതേ പ്രകാരത്തിൽത്തന്നെ സുഖക്കേടുകൊണ്ടോ, ഏതെങ്കിലും ദുഷ്പ്രവൃത്തിയാലോ സന്തത്യുല്പാദനാവയവങ്ങൾക്കു വല്ല ദൂഷ്യവും നേരിട്ടിട്ടുണ്ടെന്നു

തനിക്കുതന്നെ ബോദ്ധ്യമുള്ള സ്ത്രീകൾ കല്യാണം കഴിക്കുന്നതും കുററകരമാണെന്നു പറയേണ്ടിയിരിക്കുന്നു. സ്വഭർത്താവു ശരിയായ ജീവിതം നയിക്കുന്നപക്ഷം അയാൾ ദൈവമാണെന്നു ഒരു സ്ത്രീക്കു കരുതുവാൻ ന്യായമുള്ളതിനാൽ അവൾ ചെയ്യുന്ന പ്രസ്തുത കർമ്മം ഒരു വലിയ പാതകമായിപ്പരിണമിക്കുന്നതാണു. സന്തത്യുല്പാദനത്തിന്നു ന്യായമായ വിധത്തിൽ വിവാഹകർമ്മം നിറവേററിത്തരുവാൻ സർവ്വസാക്ഷിയായി നിൽക്കുന്ന ഈശ്വരനും സ്ത്രീകളുടെ ഏതാദൃശമായ കഠിനക്രിയകൾ സഹിക്കുകയില്ല.

ഒറിങ്കൊ എന്ന രാജ്യത്തു വിവാഹവിഷയത്തിൽ ഒരു വലിയ നേരമ്പോക്കുണ്ടു. അതിനെപ്പററി ഒരു പ്രാചീനവിദ്വാൻ ഇപ്രകാരം എഴുതിയിരിക്കുന്നു:—"ഒറിങ്കൊ രാജ്യനിവാസികൾ വിവാഹകാര്യത്തിൽ വധൂവരന്മാരുടെ പ്രായത്തെ തീരെ ഗണിക്കുന്നില്ല. അവക്കു ശരിയായ തത്വജ്ഞാനത്തിലോ, ശരീരശാസ്ത്രത്തിലൊ യാതൊരു അറിവും ഉണ്ടെന്നു തോന്നുന്നില്ല. വൃദ്ധന്മാരും യുവതികളും തമ്മിലും, യുവാക്കന്മാരും വൃദ്ധകളും തമ്മിലും നടക്കുന്ന വിവാഹത്തിന്നാണു അവിടെ പ്രാധാന്യം. ഒരേ പ്രായത്തിലുള്ള രണ്ടു പേർ തമ്മിൽ വിവാഹം കഴിക്കുന്നതു രണ്ടു വിഡ്ഢികൾ തമ്മിൽക്കൂടിച്ചേരുന്നതുപോലെയാണെന്നാകുന്നു അവർ പറയുന്നത്. ഈ അന്ധവിശ്വാസപ്രാബല്യമാണു ആശ്ചര്യകരമായ പ്രസ്തുതവിവാഹത്തിന്നവരെ പ്രേരിപ്പിക്കുന്നത്."

ഏതായാലും ഇത്തരം വിവാഹങ്ങൾ എന്നും നിലനിൽക്കുമെന്നു തോന്നുന്നില്ല. അവയൊക്കെ പരീക്ഷാർത്ഥമുള്ള വല്ല വിവാഹങ്ങളുമായിരിക്കാം. ചെറുപ്പക്കാരും പ്രായംകൂടിയവരും തമ്മിലുള്ള വിവാഹം ന്യായമാണെന്നു

പറയുന്ന ഒരു രാജ്യക്കാരുടെ വിഷ്ഠിതപത്തെപ്പററി നാം എന്താണു പറയേണ്ടതു്? ആ രാജ്യക്കാർ കണ്ണുള്ളവരാണെങ്കിലും കേവലം കുരുടന്മാർതന്നെ. പ്രസ്തുത രാജ്യത്തു നടക്കുന്ന ക്രമരഹിതമായ ഈ വിവാഹംമൂലം അവിടത്തെ ജനനക്കണക്കു തീരെ ആശ്വാസമായ നിലയിലല്ല. ശിശുമരണം അവിടെ സവ്വസാധാരണമാണു്. ദുരാചാരപരമായ നടവടികളും അവിടെ വേണ്ടതിലധികമാണെന്നനുമാനിക്കാൻ ന്യായമുണ്ടു്. ഒരു വൃദ്ധൻ ഒരു യുവതിയെ വിവാഹം ചെയ്യുന്നതു തീരെ അസ്വാഭാവികമാണെന്നുമാത്രമല്ല പ്രസ്തുത വിവാഹത്തിന്നു നിർബ്ബന്ധിതയായ വധുവിൻെറ എല്ലാ പ്രവൃത്തികളും മിക്കവാറും അവളുടെ വരന്നെതിരായിരിക്കുന്നതുമാണു്. കായികമായ കാര്യങ്ങളിൽ പ്രസ്തുത വൃദ്ധൻെറ സാഹചര്യം കൊണ്ടു് ആ യുവതിക്കു വലിയ ബുദ്ധിമുട്ടിന്നിടവരില്ലെങ്കിലും തന്നോടു യോജിക്കത്തക്ക ശരീരദാർഢ്യമുള്ള ഒരു വരനാണെങ്കിൽ മാത്രമേ അവൾക്കു വാസ്തവത്തിൽ ശൃംഗാരവിഷയത്തിൽ ന്യായമായ ഒരു ഔൽസുക്യമുണ്ടാവുകയുള്ളു. ആ യുവതി ഒരു പക്ഷെ ഗർഭിണിയാകുവാൻ ഇടവരുന്നതു അവൾക്കും പൊതുജനങ്ങൾക്കും ഒരു വെറപ്പിന്നിടവരുത്തുന്നു എന്നു മാത്രമല്ല പ്രസ്തുത ഗർഭോല്പാദനത്തിൻെറ ഫലം പ്രായേണ ആശാജനകമായിരിക്കയുമില്ല.

വളരെ പ്രായംകൂടിയ സ്ത്രീകൾ — സാധാരണ പ്രസവകാലം കഴിഞ്ഞവർ— ചിലപ്പോൾ ചെറുപ്പക്കാരായ പുരുഷന്മാരെ വിവാഹം കഴിക്കാറുണ്ടു്. പ്രസ്തുത സ്ത്രീകൾക്കു അപ്രകാരം യുവാക്കന്മാരെ ഭർത്താക്കന്മാരായി കിട്ടുന്നതു അവർക്കു ധാരാളം പണമുള്ളതുകൊണ്ടോ മററോ ആയിരിപ്പാനേ സംഗതിയുള്ളു. ചെറുപ്പക്കാർ വൃദ്ധസ്ത്രീകളെ വിവാഹം ചെയ്യുന്നതു പണത്തെ മോഹിച്ചാണെന്നു

DISTRIBUTING LIBRARY, No. 2918 KOTTAYAM.

ചിലർ പറയുന്നതിലും പരമാർത്ഥമില്ലെന്നില്ല. ഏതായാലും പ്രായംകൂടിയ സ്ത്രീകളെ വിവാഹം ചെയ്യുന്നവർ സാധാരണയായി ആ സ്ത്രീകളോട് നന്ദിയുള്ളവരായിരിക്കയില്ല. ആ സ്ത്രീകളും സ്വാർത്ഥപ്രതിപത്തിയുള്ളവരും തൻമൂലം സമുദായത്തിൻെറ അഭിവൃദ്ധിയിൽ ആഗ്രഹമില്ലാത്തവരുമാകുന്നു. പ്രായംകൊണ്ടും മററും അനുരൂപരല്ലാത്ത ദമ്പതിമാർ നയിക്കുന്ന ജീവിതം മിക്കവാറും ക്ലേശഭൂയിഷ്ഠമായിട്ടാണു പരിണമിക്കുന്നത്. ഈ വിവാഹം പരനിന്ദയ്ക്കാസ്പദമായും കലാശിക്കുന്നു.

വാസ്തവത്തിൽ വല്ല പ്രത്യേകകാരണത്താലോ മററോ പ്രായം കൂടിയ സ്ത്രീപുരുഷന്മാർ തമ്മിൽ പലപ്പോഴും വിവാഹങ്ങൾ നടത്തി വരുന്നുണ്ടു എന്നുതന്നെയല്ലാ ആ ദമ്പതിമാർ മിക്കവാറും സംതൃപ്തരായിരിക്കുന്നുമുണ്ട്. ഈ വിവാഹബന്ധം കേവലം സൌകര്യത്തെയോ, സാഹചര്യത്തേയോ ആസ്പദമാക്കിയിട്ടുള്ളതാണെന്നൂഹിക്കാം. പരിഷ്കൃതരാജ്യങ്ങളിൽ—പാശ്ചാത്യരാജ്യങ്ങളിൽ- ഈ വിവാഹത്തിന്നു വളരെ പ്രാധാന്യമുണ്ട്. അവിടെ പ്രസ്തുതദമ്പതിമാർ സർവ്വഥാ സന്തുഷ്ടരായി കഴിച്ചുകൂട്ടുകയും ചെയ്യുന്നു. മിക്കവാറും ഉൽകൃഷ്ടപദവിയിലിരിക്കുന്നവരുടെയിടയിലാണ് ഇത്തരം വിവാഹങ്ങൾ നടന്നുകാണുന്നത്. ശരിയായ ഒരു കുടുംബജീവിതമാണ് ഇത്തരക്കാർ അനുഭവിക്കുന്നതെന്നു പറയുവാൻ തരമില്ല. പക്ഷെ വിവാഹം കഴിക്കാതെ ദുരാചാരപരതന്ത്രരായി നടക്കുന്നവരേക്കാൾ എത്രയോ ഭേദമാണിവരെന്നു സമ്മതിച്ചേ കഴിയൂ.

ഈ വക വിവാഹങ്ങളിൽ സ്ത്രീക്കോ പുരുഷന്നോ എന്തെങ്കിലും പ്രത്യേകഉദ്ദേശമുണ്ടായിരിക്കും. പുരുഷന്നു ശ

രിയായ ഒരു ഗൃഹനായികയോ, നഴ്സോ ആവശ്യമായിരിക്കും. അല്ലെങ്കിൽ സ്ത്രീക്ക ഒരു ചങ്ങാതിയോ, വീടോ കിട്ടുവാൻ ആഗ്രഹമുണ്ടാകും. ഇതിലധികം ആശിക്കാത്ത സംഗതികഠം ഈ വിവാഹം കൊണ്ടില്ലെന്നു തെളിയുന്നു. പരസ്പരാനുരാഗത്തോടുകൂടി നടക്കാത്ത ഈ വിവാഹങ്ങഠം ഇരു കക്ഷികളുടേയും ന്യായമായ ആഗ്രഹനിവൃത്തിക്കുതകത്തക്കവയാണെന്നു നിസ്സംശയം അഭിപ്രായപ്പെടാം.

ഇനി പ്രായംകൊണ്ടു പരസ്പരം യോജിക്കാത്ത സ്ത്രീപുരുഷന്മാരുടെ വിവാഹത്തെപ്പററി പറയാം. ഇതിൻേറയും ഫലം മുൻപറഞ്ഞ പ്രകാരമാണെങ്കിലും അല്പം വ്യത്യാസമുണ്ട്. ഈ ഭായ്യാഭത്താക്കന്മാക്കു സ്വഭാവത്തിലും വലിയ വ്യത്യാസം കാണും. സൂക്ഷിച്ചു നോക്കുന്ന പക്ഷം ഇവരുടെ പ്രസ്തുത സ്വഭാവവ്യത്യാസം എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാണ്. ഈ സ്വഭാവവൈപരീത്യം ചിലപ്പോഠം വിവാഹമോചനത്തിന്നുകൂടിസ്സംഗതിയാക്കുന്നു. ഇങ്ങിനെയുള്ള ദമ്പതിമാരിൽ പുരുഷൻ തൻേറ പ്രവൃത്തിയിൽ ജാഗരൂകനും, പ്രസ്തുത പ്രവൃത്തികൊണ്ടു മാത്രം കഴിഞ്ഞുകൂടേണ്ടവനുമാകുന്നു. എന്നാൽ ഭായ്യയോ അയാളുടെ പ്രവൃത്തി നിവ്വിഘ്നം നടത്തുവാൻ ഒരു തടസ്ഥക്കാരിയും, സവ്വഥാ വിഷയത്തിൽ ആസക്തിയുള്ളവളുമാകുന്നു. ഈവക സന്ദർഭങ്ങളിൽ പുരുഷൻ മനസ്സൈഥയ്യമുള്ളവനാണെങ്കിൽ അതിൻേറ ഫലം വിവാഹമോചനവും, അയാഠം ബുദ്ധിശക്തിയില്ലാത്ത ഒരു സാധുവാണെങ്കിൽ ഉപജീവനമാഗ്ഗമെല്ലാം ചൊവ്വോയി വീണ്ടുവിചാരമില്ലാത്ത ആ സ്ത്രീയുടെ വലയിൽപ്പെട്ടു കഷ്ടപ്പെടുവാൻ ഇടവരികയും ചെയ്യുന്നു. നേരേ മറിച്ചു സ്ത്രീ തൻേറടമുള്ളവളും, പുരുഷൻ വിഷയാസക്തനുമായിത്തീരുവാൻ വഴിയുള്ളതിനാൽ അതിൻേറ ഫലവും മുൻപറഞ്ഞപ്ര

കാരംതന്നെ ആയിരിക്കും. ദമ്പതിമാർ തമ്മിൽ പ്രായം കൊണ്ടു വളരെ വ്യത്യാസമുണ്ടെങ്കിൽ ഈ വക ദോഷങ്ങൾ സഹജമാണ്. ഏതായാലും ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ വിഷയാസക്തി കുറച്ചു കാര്യമായ സംഗതികൾ പ്രവർത്തിക്കുന്നതായിരിക്കും ബുദ്ധിശാലികളുടെ നയം.

ഈ പരിഷ്കാരകാലത്തു വിവാഹകാര്യത്തിൽ സ്ത്രീപുരുഷന്മാർ വധൂവരന്മാരായിത്തീരുന്നതിൽ—നല്ലവണ്ണം ആലോചിച്ചിട്ടു വേണ്ടതാണെന്നു പ്രത്യേകിച്ചു അവരോടു പറയണമെന്നില്ല. ഇക്കാര്യത്തിൽ പക്ഷിമൃഗാദികളേക്കൂടി നാം നമ്മുടെ കാര്യത്തെക്കാൾ കൂടുതൽ ശ്രദ്ധയോടുകൂടി നോക്കിവരുന്നു. പക്ഷികൾ, പൂച്ചകൾ, നായ്ക്കൾ, കുതിരകൾ മുതലായവയ്ക്കെല്ലാം തക്ക ഇണകളെക്കിട്ടുവാൻ നാം വളരെ യത്നിക്കുന്നു. ആ വക പക്ഷിമൃഗാദികളുടെ സന്താനപരമ്പരകളുടെ ഗുണത്തെ ലാക്കാക്കിയിട്ടാണു നാം അപ്രകാരം ചെയ്യുന്നത്. ഈ ഒററസംഗതികൊണ്ടുതന്നെ ബുദ്ധിശക്തിയുള്ള ഒരു സ്ത്രീയോ പുരുഷനൊ അവനവൻെറ വിവാഹകാര്യത്തിൽ തക്ക വരനേയോ, വധുവിനേയോ തിരഞ്ഞെടുക്കുന്നതു വംശപരമായ ഒരു അഭിവൃദ്ധിക്കാസ്പദമാണെന്നൂഹിക്കാവുന്നതാണ്. വധൂവരന്മാർക്കു ആത്മികവും, മാനസികവുമായ ഗുണങ്ങൾ തന്നെ പോരാ, കായികവുമായ യോഗ്യതയും വേണ്ടതാണെന്നു പക്ഷിമൃഗാദികളുടെ കഥകൊണ്ടുതന്നെ പ്രസ്തുത സ്ത്രീപുരുഷന്മാർ അറിയേണ്ടതാണെന്നുള്ളതിന്നു സംശയമില്ല. ദമ്പതിമാരിൽ ആക്കെങ്കിലും എപ്പോഴും സുഖക്കേടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു അവരുടെ വിവാഹബന്ധം ക്ഷണത്തിൽ അഴിഞ്ഞുപോകുവാനിടയാക്കുന്നു. ദിനക്കിടക്കയിൽനിന്നു എഴുനീല്ക്കാത്ത ഭാര്യയുമായുള്ള ദൃഢബന്ധം സാധാരണ

ഭത്താക്കന്മാക്കുണ്ടാകാൻ വഴിയില്ലെന്നു തെളിയിക്കുവാൻ ഒരു ശരീരശാസ്ത്രജ്ഞൻെറ സഹായം വേണ്ട. അതുപോലെ ഭാര്യ്യയുടെ കാര്യ്യത്തിലും ഭത്താവിനെ സംബന്ധിച്ച ഈ അഭിപ്രായം ബാധകമാണ്. എന്നാൽ ഒരു സ്ത്രീക്കോ, പുരുഷന്നോ ആകസ്മികമായി ഉണ്ടാകുന്ന സുഖക്കേടുകളെ കാലെ കണ്ടറിഞ്ഞു വിവാഹകാര്യ്യത്തിൽ വേണ്ടതു ചെയ്യുവാൻ ആക്കും സാധിക്കയില്ല. ശക്തിയില്ലാത്ത ചില കൃശാംഗികളായ സ്ത്രീകരം തങ്ങളുടെ ഭത്താക്കന്മാരെ സവ്വഥാ സംതൃപ്തരാക്കുന്നതും അവക്കു അഭിലഷണീയങ്ങളായ സന്താനങ്ങരം ഉണ്ടാകുന്നതും സ്വാഭാവികമാണ്. എന്നാൽ തടിച്ചു കൂററത്തികളായ ചില സ്ത്രീകരംക്കു ചിലപ്പോരം ഉണ്ടാകുന്ന കുട്ടികരം ക്ഷീണിച്ചവരും, പലവിധ സുഖക്കേടുകളുള്ളവരുമായി കാണപ്പെടുന്നു. ഈവക കാര്യ്യങ്ങളിലെല്ലാം വാസ്തവത്തിൽ വല്ല നിയമവും വെയ്ക്കുവാനൊ, അതുപ്രകാരം അനുസരിക്കുവാനൊ പാടുള്ളതല്ല. ഒരാളുടെ കണ്ണിന്നു പിടിച്ച വസ്തു മറെറാരാളുടെ കണ്ണിന്നു തീരെ പിടിക്കാത്തതായിരിക്കും. എന്നാൽ മനസ്സു യോജിച്ചാലും ശരീരസംബന്ധമായി പരസ്പരം യോജിക്കാൻ വിഷമമാണ്. പക്ഷെ ഉയരമുള്ളവന്നു കുറിയവളേയും വെളുത്ത നിറമുള്ളവരംക്കു കറുത്ത പുരുഷനേയും, മെലിഞ്ഞവന്നു തടിച്ചവളേയും വിവാഹം ചെയ്യുകൂടെന്നു നിശ്ചയിക്കുന്നതും നല്ലതാണെന്ന പക്ഷക്കാരുണ്ട്. വിവാഹവിഷയത്തിൽ ആവക സൂക്ഷ്മനിരീക്ഷണങ്ങളൊന്നും സാധാരണക്കാക്കു സാധിക്കയില്ലെന്നും, വാസ്തവത്തിൽ വല്ല സുഖക്കേടുകളും ഉണ്ടൊ എന്നാണു കാര്യ്യമായി പരിശോധിക്കേണ്ടതെന്നും നാം അറിയേണ്ടതാണ്.

എന്നാൽ വിചാരശീലനും, കുടുംബസ്നേഹിയും വ്യവസായശാലിയുമായ ഒരു പുരുഷൻ അല്പരസക്കാരിയും,

ആഡംബരപ്രിയമുള്ളവളും, ആലോചനയില്ലാത്തവളുമായ ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നതു വളരെ ദോഷകരമാകുന്നു. ഈ വിഷയത്തിൽ പല പുരുഷന്മാൎക്കും അപകടം വന്നു കൂടുന്നുണ്ടു. പുറംപൂച്ചുകളിൽ ഭ്രമമുള്ളവളും, സൎവ്വഥാ കഥയില്ലാതെ ജല്പിക്കുന്നവളും, യാതൊരു ചുമതലയുമില്ലാത്തവളുമായ ഒരു സ്ത്രീ സാധുവായ ഒരു പുരുഷനെ (ഭൎത്താവിനെ) ക്ഷണത്തിൽ ഭ്രാന്തുപിടിപ്പിക്കുന്നു. ഇങ്ങിനെയുള്ള സ്ത്രീകളെ വിവാഹം ചെയ്യുവാൻ വളരെ ആലോചിച്ചിട്ടു വേണ്ടതാണ്. അത്തരക്കാരായ സ്ത്രീകളെ കടപ്പുറത്തോ, വല്ല നാടകഹാളിലോ മററൊ വെച്ചു നാം ഒന്നോ രണ്ടോ കുറി കണ്ടിട്ടുണ്ടാകും. അവളുടെ "അന്നയാനവും, കോകിലാലാപവും" നമുക്കു വളരെ ഭ്രമമുണ്ടാക്കിത്തീൎക്കും. എന്നാൽ അതിലൊന്നും ബുദ്ധിപകച്ചു പോകരുത്. അവളെ ഒരാൾ വിവാഹം കഴിക്കുന്നപക്ഷം അവൾ ഒരു ശരിയായ ഗൃഹനായികയായിത്തീരണം. വലിയ ധാടിയുള്ള ഒരു മദാമ്മയാകരുത്. അവൾ ഒരു യഥാൎത്ഥഭാൎയ്യയാവുകയാണുവേണ്ടത്. എല്ലാവരുടെയും കണ്ണുകളെ ആകൎഷിക്കത്തക്ക ഒരു മനോഹരവസ്തുവാകാതിരിക്കാൻ പ്രത്യേകം ശ്രമിക്കണം. അവൾ തന്റെ കുട്ടികളുടെ അമ്മയായിരിക്കണം. ഇന്നത്തെ പരിഷ്കരിച്ച വസ്ത്രധാരണരീതിക്കു ഒരു മാതൃകയാകരുത്. അവൾ ഒട്ടും അലസയാകയുമരുത്. അങ്ങിനെയുള്ള സ്ത്രീകളോടു നമുക്കു പ്രത്യേകം ബഹുമാനവും, പ്രതിപത്തിയുമുണ്ടായിരിക്കും. അവൎക്കു അവരുടെ സഹോദരന്മാൎക്കുള്ളപോലെ സൎവ്വസ്വാതന്ത്ര്യങ്ങളും, അവകാശങ്ങളും നൽകുന്നതിന്നു വിരോധമില്ല. ആവക സ്വാതന്ത്ര്യങ്ങളും, അവകാശങ്ങളും ബുദ്ധിശാലിനികളായ ആ ഗേഹിനികൾ ദുരുപയോഗപ്പെടുത്തുകയില്ല. വീട്ടിലെ പ്രവൃത്തികൾ ജാഗ്രതയായി

ച്ചെയ്യുവാൻ സാധിക്കുന്ന ഒരു സ്ത്രീക്കു ലോകത്തിലുള്ള എല്ലാ പ്രവൃത്തിയും അപജയം കൂടാതെ നടത്തുവാൻ കഴിയുമെന്നു പറയുന്നതു അതിശയോക്തിയല്ല. ധനത്തിനു മറ്റെല്ലാ വസ്തുക്കളിലുംവെച്ചു പ്രാധാന്യം കൂടുന്നതുകൊണ്ടു മററുകാര്യങ്ങളിലുള്ളതുപോലെതന്നെ ധനത്തിലും അവൾക്കു എത്രമാത്രം തൃഷ്ണയുണ്ടെന്നറിയേണ്ടതാണ്. വിവാഹക്കപ്പലുകൾ മിക്കവാറും മുട്ടി ഉടഞ്ഞുപോകുന്നതു സാധാരണ പണപ്പാറയിന്മേലാണെന്നുള്ളതു നമ്മുടെ ദൃഷ്ടാന്തത്തിൽപ്പെട്ട ഒരു കാര്യമാണു. വിവാഹശേഷം ഒരു സ്ത്രീ വസ്ത്രാഡംബരങ്ങൾക്കും, സുഖാനുഭവങ്ങൾക്കും മററുമായി വളരെ പണം ചിലവാക്കുന്നുണ്ടോ എന്നു പ്രത്യേകം നോക്കേണ്ടതാണ്. നമ്മുടെ സുഖജീവിതത്തിനു മുഖ്യോപകരണമായ പണംകൊണ്ടു ദുർവ്യയം ചെയ്യാൻ ഒരു സ്ത്രീക്കും നാം അധികാരം കൊടുക്കരുത്.

വ്യവസായശീലന്മാരായ ചില പുരുഷന്മാരെ വിവാഹം ചെയ്യുന്ന ഇന്നത്തെ വ്യവസായതല്പരകളായ പെൺകുട്ടികൾ ഗൃഹഭരണകാര്യത്തിൽ വിദഗ്ദ്ധകളാണെന്നു ഒരു പക്ഷക്കാരുണ്ടു്. അവരിൽ ഏതാനും പേർ സാമാന്യം സാമർത്ഥ്യമുള്ളവരാണ്. മററു ചിലർ ഭർത്താക്കന്മാരുടെ സകലസമ്പാദ്യവും യഥേഷ്ടം എടുത്തു ദുരുപയോഗപ്പെടുത്തി അവസാനം വലിയ കുടുക്കിലകപ്പെടുന്നതു സാധാരണയാണ്.

താൻ എത്ര ബുദ്ധിമുട്ടിയാലും ഭർത്താവിനോടു ഒരു പൈപോലും ചോദിക്കില്ലെന്ന ദൃഢവ്രതമുള്ള ചില സ്ത്രീകളുണ്ടു്. ഇവരുടെ ഹിതാനുസരണം പ്രവർത്തിക്കാത്ത പുരുഷന്മാർ നിഷ്ഠൂരന്മാരാണ്. പക്ഷേ,, പ്രസ്തുത സ്ത്രീകൾ ഗൃഹഭരണകാര്യങ്ങളിൽ ഏർപ്പെടാത്തതു അവരെ

ബാധിച്ചിരിക്കുന്ന പരിഷ്കാരക്കാററിൻെറ ശക്തികൊണ്ടായിരിക്കും.

അനുരൂപരായ പലരും വിവാഹത്തിന്നാവശ്യപ്പെട്ടിട്ടും അതിലൊന്നും മനസ്സു കൊടുക്കാതെ പുറംപൂച്ചുമാത്രം കണ്ടു ഭ്രമിച്ചു ചില യുവാക്കന്മാരെ വിവാഹംചെയ്യുന്ന പെൺകുട്ടികൾ "ഉടുതുണിക്കു മറുതുണി"യില്ലാതെ അലഞ്ഞുനടക്കുന്നതു കാണുമ്പോൾ ആർക്കാണ് അനുകമ്പ തോന്നാത്തത്. പരിഷ്കാരഭ്രമമാണ് ഈ പാവപ്പെട്ട പെൺകുട്ടികളുടെ ദാമ്പത്യജീവിതം കേവലം ക്ലേശകരമാക്കിത്തീർത്തിട്ടുള്ളതെന്നു ഖണ്ഡിച്ചുപറയാം.

ചില പുരുഷന്മാർ അവരുടെ ഭാര്യമാരെ കേവലം ദാസികളെപ്പോലെ (വേലക്കാരികളെപ്പോലെ) കരുതിവരുന്നു. "അവൾക്കു ഉണ്ണാനുണ്ടു. ഉടുക്കാനുണ്ടു. അവളുടെ വിവാഹവസ്ത്രങ്ങൾ ഇനിയും കീറിപ്പോയിട്ടില്ല. ഇനി അവൾക്കിതിലധികമെന്തുവേണം" എന്നു ഒരു ധനികനായ ഗൃഹനായകൻ തൻെറ ഭാര്യയെപ്പററി ചില സ്നേഹിതന്മാരോടു നില്ലജ്ജം പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. ദാമ്പത്യജീവിതത്തിൻെറ യഥാർത്ഥതത്വം അറിയുവാൻതക്ക ബുദ്ധിശക്തിയില്ലാത്ത ആ ധനികനെപ്പററി അധികം വിസ്തരിക്കാതിരിക്കയാണ് നല്ലത്. ഇങ്ങിനെയുള്ള ഒരാൾക്കു സൽസ്വഭാവവും, ബുദ്ധിശക്തിയുമുള്ള ഒരു ഭാര്യയെക്കിട്ടുവാൻ അവകാശമില്ല.

നിങ്ങൾ ഒരു യുവതിയെ സ്നേഹിക്കുമ്പോൾ അവൾക്കു നിങ്ങളുടെ ആദായത്തിൽനിന്നു എന്തു വീതം കൊടുപ്പാൻ സാധിക്കുമെന്നു അവളോടു തുറന്നു പറയേണ്ടതാണ്. അവളെ നിങ്ങൾ വിവാഹം കഴിച്ചാൽ അന്നു

ഷ്ടിക്കുന്നതു ആ വാദത്തത്തിന്നനുകൂലമാണെങ്കിൽ അവ രാംക്ക നിങ്ങളിൽ അതിയായ സ്നേഹത്തിന്നിടയാകുന്നതി ന്നുപുറമെ ധനസമ്പാദനമാർഗ്ഗത്തിൽ നിങ്ങരാംക്ക ഒരു പ്രത്യേകസാമർത്ഥ്യത്തിന്നും സംഗതിയാകുന്നതാണ്.

കുട്ടികരാം ഉണ്ടാകുന്നത് ദാമ്പത്യജീവിതത്തിൽ ഒരു പ്രത്യേകസുഖത്തിന്നു കാരണമാണെന്നു അധികപക്ഷ ക്കാരുണ്ടെങ്കിലും പ്രസ്തുത സന്താനലബ്ധികൊണ്ടു വളരെ ബുദ്ധിമുട്ടുകരാംക്കിടയാകുമെന്നു വാദിക്കുന്നവരും ഇല്ലെ ന്നില്ല. ചില സ്ത്രീകരാം സ്വതവെ ലജ്ജാവതികളാണ്. പുരുഷന്മാരിൽ ചിലരും അത്തരത്തിൽപ്പെട്ടവരാകുന്നു. അന്യോന്യം യഥാർത്ഥസ്നേഹമുള്ളവരും, കേവലം വിഷ യാസക്തിയിൽമാത്രം ശ്രദ്ധ കാണിക്കാത്തവരും, വിവാ ഹനിശ്ചയം കഴിഞ്ഞവരുമായ യുവതീയുവാക്കന്മാർ തമ്മിൽ സംസാരിച്ചു തീർച്ചപ്പെടുത്തേണ്ടതാണ് ഈ വിഷയം.

പ്രകൃതിയ്ക്കനുസരണമായ സന്താനോല്പത്തിയെ തട യുന്നതു് മഹാപാതകമാണെന്നുള്ളതിന്ന് സംശയമില്ല. വാസ്തവത്തിൽ ഗർഭോല്പാദനത്തിൻെറ പ്രാരംഭദശയിൽ തന്നെ നിങ്ങരാം ഒരു ശിശുവിൻെറ യഥാർത്ഥ മാതാപിതാ ക്കന്മാരായിരിക്കെ ആ ശിശുവിനെ നശിപ്പിക്കുന്ന ഏതു പ്രവൃത്തിയും കേവലം കൊലപാതകമായി കണക്കാക്കാ വുന്നതാണ്. കഥയില്ലാത്തവരും, കാര്യഗൌരവമറിയാ ത്തവരുമായ ചിലർ വിവാഹത്തിൻെറ സ്വാഭാവികഫ ലങ്ങളെ നിരാകരിക്കുവാൻ തങ്ങളുടെ ഭാര്യമാരോട്ട് വ ല്ലതും പ്രവർത്തിക്കുവാൻ പറയുന്നു. അസ്ഥിരബുദ്ധികളും, അലസകളുമായ പെൺകുട്ടികരാം മാതൃപദത്തിൻെറ യ ഥാർത്ഥ ചുമതലകരാം വഹിക്കുവാൻ വൈമുഖ്യം കാണിക്കു

ന്നതുകൊണ്ടു് തങ്ങളുടെ ജീവനെത്തന്നെ ചിലപ്പോഠം അപായപ്പെടുത്തുന്നുണ്ടു്.

ഈ വക സംഗതികളിൽ നിരാക്ഷേപമായ ഒരു സ്വാഭിപ്രായം പറയുവാൻ ഡോക്ടർമാൎക്ക ധൈൎയ്യമുണ്ടാകേണ്ടതാണ്. ഭാൎയ്യാഭൎത്താക്കന്മാരാകാൻ വിചാരിക്കുന്ന സ്ത്രീപുരുഷന്മാൎക്ക ഈ വിഷയത്തിലാണ് പരിപൂൎണ്ണമായ അനുഭാവമുണ്ടാകേണ്ടത്. മനുഷ്യജന്മത്തിൻെറ പരിപാവനചരിത്രവും, നമ്മുടെ ജീവിതോദ്ദേശത്തിൻെറ മാഹാത്മ്യവും ശരിയായി മനസ്സിലാക്കുന്നവർ.—കടപ്പുറത്തോ, സിനിമാഹാളിലൊവെച്ചോ ഒരിക്കൽ കണ്ടു പരസ്പരസ്നേഹത്തിന്നിടയായി വിവാഹം കഴിക്കുന്നവരല്ല—കേവലം മഹാപാതകമായ പ്രസ്തുകകൎമ്മത്തിൽ ഒരിക്കലും ഔത്സുക്യമുള്ളവരായിരിക്കയില്ല.

ഒരാഠം സ്നേഹിക്കുന്നതു ഇന്ന ആളെ ആണെന്നു ഒരുത്തനു ശരിയായി പറയുവാൻ സാധിക്കയില്ല. പക്ഷേ ഒരാഠം വിവാഹം കഴിക്കുന്നതു ആരെയാണെന്നു പ്രായേണ ഒരുത്തനു പറയാൻ സാധിക്കും. വിവാഹത്തിന്നു മുമ്പുതന്നെ തൻമൂലമുണ്ടാകാനിടയുള്ള അപകടങ്ങഠക്കു നിവൃത്തിമാൎഗ്ഗം കാണ്മാൻ ശ്രമിക്കാം. അങ്ങിനെ ചെയ്യുന്നതായാൽ പിന്നീടു വലിയ പശ്ചാത്താപത്തിന്നിടവരുന്നതല്ല.

ഒരു സ്ത്രീ നിങ്ങളുടെ കളിക്കോപ്പല്ല, കളിത്തോഴിയാണ്. അവഠം നിങ്ങളുടെ അടിമയല്ല, ചങ്ങാതിയാകുന്നു അവഠം നിങ്ങളുടെ പ്രതിദ്ധ്വനിയല്ല, പവിത്രമായ പ്രേരകശക്തിയാണ്. ജീവിതനാടകത്തിലെ പ്രധാന നടിയായ സ്ത്രീ മനുഷ്യനായ സൂത്രധാരനു കളിയിലും, വിചാരത്തി

ലും, പ്രവൃത്തിയിലും, എന്നു വേണ്ട ഏതു വിഷയത്തിലും ഒരു യഥാൎത്ഥ ചങ്ങാതിയാകുന്നു. അപ്രകാരത്തിലുള്ള ഒരു ഭാഗഭാക്കിനെയാണ് തിരഞ്ഞെടുക്കേണ്ടത്. ഏതു ഘട്ടത്തിലും എന്നും തട്ടത്തു നിൽക്കുവാൻ തക്കവെല്ലായിരിക്കണം പ്രസ്തുത ഭാഗഭാക്കെന്നു നാം ഓൎക്കേണ്ടതാണ്. പ്രായവ്യത്യാസത്താൽ പഴക്കം തോന്നിക്കുന്നതോ, നാട്ടാചാരത്താൽ വാട്ടം തോന്നിക്കുന്നതോ ആയ ഒരു സംബന്ധമല്ല അത്. എന്നാൽ അതു വിചാരശീലരായ സ്ത്രീപുരുഷന്മാർ തമ്മിൽ നടത്തുന്ന യഥാൎത്ഥമായ ഒരു വിവാഹം മാത്രമാകുന്നു.

---

# V

## സഹവാസകാലം.

---

"അനുരാഗവിചാര,മാ യുവാവാം
മനുജനുള്ളിലുറച്ചിടുന്ന കാലം
അനുരൂപവസന്തമാണു,ചേലാ-
ന്നനുവൎത്തിക്കുമതിൻപ്രകാരമായാറ്"

പ്രകൃതിതത്വാനുസരണം സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനുരാഗവൎദ്ധനയ്ക്കും, അവരുടെ സന്തോഷപൂൎണ്ണമായ സാഹചൎയ്യത്തിനും തക്ക സമയം വസന്തമാണെന്നുള്ളതിനു സംശയമില്ല. കവികളും ആഖ്യായികാകാരന്മാരും ഒന്നു പോലെ അനുരാഗോദ്ദീപകമായ വസന്തത്തെ പ്രശംസിക്കുന്നുണ്ട്. എന്നാൽ പ്രകൃതിയെപ്പററി സൂക്ഷ്മനിരീക്ഷണം ചെയ്യുമ്പോറം വസന്തം, എത്രതന്നെ പുതുമയും, ഉത്സാഹവും, കാമുകീകാമുകന്മാൎക്കു പരസ്പരസമാഗമത്തിനുൽകണ്ഠയും ഉണ്ടാക്കിത്തീൎക്കുന്ന ഒരു പ്രണയമസൃ

ണമായ കാലമാണെങ്കിലും, വിശേഷബുദ്ധി ഉപയോഗിച്ചുനോക്കുമ്പോഠ—വല്ല ഭാവനകളെപ്പററിയും മററും ഇവിടെ ആലോചിക്കുന്നില്ല—അതു ഒരു വിവാഹകാലമായി ദുല്ലഭമായേ കണക്കാക്കാവു എന്നൊരു പക്ഷക്കാരുമില്ലെന്നില്ല.

വസന്തകാലത്തിലെ വിവാഹത്തെസ്സംബന്ധിച്ചു മതവും, പൊതുജനഹിതവും എന്തു പറയുന്നു എന്നു നോക്കാം. ക്രിസ്തുമതപ്രകാരം നോക്കുകയാണെങ്കിൽ ഇക്കാലത്തു (മതാനുകൂലമായ വ്രതകാലം) വിവാഹം വിരോധിക്കപ്പെട്ടിരിക്കുന്നു. ഈ വ്രതകാലം സദ്യകഴിക്കുവാനും ഉല്ലസിക്കുവാനും ഉള്ള സമയമല്ല. ഇക്കാലത്തു വല്ല യുവതീയുവാക്കന്മാരും തമ്മിൽ വിവാഹം ചെയ്യാൻ തക്ക ഒരുക്കങ്ങളെല്ലാമായിട്ടുണ്ടെങ്കിലും അവർ പ്രസ്തുതവിവാഹത്തെ മറെറാരവസരത്തിലേക്കു നീട്ടിവെയ്ക്കാറുണ്ട്.

വസന്തകാലഘട്ടങ്ങഠ ക്രിസ്ത്യാനികളുടെയിടയിൽ വിവാഹത്തിന്നു തീരെ പററാത്ത ഒരു കാലമാണ്. മെയ് മുതലായ മാസത്തിന്നു വിവാഹവിഷയത്തിൽ ഇത്ര നിർഭാഗ്യം വന്നുകൂടുവാൻ കാരണമെന്തെന്നറിയേണ്ടതും ആവശ്യംതന്നെ. ചരിത്രകാലത്തിന്നുമുമ്പുതന്നെ മെയ്മാസത്തിലെ വിവാഹം അശുഭമെന്നു സമ്മതിക്കപ്പെട്ടുവന്നിരിക്കുന്നു. ഇന്നും പഴമക്കാരുടെ അഭിപ്രായം മെസ്മാസത്തിൽ വിവാഹം നടത്തുന്നതു കേവലം ആചാരപരമായ ഒരു തെററാണെന്നാകുന്നു. പുരാതന റോമാപട്ടണത്തിൽ മെയ്മാസവിവാഹം പ്രത്യേകിച്ചും നിഷിദ്ധമാണ്. പഴയ റോമിലെ പാതിവ്രത്യദേവിയെ സംബന്ധിച്ച മഹോത്സവവും, മരിച്ചവരെക്കുറിച്ചുള്ള സദ്യയും മററും ഈ മാസത്തിലാണു ഘോഷിക്കപ്പെട്ടിരു

ന്നത്. ഇവയെല്ലാം വിവാഹത്തിന്നു യോജിച്ച ക്രിയകളുമല്ലല്ലൊ. നവീന യവനരാജ്യത്തു (ഗ്രീസിൽ) മെയ് മാസം ഒഴിച്ചു ബാക്കിയുള്ള എല്ലാ മാസങ്ങളും ശുഭകാലങ്ങളാണ്. അവിടെ വിവാഹങ്ങളെല്ലാം വെളുത്തപക്ഷത്തിൽ നടത്തുകയും വേണം. മെയ്മാസത്തിൽ നടത്തുന്ന വിവാഹം പിന്നീട് വല്ല മരണത്താലൊ മററു നിർഭാഗ്യത്താലൊ അശുഭമായിക്കലാശിക്കുമെന്നുതന്നേയല്ലാ പ്രസ്തുത വിവാഹമൂലം ഉണ്ടാകുന്ന സന്താനങ്ങൾ രോഗികളായിത്തീരുവാനും വഴിയുണ്ടെന്നാണവരുടെ വിശ്വാസം. "മെയ്മാസത്തിൽ കല്യാണം കഴിക്കുന്നതു, നിത്യവും ദുഃഖമനുഭവിപ്പാനാണ്" എന്നൊരു പഴഞ്ചൊല്ലുതന്നെയുണ്ടുപോൽ.

ഈ പഴഞ്ചൊല്ലിൽ യുക്ത്യനുസരണമായും, ബുദ്ധിപൂർവ്വമായുമുള്ള ചില തത്വങ്ങൾ അടങ്ങിയിരിക്കുന്നില്ലെന്നു പറയുവാൻ നിവൃത്തിയില്ല. എന്നാൽ മെയ്മാസത്തിലെ വിവാഹങ്ങൾക്കു മറെറാരു ദോഷം കല്പിക്കുവാനുള്ളതു പ്രസ്തുതമാസത്തിലുള്ള വിവാഹത്തിൻെറ ഫലമായി ഉണ്ടാകാനിടയുള്ള ശിശു ഫിബ്രവരിമാസത്തിലാണു് ജനിക്കുക. ഈ മാസം പാശ്ചാത്യരാജ്യങ്ങളെ സംബന്ധിച്ചു കേവലം രസകരമല്ലാത്ത ഒരു മഴക്കാലമാകുന്നു. അതുകൊണ്ടു് സാധാരണയായി അക്കാലത്തു ജനിക്കുന്ന ശിശുക്കൾ രോഗികളും, മന്ദബുദ്ധികളുമാകാനാണു അധികം ന്യായം. ഇതെല്ലാം പാശ്ചാത്യക്ക മാത്രം ബാധിക്കുന്ന ചില സമ്പ്രദായങ്ങളാണ്.

ചില ചെറുപ്പക്കാരികളായ സ്ത്രീകൾ തങ്ങൾക്കു വിവാഹം കഴിഞ്ഞ ആദ്യത്തെ കൊല്ലത്തിൽതന്നെ സന്താനമുണ്ടാകേണമെന്നാശിക്കുന്നു. ഈ വിഷയത്തിൽ വസന്ത

കാലത്തേക്കാറം വിവാഹത്തിന്നു സൌകൎയ്യം മററു മാസ ങ്ങളാണെന്നും അവർ കരുതുന്നു. ഇതും പാശ്ചാത്യരുടെ അഭിപ്രായമാകുന്നു.

ഉഷ്ണകാലത്തുണ്ടാകുന്ന കുട്ടികറംക്കു ശീതകാലത്തു ണ്ടാകുന്ന കുട്ടികളേക്കാറം യോഗ്യതയുണ്ടാകുമെന്നുള്ള തിന്നു സംശയമില്ല. ഉഷ്ണകാലങ്ങളിൽ ശിശുക്കളെ കൂടെ ക്കൂടെ പുറത്തിറക്കിക്കൊണ്ടു നടക്കുവാൻ സൌകൎയ്യമാ കുന്നു. വർഷകാലം വരുമ്പോഴേക്കും അവക്കു വളൎച്ചയും കൂടിവരുന്നതുകൊണ്ടു അവരെ ആ അവസരങ്ങളിൽ വീ ട്ടിൽവെച്ചു ലാളിച്ചുകൊണ്ടിരിപ്പാനും. സൌകൎയ്യം കിട്ടുന്നു. വാസ്തവത്തിൽ പ്രവൃത്തിക്കാൎക്കു ഒഴിവുള്ള ദിവസങ്ങളും അധികമായി ഉണ്ടാകുന്നതു ഉഷ്ണകാലത്താണ്. പുതിയ വധൂവരന്മാൎക്കു—ഇടത്തക്കാരുടെയിടയിൽ— അല്പകാലം ഉല്ലസിക്കുവാനും ഇക്കാലങ്ങളിൽ സാധിക്കുന്നു.

വിവാഹശേഷം യുവതീയുവാക്കന്മാർ കുറച്ചുകാലം ഉല്ലാസപൂൎവ്വം കഴിച്ചുകൂട്ടേണ്ടതു എവിടങ്ങളിലാണെന്ന കാൎയ്യത്തിലും അഭിപ്രായവ്യത്യാസമുണ്ട്. ചില ദമ്പതി മാർ—അവർ പ്രകൃതിയോടും പല ചരിത്രങ്ങളോടും പ്രസ ക്തി കാണിക്കുന്നവരായിരിക്കും—ആറംപാൎപ്പു കുറഞ്ഞ സമുദ്രതീരങ്ങളിലൊ, പൎവ്വതങ്ങളുടെ താഴ്വാരങ്ങളിലൊ കഴിച്ചുകൂട്ടുവാൻ ഇഷ്ടപ്പെടുന്നു. മററു ചില സ്ത്രീപുരുഷ ന്മാർ വിവാഹശേഷം നഗരവാസമിച്ഛിക്കുന്നുണ്ട്. ഇതു് കേവലം ബാഹ്യാഡംബരഭ്രമംകൊണ്ട് മാത്രമാണ്. ഏതായാലും വിവാഹാനന്തരം കുറച്ചുകാലത്തേക്കു വധൂവര ന്മാൎക്കു ഒരു സൈ്വരവാസം വളരെ നല്ലതുതന്നെ. കഴി യുന്നതും പ്രകൃതിരമണീയങ്ങളായ സ്ഥലങ്ങളാണതിന്നു പററിയവയും.

അന്യോന്യാനുരാഗത്തിന്റെ ഫലമായി വിവാഹകർമ്മം കഴിഞ്ഞശേഷം തങ്ങളുടെ അവസ്ഥാനുസരണമായ ഉടുപ്പും, ഭക്ഷണവും, നടപ്പും കൈക്കൊണ്ടു തങ്ങൾ ജീവിതത്തിൽ യഥാർത്ഥ പരസ്പരഭാഗഭാക്കുകളാണെന്നു കരുതി സങ്കടത്തിലും, സന്തോഷത്തിലും പിരിയാതിരിക്കുന്നവരാണു വാസ്തവത്തിൽ ഭാഗ്യവാന്മാരായ ദമ്പതിമാർ. ഇവരുടെ വിവാഹശേഷമുള്ള ജീവിതം കേവലം ലൌകികസുഖാനുഭവങ്ങൾക്കു മാത്രമായി ബലികഴിക്കുന്നതായിരിക്കയില്ല.

ഒരാൾ എത്ര നിസ്സാരമായതോ, അവസ്ഥയുള്ളതോ ആയ ഏതു പ്രവൃത്തിയിലും ഇരിക്കുന്നുണ്ടെന്നിരിക്കട്ടെ: വിവാഹകാലം വരുമ്പോഴെക്കും അയാൾ തനിക്കു ഒരു വലിയ ചുമതലയുണ്ടെന്നു കണ്ടുകൊണ്ട് താൻ വരിക്കുന്ന സ്ത്രീക്കു ഒരുവിധം സുഖമായ ജീവിതത്തിനുള്ള വകുപ്പു സമ്പാദിച്ചു വെക്കേണ്ടതാണ്. വിവാഹസമയത്തുകൂടി തന്റെ ജീവിതത്തിനത്യാവശ്യമായ പണമില്ലാത്ത പുരുഷനെ പൊതുവിൽ എല്ലാവരും, വിശേഷിച്ചു അയാളെ വരിക്കുന്ന സ്ത്രീക്കു കൂടി, സാധാരണയായി വലിയ പ്രതിപത്തിയുണ്ടാവാൻ അവകാശമില്ല.

വധൂവരന്മാരുടെ വിവാഹാനന്തരമുള്ള സുഖജീവിതം വളരെ മഹത്തായ ഒരു ആദർശത്തോടുകൂടി വേണ്ടതാണ്. ഭാര്യയുടെ മനസ്സു ഉടുപ്പിലൊ, പലഹാരങ്ങളിലൊ, സ്നേഹിതജനങ്ങളിലൊ അല്ല കാര്യമായി ചെല്ലേണ്ടത്. ഈ മനോഹരകാലം പൊതുവിൽ ആജീവനാന്തം അവർ അനുവർത്തിക്കേണ്ടുന്ന പരിശുദ്ധജീവിതത്തിന്റെ ഒരു ചിത്രമായിരിക്കേണ്ടതാണ്. പ്രസ്തുത ജീവിതത്തിൽ പല ഇച്ഛാഭംഗങ്ങളും ഒരു പക്ഷേ വന്നു കൂടുവാൻ ഇടയു

ണ്ടെങ്കിലും അവയെല്ലാം ക്ഷമാപൂർവ്വം സഹിച്ചു ശ്രേയസ്സി ന്നാസ്പദമായ പ്രവൃത്തികൾ ചെയ്വാൻ ഭാര്യാഭർത്താക്കന്മാ ക്കു തക്ക ധൈര്യവും, സ്ഥൈര്യവും ഉണ്ടാകണം. ജീവിത ക്ലേശമാകുന്ന ഭാരവണ്ടി വലിക്കുവാനുള്ള ഇരുകാളകളാ യിട്ടാണ് നാം ദമ്പതിമാരെ കരുതേണ്ടത്. പ്രസ്തുത വ ണ്ടിക്കു ഒരു കാളയെ മാത്രം പൂട്ടിയാൽ ഉണ്ടാകുന്നതിൽ കൂടുതൽ ഉപയോഗം രണ്ടു കാളകളെപ്പൂട്ടുന്നതു കൊണ്ടു ണ്ടാകുമെന്ന തത്വം നാം പ്രത്യേകം ആലോചിക്കേണ്ടതാ ണ്. ഒരു ഭർത്താവു ആലോചനയുള്ള ഒരു ബുദ്ധിശാലി യായിരുന്നാൽ അയാളുടെ ഭാര്യ സ്നേഹപൂർവ്വം അനുവർത്തി ക്കുന്ന ഏതുകാര്യവും അവരുടെ ഹിതാനുസരണമാക്കി ത്തീർക്കുവാൻ അയാൾക്കു സാധിക്കും. വിവാഹാനന്തരമുള്ള സുഖജീവിതം കേവലം ആഹ്ലാദകരമാക്കുന്നതിലധികം അതു കൂടുതൽ സന്തോഷകരവും, ഉപയോഗപ്രദവുമാക്കു കയാകുന്നു അവർ ചെയ്യുക.

വിവാഹം ഉഷ്ണകാലത്തായിരുന്നാൽ അതിന്നു ശേഷ മുള്ള താൽക്കാലികസുഖജീവിതത്തിന്നു തക്ക ഒഴിവുസമയ ങ്ങൾ ഭർത്താവിന്നു (ഭാര്യ ഉദ്യോഗമുള്ളവളാണെങ്കിൽ അ വൾക്കും) ലഭിക്കുന്നതും, കാലാനുസരണമായ ശീതകാല ങ്ങളിൽ അവരുടെ പുതുജീവിതാനുഷ്ഠാനത്തിന്നു കൂടുതൽ സൌകര്യമുണ്ടാകുന്നതുമാകുന്നു ശീതകാലങ്ങളിൽ ചിലരാ ജ്യങ്ങളിലുള്ള ഭാര്യാഭർത്താക്കന്മാർക്കു അടുപ്പിന്നു സമീപമി രുന്നു സൈ്വരസല്ലാപം ചെയ്യുവാനും മററും ഉൽക്കണ്ഠയു ണ്ടാകുന്നതു സർവ്വസാധാരണമാണ്. പ്രകൃതിയും അവരുടെ ഉല്ലാസങ്ങൾക്കനുസരിച്ചു ആശിച്ച ഫലത്തെ നൽകുന്ന തായിരിക്കും. വസന്തകാലത്തു പ്രകൃതിയുടെ നാനാ മ നോഹരതയെക്കണ്ടാനന്ദിച്ചും, ഈശ്വരചൈതന്യത്തെ

അഭിനന്ദിച്ചും, പുരാണേതിഹാസങ്ങൾ പാരായണം ചെയ്തും കാലം കഴിക്കുവാൻ അവക്കു സാധിക്കും.

വാസ്തവത്തിൽ വിവാഹസമയം നിശ്ചയിക്കുവാനും, ചാർച്ചക്കാരേയും വേഴ്ചക്കാരേയും പ്രസ്തുത സമയത്തിൻെറ ഗുണത്തെപ്പററി ബോദ്ധ്യപ്പെടുത്തുവാനും ശ്രമിക്കേണ്ടതു വധുവാണ്. ചില പുരുഷന്മാർ തങ്ങൾ വിവാഹം ചെയ്യാൻ പോകുന്ന സ്ത്രീകൾക്കു സാമാന്യസംഗതികളിലെല്ലാം വിവരമുണ്ടെന്നു അഭിമാനിക്കുന്നവരായിരിക്കും. ഒരു വിവരവുമില്ലാത്ത പെൺകുട്ടികളെ വിവാഹം കഴിപ്പാൻ അധികപക്ഷക്കാരും തുനിയുകയില്ല. വിവാഹം എന്നാൽ എന്തെന്നുകൂടി അറിയാത്ത പച്ചപ്പരമാത്ഥികളിൽ പുരുഷന്മാരിൽ മിക്കപേക്കും ഒരു പ്രത്യേകപ്രതിപത്തി തോന്നുവാൻ വഴിയില്ല.

പെൺകുട്ടികളെപ്പററിപ്പറയുമ്പോൾ ഇക്കായ്യത്തിൽ അവരുടെ അമ്മമാരെയാണു അധികമായി കുററപ്പെടുത്തേണ്ടത്. വിവാഹജീവിതത്തിൻെറ സാമാന്യചരിത്രവും, അതുകൊണ്ടുണ്ടാകുന്ന ഫലവും അമ്മമാർ തങ്ങളുടെ പെൺകുട്ടികൾക്കു ഉപദേശിക്കേണ്ടതാണ്. ഈ വിഷയത്തിൽ അമ്മമാരും, ഗുരുനാഥന്മാരും ശരിയായ ഉപദേശം പെൺകുട്ടികൾക്കു നൽകുന്നപക്ഷം അവരിൽ ആക്കുംതന്നെ ദുരാചാരപരമായ യാതൊരു കായ്യത്തിലും ആസക്തി ജനിക്കുകയില്ല.

വിവാഹജീവിതത്തിൻെറ പരമോദ്ദേശമറിയാത്ത വധൂവരന്മാർ വാസ്തവത്തിൽ വളരെ അനുരക്തരായിരുന്നാലും അവരിൽ ആക്കെങ്കിലും ശരീരാരോഗ്യക്കുറവോ, കായികമായ മററു വല്ല ന്യൂനതയോ വന്നാൽ പ്രസ്തുത

പുരുഷനോ സ്ത്രീയോ എന്തെങ്കിലും ദുരാചാരക്രിയക്കു പുറപ്പെട്ടുവാൻ സംഗതി വരുന്നതു സ്വാഭാവികമാണ്. ഈ കഠോരമായ ദോഷം കാരണം അവരുടെ അനുരാഗം നിശ്ശേഷം അസ്തമിച്ചുപോവുകയും ചെയ്യുന്നു.

പുതുതായി കല്യാണം കഴിഞ്ഞ ദമ്പതിമാരുടെ കാൎയ്യത്തിൽ ഇനിയും പലതും പ്രസ്താവിക്കുവാനുണ്ടു. ഈ വിഷയത്തിൽ ഒന്നാമതായി ആലോചിക്കേണ്ടതു പുരുഷനും സ്ത്രീക്കും തമ്മിലുള്ള അനുരാഗം ഏതു തരത്തിലുള്ളതാണെന്നും, അതിൻെറ നില എപ്രകാരമായിരിക്കണമെന്നും, അതിൻെറ പരിപൂൎണ്ണാവസ്ഥ എങ്ങിനെയാണെന്നും മററുമാകുന്നു.

ഒന്നാമതായി നാം ഓൎക്കേണ്ടതു അനുരാഗം ഒരു ആകൎഷണമോ, ഭ്രമമോ അല്ലെന്നാകുന്നു. ഈശ്വരാജ്ഞയ്ക്കനുസരിച്ചു പ്രകൃതിദത്തമായി പുരുഷൻെറയും സ്ത്രീയുടേയും ഹൃദയത്തിൽ അഗാധമായി സ്ഥലം പിടിച്ചിട്ടുള്ളതും, ആരാലും വ്യാഖ്യാനിക്കപ്പെട്ടുവാൻ കഴിയാത്തതും, പക്ഷെ ഒരു പ്രത്യേക വസ്തുവിനെ സ്നേഹപൂൎവ്വം ലാക്കാക്കിയിട്ടുള്ളതുമാകുന്നു യഥാൎത്ഥാനുരാഗം. ഒരു പുരുഷൻ ഒരു സ്ത്രീയെ കാംക്ഷിക്കുന്നു എന്നു മാത്രമല്ല ഒരു പ്രത്യേക സ്ത്രീയെ തൻെറ ഭാൎയ്യയാക്കുവാൻ ആവശ്യപ്പെട്ടുന്നു. പ്രസ്തുത പുരുഷൻ ഇപ്രകാരം അവളെ ആഗ്രഹിക്കുന്നതു അവളുടെ രൂപലാവണ്യത്താൽ മാത്രമല്ല അവളിൽ ഉള്ള ഭ്രമംകൊണ്ടുമാണെന്നു പറയുവാൻ വിരോധമില്ല. ആ പുരുഷൻെറ അസ്പഷ്ടവും, അനിതരസാധാരണവുമായ ആഗ്രഹനിവൃത്തിക്കുതകുന്ന ഒരു ശക്തി അല്ലെങ്കിൽ വസ്തു അവളിൽ ഉണ്ടെന്നു അയാൾക്കു തോന്നുന്നു. ഇതുപോലെതന്നേയാണ് ഒരു സ്ത്രീക്കു ഒരു പുരുഷനിൽ

ഉണ്ടാകുന്ന അനുരാഗവും. സ്നേഹം, സ്ത്രീപുരുഷന്മാർ തമ്മിലുള്ള ദൃഢാനുരാഗം, ഈ പ്രകൃതിനിയമത്തിന്നാസ്പദമായിട്ടുള്ളതാകുന്നു. എന്നാൽ വിവാഹജീവിതത്തിന്റെ അടിസ്ഥാനം ആശയാണെങ്കിലും, അതു ഒരു സുസ്ഥിരമായ മന്ദിരമല്ല. യഥാർത്ഥസ്നേഹമാകുന്ന ഈ അസ്ഥിഭാരത്തിന്മേൽ പരസ്പരബഹുമാനശിലകളാൽ കെട്ടപ്പെട്ടതും, ശരിയായ മൈത്രിയാകുന്ന കുമ്മായക്കൂട്ടാൽ ഉറപ്പിക്കപ്പെട്ടതുമായ ആ വിശേഷപ്പെട്ട കെട്ടിടമാകുന്നു ഭാര്യാഭർത്താക്കന്മാർക്ക വാസ്തവത്തിൽ വാസയോഗ്യമായ ഒരു മനോഹരമന്ദിരം.

ചെറുപ്പക്കാരായ ദാമ്പതിമാരുടെ സ്വഭാവത്തിന്നു പ്രത്യേകമായ ഒരു ആധാരം ബുദ്ധിപൂർവ്വമായ ഒരു ഭരണശക്തിയും, ആലോചനയോടുകൂടിയ പ്രവൃത്തിയുമാകുന്നു എന്ന സംഗതിയും സർവ്വഥാ സ്മരിക്കേണ്ടതാണ്. പരസ്പരമായ ബഹുമാനത്തോടുകൂടിയ മൈത്രിയും, അഭിലഷണീയമായ ആദർശവും അടങ്ങിയ ഒരു വിവാഹജീവിതമേ യഥാർത്ഥത്തിൽ ഏതു ദമ്പതിമാൎക്കും സർവ്വതോമുഖമായ സന്തോഷം ഉണ്ടാക്കുകയുള്ളൂ.

ദാമ്പത്യസംബന്ധമായ അതിരുകളെ കുറിക്കേണ്ടതു ഒരു ഭാര്യയുടെ ചുമതലയാകുന്നു. അവൾ സ്വഭർത്താവിനെ ശരിയായി സ്നേഹിക്കുകയും, തന്റെ ധർമ്മത്തെ പൂർണ്ണമായി അഭിനന്ദിക്കുകയും, യഥാർത്ഥഭാര്യയുടെ സ്ഥാനം ഇന്നതാണെന്നു മനസ്സിലാക്കുകയും ചെയ്യുന്നപക്ഷം ഭർത്താവു അവളുടെ ഹിതത്തെ സർവ്വസംഗതികളിലും അനുസരിക്കുകയും, വില വെയ്ക്കുകയും ചെയ്യും എന്നുള്ളതിന്നു സംശയമില്ല.

വിവാഹജീവിതത്തിൽ ദമ്പതിമാർ ദേഹസൌഖ്യമു

ള്ളവരായിരിക്കേണമെങ്കിൽ ഏതു വിഷയത്തിലും അവർ മിതസ്വഭാവികളായിരിക്കണമെന്ന സംഗതിയിൽ ശാസ്ത്രജ്ഞന്മാരും വൈദ്യന്മാരും ഒരുപോലെ യോജിക്കുന്നുണ്ടു. സ്വഭത്താവിനെ സ്നേഹിക്കുന്ന ഒരു സ്ത്രീ അയാളോടു പെരുമാറുന്നതിൽ പ്രത്യേകബുദ്ധിശക്തിയുള്ളവളായിരിക്കണം. ഇക്കാൎയ്യത്തിൽ തന്റെ ശരീരസുഖത്തിൽ അവരം പ്രത്യേകം ശ്രദ്ധയുള്ളവളാകേണ്ടതാണു്.

മിതവ്യയവും, സൌമ്യസ്വഭാവവുമുള്ള ഭാൎയ്യാഭത്താക്കന്മാൎക്കു അവരുടെ ജീവതത്തിൽ പറയത്തക്ക ക്ലേശങ്ങരം ഒന്നുംതന്നെ വരുവാൻ സംഗതിയില്ല. അഥവാ അവൎക്കു ആകസ്മികമായി വന്നുകൂടുവാനിടയുള്ള ഏതു ബുദ്ധിമുട്ടുകളേയും തട്ടുത്തുനിൽക്കുവാൻ അവൎക്കു സാധിക്കുകയും ചെയ്യും.

ഭാൎയ്യ സൎവ്വഥാ ഭത്താവിനെ സഹായിക്കേണ്ടവളാണ്. ഭത്താവാകട്ടെ അവളെ തൃപ്തിപ്പെടുത്തുവാൻ സന്നദ്ധനായിരിക്കേണ്ടതുമാണ്. ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടതു അവരുടെ പരസ്പരമായ അവകാശങ്ങളും, ആവശ്യങ്ങളും ഇവിടെ വിവരിക്കപ്പെട്ടു എന്നു മാത്രമാകുന്നു. പ്രായേണ ബലവാന്മാരായ ഭത്താക്കന്മാർ അവരുടെ വിവാഹജീവിതത്തിൽ കേവലം വിഷയാസക്തരായി തന്നത്താൻ മറന്നു ഒന്നും പ്രവത്തിക്കരുത്. ഭാൎയ്യമാർ പ്രകൃത്യാ ബലഹീനകളാകയാൽ അവരുടെ കായികവും, മാനസികവും, ആത്മീയവുമായ സ്ഥിതിഗതികരം ശരിയായി മനസ്സിലാക്കി അവരോടു ഭത്താക്കന്മാർ ശാന്തമായി പെരുമാറേണമെന്നാണു് ഇതിന്റെ താല്പൎയ്യം.

യാതൊരു ഗുണവതിയായ ഭാൎയ്യയും തന്റെ കായികസ്ഥിതി എല്ലപ്രകാരമായിരുന്നാലും സ്വഭത്താവിനോടു

ള്ള പെരുമാററത്തിൽ കാൎയ്യമായി ഗണിക്കേണ്ടതു ആത്മീയമായ ആവശ്യങ്ങളെയാണ്. ഈ വിചാരം ഒരു ഭാൎയ്യക്കുണ്ടാകുന്നതായാൽ അവറ്റകളെ കായികവും, മാനസികവുമായ ആവശ്യങ്ങളെ ക്രമപ്പെടുത്തുവാനും സാധിക്കും.

നിങ്ങളുടെ വിവാഹജീവിതംകൊണ്ടു മനുഷ്യവംശം അഭിവൃദ്ധിപ്പെടേണമെന്നാണു ഈശ്വരകല്പിതം. വിവാഹജീവിതത്തിൻെറ ഫലമായ സന്തത്യുല്പാദനത്തിൽനിന്നു വിമുക്തരാകുവാൻ ശ്രമിക്കുന്നവരെ ദൈവം ഒരിക്കലും അനുഗ്രഹിക്കയില്ല.

ശരീരാരോഗ്യവിഷയത്തെ ആസ്പദമാക്കിപ്പറയുകയാണെങ്കിൽ ഭാൎയ്യാഭൎത്താക്കന്മാൎക്കു പ്രത്യേകശയ്യകറ്റ ഉണ്ടായിരിക്കേണ്ടതാണ്. കഴിവുള്ളപക്ഷം അവൎക്കു കിടക്കുവാനുള്ള മുറികറ്റതന്നെ പ്രത്യേകമായിരിക്കുന്നതു വളരെ നല്ലതുതന്നെ.

പുതിയ ഭാൎയ്യാഭൎത്താക്കന്മാൎക്കു ആദ്യകാലങ്ങളിൽ അവരുടെ അനുരാഗാധിക്യത്താൽ ഏതു കാൎയ്യവും പരസ്പരം വ്യക്തമാക്കുവാൻ ഒരു പ്രത്യേകവാസനയുണ്ടായിരിക്കും. വിവാഹത്തിരശ്ശീല ശരിയായി നീക്കിവെച്ചാൽ അവർ അന്യോന്യം അറിഞ്ഞു വശാകുവാൻ സംഗതിയാകുന്നു. യാതൊന്നും ഗോപ്യമല്ലെന്നു വരുന്നതുകൊണ്ട് കുറെ അപകടവും അപ്പോറ്റ ഉണ്ടാകുന്നു. കൂടുതലായ ഈ സ്വാതന്ത്ര്യംകൊണ്ട് അഥവാ അടുപ്പംകൊണ്ടു പല പ്രവൃത്തികളിലും പരസ്പരബഹുമാനം പോയ്പ്പോകുന്നു. ഇക്കാൎയ്യത്തിൽ ദമ്പതിമാർ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

വിവാഹത്തിനുമുമ്പും, വിവാഹശേഷവും. ദാമ്പത്യസംബന്ധമായ ആവശ്യങ്ങളിൽ നിഷ്കളങ്കമായി ചിത്ത

വൃത്തി അത്യാവശ്യമാണു. പക്ഷെ ഇതു ക്രമരഹിതമാക്കിത്തീൎത്തു പല ദോഷങ്ങൾക്കും ഇടയാക്കുന്ന അധികാരമുദ്രയൊ, അവകാശബോധമൊ ആൎക്കും ഉണ്ടാകരുത്. ചെറുപ്പക്കാരികളായ സ്ത്രീകൾ അടുക്കളയിൽവെച്ചും മററും പറയുന്ന പല വൎത്തമാനങ്ങളും അവരുടെ വിവാഹിതമാരായ സഹോദരിമാർ വഴിയായി പുരുഷന്മാരുടെ ആഫീസ്സുമുറികളിലുംകൂടി പ്രസ്താവിക്കപ്പെടുന്നതു നാം പലപ്പോഴും കേൾക്കാറുണ്ടു. ഈ വൎത്തമാനങ്ങൾ ചില പുരുഷന്മാർ സംഗതിവശാൽ വല്ല സ്ത്രീകളോടും പറയുവാനിടവരികയും, അതു വഴിയായി പല രഹസ്യവൃത്താന്തങ്ങളും പരക്കെ അറിയപ്പെടുകയും ചെയ്യുന്നു. ചില പുരുഷന്മാർ ഈ വക ഗ്രാമ്യവൎത്തമാനങ്ങൾ അവരുടെ ഭാൎയ്യമാരോടും പറയാറുണ്ടു. കേവലം ഒരു നേരമ്പോക്കിന്റെ നിലയിലാണിവർ സ്വഭാൎയ്യമാരോടിതെല്ലാം പൊട്ടിച്ചുവിടുന്നതു്. നേരമ്പോക്കും കാൎയ്യവും തമ്മിലുള്ള വ്യത്യാസം ഇവരിൽ പലരും അറിയുന്നില്ല. നേരമ്പോക്കല്ലാത്ത പല ആഭാസവൃത്താന്തങ്ങളും തങ്ങളുടെ ഭാൎയ്യമാരോടു പറഞ്ഞു അവരുടെ മനസ്സു ദുഷിപ്പിക്കുന്നതു വളരെ തെററാണെന്നു പുരുഷന്മാർ പ്രത്യേകം അറിയേണ്ടതാണു്. വിവാഹജീവിത്തിലെ പരിശുദ്ധമായ സംബന്ധത്തിന്നു ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള ഈ വക പ്രസ്താവങ്ങളെല്ലാം ഒരു വിധം കളങ്കമുണ്ടാക്കുകയാണെന്നുള്ളതിന്നു സംശയമില്ല.

നേരമ്പോക്കും, ഫലിതവും ഒരു മനുഷ്യന്റെ ജീവിതത്തിൽ അത്യാവശ്യമായിട്ടുള്ളവയാണു്. രസികത്വമില്ലാത്ത പുരുഷൻ ലോകത്തിന്നു ഒരു ഭാരവും, മിതവ്യയശീലയല്ലാത്ത സ്ത്രീ മനുഷ്യസമുദായത്തിന്നു വലിയ നാശകാരിണിയുമാകുന്നു. സ്ത്രീകളുടെ കാൎയ്യത്തിൽ സൌമ്യസ്വ

ഭാവവും അവക്കു ഒരു ഉത്തമഗുണമാണു. കഴിയുമെങ്കിൽ നിങ്ങൾ ഏതു പ്രവൃത്തിയും ചിരിച്ചുകൊണ്ടു ചെയ്യുവിൻ. ചിരിക്കുവാൻ താല്പര്യമില്ലാത്ത ഒരാൾ ഒരു സഭയിലൊ, സമുദായത്തിലൊ ശോഭിക്കയില്ല. അതുപോലെതന്നെ പ്രസന്നമുഖരല്ലാത്ത കുട്ടികളും അവക്കു എത്ര പ്രായപൂത്തിവന്നാലും ഏകാന്തജീവിതം ഇഷ്ടപ്പെടുന്ന സ്വാത്ഥികളായിരിക്കും. എന്നാൽ നിങ്ങളുടെ ചിരിയെല്ലാം നിഷ്കളങ്കവും, നിരുപദ്രവകരവുമായിരിക്കേണ്ടതാണ്. എന്തെങ്കിലും ഒരു ദുഷ്ടാശ്യം ഉള്ളിൽവെച്ചു ചിരിക്കുന്ന സ്വഭാവം ആക്കും നന്നല്ല.'

ചില ഭാര്യാഭത്താക്കന്മാർ മിക്കവാറും പൊതുസ്ഥലങ്ങളിലും, സഭാഹാളുകളിലും വെച്ചുകൂടി പരസ്പരം ഇണക്കമില്ലാത്തവിധം പെരുമാറാറുണ്ടു്. ഇവക്കു നല്ല സ്നേഹിതന്മാരെ കിട്ടുന്നതുകൂടി അപൂർവ്വമായിരിക്കും. ഇവർ എവിടെച്ചെന്നാലും മൌനമവലംബിക്കുകയും, വല്ല കാരണവശാലും എന്തെങ്കിലും സംസാരിപ്പാൻ തുടങ്ങിയാൽ അതു വലിയ കലഹത്തിൽ അവസാനിക്കുകയും ചെയ്യുന്നു. വിഭിന്നസ്വഭാവമുള്ള ഭാര്യാഭത്താക്കന്മാർ ചേന്നു എന്തെങ്കിലും ഒരു പ്രവൃത്തിയിൽ ഏപ്പെട്ടാൽത്തന്നെ അവർ അതു വിജയകർമാംവണ്ണം കലാശിപ്പിക്കുകയില്ല. ഈ സന്ദഭങ്ങളിലാണു നേരമ്പോക്കിൻെറയോ, രസികത്വത്തിൻെറയോ ആവശ്യം. കേവലം സൌമ്യശീലമില്ലാത്ത ഭത്താവിനെ നേരമ്പോക്കുകൊണ്ടു ഭാര്യക്കും അതേപ്രകാരം ദുർമ്മുഖമുള്ള ഭാര്യയെ രസികനായ ഭത്താവിന്നും സന്തോഷിപ്പിക്കുവാൻ സാധിക്കും.

സഹനശക്തി എന്ന ഗുണവും ദമ്പതിമാക്കു അത്യാവശ്യമാണു. ഭക്ഷണം തണുത്തുപോകുമ്പോഴും, കാ

പ്പിക്ക ചൂടില്ലാതിരിക്കുമ്പോഴും വല്ല യാത്രയുമൊരുങ്ങിപ്പോകുമ്പോഠം വണ്ടി തെററുന്നതുകൊണ്ടും, ഉടുപ്പലക്കിയതും മററും നന്നാകാഞ്ഞാലും ചില പുരുഷന്മാക്കും സ്ത്രീകഠംക്കും കോപം സഹിക്കുകയില്ല. ഈ വിഷയത്തിൽ, സ്വതേ സഹനശക്തിയില്ലാത്തവരോട് അവക്കു പെട്ടന്നു കോപം ജനിക്കാതിരിക്കത്തക്കവിധം പ്രവത്തിക്കുകയാകുന്നു മററുള്ളവർ ചെയ്യേണ്ടത്. അക്ഷമനായ ഭത്താവിനെ അയാളുടെ ഹിതാനുസരണമായ പല പ്രവൃത്തികഠം കൊണ്ടും സന്തോഷിപ്പിക്കുന്ന ഒരു ഭായ്യക്കു കാലക്രമം കൊണ്ടു അയാളെ നല്ല സഹനശക്തിയുള്ളവനാക്കിത്തീക്കുവാൻ സാധിക്കുന്നതാണ്. ഭത്താക്കന്മാക്ക് ഭായ്യമാരേയും സഹനശക്തിയുള്ളവരാക്കുവാൻ ഇപ്രകാരത്തിലുള്ള പ്രവൃത്തികഠംകൊണ്ടു തന്നെ സംഗതിവരും. സ്വതേ അല്പം ദുസ്വഭാവമുള്ള ഒരു ഭായ്യയെ "തൊട്ടതിനെല്ലാം" കുററംപറയുന്നതു ഒരു ഭത്താവിൻെറ വലിയ ദോഷമാണ്. അവളോടു നല്ലവാക്കു പറഞ്ഞു സ്വഭാവത്തിന്നു സൌമ്യതയുണ്ടാക്കുകയാണ് നയശാലികളായ ഭത്താക്കന്മാർ ചെയ്യേണ്ടതു്.

ചെറുപ്പക്കാരായ ഭായ്യാഭത്താക്കന്മാർ കേവലം വിനോദത്തിന്നോ, പരസ്പരം പരീക്ഷിക്കുവാനോ ഇടക്കിടക്കു തമ്മിൽ പിണങ്ങാറുണ്ടു്. ഇതു ഒരു പ്രണയകലഹമാണെന്നു ചിലർ വ്യാഖ്യാനിക്കുമെങ്കിലും ഈ സമ്പ്രദായം കാലക്രമത്തിൽ അവരെ അന്യോന്യവിരോധികളാക്കിത്തീക്കുമെന്നു അനുഭവംകൊണ്ടറിയാവുന്നതാണ്.

ഇനി അകാരണമായി ഭായ്യക്കു ഭത്താവിനേയോ, ഭത്താവിന്നു ഭായ്യയേയൊ അവിശ്വാസം ജനിക്കുന്ന സംഗതിയെപ്പററിയാണ് പറയുവാനുള്ളത്. ദമ്പതിമാക്കു അ

ന്യോന്യമായ അനുരാഗവും ബഹുമാനവും ഈ ദുശ്ശങ്ക കൊണ്ട് ക്രമേണ കുറഞ്ഞുപോകുന്നു. തന്റെ ഭായ്യയെ തനിക്കു വിശ്വാസമില്ലെന്നു ഒരു ഭത്താവു എപ്പോഠം അവളെ അറിയിക്കുന്നുവോ അന്നു മുതൽ അവഠംക്കു സ്വഭത്താവിൽ ഒരു നിന്ദയും, വെറുപ്പും, സ്നേഹക്കുറവും ഉത്ഭവിക്കുന്നു. ഇതു ഭായ്യമാരെ സംബന്ധിച്ച പുരുഷന്മാക്കും ബാധകമാണ്. ഈ വക ദുശ്ശങ്കകൊണ്ട് യഥാത്ഥദാമ്പത്യബന്ധത്തിന്റെ ഉറപ്പേറിയ കെട്ടുകഠം അഴിഞ്ഞുപോകുന്നു എന്നു ഒരു തത്വജ്ഞാനി പറയുന്നു. പുരുഷനോ സ്ത്രീയോ അവനവന്റെ ഘനഭാവത്തെ തീരെവിട്ടു എന്തെങ്കിലും പ്രവത്തിക്കുകയോ പറയുകയോ ചെയ്യുന്നതും അവർ തമ്മിലുള്ള വിശ്വാസത്തിനു ഭംഗംവരുത്തുവാൻ കാരണമാകുന്നു.

പുരുഷനാകട്ടെ സ്ത്രീയാകട്ടെ വിവാഹത്തിന്നു മുമ്പു തന്നെ മാനസികവ്യഭിചാരത്തിൽ പ്രസക്തി കാണിച്ചിട്ടുണ്ടെങ്കിൽ വിവാഹശേഷവും അവരുടെ ദുരാചാരത്തിനു ശമനം വരുന്നതല്ല. യഥാത്ഥവിവാഹജീവിതസുഖത്തിന്നഹകളായ ചില സാധുക്കളായ യുവതികളെ താൽക്കാലികരസത്തിന്നും, സുഖത്തിന്നുംവേണ്ടി പലതന്ത്രങ്ങളും പ്രയോഗിച്ച് സ്വാധീനപ്പെടുത്തുന്ന ചില ദുഷ്ടന്മാരുണ്ട്. ഇവർ അശരണകളായ പ്രസ്തുത തരുണികളെ അവരുടെ വിശിഷ്ടമായ സ്ത്രീത്വത്തിൽ നിന്നു അവക്കു മാലിന്യം വരുത്തുന്നതു കൂടാതെ അവരെ വിവാഹം കഴിക്കുവാൻ അശേഷം ഇഷ്ടപ്പെടുകയില്ല. ഈ കഠോരമായ ഒരു ദുരാചാരംകൊണ്ടു പ്രായേണ പലയുവതികളും വിവാഹജീവിതം ഇഷ്ടപ്പെടാതെ, അഥവാ ഒരുത്തനിൽതന്നെ ദൃഢപ്രേമമുള്ളവരാകാതെ, അവരുടെ ഉപജീവിതത്തിന്നു പ്രസ്തുത ദുന്നടവടികഠം ഒരു പ്രത്യേകമാഗ്ഗമായികരുതുന്നു.

മനുഷ്യസമുദായത്തെ അധഃപതിപ്പിക്കുന്ന ഒരു ഭയങ്കര മായദോഷമാണ് ചില പുരുഷന്മാർമൂലം വന്നുകൂടുന്ന ഈദൃശമായ വൈഷമ്യങ്ങഠം. ഈ ഇനത്തിൽപെട്ടവരായ സ്ത്രീപുരുഷന്മാരുടെ സംഖ്യ കഴിയുന്നതും കുറയുന്നതും, കുറയ്ക്കുന്നതും ലോകക്ഷേമത്തിന്നു ഒരു ഉത്തമമാൎഗ്ഗമായിരിക്കും.

ഭാൎയ്യാഭൎത്താക്കന്മാരുടെ സാഹവാസകാലത്തെ സംബന്ധിച്ചു ഇനിയും പലതും പറയുവാനുണ്ട്. എന്നാൽ ഇതിനെല്ലാം എളുപ്പമായ ഒരു വഴിയുണ്ടെന്നു ഒരു മഹാപണ്ഡിതൻ പറയുന്നു. അദ്ദേഹം പ്രഖ്യാപനം ചെയ്യുന്നതു ഒരു ആൺകുട്ടിയുടെ ശരിയായ സ്നേഹിതൻ അവൻെറ അമ്മയാണെന്നും, ഒരു ഭൎത്താവിൻെറ ശരിയായ സ്നേഹിതൻ അയാളുടെ ഭാൎയ്യയാണെന്നുമാകുന്നു. ഈ ഒരു വിചാരം എല്ലാ സ്ത്രീപുരുഷന്മാരിലും ഒന്നുപോലെയുണ്ടാകുന്നപക്ഷം ലോകത്തിൽ ഏതുകാലത്തും ദമ്പതിമാൎക്ക വിജയകരമായ ഭാവിയെ ആശിക്കാവുന്നതാണ്.

---

## VI

# പരിശുദ്ധമുറകഠം.

നാകലോകത്തിനുള്ള നിൎമ്മലകേളീരംഗ-
മാകമ്രപ്രഭപൂണ്ട ദാമ്പത്യമറിഞ്ഞാലും
(കിളിപ്പാട്ട്)

---

അനുരാഗത്തിങ്കലകപ്പെടുന്നതു-
മനുപമരസാലത്തു സാധിപ്പതും

മനുജക്കുമഹാപണി, പക്ഷേ സ്നേഹാ-
ലനുവത്തിക്കുന്നതതിസുഖമത്രേ
(കണ്ണപവൃരീതി)

---

വിലയാന്ന് വിവാഹജീവിതത്തിൻ
നില മറേറതിലുമെന്നമട്ടുനിത്യം
വിലസൽ ധനരാശിയിൽക്കവിഞ്ഞും
കലരേണം മതിതൃപ്തിമന്നിലാക്കും.

പ്രാചീനകാലത്തും ആധുനികകാലത്തും കവികളും, ആഖ്യായികാകാരന്മാരും, പ്രാസംഗികന്മാരുമെല്ലാം വിവാഹജീവിതം ഒരു പരിശുദ്ധ പ്രസ്ഥാനമായിട്ടാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. വിവാഹജീവിതം ഒരു പരിപാവന സംബന്ധമാണെന്നു സാമാന്യേന എല്ലാ മതസിദ്ധാന്തങ്ങളിലും ഉദ്ധരിച്ചുകാണുന്നു.

വിവാഹബന്ധത്തിൽ പെടുന്നതിന്നു മുമ്പായി എന്തെല്ലാം കാര്യകാരണങ്ങളും, വിശേഷബുദ്ധിയും അടിസ്ഥാനപ്പെടുത്തി നാം പ്രവത്തിക്കേണമെന്നും അറിയേണ്ടതാണ്. കല്യാണം കഴിക്കുന്നതിന്നുമുമ്പും തത്സമയത്തും മാത്രം വളരെ സൂക്ഷ്മവും, ബുദ്ധിയും ഉപയോഗിച്ചാൽപ്പോരാ, ദാമ്പത്യജീവിതം നയിക്കുമ്പോഴും നാം കൂടുതൽ കരുതലും വിശേഷബുദ്ധിയുമുപയോഗിക്കുന്നതു ഏററവും ശ്രേയസ്കരമായിരിക്കും.

ശരിയായ വിവാഹബന്ധത്തെ യഥാത്ഥസ്നേഹം, ബഹുമാനം, അനുസരണം എന്നീ ത്രിഗുണങ്ങൾകൊണ്ടാണു സുദൃഢമായി ഉറപ്പിക്കേണ്ടത്. എല്ലാ കുടുംബങ്ങളിലും വിവാഹവിഷയമായി ഈ മൂന്നു ഗുണങ്ങളെ കേവ

ലം അധിഷ്ഠാനദേവതകളെപ്പോലെ ആരാധിക്കേണ്ടതാണ്.

ഏതെങ്കിലും ഒരു കാലത്തു ഒരു പുരുഷനെകുറിച്ചോ, ഒരു സ്ത്രീയെക്കുറിച്ചോ അനുരാഗപരവശരാകാത്ത പുരുഷനോ സ്ത്രീയോ ലോകത്തിൽ ചുരുക്കമാണ്. ഈ അനുരാഗപാരവശ്യം അവസാനം അബദ്ധത്തിൽക്കലാശിക്കുകയും ചെയ്യുന്നു. ബാഹ്യമായ വല്ല ഭാവനകൊണ്ടോ, തെററായ മറെറതെങ്കിലും പ്രവൃത്തികൊണ്ടോ കേവലം അനുരാഗവശരായിച്ചമയുന്നവർ വളരെയുണ്ട്. ചിലക്കു തങ്ങറം അനുരാഗികളാണെന്നു മററുള്ളവർ അറിയുന്നതു തന്നെ ഒരു മാന്യതയാണെന്നുമുണ്ട്. വാസ്തവമായ അനുരാഗത്തിന്നു വളരെ സുഖമുണ്ടെന്നുള്ളതിന്നു സംശയമില്ല. എന്നാൽ അനുരാഗികളാണെന്നു നടിക്കുന്നവക്കു അവരുടെ ആഗ്രഹനിവൃത്തിക്കു ഒരു കാലത്തും സംഗതിവരില്ലെന്നു തന്നെയല്ല, ഈ വകക്കാർ മററു ചിലക്കു മാതൃകകളാകുന്നതുകൊണ്ടു ഒരു വിധം അനുരാഗഭ്രാന്തന്മാർ ലോകത്തിൽ വദ്ധിച്ചുവരുവാനും ഇടയാകുന്നു. ദാമ്പത്യജീവിതസുഖമനുഭവിപ്പാൻ ഇക്കൂട്ടക്കു ദുല്ലഭമായേ സംഗതിവരികയുള്ളു.

ഈ അനുരാഗഭ്രാന്തന്മാർ സാധാരണയായി അനുരാഗവിഷയമായ പല വത്തമാനങ്ങളും ജല്പിച്ചുകൊണ്ടിരിക്കും. യഥാത്ഥാനുരാഗികറം ഒരു കാലത്തും വായാടികളായിരിക്കയില്ല. അനുരാഗപ്രാത്ഥനയുമുരുവിട്ടു അലഞ്ഞുനടക്കുന്നവരോടു പൊതുവിൽ ആക്കും അത്ര അഭിനിവേശമുണ്ടാകാൻ സംഗതിയില്ല.

അനുരാഗവിഷയത്തെക്കുറിച്ചു ഒരു ബുദ്ധിമാനായ കവി ഇപ്രകാരം പറയുന്നു. "വിവാഹം കഴിക്കുവാൻ ഇഷ്ട

പ്പെടുന്ന ചെറുപ്പക്കാർ അവരുടെ അനുരാഗത്തെ മുൻനി ൎത്തി പ്രസ്തുത കൎമ്മം നടത്തുന്നപക്ഷം ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ ഭംഗംവരാത്ത സ്നേഹഭക്തിബഹുമാനാദികൾ ഉണ്ടാവുകയും, അവരുടെ ജീവിതത്തിൽ പ്രായോഗിക മായ പല സൽക്കൎമ്മങ്ങളും നടത്തുവാൻ സാധിക്കുകയും ചെയ്യുമെന്നുള്ളതു വളരെ പ്രധാനമായ ഒരു സംഗതിയാ കുന്നു." ഈ വിഷയത്തിൽ നമുക്കു കുറച്ചുകൂടി കൂടുത ലായി പറയുവാനുണ്ട്. വിവാഹകാലത്തുണ്ടാകുന്ന ഒരു സ്നേഹം ദമ്പതിമാൎക്കു പിന്നീടുണ്ടാകാതിരുന്നാൽ അവരു ടെ ആദ്യത്തെ സ്നേഹത്തിനെ ഒരു സ്നേഹമെന്നു വ്യാഖ്യാ നിക്കുവാൻ നിവൃത്തിയില്ല. അതു പ്രാരംഭത്തിൽ അന്യർ തമ്മിലുള്ള ഒരു പരിചയമോ, ഇഷ്ടമോ മാത്രമാകാനേ വഴിയുള്ളു. അതുകൊണ്ടുതന്നെയാണു അതിനു സുസ്ഥിര മായ ഒരു ആധിപത്യം ദമ്പതിമാരിൽ ഇല്ലാതിരിപ്പാനുള്ള കാരണവും. "ദാരിദ്ര്യം വന്നു വാതിൽ തുറക്കുമ്പോൾ, അനുരാഗം ജനലിൽക്കൂടി പ്പുറത്തേക്കു പറക്കുന്നു" എ ന്നൊരു പഴഞ്ചൊല്ലുണ്ട്. ഇങ്ങിനെ ദാരിദ്ര്യദേവതയെ ഭ യന്നു പറന്നുപോകുന്ന അനുരാഗവും, മുൻപറയപ്പെട്ടപ്ര കാരം വധൂവരന്മാർ തമ്മിലുള്ള വലിയ പരിചയമെന്നോ ഇഷ്ടമെന്നോ മാത്രമേ പറയുവാൻ പാടുള്ളു. ഈ അനു രാഗം സുദൃഢമായ ഒന്നാണെങ്കിൽ ദാരിദ്ര്യത്തെ ആട്ടിപ്പു റത്താക്കുവാൻ അതിനു സാധിക്കും. ഇങ്ങിനെയുള്ള അനു രാഗകഥകൾ ഇന്നു നാം ലോകത്തിൽ കണ്ടുവരുന്നുണ്ട്.

ആത്മാവു മനസ്സിനോടും, ശരീരത്തോടും എപ്രകാരം സംബന്ധപ്പെട്ടിരിക്കുന്നുവോ അപ്രകാരം തന്നെ മനസ്സി നോടും ശരീരത്തോടും സംബന്ധപ്പെട്ട ഒരു പ്രത്യേക വസ്തു വാകുന്നു അനുരാഗം. സ്ത്രീപുരുഷന്മാൎക്കു തമ്മിൽ അനുരാഗ മുണ്ടാകുന്നതു, ചിലപ്പോൾ അവരുടെ അംഗലാവണ്യത്താ

ൽ അന്യോന്യം ആകർഷിക്കപ്പെടുന്നതുകൊണ്ടല്ല. അവരുടെ മനസ്സ തമ്മിൽചേരുന്നതുകൊണ്ടു സാധാരണ അവരിൽ അനുരാഗാങ്കുരമുണ്ടാകുന്നു. ചിലപ്പോഠം:മനസ്സതമ്മിൽ സംബന്ധമില്ലെങ്കിലും അവർ ബാഹ്യമായ എന്തെങ്കിലും ഒരു ആകർഷണത്താൽ പെട്ടെന്നു പരസ്പരാനുരക്തരായിത്തീരുന്നു. ഈ ഒരു അനുരാഗം കാലക്രമംകൊണ്ടു് നശ്വരമാകുന്നതാണ്. യഥാർത്ഥാനുരാഗമാണെങ്കിൽ അവർ തമ്മിൽ മാനസികമായ ഒരു പ്രത്യേകസംബന്ധമുണ്ടാകാതിരിക്കയില്ല.

അനശ്വരമായ അനുരാഗത്തിന്റെ രഹസ്യം അതിന്നു ഒരു പ്രത്യേകജീവചൈതന്യമുണ്ടെന്നുള്ള സംഗതിയാണ്. അനുരാഗത്തിന്നു ഈ ഒരു ജീവചൈതന്യം വരുന്നതു എങ്ങിനെയാണെന്നും, എവിടെനിന്നാണെന്നുമാണ ഇനി നാം ആലോചിക്കേണ്ടത്. ഈ സംഗതി സ്ഥലമായി അറിയേണമെങ്കിൽ എവിടേയോ കിടക്കുന്ന ഒരു പുരുഷൻ സംഗതിവശാൽ ഒരു സ്ത്രീയെ സ്നേഹിക്കുവാൻ ഇടവരുന്നതും അതുപോലെതന്നെ അതേ സ്ഥിതിയിലുള്ള ഒരു സ്ത്രീ ഒരു പുരുഷനെ കാംക്ഷിക്കാനിടവരുന്നതും നാം പ്രത്യേകം ആലോചിച്ചാൽമതി. ഇതുകൊണ്ടുതന്നെ അനുരാഗത്തിൽ ശക്തിമത്തായ ഒരു ചൈതന്യമുണ്ടെന്നു തെളിയുന്നു. പുരുഷന്മാരെപ്പോലെത്തന്നെ സ്ത്രീകളും തങ്ങഠംക്കു പറ്റിയ വരന്മാരെ പലപ്പോഴും തിരഞ്ഞെടുക്കാറുണ്ടു്. സാധാരണയായി കാര്യവിവരമുള്ള പുരുഷന്മാർ വിനയവും വിവേകവുമുള്ള സ്ത്രീകളെയാണ് ഇക്കാലത്തു തിരഞ്ഞെടുക്കുക. എന്നാൽ സ്ത്രീകഠംക്കു മിക്കവാറും ഒരു പ്രത്യേകഗുണമുള്ളതു് അവർ യഥാർത്ഥമായി സ്നേഹിക്കുന്ന ഒരു പുരുഷനെക്കുറിച്ചല്ലാതെ മറ്റൊ

രു പുരുഷനിൽ അവൾക്കു ആഗ്രഹം ഉണ്ടാവുകയില്ലെന്നുള്ളതാണ് പുരുഷന്മാർ മിക്കവാറും ഈ തരക്കാരല്ല. ഒരു സ്ത്രീ സാധാരണ ഒന്നാമതായി സ്നേഹിക്കുന്ന ഒരു പുരുഷനെ അത്ര വേഗം വിസ്മരിക്കുകയില്ല, വാസ്തവത്തിൽ സ്ത്രീകൾ അവരുടെ ഹൃദയം കൊണ്ടു ധരിക്കു പുരുഷന്മാരെപ്പററി അവരുടെ സഖിമാരോടുകൂടി പ്രസ്താവിക്കുകയില്ല. പുരുഷന്മാർ പ്രായേണ ഈ കാര്യത്തിൽ വിപരീതസ്വഭാവക്കാരാണ്. സംഗതിവശാൽ ഒരു സ്ത്രീ അവൾ കാംക്ഷിക്കുന്ന പുരുഷനോടുതന്നെ തൻെറ ആഗ്രഹം സൂചിപ്പിക്കുന്നു എന്നിരിക്കട്ടെ. അതു സ്ത്രീസ്വഭാവത്തിന്നു സാധാരണ സംഭവിക്കാത്ത ഒരു സംഗതിയാണ്. അതു കേവലം പരിശുദ്ധവും വിശ്വാസയോഗ്യവുമായ ഒരു അഭ്യർത്ഥനയായിരിക്കണം. ഈ വിഷയത്തിൽ പ്രസ്തുത സ്ത്രീയുടെ മാനത്തെ രക്ഷിക്കേണ്ടതു ആ പുരുഷൻെറ ധർമ്മമാകുന്നു.

ഇപ്രകാരം നിഷ്കളങ്കാനുരാഗത്തെ ഒരു പുരുഷനിൽ പ്രത്യക്ഷപ്പെടുത്തിയ ഒരു സ്ത്രീക്കു അനുകൂലമായ സമാധാനമാണ് ആ പുരുഷൻെറ പക്കൽ നിന്നു കിട്ടിയതെങ്കിൽ അവർതമ്മിലുള്ള അനുരാഗം സുദൃഢമാണെന്നു വരുന്നു. ഈ ദൃഢാനുരാഗത്തെ ശരിയായി ഉറപ്പിക്കേണ്ടതു് വിവാഹം കൊണ്ടാണ്. ഈ സന്ദർഭത്തിലും വിവാഹശേഷവും പ്രസ്തുത സ്ത്രീപുരുഷന്മാർ തമ്മിൽ എന്നും യോജിപ്പോടുകൂടി കഴിയുവാൻ ഇടയാകണമെങ്കിൽ അവർക്കുണ്ടാകേണ്ടതു് അന്യോന്യബഹുമാനമാകുന്നു.

മര്യാദയോടുകൂടി നടത്തപ്പെടുന്ന ഏതു വിവാഹത്തിലും വധൂവരന്മാർ കേവലം വേറെവാക്യമായി സ്വീകരിക്കേണ്ടതു് തങ്ങളുടെ ജീവിതത്തിൽ തങ്ങളുടെ ഭാഗഭാക്കു

DIST... No.......... KOTTAYAM.

കളെ ബഹുമാനിക്കുക എന്നതാകുന്നു. ഇതാണു പുരുഷസമുദായത്തിന്നും ഒരു രക്ഷാമാൎഗ്ഗമായ അടിസ്ഥാനം.

"ദരിദ്രന്നു ഒരു നിയമം, ധനവാന്നു മറെറാരു നിയമം" എന്നൊരു പഴഞ്ചൊല്ലുണ്ട്. ഈ തത്വത്തെ ഏതാണ്ടു വ്യാഖ്യാനിക്കുന്ന വിധമാണ് ചില സ്ത്രീകൾ "പുരുഷന്നു ഒരു നിയമമെന്നും സ്ത്രീക്കു ഒരു നിയമ"മെന്നും വ്യാഖ്യാനിക്കുന്നതു്. ജീവിതദശയിലെ ചിലഘട്ടങ്ങളിൽ ഈ തത്വം പ്രായോഗികവും, അത്യാവശ്യവുമായിരിക്കും. ഇതിന്നുദാഹരണമായി സാധാരണ സഹോദരീസഹോദരന്മാരുടെ കാൎയ്യംതന്നെ എടുക്കാം. അവരുടെബന്ധം കേവലം ദൃഢമായ ഒന്നാണെന്നുള്ളതിന്നുസംശയമില്ല. എന്നാൽ വിദ്യാഭ്യാസവിഷയവും മററും വരുമ്പോൾഒരു വ്യത്യസ്തത അവിടേയും കാണുന്നു. ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്നാണു പെൺകുട്ടികളുടേതിനേക്കാൾ പ്രാധാന്യം നൽകേണ്ടതെന്നുള്ള ഒരു ഭൂരിപക്ഷാഭിപ്രായമാണു അവിടെ പ്രബലമാകുന്നതു്. വിശേഷിച്ചു രാഷ്ട്രീയവിഷയത്തിലും പുരുഷന്നു അനുകൂലമായ സ്വാതന്ത്ര്യമോ, സ്ഥാനലബ്ധിയോ നൽകുന്നതിന്നു ഒരു നിയമവും, സ്ത്രീയുടെ കാൎയ്യം വരുമ്പോൾ അതിൽ ചില പ്രതിബന്ധങ്ങൾ അഥവാ പ്രത്യേക വകുപ്പുകളും ഉൾപ്പെടുത്തുന്നു. എന്നാൽ മറെറല്ലാം വിഷയവും പോകട്ടെ. വിവാഹശേഷം പരിശുദ്ധരായ ദമ്പതിമാർ അവൎക്കു ബാധിക്കുന്ന ഏതു നിയമത്തിലും ഒരുപോലെ പങ്കുകൊള്ളേണമെന്നുള്ളതാണു നാം പ്രത്യേകം മനസ്സിലാക്കേണ്ടതു.

അനീതിയായും, അസ്വാഭാവികമായും പെരുമാറുന്ന ഏതു ഭൎത്താവിനോടും ആത്മാഭിമാനമുള്ള ഒരു സ്ത്രീക്കു വലിയ പ്രതിപത്തി കാണുകയില്ല. ഇങ്ങിനെ നിൎബ്ബന്ധ

നിലയിൽ തൻെറ ഭാൎയ്യയെ ഉപദ്രവിക്കുന്ന ഒരു പുരുഷൻ വാസ്തവത്തിൽ തനിക്കുതന്നെ ഉപദ്രവം ഉണ്ടാക്കിത്തീക്കുകയാകുന്നു. ജീവിതത്തിലെ പ്രാധാന്യമേറിയ ദാമ്പത്യദശയിൽ മിതമായ നിയമമാണു നാം കാൎയ്യമായി ആചരിക്കേണ്ടത്. ഹിതകരമായ ആചാരം കായികമായും, മാനസികമായും സൎവ്വഥാ അനുഷ്ഠിക്കേണ്ടതാണ്. അതാതു സമയമുണ്ടാകുന്ന നിന്ദ്യമായ വികാരങ്ങളെ ജയിക്കുവാൻ സന്നദ്ധനാകുന്ന ഒരു പുരുഷൻ തന്നെയാണു യഥാൎത്ഥമായ പൌരുഷമുള്ളവൻ. ആത്മാഭിമാനിയായ യാതൊരു പുരുഷനും ദുരാചാരനിരതനാകാൻ സംഗതിയില്ലെന്നുതന്നെയല്ല അയാൾ സ്വഭാൎയ്യക്കു ആജീവനാന്തം യാതൊരു വിധത്തിലുള്ള അലട്ടുകൾക്കും ഇടവരുത്തുകയില്ല.

ദുരാചാരനിരതനായ ഒരു പുരുഷൻ തൻെറ ഭാൎയ്യക്കു കേവലം മരണകാരണമായ പല ഉപദ്രവങ്ങളുംകൂടി സ്വാധികാരപ്രമത്തതയാൽ ഉണ്ടാക്കിവെയ്ക്കുന്നു. ഈ വിഷയത്തിൽ പ്രത്യേകമായ ഒരു ബോധം ദാമ്പത്യധൎമ്മം അനുസരിക്കുന്ന ഏവൎക്കും ഉണ്ടാകേണ്ടതാണ്. ഒരു പുരുഷനു ദുരാചാരത്താൽ അനുഭവിപ്പാനിടവരുന്ന ദോഷം അവനും, അവൻെറ ജീവിതത്തിലെ ഭാഗഭാക്കായ ഭാൎയ്യക്കും ഒന്നുപോലെ സംഭവിക്കുന്നു. ഈ നീചനീചമായ ദുരാചാരമാൎഗ്ഗാനുഷ്ഠാനസമ്പാദ്യത്തിൻെറ ഭയങ്കരാവസ്ഥ വലിയ നഗരങ്ങളിലും മററുമുള്ള 'ഡോക്ടർമാരാണ്' അധികമായി അറിയുന്നത്. ഈ ദിന്ദ്യവിഷയത്തിനു മനുഷ്യസമുദായത്തെ ഒന്നായി മലീമസമായ ദുരിതാൎണ്ണവത്തിലേക്കു തള്ളിയിടുവാനുള്ള ശക്തി ഒട്ടും ചില്ലറയല്ല. അന്യസ്ത്രീകളെ ആശിച്ചു അങ്ങുമിങ്ങും ഓടുന്ന ഒരു പുരുഷൻ സഭാൎയ്യനായാലും അല്ലെങ്കിലും അയാൾക്കു ഈ ലോക

ത്തിൽ ഒരു പ്രത്യേകനരകംതന്നെ ഒഴിച്ചുവെച്ചിട്ടുണ്ടു; അതു പരലോകത്തിലൊന്നമല്ല.

"അല്ലയോ ഭർത്താക്കന്മാരെ! നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുക" എന്നുള്ള ഒരു ദൈവികതത്വം പൂർണ്ണമായി വ്യാഖ്യാനിക്കണ്ടതു അതന്നു തുടർച്ചയായിപ്പറഞ്ഞിട്ടുള്ള "അതുപോലെതന്നെ മനുഷ്യർ തങ്ങളുടെ ശരീരത്തെപ്പോലെ അവരുടെ ഭാര്യമാരെ സ്നേഹിക്കുക" എന്നുള്ള മറെറാരു തത്വവുംകൂടി ഗ്രഹിച്ചശേഷമായിരിക്കേണ്ടതാണ. ക്രമാധികമായ വിഷയാസക്തിയാലോ, ദുരാചാരപ്രതിപത്തിയാലോ സ്വഭാര്യയുടെ ശരീരത്തിന്നു അസ്വാസ്ഥ്യം അഥവാ അപകടം ഉണ്ടാക്കിത്തീക്കുന്ന യാതൊരു പുരുഷനും അയാളുടെ ഭാര്യയെ തീരെ സ്നേഹിക്കുന്നില്ലെന്നു നിർവ്യാജം അഭിപ്രായപ്പെടാവുന്നതാണ്.

സ്വസന്താനങ്ങളെ കരുതിയിട്ടെങ്കിലും ഒരു വിവാഹിതനായ പുരുഷൻ"ഒരു ഭാര്യയുടെ ഭർത്താവായിമാത്രം" ഇരിക്കേണ്ടതാണ്. ഈ വിഷയത്തിലും പ്രസ്തുത തത്വം സ്പഷ്ടമാക്കുവാൻ കൂടുതൽ വ്യാഖ്യാനം വേണമെന്നില്ല. എന്നിട്ടും നമ്മുടെ ആസ്പത്രികളും, ഭ്രാന്തശാലകളും നിറഞ്ഞുകാണപ്പെടുന്ന വിവിധരോഗികളുടേയും, ഭ്രാന്തന്മാരുടേയും മററും സംഖ്യ കാണുമ്പോൾ, മനുഷ്യർ പരിശുദ്ധ ജീവിയെ നയിക്കുവാൻ തീരെ പഠിച്ചിട്ടില്ലെന്നാണ് വിചാരശീലനായ ഒരാൾ ഓക്കുവാനിടയുള്ളത. ഈ വിഷയത്തിൽ വാസ്തവത്തിൽ ജനസാമാന്യത്തെ മാത്രം കററം പറഞ്ഞിട്ടും ആവശ്യമില്ല. ദുർവ്യാപാരങ്ങളെ പരിഹരിച്ചു സദാചാരാനുഷ്ഠാനത്തിന്നു സൗകൎയ്യങ്ങളും വരുത്തുവാനുള്ള മാൎഗ്ഗവും വാസ്തവത്തിൽ സുകരമായ നിലയിലല്ലാ കാണുന്നത്. ഇങ്ങിനെ പ്ര വിവിധരീതിയില്ല

ളള സന്താനവദ്ധനയെ ക്രമീകരിച്ച അഥവാ കുറച്ചു കൊണ്ടുവരുവാൻ തക്ക നിയമവും നടപ്പിലായിട്ടില്ല. ഒരാറം ക്കു തൻെറ ഭായ്യ തനിക്കു തീരെ യോജിക്കാത്തവളോ, അനുസരണശീലമില്ലാത്തവളോ, ഭാൎയ്യാധമ്മത്തെ നിവ്വഹിക്കാൻ കഴിയാത്തവളോ ഏതു തരത്തിൽ പെട്ടവളായാലും വേണ്ടതില്ല അവളെ ഭായ്യയായിത്തന്നെ വെച്ചുകൊണ്ടിരിക്കേണമോ എന്നുള്ള സംഗതിയാണു ഈ അവസരത്തിൽ ഒരു നീതിന്യായനിലയിൽ നാം ആലോചിക്കേണ്ടത്. ഇക്കായ്യത്തിൽ ഒരു നീതിന്യായക്കോടതിയോ, പഞ്ചായത്തുസഭയോ ഒന്നും ആവശ്യമില്ല. ഒരു മനുഷ്യൻ തൻെറ യഥാൎത്ഥമായ ചുമതലയേയും, ആവശ്യത്തേയും ശരിയായി അറിയുന്നവനാണെങ്കിൽ ഈ സംഗതി അയാറംക്കുതന്നെ തീച്ചപ്പെടുത്താവുന്നതാണു. ആലോചനാരഹിതനായ ഒരു പുരുഷൻെറ അതിരുകവിഞ്ഞ വിഷയാസക്തിയുടെ ഫലം നിദ്ദോഷികളായ അയാളുടെ സന്താനങ്ങറം അനുഭവിക്കുവാൻ ഇടവരുന്നതു എല്ലാംകൊണ്ടും സങ്കടമാണെന്നേ ഇതിൽനിന്നു അനുമാനിക്കേണ്ടതുള്ളു. അനീതിപരമായ ഇത്തരം സന്താനവദ്ധനയെ അഥവാ, ദാമ്പത്യത്തെ തീരെ പരിഹരിക്കത്തക്ക നിലയിൽ ഒരു നിയമം ഉണ്ടാകുന്നപക്ഷം ഇന്നത്തെ ജനസാമാന്യം എല്ലാംകൊണ്ടും ശ്രേയസ്സും, ഓജസ്സും ഉള്ളവരായിരിക്കുമെന്നുള്ളതിന്നു സംശയമില്ല. അപമയ്യാദയോടും, അന്യായമായും നടത്തപ്പെടുന്ന പഴയ വിവാഹമോചനങ്ങളേക്കാറം ഈ പരിഷ്കൃതസമ്പ്രദായം ലോകത്തിന്നു ഉത്തരോത്തരം അഭിവൃദ്ധിക്കു കാരണമാകാതിരിക്കയില്ല.

ദാമ്പത്യജീവിതം സവ്വഥാ പരിശുദ്ധമാകേണമെങ്കിൽ സ്ത്രീകറം യഥാൎത്ഥപതിവ്രതമാരായിരിക്കേണ്ടതാണ്. നേരെ മറിച്ചുള്ള കാൎയ്യം വിചാരിക്കുവാൻപോലും പാടി

ല്ലാത്ത ഒരു നിന്ദ്യവിഷയമാകുന്നു. ഒരു സ്ത്രീ കരുതേണ്ടതു തൻെറ മാനമാണു തൻെറ ഭൎത്താവിൻെറ മാനം എന്നാകുന്നു. സംഗതിവശാൽ വിവാഹശേഷം ഒരു സ്ത്രീ ഒരു തെററു ചെയ്തു എന്നു അവറം കാണുവാനിടയായാൽ അവറം ഒരു വിധം വിചാരശീലയും, കാൎയ്യാകാൎയ്യകോവിദയുമാണെങ്കിൽ അവറം തൻെറ ഭൎത്താവിൻെറ യഥാൎത്ഥ സഹധൎമ്മിണിയാണെന്നു അഭിമാനിക്കുവാൻ അവളുടെ മനസ്സാക്ഷി അവളെ അനുവദിക്കയില്ല. അവറം പശ്ചാത്താപമുള്ളവളാണെങ്കിൽ അവളുടെ ദോഷശങ്ക ഉമിത്തീപോലെ എന്നും അവളുടെ ഹൃദയത്തിൽ നീറിപ്പിടിച്ചുകൊണ്ടിരിക്കുന്നതാണ്. പ്രാചീനകാലങ്ങളിൽ പാതിവ്രത്യഭംഗം വരുത്തുന്ന സ്ത്രീകറംക്കു മരണശിക്ഷയാണ് കല്പിക്കപ്പെട്ടിരുന്നതു. ഇക്കാൎയ്യത്തിൽ സാമുദായികമായ സൎവ്വസമ്മതവും ഉണ്ടായിരുന്നു. ഇന്നു അമേരിക്കയിലെ നിയമവും ഏതാണ്ടു ഇതിൻെറ ഒരു വ്യാഖ്യാനമാകുന്നു. ഒരാറം മറെറാരാളെ നിഗ്രഹിക്കുനാനിടവരുന്നതുംമററം അയാളുടെ ഭാൎയ്യയെ ദുരാചാരപന്ഥാവിലേക്കു രണ്ടാമതു പറഞ്ഞ ആറം നയിക്കുന്നതുകൊണ്ടാണെന്നാണ് ഇതിൻെറയെല്ലാം താല്പൎയ്യം. ഈ സംഗതികൊണ്ടു ഒരു ഭാൎയ്യ പാതിവ്രത്യഭംഗം വരുത്തുന്നതു എത്രമാത്രം ഗൌരവമേറിയ ഒരു തെററാണെന്നു തെളിയുന്നു. ഈ തത്വമെല്ലാം യഥാൎത്ഥത്തിൽ ശിഥിലമായ ചില കായികസംഗതികറംക്കു അടിസ്ഥാനമായിട്ടുള്ളതാണെന്നറിയുമ്പോറം തത്വജ്ഞാനകളായ ഏവക്കും ഈ ലോകസമ്പ്രദായത്തിൻെറ പരിണാമം ശരിയായി മനസ്സിലാകുന്നു. സ്ത്രീകറംക്കു ആത്മവിശ്വാസം പ്രായേണ കുറവായാൽ ദുരാചാരാസക്തി അവരുടെ സ്വാഭാവികമായ ഒരു ദോഷമാണെന്നു പറയുന്നത് ഒട്ടാകെ സ്ത്രീസമുദായത്തിന്നു ഒരു അധിക്ഷേപമായി

ആരും കരുതാതിരിപ്പാൻ അപേക്ഷിച്ചുകൊള്ളുന്നു. ഒരു സ്ത്രീയുടെ പ്രധാനാദർശം മാതൃത്വപരിപാലനമായിരിക്കണം. ഈ ഒരു തത്വംകൊണ്ടുതന്നെ ഏതു സ്ത്രീകളും അവരും ഇന്ന പ്രകാരത്തിൽ ഇരിക്കണമെന്നു വ്യാഖ്യാനിക്കാതെതന്നെ വ്യക്തമാകുമെന്നു തോന്നുന്നു. ഈ വിഷയത്തെ സംബന്ധിച്ച കൂലങ്കഷമായ ഒരു നിരൂപണം കഴിക്കുമ്പോൾ ഇനിയുള്ള അദ്ധ്യായങ്ങളിൽ നിന്നും മനുഷ്യനിയമം ദൈവനിയമമാകുന്നു എന്നു നമുക്കു ബോദ്ധ്യമാകാതിരിക്കയില്ല. മതം എന്നതു പരിശുദ്ധീകരിക്കപ്പെട്ട ഒരു വിശേഷജ്ഞാനമാകുന്നു. അശുദ്ധയായ ഒരു അമ്മ (ഭാര്യ) മനുഷ്യന്റേയും, ദൈവത്തിന്റേയും നിയമത്തെ ആപാദചൂഡം മലിനമാക്കിത്തീർക്കുന്നു. സ്ത്രീകൾ മിക്കവാറും തങ്ങളുടെ ജീവിതത്തിൽ ദൈവത്തെ ബഹുമാനിക്കുന്നില്ല. തങ്ങളുടെ ഭർത്താക്കന്മാരെ ബഹുമാനിക്കുവാൻ തോന്നാത്ത സ്ത്രീകൾ ദൈവത്തെ ബഹുമാനിക്കാത്തതിൽ അത്ഭുതപ്പെടുവാനവകാശമില്ല.

ദാമ്പത്യത്തിലെ മറ്റൊരു പ്രധാനഗുണം അനുസരണമാകുന്നു. യഥാർത്ഥഭാഗ്യത്തെ തട്ടിപ്പൊട്ടിക്കുന്ന ചില കരിമ്പാറകൾ (അനുസരണക്കേടുകൾ) എത്ര കുടുംബത്തെ അധഃപതിപ്പിച്ചിട്ടുണ്ടെന്നുള്ളതിന്നു ഒരു കയ്യും കണക്കുമില്ല. ഭർത്താവു ഭാര്യയെ സന്തോഷിപ്പിക്കുവാൻ കടപ്പെട്ടവനാണെങ്കിൽ ഭാര്യ നിശ്ചയമായും ഭർത്താവിനോട് അനുസരണമുള്ളവളായിരിക്കേണ്ടതാണ്.

എന്നാൽ ഈ അനുസരണത്തിന്നും ഒരു പ്രകാരഭേദമുണ്ട്. ഭാര്യാഭർത്താക്കന്മാരുടെ അനുസരണത്തെപ്പറ്റി സാധാരണ വാദപ്രതിവാദം നടത്താറുള്ള ഒരു പുരുഷനും സ്ത്രീയും യഥോചിതം ദമ്പതിമാരായിത്തീർന്ന ഒരു

കഥകേട്ടിട്ടുണ്ട്. വിവാഹദിവസം തന്നെ പ്രസ്തുത മണവാളൻ തൻെറ മണവാട്ടിയോട് എൻെറ 'ചെരിപ്പ് തുടക്കു' എന്നു സ്വകാര്യം പറയുകയാണുണ്ടായത്. പുരോഹിതന്മാരുടേയും പാതിരിമാരുടേയും മററും പ്രസംഗത്തിലെ 'അനുസരിക്കുക' എന്നുള്ള മുദ്രാവാക്യത്തിൻെറ ശക്തിയാണ് അയാളെ തൻെറ ഭാഗഭാക്കാകുന്നവളോടു ചെരിപ്പു തുടക്കുവാൻ ഒന്നാമതു് പ്രേരിപ്പിച്ചതു്. പക്ഷെ ആ സ്ത്രീ അത്ര വങ്കത്തമുള്ളവളായിരുന്നില്ല. പുരോഹിതന്മാരും മററും പറയുന്നതെല്ലാം വേദവാക്യമാക്കാതെ അവരുടെ ആ പഞ്ചാക്ഷരത്തോടു് (അനുസരിക്ക) 'വേണ്ട' എന്നു കൂടി ചില സംഗതികളെ സംബന്ധിച്ചു നാം മനസ്സിലാക്കേണ്ടിവരുമെന്നായിരുന്നു ഒരു ദീർഘനിശ്വാസപൂർവ്വം അവറം പറഞ്ഞ സമാധാനം. അനുസരണത്തിൻെറ ഒരു അതിർത്തിയും, അതിൻെറ ഒരു സ്വഭാവവും ഇതിൽനിന്നു സ്പഷ്ടമാകുന്നതിനാൽ യഥോചിതം അനുസരണം അഭ്യസിക്കുവാനേ ഏവക്കും അവകാശവും ആവശ്യവുമുള്ളു.

എന്നാൽ പച്ചപരിഷ്കാരപ്പുകിട്ടാൽ കണ്ണുകാണാത്ത ചില യുവതികളായ സ്ത്രീകറം ഈ അനുസരണം എന്ന പദംതന്നെ അവരുടെ നിഘണ്ടുക്കളിൽനിന്നു എടുത്തുകളയുന്നു. ഇങ്ങിനെയുള്ള ഇന്നത്തെ ചില "ഭാര്യമാർ"എടുക്കുന്ന ഈ ദുസ്വാതന്ത്ര്യം അവരുടെ ജീവിതായോധനത്തിലെ യഥാത്ഥനായകന്മാരും, "തന്നെ സ്നേഹിക്കുന്നപോലെതന്നെ തൻെറ ഭാര്യയേയും സ്നേഹിക്കുക" എന്ന തത്വം സർവ്വാത്മനാ കൈക്കൊള്ളുന്നവരുമായ അവരുടെ ഭർത്താക്കന്മാരോടാണെന്നറിയുമ്പോറം സാമുദായിക വിഷയത്തിലും ചില പരിഷ്കാരങ്ങറം കടന്നു കൂടിയതുകൊണ്ടു വന്നുചേന്നിട്ടുള്ള അനത്ഥങ്ങറം നമുക്കു അനുഭവഗോചരമാകുന്നു.

ഇന്നത്തെ "ഭാൎയ്യ"മാരോടു ഈ അവസരത്തിൽ പറയുവാനുള്ളതു "അല്ലയോ ഭാൎയ്യമാരേ! നിങ്ങൾ ദൈവത്തോടു എത്രമാത്രം വിനീതമാരാണോ നിങ്ങളുടെ ഭൎത്താക്കന്മാരോടും അത്ര വിനീതമാരായിരിപ്പിൻ" എന്നാകുന്നു. ഇങ്ങിനെ പറയുന്നതുകൊണ്ടു ഭൎത്താക്കന്മാർ ഭാൎയ്യമാരെ അന്യായമായ അധികാരത്തിന്നും, ക്രമാതീതമായ വിഷയാസക്തിക്കും അധീനപ്പെടുത്തി കഷ്ടപ്പെടുന്നതു കേവലം നീചവും, നിഷ്ഠുരവുമായ പ്രവൃത്തികളാണെന്നു ഇന്നത്തെ "ഭൎത്താക്ക"ന്മാരും പ്രത്യേകം അറിയേണ്ടതാണ്. "ഓരോരുത്തരും പ്രത്യേകമായി തന്നെപ്പോലെ തന്നെ തന്റെ ഭാൎയ്യയേയും സ്നേഹിക്കട്ടെ. എല്ലാ ഭാൎയ്യമാരും അവരുടെ ഭൎത്താക്കന്മാരെ ബഹുമാനിക്കുന്നതു തങ്ങളുടെ പ്രധാനധൎമ്മമാണെന്നു കരുതട്ടെ."

ഈ ധൎമ്മം ഇരുകക്ഷികളിലും ഒന്നുപോലേ കാണേണ്ടതാകുന്നു. ഒരു പരിചയുടെ രണ്ടുവശവും ഒരേ ഗുണത്തോടുകൂടിയിരിക്കേണമെന്ന പ്രത്യേകിച്ചു പറയണമെന്നില്ലല്ലൊ. ഭൎത്താവു കേവലം കൃതഘ്നനായിരിക്കയും, ഭാൎയ്യ എന്തുതന്നെ ചെയ്താലും തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്നപക്ഷം താൻ ഒരു "അബലയാണെന്ന ഏകകാരണത്തിന്മേൽ ഭൎത്താവിന്റെ ചൊല്പടിക്കു നടക്കുവാൻ പ്രായേണ മിക്ക സ്ത്രീകൾക്കും സാധിച്ചു എന്നു വരുന്നതല്ല. അവർ അന്യോന്യം സ്നേഹപൂൎവ്വം വൎത്തിക്കുവാൻ സംഗതി വരുത്തുന്നതെല്ലാം അവരുടെ ലോകസ്വഭാവനിരീക്ഷണഫലമായിട്ടുണ്ടാകുന്ന പരിജ്ഞാനമാകുന്നു. സ്നേഹം, ബഹുമാനം, അനുസരണം എന്നീ മൂന്നു ഗുണങ്ങളിൽ ഒന്നു മറെറാന്നിനേക്കാൾ പ്രാധാന്യമേറിയതാണെന്നു പറയുന്നതു അസ്വതന്ത്രമാകുന്നു. ചില സന്ദൎഭങ്ങളിൽ മനുഷ്യന്റെ ആശയെല്ലാം സ്ത്രീ അധീനമാകേണമെന്നുള്ളതു തീ

രെ കററകരവും, ലജ്ജാകരവുമായ ഒരു കാൎയ്യമാണ. അങ്ങിനെയുള്ള നിർബ്ബന്ധപൂൎവ്വമായ അനുസരണത്തിന്നു നാം പ്രസ്താവിക്കുന്ന യഥാൎത്ഥാനുസരണമെന്നു പേർ പറയുവാൻ പാടില്ല.

ഈവക സംഗതികളെക്കുറിച്ച ഇനിയും വിശദമായി പ്രസ്താവിക്കുവാനുണ്ട. വിവാഹജീവിതത്തിൽ ഒരു പുരുഷന്നു ഒരു സ്ത്രീ ഏതുപ്രകാരം സഹധൎമ്മചാരിണിയായിരിക്കേണമെന്നുള്ളതിന്നു വലിയ തത്വവേദികളുടേയും മററും വ്യാഖ്യാനംആവശ്യമില്ല. ദമ്പതിമാർ പരസ്പരസുഖാനുഭവികളായിത്തീരുന്നപക്ഷം അവരുടെ വിവാഹജീവിതം സഫലമായി എന്നു അനുമാനിക്കുവാൻ പ്രയാസമൊന്നുമില്ല. സാധാരണ ചിലഭൎത്താക്കന്മാർമദ്യപാനികളായും, ദുരാചാരതല്പരന്മാരായും, കേവലം മടിയന്മാരായും തീരുമ്പോറം അവരുടെ ഭാൎയ്യമാർ അവരോട ആ വക ദുൎഗ്ഗുണങ്ങളിൽനിന്നു തലവലിക്കുവാൻ താണ അപേക്ഷിക്കുമ്പോറം അവർ (ആ ഭൎത്താക്കന്മാർ) തീരെ ശ്രദ്ധിക്കാത്തപക്ഷം പാവപ്പെട്ട ആ ഭാൎയ്യമാർ അവരെ അത്ര,ഗണ്യമാക്കാത്തതു അഥവാ തങ്ങളുടെ ജീവിതസൌകൎയ്യത്തിന്നു യഥോചിതം പ്രവൎത്തിക്കുന്നതിൽ ആക്കും ആക്ഷേപിക്കുവാൻ ന്യായമില്ല. എന്നാൽ സാമൎത്ഥ്യവും, തൻേറടവുമുള്ള സ്ത്രീകറംക്ക അവരുടെ നയംകൊണ്ട ഭൎത്താക്കന്മാരെ കുറെയൊക്കെ നന്നാക്കിത്തീൎപ്പാൻ കഴിയുമെന്നുള്ളതിന്നും സംശയമില്ല. ഗുണവതികളായ സ്ത്രീകറംക്ക തങ്ങളുടെ കുട്ടികളേയും ശരിക്ക സന്മാൎഗ്ഗപന്ഥാവിൽക്കൂടി നയിക്കുവാൻ കഴിയുമെന്നുള്ളതും നമുക്ക അനുഭവസിദ്ധമായ ഒരു സംഗതിയാകുന്നു.

പാരമ്പൎയ്യമായി ദേഹസൌഖ്യമില്ലാത്ത മാതാപി

താക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കും അവരുടെ രോഗബീജങ്ങൾക്കും കുത്തിവെക്കുന്ന സംഗതികൾ സർവ്വപ്രസിദ്ധമാണെങ്കിലും അവയെക്കുറിച്ച് നമുക്കു വഴിയെ പ്രസ്താവിക്കാം. മാതാപിതാക്കന്മാരുടെ ആത്മികമായോ മാനസികമായൊ ഉള്ള സ്വഭാവങ്ങളും തങ്ങളുടെ സന്താനങ്ങളിൽ സാമാന്യേന പ്രതിഫലിക്കുന്നുണ്ടെന്നുള്ളതിന്നു ദൃഷ്ടാന്തങ്ങൾ ഉണ്ട്. അവന്നു അവൻെറ അച്ഛൻെറ സ്വഭാവമാണ് എന്നു ചില സ്ത്രീകൾ തങ്ങളുടെ കുട്ടികളെ സംബന്ധിച്ചു പലപ്പോഴും പറയുന്നത് നിങ്ങൾ കേട്ടിരിക്കാൻ ഇടയുണ്ട്. ഈ വിഷയത്തിൽ ഒരു മഹാനായ ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ളതുപോലെ "ന്യായമായവിധം പ്രവർത്തിക്കുന്നതാണ് സ്വാഭാവികമായ പ്രവൃത്തിയെ പരിഷ്കരിക്കുന്നതിലും നല്ലത് ' എന്ന തത്വം നമ്മുടെ മാതാപിതാക്കന്മാർ ദൃഢമായി മനസ്സിലാക്കേണ്ടതാണ്: ശരിയായ ദേഹാരോഗ്യവും, സദാചാരതല്പരതയും ദമ്പതിമാക്കുണ്ടെങ്കിൽ അവരുടെ സന്താനങ്ങളിലും ആ ഗുണങ്ങൾ ആരംഭത്തിൽതന്നെ നിഴലിച്ചുകാണുമെന്നുള്ളതിന്നു രണ്ടുപക്ഷമില്ല. സ്വാഭാവികമായ പല ദുർഗ്ഗുണങ്ങളുമുള്ള ഭാര്യാഭർത്താക്കന്മാക്കുക്കുന്ന സന്താനസമ്പത്ത് ഭാവിയിൽ അവക്കും, ലോകത്തിന്നും ഒരുപോലെ പരിഹാസകരവും, ഉപദ്രവജനകവുമാകാനേ വഴിയുള്ളു.

"സൌന്ദര്യമുള്ളവരായിരിക്കുക" എല്ലാ ദമ്പതിമാരുടേയും ശയ്യാഗൃഹങ്ങളിൽ "സൌന്ദര്യമുള്ളവരായിരിക്കുക" എന്ന മഹത്തായ വാക്യം വലിയ അക്ഷരത്തിൽ എഴുതിപ്പറ്റിക്കുന്നതുകൂടി വളരെ ഗുണപ്രദമായ ഒരു കാര്യമാണെന്നുള്ളതിന്നു സംശയമില്ല ഒരു സ്ത്രീ ഗർഭിണിയായിരിക്കെ അവൾ തൻെറ വയററിൽ ശിശുകിടക്കുന്ന

ഒമ്പതുമാസങ്ങളിലും എന്തു വിചാരിക്കുന്നുവോ അതേ വിചാരം തന്നെ ആ ശിശുവിലും നാൾക്കുനാൾ വൎദ്ധിച്ചു വരുമെന്നുള്ളത് ഒരു യഥാൎത്ഥശാസ്ത്രീയ സിദ്ധാന്തമാകുന്നു. വിശേഷിച്ചു ഗൎഭിണിയായ സ്ത്രീക്കു പ്രസവകാലം വരെ ഏതു വിഷയത്തിലാണു് അഭിരുചിയെങ്കിൽ ആ വിഷയത്തിൽതന്നെ അവളുടെ ശിശുവിന്നും അഭിലാഷം വരുവാൻ ന്യായമുണ്ടു്. ഇനി ഇതിലും സ്പഷ്ടമായിട്ടുതന്നെ ഈ സംഗതിയെപ്പററി കുറഞ്ഞൊന്നു പറയാം. പുത്രോല്പാദനാവസരത്തിൽ ഭാൎയ്യാഭൎത്താക്കന്മാർ ദയ, ഔദാൎയ്യം ശ്രേഷ്ഠമായവിചാരം മുതലായവയുള്ളവരായിരുന്നാൽ അവരുടെസന്താനങ്ങളിലും പ്രസ്തുതഗുണങ്ങൾ പരിലസിക്കുമെന്നുള്ള പരമതത്വമാണു് ഇവിടെ പ്രസ്താവയോഗ്യമായിട്ടുള്ളതു്. അങ്ങിനെ സംഭവിക്കുന്ന സന്താനങ്ങൾ മാത്രമേ ദൈവത്തമായ സന്താനങ്ങളായിരിക്കയുള്ളു. സ്വാഭാവികമായി കുട്ടികൾക്കു മാതാപിതാക്കന്മാരുടെ ഗുണങ്ങൾക്കനുരൂപമായ സ്വഭാവമുണ്ടാകുമെങ്കിലും അവരെ ദുൎമ്മാൎഗ്ഗത്തിൽ വിടാതെ സൎവ്വഥാ സദ്വിഷയത്തിലേക്കു നയിച്ചുകൊണ്ടുവരാത്തപക്ഷം അവരുടെ സ്വാഭാവികമായ വാസനക്കു വളൎച്ചയുണ്ടാവുമെന്നു കരുതുവാൻ പാടില്ല. അതിനാൽ മാതാപിതാക്കന്മാരുടെ മുഖ്യമുറ തങ്ങളുടെ സന്താനങ്ങളുടെ അഭിവൃദ്ധിക്കുതകുന്ന വിധം അവരെ വളൎത്തുകയെന്നതാകുന്നു.

കുട്ടികൾക്കു സാധാരണയായി കായികമായ വിഷയത്തിൽ അവരുടെ അച്ഛന്മാരുടേയും, മാനസികമായ വിഷയത്തിൽ അവരുടെ അമ്മമാരുടേയും ഗുണങ്ങൾ പരമ്പരയാ സിദ്ധിക്കുന്നു എന്നു ഒരു പഴയ വിശ്വാസമുണ്ടു്. ആ വിശ്വാസം ശാസ്ത്രാനുസരണം ശരിയായിരിപ്പാൻ ന്യായമില്ല. സാധാരണ കുട്ടികളുടെ സ്വഭാവത്തിൽനി

ന്നു തന്നെ ഈ പഴയ തത്വം അടിസ്ഥാനമില്ലാത്തതാണെന്നു നമുക്കു തെളിയിപ്പാൻ കഴിയുമെങ്കിലും, പഴയ വിശ്വാസങ്ങളെ തീരെ പതിരുകളുടെ കൂട്ടത്തിൽ കണക്കാക്കാതെ അവയെ ചിലർ സമ്മതിച്ചുകൊടുക്കുന്നു എന്നേ ഇതിന്നെല്ലാം അത്ഥമുള്ളു. എന്നാൽ വിവാഹവിഷയത്തിൽ സ്ത്രീകൾക്കു ഭത്താക്കന്മാരെ തിരഞ്ഞെടുക്കുവാൻ തക്ക സൌകര്യ്യവും സന്ദർഭവും കൊടുക്കുന്ന പക്ഷം ഭാവിയിൽ നല്ല സന്താനങ്ങളെ സമ്പാദിപ്പാൻ അവക്കു നിശ്ചയമായും സാധിക്കുമെന്നു ഖണ്ഡിതമായി പറയാവുന്നതാണ്. നേരെ മറിച്ച് സാധുക്കളായ സ്ത്രീകൾക്കു "കിട്ടുന്ന ഭത്താക്കന്മാരെകൊണ്ടു തൃപ്തിപ്പെടുക"യേ മിക്കവാറും നിവൃത്തിയുള്ളു എന്നു വരുന്ന ഇക്കാലത്ത് —വിശേഷിച്ച് പാശ്ചാത്യരാജ്യങ്ങളിലാണെങ്കിൽ ശപിക്കപ്പെട്ട ആ ലോകമഹായുദ്ധത്തിന്നുശേഷം അവക്കു സന്താനവിഷയത്തിൽ അഭിലഷണീയമായ ഒരു കാല്യഘട്ടമല്ല. ഇതെന്നു പറയേണ്ടിയിരിക്കുന്നു.

വിവാഹത്തിൻെറ "പരിശുദ്ധ പ്രമാണ" ത്തെകുറിച്ച് വിവരിക്കുന്ന ഈ അദ്ധ്യായം സശ്രദ്ധം വായിക്കുന്ന എല്ലാ സ്ത്രീകൾക്കും സന്താനവിഷയത്തിൽ ആശാസ്യമായ ഒരു അറിവുണ്ടാകുവാനും, തന്മൂലം ഇനിയുള്ള തലമുറകൾക്കു സർവ്വോപരി മംഗളമുണ്ടാകുവാനും ദൈവം സംഗതിവരുത്തട്ടെ.

## VII

# സന്താനലാഭസമയം

അരികിൽ നീ വന്നിട്ടഴകൊടു കരം
തരികവൈകാതെ തരളലോചനെ!
തവ പ്രേമമൊന്നേ നിലനില്ക്കും വിധ-
മിവൻ നേടിവെച്ച വിശിഷ്ടസാധനം
മനസ്ഥൈര്യത്തോടു, മതിധൈര്യത്തോടു-
മനർഘത്തോടെല്ലാ മെതിരിട്ടനമ്മറം
സ്ഫുരിക്കുമക്ഷിയും, സുദ്ധാഢത്മാവുമായ്
ശരിക്കിരിക്കുന്നോരനുരാഗം നമ്മെ
വിളിക്കുന്ന ദിക്കിലൊരേമനസ്സോടും
കുളിക്കും കൌതുകാൽ കരംകോർത്തങ്ങിനെ
വസിക്കനൊം, സാക്ഷാൽ മരണകാലവും
സസുഖം കയ്യേൽക്കാമതാണല്ലോ ധർമ്മം.

(കർണ്ണപർവ്വരീതി)

ദമ്പതിമാർക്കു സന്താനലബ്ധിക്കുള്ള സമയമാകുമ്പോൾ അത്ര അ...ക്കും, കാണികൾക്കും ഒന്നുപോലെ സന്തോഷകരമായ ഒരു സന്ദർഭമാകുന്നു. ദാമ്പത്യജീവിതത്തിലെ പ്രേമസമ്പൂർണ്ണമായ ഒരു ലക്ഷണം കാണുന്നു എന്നേ ഈ സന്താനലാഭത്തിൽനിന്നു അനുമാനിക്കുവാനുള്ളു.

വിവാഹാനന്തരമുള്ള ഈ സന്തോഷാവസരത്തെ ആസ്പദമാക്കി പല മഹാന്മാരും അസംഖ്യം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ശാസ്ത്രജ്ഞന്മാർ മനസ്സിരുത്തി ആലോചിച്ചു

ഇക്കാലത്തെക്കുറിച്ച് പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായവും, ഡോക്ടർമാർ പരീക്ഷിച്ചറിഞ്ഞിട്ടുള്ള അഭിപ്രായവും ആലോചിച്ചു നോക്കിയാൽ പ്രസ്തുത കാലത്തെപ്പോലെ മനോഹരമായ ഒരവസരം ഇല്ലെന്നു തന്നെ പറയാം. ഈ വിഷയത്തിൽ ബുദ്ധിശാലികളായവക്ക ഇത്രയൊക്കെ ഗൌരവമായി ആലോചിക്കാനെന്താണുള്ളതെന്നു ചിലർ ചോദിക്കുമായിരിക്കും. ഭാര്യാഭത്താക്കന്മാക്ക അവരുടെ സുദൃഢാനുരാഗത്തിൻെറ യഥാൎത്ഥാവതാരം ഒരു ശിശുവിൻെറ ആകൃതിയിൽ പുറത്തു കാണുന്ന സമയം എത്രമാത്രമാനന്ദമുണ്ടാകുമെന്നു വണ്ണിക്കേണ്ടുന്ന ആവശ്യമില്ല. അതുകൊണ്ടു തന്നേയാണു ഈ കാലഘട്ടത്തിന്നു അത്രമാത്രം പ്രാധാന്യം വരുവാനുള്ള സംഗതി.

ഈ മുഹൂത്തത്തിൽ ഭാൎയ്യക്കു തന്നെയാണ് സവ്വപ്രാമാണ്യവും സങ്കല്പിക്കപ്പെടുന്നത്. ഭത്താവിന്നാകട്ടെ ഭാൎയ്യയുടെ മൃണാളകോമളമായ ശരീരത്തെപ്പററിയും, അവളുടെ സുഖസൌകൎയ്യാദികളെപ്പററിയും മാത്രമേ ചിന്തയുണ്ടാകയുള്ളു. ഭത്താവിൻെറ സവ്വവിധത്തിലുമുള്ള ഔദാൎയ്യങ്ങളേയും സാനുകമ്പം സ്വീകരിക്കുക മാത്രമാകുന്നു ഇക്കാലത്തു ഭാൎയ്യക്കുള്ള ചുമതല.

ഇക്കാലത്തു ഭാൎയ്യ, പ്രകൃതിയുടെ പരിപൂണ്ണനിലയിലുള്ള ഒരു പരകായപ്രവേശനം സാധിപ്പിച്ചു കൊടുക്കുന്നു എന്നും, അതു യാതൊരു വിധത്തിലും അസൌകൎയ്യവും, അസുഖവും വരാതെയാണു അവരം നിവ്വഹിക്കേണ്ടതെന്നുമാണു നാം ഓക്കേണ്ടത്.

അനവധി സ്ത്രീകരം ഈ ശുഭഘട്ടത്തിൽ കേവലം വിപരീതമായ ഒരവസ്ഥയെ പ്രാപിച്ചു കാണുന്നു. ഇതു സാധാ

രണമാണ് അവക്കു ഈ വിധത്തിലുള്ള ദുഘടാവസ്ഥകളുക്കു ഇടയാകുന്നതു അവരുടെ ഭോഷത്വംകൊണ്ടും, അറിവില്ലായ്മകൊണ്ടും തന്നെയാകുന്നു. എന്നാൽ തെററായ പ്രവൃത്തി ചെയ്യുവാൻ ഇടയാക്കുന്നതു അറിവില്ലായ്മയായിരിക്കാം. പക്ഷെ അതു ഒരു ഒഴികഴിവായി പറയുവാൻ നിവൃത്തിയില്ല. ഇങ്ങിനെ ഭോഷത്വത്തിനാൽ സങ്കടപ്പെടുവാനിടവരുന്ന എല്ലാ ഗർഭിണികളും ഉടനെ തന്നെ ഡോക്ടരുടെ—ലേഡി ഡോക്ടരായാൽ അധികം നന്നായിരിക്കും—ഉപദേശം സ്വീകരിക്കയും, ആ ഡോക്ടരോടു തനിക്കു പിണഞ്ഞിട്ടുള്ള അബദ്ധങ്ങളെല്ലാം പറയുകയും ചെയ്യേണ്ടതാകുന്നു.

മനുഷ്യജീവിതത്തിലെ പ്രാധാന്യമേറിയ ഈ സന്ദർഭത്തിൽ പുതിയ ഭാൎയ്യമാർ ശരിയായി അനുഷ്ഠിക്കേണ്ടതു അനാഡംബരമായും, അടക്കവും ഒതുക്കവുമായുമുള്ള ഒരു നിലയാകുന്നു. കായികവും, മാനസികവുമായ വേദന രോഗമാകുന്നു. രോഗഫലം മരണവുമാണല്ലൊ. ഗർഭശങ്കയുള്ള ഒരു നവോഢ ഉടനെ ചെയ്യേണ്ടതു ഒരു ഡോക്ടരെ കാണുകയാകുന്നു. അദ്ദേഹം, അവറം മേലാൽ ആചരിക്കേണ്ടവയെപ്പററിയും, മുമ്പ് ;ആചരിച്ചിരുന്നവയിൽ ഇപ്പോറം നിഷിദ്ധങ്ങളായവയുമായ പല സംഗതിയും അവളോടു പറയും.

നാം ഇപ്പോറം സന്താനലാഭത്തെ ആസ്പദമാക്കി ഗർഭിണിയായ ഒരു സ്ത്രീയുടെ മാനസികവ്യാപാരത്തെക്കുറിച്ചു അല്പം ഒന്നു പറഞ്ഞു എന്നുതന്നെ വിചാരിക്കാം. ഗർഭിണികളുടെ മനോവ്യാപാരം വളരെ പരിമിതമായ നിലയിലായിരിക്കേണമെന്നു പ്രത്യേകിച്ചു പറയണമെന്നില്ല. അവർ

ചിന്താമഗ്നകളായൊ, വളരെ ആഹ്ളാദഭരിതമാരായൊ കാണുന്നതു വലിയ ന്യൂനതയാകുന്നു.

പ്രാചീനയവനരാജ്യത്തിൽ ഗർഭിണികൾ ആരേയും കാണാതേയും,യാതൊരുവിധത്തിലുള്ള ശബ്ദവും കേൾക്കാതേയും, ഒരു വസ്തുവും സ്പർശിക്കാതേയും ഒതുങ്ങിയിരിക്കുന്ന ഒരു സമ്പ്രദായക്കാരായിരുന്നു. ഈ നിശ്ചയത്തിന്നെതിരായി പ്രവർത്തിക്കുന്നതായാൽ അവൎക്കു സുഖപ്രസവത്തിന്നു ഹാനികരമായ പല തടസ്ഥങ്ങളുമുണ്ടാകാനിടയുണ്ടെന്നായിരുന്നു അവരുടെ വിശ്വാസം. ഈ പരിഷ്കൃതകാലത്തു ഗർഭിണികളായ സ്ത്രീകളെ അപ്രകാരം കെട്ടിപ്പൂട്ടിയിടുക എന്നതു സാദ്ധ്യമാണോ, അഥവാ അങ്ങിനെ ചെയ്യുന്നതു ആവശ്യമാണോ എന്നാണു നാം ആലോചിക്കേണ്ടത്. ഗർഭിണികൾക്കു അവരുടെ ശരീരാരോഗ്യസ്ഥിതിക്കനുസരിച്ചുള്ള ഗൃഹജോലികൾ നൽകുന്നതുകൊണ്ടു അവൎക്കു എത്രമാത്രം ആ പ്രവൃത്തികൾ ചെയ്യാമെന്നും മററും ധരിക്കാവുന്നതാണ്: ശരീരായാസത്തിന്നുതകുന്ന ചില്ലറ പ്രവൃത്തികൾ അവൎക്കു കൊടുത്തേ കഴിയൂ. ഈ കാലത്തു ഗർഭിണികൾക്കു ഭക്ഷണത്തിലും മററും പ്രത്യേകമായ ചില അഭിലാഷങ്ങൾ ഉണ്ടാവുക പതിവാണ്. പ്രസ്തുതാവസരങ്ങളിൽ അവർ തങ്ങളുടെ ഹിതം തുറന്നുപറയുകയില്ല. എന്നാൽ അവയെ ബുദ്ധിപൂർവ്വം ആലോചിച്ചു ഭക്ഷണത്തിലും മററും അവരുടെ ആഗ്രഹാനുസരണമായ മാററം വരുത്തിക്കൊടുക്കുവാൻ ബുദ്ധിശാലിയായ ഒരു ഭൎത്താവിന്നു സാധിക്കുന്നതാകുന്നു. ഗർഭിണികളുടെ ദേഹസ്ഥിതിക്കു ഹാനിവരാത്ത ഭക്ഷണമയിരിക്കണം ഭൎത്താക്കന്മാർ ഇക്കാലത്തു അവൎക്കു നൽകേ

ണ്ടതു് എന്ന സംഗതി പ്രത്യേകിച്ച് പറയേണമെന്നില്ലല്ലോ.

ഇപ്രകാരം ഗർഭിണിയായ ഒരു ഭാൎയ്യയെ ശുശ്രൂഷിക്കുന്ന ഭൎത്താവിന്നു നിശ്ചയമായും അവളെ അരോഗദൃഢഗാത്രയാക്കിത്തീൎക്കുവാൻ സാധിക്കുന്നതാണ്. ഒരു ഗർഭിണി വളരെ അധികം പ്രവൃത്തിയെടുക്കുന്നതും, സ്വാഭാവികമായി തന്റെ ദേഹപ്രകൃതിയാൽ അവൾക്കുണ്ടാകുന്ന നാണംമൂലം അവൾ എപ്പോഴും ഒളിച്ചിരിക്കുന്ന സമ്പ്രദായവും അവളുടെ ഭൎത്താവ് തടയേണ്ടതാണ്. അവളെ കാണുവാൻ വരുന്ന സഖിമാർ കടിഞ്ഞിൽ (ആദ്യത്തെ)ത്തെ പ്രസവത്തിന്നുള്ള അപകടവും, ബുദ്ധിമുട്ടും മററും പറഞ്ഞു അവളെ ഭയപ്പെടുത്താതിരിപ്പാനും നോക്കേണ്ടതു് ഭർത്താവിന്റെ ചുമതലയാകുന്നു. ഈ വിഷയത്തിൽ അധികമായ അപരാധികൾ വയസ്സായ സ്ത്രീകളാകുന്നു. ഭൎത്താവു, പ്രവൃത്തികഴിഞ്ഞു വരുമ്പോൾ ഗർഭിണിയായ തന്റെ ഭാൎയ്യ ഭയപരവശയായി വ്യസനിച്ചിരിക്കുന്നതിന്നിടയായാൽ, ഉച്ചക്കു അവൾ തനിച്ചിരുന്നു മുഷിയാതെ അവളെ രസിപ്പിക്കുവാൻ തന്നാൽ ഏൎപ്പെടുത്തപ്പെട്ടവരാണ് നേരേ വിപരീതമായ ഈ അവസ്ഥയ്ക്കിടയാക്കിയതെന്നു അയാൾ നിഷ്പ്രയാസം മനസ്സിലാക്കേണ്ടതാണ്. എന്നാൽ അപ്രകാരം കഥയില്ലാതെ അവളെ ഭയപ്പെടുത്തിയവരുടേയും സഹായം തനിക്കു അവളുടെ പ്രസവകാലത്തു ആവശ്യമാകയാൽ "ചെറുപ്പക്കാരിയായ എന്റെ ഭാൎയ്യക്കു പ്രസവകാലത്തെ സങ്കടങ്ങൾ കേൾക്കുന്നതു വളരെ വ്യസനമായിരിക്കയാൽ അതൊന്നും അവളോടു പറയേണ്ട"ന്നു മൎയ്യാദയായി അവരോടു പറയുകയേ ഭൎത്താവിന്നു ഗത്യന്തരമുള്ളു.

എന്നാൽ പ്രസവകാലത്തു അവറം അനുഭവിക്കുവാൻ പോകുന്ന അവസ കളുടെ വാസ്തവമാലോചിച്ചാൽ അവയിൽ അസ്വാഭാവികമായോ, ഭയജനകമായോ യാതൊന്നും ഇല്ലെന്നുതന്നെ പറയാവുന്നതാണു്. ഈ വിഷയത്തെപ്പററി അധികമൊന്നും പറയുവാനില്ല. ഗർഭിണികളെ അവരുടെ സഖിമാരായ സ്ത്രീകറം ഈ വിഷയത്തിൽ ആന, കുതിര എന്നുപറഞ്ഞു പരിഭ്രമിപ്പിക്കാതിരുന്നാൽ എല്ലാം ഗുണമായി എന്നേ പറയേണ്ടതുള്ളു!

ഗർഭിണികറംക്കു ഏകാന്തവാസവും, തീരെ മുഷിഞ്ഞുകൊണ്ടിരിക്കുന്ന സമ്പ്രദായവും അവരുടെ ശരീരസ്ഥിതിക്കു ഒട്ടും യോജിച്ചതല്ല. കൂടാതെ സന്ദശ്കന്മാർ ക്രമത്തിലധികംവന്നു ഗർഭിണികളെ ബുദ്ധിമുട്ടിക്കുന്നതും അവർ നാടകം മുതലായവ കാണുവാൻ പോകുന്നതും, ശീട്ടുകളി മുതലായവയിൽ പങ്കുകൊള്ളുന്നതും കഴിയുന്നതും കുറക്കുന്നതു വളരെ നന്നായിരിക്കും. നാടകശാലകളിലോ സിനിമാഹാളിലോ കാണുവാൻ പോകുന്ന കഥകറം വ്യസനസൂചകമായവയോ, അത്ഭുതാവഹമായവയോ ആകയില്ലെന്നു എങ്ങിനെ പറയുവാൻ കഴിയും? ഉല്ലാസജനകമായ ഒരു കളി കണ്ടു ഹൃദയപൂർവ്വമായി ഒന്നു നല്ലപോലെ ചിരിക്കുന്നതു ഒട്ടും ഉപദ്രവകരമല്ല. എന്നാൽ നാടകശാലകളിലേയും മററും ചൂടും, തിരക്കും, ക്ഷീണിച്ചുകൊണ്ടുള്ള മടങ്ങിപ്പോക്കും, അവിടെ അസമയത്തു ചെന്നുചേരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടും മററും ഓക്കുമ്പോറം ഗർഭിണികളെ ഈ വക കളിസ്ഥലങ്ങളിലേക്കു കൊണ്ടുപോയി അപകടമുണ്ടാക്കിത്തീക്കാതിരിക്കുവാനാണു ഭത്താക്കന്മാർ നോക്കേണ്ടതു്. എന്നാൽ രസകരമായ വല്ല നാടകവും മററും ഒന്നോ രണ്ടോ മണിക്കൂർ നേരം മാത്രം തൻെറ ഗർഭിണി

യായ ഭാൎയ്യയെക്കൊണ്ടുപോയിക്കാട്ടി സുഖത്തോടെ മടക്കി ക്കൊണ്ടുവരുന്ന ഭൎത്താവു തന്റെ ഭാൎയ്യയെ അപകടങ്ങളി ൽനിന്നു രക്ഷിക്കുന്നു എന്നുതന്നെയല്ലാ അവളോടു തനിക്കു മുമ്പുള്ള യഥാൎത്ഥസ്നേഹം കാണിക്കുകകൂടി ചെയ്യുന്നു. ഒരി ക്കൽ സ്നേഹിച്ചവളെ എപ്പോഴും സ്നേഹിക്കേണമെന്ന ത ത്വം മനുഷ്യർ എന്നും കരുതേണ്ടതാണ്. എന്നാൽ വാ സ്തവത്തിൽ ചിലപ്പോൾ വിപരീതമാണു അനുഭവം. സ്നേ ഹം ശാശ്വതമായ ഒരു പുഷ്പമല്ല. അതിനെ സൂക്ഷ്മമായി താലോലിച്ചു ശുശ്രൂഷിച്ചാലേ അതു വാടാതെ നില്ക്കുക യുള്ളു. ശരിയായ ശുശ്രൂഷകൾ വേണ്ടതായ ഒരു ഇള ഞ്ചെടിയാണു സ്നേഹം. ദിവസേന കിട്ടുന്ന ദയാലേശം അ തിന്നു വെള്ളമെന്നപോലെയും, അല്പാല്പമായ ശുശ്രൂഷ അതിന്നു പുഷ്ടിക്കുവാൻ സൂൎയ്യപ്രകാശം എന്ന പോലെയു മാകുന്നു. അശ്രദ്ധ അതിനെ ഒടിച്ചുകളയുന്ന ഒരു കൊട്ടു ങ്കാററും, ദയയില്ലാത്ത പെരുമാററം അതിനെ ഒരു രാത്രി കൊണ്ടു നശിപ്പിക്കുന്ന മഞ്ഞിൻകട്ടയുമാകുന്നു.

തങ്ങളുടെ ഭൎത്താക്കന്മാൎക്കായി ചൂടുള്ള അടുപ്പിന്നു അരികെ സദാ ഇരുന്നു ഭക്ഷണം പാകംചെയ്യുകയും അതി ന്നു പുറമെ അവൎക്കുവേണ്ടി ഭാരമേറിയ മററു പല പ്രവൃ ത്തികളും നടത്തുകയും ചെയ്യുന്നതിൽ സ്വസുഖം തീരെ നോക്കാത്ത അനേകം ഗൃഹനായികമാരുണ്ടു. ഭൎത്താക്കന്മാ രാകട്ടെ, പ്രായേണ, തങ്ങൾക്കു ഹിതകരമായ ഭക്ഷണം കിട്ടുന്നതിൽ ഭാൎയ്യമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെപ്പ ററിയോ, വീടുകൾ വൃത്തിയാക്കിവെയ്ക്കുന്നതിൽ അവർ (ഭാൎയ്യമാർ) കാണിക്കുന്ന ശ്രദ്ധയെപ്പററിയോ അശേഷം ചിന്തിക്കുകകൂടിയില്ല. വിശേഷിച്ച് അപ്രകാരം കഷ്ടപ്പെ

ട്ടന്ന ഭാൎയ്യമാർ മിക്കവാറും ഏകാകിനികളായി പ്രവൎത്തി ക്കുന്നതാണെന്നുള്ള സംഗതികൂടി അവർ (ഭൎത്താക്കന്മാർ) മറന്നുപോകുന്നു. ഭൎത്താക്കന്മാൎക്കു പുറത്തിറങ്ങി നടക്കു വാനും പലരുമായി സംസൎഗ്ഗം ചെയ്യാനുമവസരം ലഭിക്കു ന്നതിനാൽ തങ്ങളുടെ സമയം രസകരമായ നിലയിൽ നയിക്കുവാൻ സാധിക്കുന്നു. പലവിധ വിനോദങ്ങളിലും ഏൎപ്പെട്ടവാൻ കൂടി അവൎക്കു കഴിയുന്നു. ഇങ്ങിനെയുള്ളവ രുടെ ഭാൎയ്യമാരിൽ പലരും കേവലം കൂട്ടിലിട്ടടക്കപ്പെട്ട പക്ഷികളെപ്പോലെ ഏകാകിനികളായിത്തന്നെ കഴിഞ്ഞു കൂടേണ്ടിവരുന്നു. എന്നാൽ മിക്ക സമയത്തും ഗൃഹജോ ലികൾ ചെയ്യുന്ന പ്രസ്തുത സ്ത്രീകൾ പ്രവൃത്തിത്തിരക്കി ന്നിടയിൽ തീരെ മുഷിച്ചിൽ തട്ടാതിരിപ്പാൻ തപ്പാൽക്കാ രൻ വരുന്ന സമയവും, വല്ല കച്ചവടക്കാരും എന്തെങ്കി ലും വില്ക്കുവാൻ കൊണ്ടുവരുന്ന നേരവും നോക്കിയിരിക്കാ റുണ്ട്. ഈ വിഷയത്തിൽ സാധുസുശീലകളായ അവരെ കുററം പറയേണ്ട ആവശ്യമില്ല. ഏതെങ്കിലും ഒരു തര ത്തിൽ ഒരു മാനസോല്ലാസം അവൎക്കും ആവശ്യമാണ ല്ലൊ.

ഇപ്രകാരം ഭാൎയ്യമാരോടു രസമായ നിലയിൽ പെ രുമാറുവാൻ പരിശീലിക്കാത്ത ഭൎത്താക്കന്മാരുടെ സാഹ ചൎയ്യത്താൽ അസംഖ്യം ഗൃഹനായികമാൎക്കും മനഃക്ലേശ ത്തിന്നിടയാകുന്നു. ഈ സമ്പ്രദായം അവസാനം ഭൎത്താ ക്കന്മാൎക്കും സ്വാഭാവികമായ ഉത്സാഹങ്ങൾക്കും വിഘാ തം വരുത്തുന്നു. ഈ ദോഷത്തെ ചുരുക്കത്തിൽ മൂന്നു പട ങ്ങൾകൊണ്ടു പരിഹരിക്കാവുന്നതാണ്. ആലോചന, ശ്രദ്ധ, കരുതൽ ഇവയാണ് ആ വിശിഷ്ടപടങ്ങൾ. ക ന്നാമത്തെപടം ഭാൎയ്യയോടു ഭൎത്താവിന്നുള്ള മുറയെ സൂചി

പ്പിക്കുന്നു. ഭാൎയ്യക്കു ഭൎത്താവിനോടുള്ള മുറയാണ് രണ്ടാമത്തെ പദം കൊണ്ടു വെളിവാക്കുന്നത്. മൂന്നാമത്തേത് തങ്ങളുടെ ഭാവിസന്താനത്തോട് അവൎക്കിരുവൎക്കുമുള്ള മുറയും വ്യക്തമാക്കുന്നു.

ഗൃഹനായികമാരുടെ ദേഹസൌഖ്യത്തെപ്പററി ഗൌനിക്കേണ്ട സംഗതിയും ഈ അവസരത്തിൽ കുറഞ്ഞൊന്നു പറയേണ്ടതുണ്ട്. പക്ഷേ അതിന്നു പ്രത്യേകമായി ഒരു നിമിഷം കൂടിയേ കഴിയൂ എന്നില്ല. സാധാരണയായി ഭൎത്താക്കന്മാർ തങ്ങളുടെ ഭാൎയ്യമാൎക്കു ഗൎഭസംബന്ധമായി എന്തെങ്കിലും സുഖക്കേടുകൾ ഉണ്ടെന്നറിയുന്ന മാത്രയിൽ തന്നെ ഡോക്ടർമാരുടെ ഉപദേശപ്രകാരം തക്കതായ ചികിത്സകൾ ചെയ്യേണ്ടതാണ്. ആരംഭത്തിൽ തന്നെ അല്പമായി കാണാകുന്ന സുഖക്കേടുകൾ മേൽപ്പറയപ്പെട്ടപ്രകാരം പരിഹരിക്കപ്പെട്ടാൽ അതു സംബന്ധമായി പിന്നീടു മനസ്സന്താപത്തിന്നിടയാകാതെ കഴിക്കാം.

ഗൎഭിണികളായ സ്ത്രീകൾക്കു എന്തെങ്കിലും ഒരു രോഗത്തിൻെറ ആരംഭംകണ്ടാൽ ആ മാത്രയിൽത്തന്നെപരിഹാരമാൎഗ്ഗമെന്തെന്നാലോചിക്കേണമെന്നുള്ള സംഗതിയെത്തന്നെ ഒന്നു കൂടി വിവരിക്കുകയാണ് ഇനിയും ചെയ്യുന്നത്. സാധാരണയായി ഗൎഭിണികൾക്കു ശരിയായ മലശോധനയില്ലാതെ വരുന്നതു അവൎക്കു പലവിധ സുഖക്കേടുകൾക്കും കാരണമായിത്തീരുന്നു. സാമാന്യം അറിവുള്ള ഒരു വൈദ്യൻെറ ഉപദേശം ഈ അവസരങ്ങളിൽ നിഷിദ്ധമാണെന്നു പറയുവാൻ തരമില്ല. നിസ്സാരമായ ചില സുഖക്കേടുകൾ ഗൎഭിണികൾക്കുണ്ടാകുമ്പോൾ അവയെ അവഗണിക്കുന്നതു് അവസാനം അപകടത്തിൽ കലാശി

കവാനാണെന്നു പല അനുഭവങ്ങളും നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. പ്രസവം സുഖമായി കഴിയുവാനും, കുട്ടിക്കു ആപത്തു നേരിടാതിരിക്കുവാനും ആഗ്രഹിക്കുന്ന ദമ്പതിമാർ ശിഥിലങ്ങളായിത്തോന്നുന്ന സുഖക്കേടുകളെക്കൂടി ആരംഭത്തിൽ വേരോടുകൂടി അറുത്തുകളയേണ്ടതാണ്. ഈ ഉദ്ദേശമുള്ള ഗർഭിണികൾ വലിയ വിഭവങ്ങളടങ്ങിയ സുഖഭക്ഷണമല്ലാ സാധാരണ കഴിക്കേണ്ടത്. അവർ തങ്ങളുടെ ഭക്ഷണത്തിൻെറ പ്രധാനാംശം പഴങ്ങൾ മുതലായവയാക്കിത്തീർക്കുന്നതു് എല്ലാംകൊണ്ടും നല്ലതാകുന്നു. പഴങ്ങൾ ഭക്ഷിക്കുന്നതു് സ്വാഭാവികമായി മനുഷ്യരുടെ ദേഹനേന്ദ്രിയങ്ങൾക്കു ഏററവും ഹിതകരമായിത്തീരുന്നതിന്നു പുറമെ ഭക്ഷണ ദൂഷ്യം മൂലം ഉണ്ടാകുന്ന ഓക്കാനം മുതലായവയെ ശമിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ കൂടുതലായി മലശോധനയുണ്ടാക്കുന്ന ഭക്ഷണദ്രവ്യങ്ങളോ പഴങ്ങളോ കഴിക്കുന്നതു അപകടവും ചിലപ്പോൾ തന്മൂലം ഗർഭം ഛിദ്രിക്കുവാനിടയാകുന്നതുമാകുന്നു. വൈദ്യന്മാരുടെ അനുവാദം കൂടാതെ ഗർഭിണികൾ ഒരിക്കലും വയറിളക്കുവാൻ മരുന്നു കഴിക്കരുതു്. സാധാരണയായി കുളിയിലും അശേഷം ഉപേക്ഷ കാണിക്കുവാൻ പാടുള്ളതല്ല. എണ്ണ, കുഴമ്പ് മുതലായവ ദേഹത്തിൽ പുരട്ടി ശരിയായിമുങ്ങിക്കുളിക്കുന്നതുകൊണ്ടു ഗർഭിണികളുടെ ശരീരത്തിലുള്ള സകല ഞരമ്പുകൾക്കും ആയാസം കിട്ടുന്നു. ദേഹത്തിന്നു ഒരു അയച്ചൽ കിട്ടുന്നതിന്നു പുറമെ പതിവായി എണ്ണതേച്ചു ദേഹം നല്ലവണ്ണം ഉഴിഞ്ഞശേഷം കുളിക്കുന്നതിനാൽ മാംസപേശികൾക്കും നല്ല വ്യായാമം സിദ്ധിക്കുന്നു.

വ്യായാമം ക്രമപ്രകാരം എടുക്കുന്നതു വളരെ നല്ലതാകുന്നു. ഗർഭിണിയായ ഒരു സ്ത്രീ തണുത്ത വെള്ളത്തിൽ

കുളിക്കുന്നതും, എണ്ണ പുരട്ടി ഉഴിയുന്നതും, ശരീരായാസ ത്തിന്നു തക്ക വ്യായാമങ്ങൾ ചെയ്യുന്നതുംവളരെനല്ലതാണെ ന്നാകുന്നു ഒരുപഴയഗ്രന്ഥകാരൻ ഉപദേശിക്കുന്നത്. അക്കാ ലത്തെ ജനസമുദായ സ്ഥിതിക്കും, സ്ത്രീകളുടെ അന്നത്തെ ആരോഗ്യാവസ്ഥക്കും അതു അഭിലഷണീയമായിരുന്നു. എങ്കിലും ഇക്കാലത്തു സ്ത്രീകളിൽ എല്ലാ തരക്കാൎക്കും ആ ഉപദേശം യോജിക്കുമൊ എന്നു സംശയമാണ്.അന്നത്തെ സ്ത്രീകൾ ഇന്നുള്ള സ്ത്രീകളേക്കാൾ ആരോഗ്യശാലിനികളാ യിരുന്നു എന്നുള്ളതിന്നു സംശയമില്ല. അതിന്നു കാരണം അന്നത്തെ സ്ത്രീകളെ അവരുടെ ഭൎത്താക്കന്മാർ ഇന്നത്തെ മാതിരി വളരെ അധികം ലാളിച്ചും, യാതൊരു പ്രവൃത്തി യും എടുപ്പിക്കാതേയും, കേവലം കളിപ്പാവകളെപ്പോലെ വെച്ചുകൊണ്ടുമിരുന്നില്ല. സാമാന്യക്കാരായ ഗൃഹനായക ന്മാർകൂടി ഇക്കാലത്തു അവരുടെ ഭാൎയ്യമാരെ പുറത്തിറ ക്കാതെ സൂക്ഷിച്ചുവെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ആരോ ഗ്യവിഷയത്തിൽ അവരുടെ കുടുംബപരമ്പരകൾക്കു വന്നു കൂടുവാനിടയുള്ള അനൎത്ഥങ്ങൾ പ്രത്യേകിച്ചു പ്രസ്താ വിക്കേണമെന്നില്ല. ഇന്നത്തെ സ്ത്രീകൾക്കു കാററുകൊ ണ്ടുപോയാൽ അബദ്ധമായി. പുറത്തിറങ്ങി നടന്നാൽ കുറവായി. അവരുടെ ഉടുപ്പുകൾ തന്നെ അവൎക്കു ശരി യായി ശ്വാസം കഴിക്കുവാനോ, ദേഹം അനക്കി നടക്കുവാ നോ, സാധിക്കാത്ത നിലയിലാകുന്നു. ഇക്കാരണങ്ങളാൽ നമ്മുടെ സ്ത്രീകൾ പരിഷ്കാരം മോഹിച്ചു പ്രായേണ അല്പാ യുസ്സുകളായിത്തീരുന്നു. എന്നാൽ ചില ഭൎത്താക്കന്മാർ അ വരുടെ ഭാൎയ്യമാരെ എത്രതന്നെ ലാളിക്കുന്നതായാലും ആ ലാളനകളെ അവർ (ഭാൎയ്യമാർ) സന്തോഷപൂൎവ്വം കയ്യേല്ക്കു ന്നതോടുകൂടി ഗാൎഹികവൃത്തിയിലേൎപ്പെട്ടു കായികവ്യായാ മത്തിൽ ഔത്സുക്യം കാണിക്കാറുമുണ്ട്. ഏതായാലും

പൊതുവിൽ സ്ത്രീകൾക്കു വിശേഷിച്ച ഗർഭിണികൾക്കു ശരീരസുഖത്തിന്നു വ്യായാമം അത്യാവശ്യമാണെന്നുള്ളതിന്നു സംശയമില്ല. ഇക്കാലത്തു ഭാവിസന്താനങ്ങളെ അഥവാ തലമുറകളെ ഇന്നത്തെ സ്ഥിതിയേക്കാൾ മോശമായ നിലയിൽ കാണാതിരിക്കുവാൻ തക്ക കരുതലുകൾ നമ്മുടെ സ്ത്രീകൾ വിശേഷിച്ച ഗർഭിണികൾ സവ്വഥാ വ്യായാമത്തിൽ നിഷ്കർഷിച്ചു പ്രവൎത്തിക്കേണ്ടതാകുന്നു.

ഗർഭിണികളായ സ്ത്രീകൾ വീടുകളിൽ എപ്പോഴും സ്വസ്ഥമായിരിക്കാതെ ദേഹായാസത്തിന്നുതകുന്ന എന്തെങ്കിലും പ്രവൃത്തി ചെയ്തുകൊണ്ടിരിക്കേണമെന്നു നിയമേന അവരുടെ നായകന്മാർ തീച്ചപ്പെടുത്തേണ്ടതാണ്. ഇങ്ങിനെ ഒരു നിശ്ചയം ചെയ്യുന്നതു തനിക്കും, തൻെറ കുഡും ബക്കും മാത്രം ഗുണം വരുവാനല്ലെന്നും ഇനിയുള്ള തലമുറകൾക്കുകൂടി ഇതു വളരെ ഉപയോഗപ്രദമായ ഒരു നിയമമാണെന്നും നാം അറിഞ്ഞിരിക്കേണ്ടതാകുന്നു.

ഇനി പരിഷ്കാരം സിദ്ധിക്കാത്ത ചില തൊഴിലാളികളുടെ ഇടയിൽ നടക്കുന്ന സംഗതികളെപ്പററി ആലോചിക്കാം. അവരുടെയിടയിൽ പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളും കഠിനമായ പ്രവൃത്തികൾ പലതും ചെയ്യുന്നു. ഗർഭിണികളും അതിർ കവിഞ്ഞു പല കഠിനവേലകളും തൊഴിലാളിസമുദായങ്ങളിൽ ചെയ്യുന്നുണ്ട്. ഇതുകൊണ്ടു പ്രസ്തുത സ്ത്രീകൾക്കും, അവരുടെ സന്താനങ്ങൾക്കും ഗണ്യമായ ദോഷങ്ങൾ സംഭവിക്കുന്നു. ഈ വിഷയത്തിൽ പഠിപ്പുള്ള പ്രമാണികൾ ചെയ്യേണ്ടതു സാധുക്കളായ തൊഴിലാളിസംഘക്കാരുടെയിടയിലും സ്ത്രീകളുടെ പ്രവൃത്തികൾക്കു ഒരു മിതമായ നിയമമുണ്ടാക്കുകയാകുന്നു. ഇപ്രകാരം ചെയ്യുന്നതു ഒരു ഗണ്യമായ പുണ്യമായിരിക്കുമെന്നുള്ളതിന്നു സംശയമില്ല.

നമ്മുടെ സ്ത്രീകൾ ഗർഭിണികളായിരിക്കുമ്പോൾ അവരെകൊണ്ടു കഷ്ടപ്പമേറിയ പ്രവൃത്തികൾ ചെയ്യിക്കുന്നതുപോലെ കഷ്ടതരമായ കർമ്മം വേറെയില്ലെന്നു പ്രത്യേകം പറയേണമെന്നില്ല. നമ്മുടെ സന്തതികളോടു നാം ചെയ്യുന്ന ഒരു മുഖ്യമായ അധർമ്മമാകുന്നു അതു്.

ഈ രാജ്യത്തു പുരുഷന്മാരുടെ പ്രവൃത്തികൾക്കു ചില പ്രത്യേകമായ കാര്യപരിപാടികൾ ഇല്ലെന്നു പറയുവാൻ പാടില്ല. സ്ത്രീകൾക്കും സകല പ്രവൃത്തികൾക്കും ഒരു നിശ്ചിതമായ കാര്യപരിപാടിയുള്ളപക്ഷം സമുദായത്തിന്നു അഭിവൃദ്ധികരമായ പല സംഗതികളും അവക്കു ചെയ്യുവാൻ കഴിയുന്നതിന്നു പുറമെ സ്വസഹായത്തിന്നു അതു അവക്കു ഒരു മുഖ്യമായ ആധാരമായിത്തീരുന്നതുമാണു്.

സ്ത്രീകൾക്കു പ്രസവമടുത്താൽ സാധാരണയായി പേററിച്ചി (വയററാട്ടി) യേയോ, ഡോക്ടരേയോ വിളിക്കുന്ന ഒരു സമ്പ്രദായം ഉണ്ടു്. അതിലും ഇവിടെ ചില അഭിപ്രായങ്ങൾ പറയാതെ നിവൃത്തിയില്ല. ഇന്നും ചില സമുദായക്കാർ, അഥവാ ചില പ്രത്യേകകുടുംബക്കാർ, വൈദ്യവിദ്യാവിചക്ഷണകളായ അസംഖ്യം സ്ത്രീകൾ നമ്മുടെ സമീപസ്ഥലങ്ങളിൽ ഉണ്ടായിട്ടും പ്രസവാവശ്യങ്ങൾക്കു പുരുഷന്മാരായ വൈദ്യന്മാരെ വിളിക്കാറുണ്ടു്. പ്രസവവിഷയത്തിൽ തക്ക പാണ്ഡിത്യമുള്ള ലേഡിഡോക്ടർമാർ ഉള്ളപ്പോൾ പുരുഷന്മാരായ ഡോക്ടർമാരെ അതിന്നായി വിളിക്കുന്നതു് പല കാരണങ്ങളാലും തീരെ അനൌചിത്യമാകുന്നു. ഒരു രോഗിയായ പുരുഷന്നു ചികിത്സ നടത്തുവാൻ ഒരു ലേഡിഡോക്ടരെ വരുത്തുന്നതിൽ എത്രമാത്രം അനൌചിത്യമുണ്ടോ അതുപോലെ തന്നെയാണു് ഒരു പ്രസവത്തിന്നു ഒരു പുരുഷനായ ഡോക്ടരെ ധാ

രാളം ലേഡീഡോക്ടർമാർ ഉള്ളപ്പോഠം വിളിച്ചുകൊണ്ടുവരുന്നതു്. ഇതു ഗർഭിണികളായ സ്ത്രീകഠംക്കു സഹജമായുണ്ടാകുന്ന പലവിധവികാരങ്ങഠംക്കും ഇടയാകുന്നതിനുപുറമെ ലേഡിഡോക്ടരേപ്പോലെ ക്ഷമയോടും, ദയയോടും മററും ഗർഭിണിയോടു പെരുമാറുവാൻ പുരുഷന്മാരായ ഡോക്ടർമാക്കു സാധിക്കയില്ലെന്നുള്ള സംഗതിയേയും വ്യക്തമാക്കുന്നു. സ്ത്രീകഠം എത്രതന്നെ വിദ്യാഭ്യാസമുള്ളവരായാലും, വൈദ്യവിഷയത്തിലും മററും അവർ വളരെ വലിയ പരീക്ഷകഠം പാസ്സായവരായാലും അവരെപ്പററി "എന്നാലും സ്ത്രീയല്ലെ" എന്നൊരു പുച്ഛം നമ്മുടെ ഇടയിൽ ഇന്നും ഭൂരിപക്ഷക്കാക്കും ഉള്ളതുകൊണ്ടാണു് മേൽപറയപ്പെട്ട അനൌചിത്യങ്ങഠം ഇക്കാലത്തും ധാരാളമായി കണ്ടുവരുന്നതു്. ബാഹ്യമായ പരിഷ്കാരംകൊണ്ടുമാത്രം സമുദായസേവനം ചെയ്യുവാൻ സന്നദ്ധന്മാരാകുന്നവർ ഈ കഠിനമായ ന്യൂനതകളെ കാണാത്തതിൽ അത്ഭുതമില്ല. പൊതുജനസേവനത്തിൽ പുരുഷന്മാരെപ്പോലെ തന്നേ സ്ത്രീകളേയും ഭാഗഭാക്കുകളാക്കി എല്ലാ സംഗതികളും പ്രവൃത്തിക്കുന്നതായാൽ ഈ വക ആലോചനാശൂന്യമായ സമ്പ്രദായങ്ങഠം ഇനി നമ്മുടെ ഇടയിൽക്കാണുമെന്നു തോന്നുന്നില്ല. പ്രസംഗമണ്ഡപത്തിലും പത്രപങ്ക്തിയിലും തങ്ങളുടെ വീരവാദങ്ങളെ സച്ഛന്ദം മുഴക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ പൊതുജനപ്രതിനിധികളുടെ ദൃഷ്ടി ഈ വിഷയത്തിലൊന്നും പതിയുന്നില്ലെന്നാണ് പ്രത്യേകം പറയേണ്ടതു്.

ഗർഭിണികളായ സ്ത്രീകഠം തങ്ങളുടെ ശുശ്രൂഷക്കോ, ചികിത്സക്കോ വരുന്നതു സ്ത്രീകഠംതന്നെ ആയിരിക്കേണമെന്നു നിർബന്ധിക്കുന്ന പക്ഷം ഈ വക അഴിമതികഠം അഥവാ അനൌചിത്യങ്ങഠം മേലാൽ നിലനില്ക്കുമെന്നു

കരുതുവാൻ സംഗതിയില്ല. നമ്മുടെ സ്ത്രീകൾക്കു സ്വാസ ഹായബോധം ഇനിയെങ്കിലും ഒരു വിധം ഉണ്ടാകുന്ന പ ക്ഷം ഇങ്ങിനെയുള്ള കാൎയ്യത്തിലും അവർ യുക്തമായ വി ധം ആലോചിക്കുമെന്നു വിശ്വസിക്കാം.

ഇനി സാധാരണയായി ഗർഭിണികൾക്കു പ്രസവ ത്തിന്നു നിശ്ചയിക്കുന്ന വയററാട്ടിമാരെ (പേററിച്ചിമാ രെ) പററിചിന്തിക്കാം. ഈ വിഷയത്തിൽ വളരെ ആ ലോചിക്കുവാനുണ്ട്. വയററാട്ടിമാരിൽ നമുക്കു ദൃഢമായ വിശ്വാസം വേണം. അതായതു നമുക്കു നല്ലപോലെ പരി ചയമുള്ളവരെ മാത്രമെ നാം പ്രസവകാൎയ്യങ്ങൾക്കായി വിളിക്കാവൂ. ഏതെങ്കിലും നല്ല ഡോക്ടരുടെകീഴിൽ പഠിച്ച ദൃഢപരിചയം നേടിയവളായിരിക്കണം പ്രസവശുശ്രൂ ഷക്കു വരുന്ന നഴ്സ് എന്നു നാം സിദ്ധാന്തിച്ചാൽ ന മ്മുടെ സ്ത്രീകളെ സംബന്ധിച്ച് പ്രസവവിഷയമായ മന സ്താപത്തിൽനിന്നു നമുക്കു വലിയ മോചനത്തിന്നു വഴി യാകും. ഒരു നേഴ്സ് അല്ലെങ്കിൽ വയററാട്ടി വലിയ വായാടിയും ഭള്ളുപറയുന്നവളും ആണെങ്കിൽ അവളെ പ്രസവത്തിന്നു വിളിക്കുന്നതു വലിയ അബദ്ധമാകുന്നു. ഒ തുങ്ങിയ ശീലവും മിതമായ സംഭാഷണവും നല്ല ഒരു ഡോക്ടരുടെ അടുക്കൽനിന്നു സിദ്ധിച്ച പരിചയവു മാകുന്നു യഥാൎത്ഥത്തിൽ ഒരു വയററാട്ടിക്കുള്ള മുഖ്യഗുണ ങ്ങൾ. അങ്ങിനെയുള്ള വയററാട്ടിയെയല്ലാതെഅല്പജ്ഞാ നത്താൽ അസംബന്ധങ്ങൾ ജല്പിച്ചു നടക്കുന്നവരെപ്രസ വമുറിയുടെ പരിസരങ്ങളിൽപോലും നിൎത്തുവാൻ സമ്മ തിക്കരുത്. വിശേഷിച്ചു കടിഞ്ഞൽ പ്രസവത്തിന്നു നാം വിളിക്കുന്ന വയററാട്ടി വളരെ സാമൎത്ഥ്യവും പരിചയവും ശസ്ത്രക്രിയയിൽക്കൂടി വൈദഗ്ദ്ധ്യമുള്ളവളുമായിരിക്കണം.

വയററാട്ടികഠം നല്ല വെടിപ്പും, വൃത്തിയും ഉള്ളവരും, സ്വഭാവഗുണമുള്ളവരുമായിരിക്കുന്നപക്ഷം പ്രയാസമുള്ള പ്രസവക്കേസ്സുകഠം കൂടി ഒരു വിധം സുഖമായും മനക്ലേശത്തിന്നിടയില്ലാതെയും നിർവ്വഹിക്കപ്പെട്ടുമെന്നുള്ളതിന്നു സംശയമില്ല. വാസ്തവത്തിൽ ഗർഭിണികഠം ആരംഭം മുതൽക്കുതന്നെ ശരിയായ വ്യായാമം എടുക്കുന്നവരും ദിനചര്യകളിൽ കൃത്യമുള്ളവരും ആകുന്നപക്ഷം പേരിന്നു വല്ലതും ഒരു വയററാട്ടി വേണമെന്നല്ലാതെ പ്രസവത്തിൽ യാതൊരുവിധ ഭയാശങ്കകഠംക്കും ആവശ്യമില്ല. പ്രകൃതിക്കനുകൂലമായ നിലയിൽ പ്രവർത്തിക്കുന്നവർക്കു അതായതു പ്രകൃതിയാണ് ഒന്നാന്തരം ഡോക്ടർ എന്നു കരുതുന്ന ഗർഭിണികഠംക്കു പ്രസവത്തിൽ യാതൊരു അപായവും നേരിടുവാൻ വഴിയില്ല. അങ്ങിനെയുള്ളവർ ശാന്തശീലകളും, സൂക്ഷ്മബുദ്ധികളും, തങ്ങളുടെ ഭാവിസന്താനങ്ങളോട് വാത്സല്യമുള്ളവരായിരിക്കത്തക്കവണ്ണം പ്രകൃതിതന്നെ അവരെ ശരിയായ മാർഗ്ഗത്തിലേക്കു നയിക്കാതിരിക്കയില്ല.

ചുരുക്കിപ്പറയുന്നതായാൽ സ്ത്രീകഠം ഗർഭം ധരിക്കുന്ന കാലം അവർ ഈശ്വരവിചാരത്തോടുകൂടി പലതും കരുതിയിരിക്കുവാനും യുക്തിയുക്തമായ സംഗതികഠം ചെയ്യുവാനും സന്തോഷപ്രദമായ ഭാവിയെ ആസ്സദമാക്കുവാനും പ്രത്യേകം ശ്രമിക്കേണ്ടതാകുന്നു. ഭാവിയിൽ കായികവും, മാനസികവു, ആത്മികവും ആയ പ്രവൃത്തികഠംക്കു ദൈവത്തിൻെറ സഹപ്രവർത്തകസ്ഥാനത്തിൽ ഒരു ഇളംപൈതലിനെ താൻസൃഷ്ടിക്കുകയാകുന്നു എന്നും അതിന്നു ജീവൻ കൊടുക്കുന്നതു ദൈവമാണെന്നും, അപ്രകാരം ജീവനെ പ്രദാനം ചെയ്യുന്നതിൽ തൻെറ അലസതകൊണ്ടോ, അശ്രദ്ധകൊണ്ടോ, ആലോചനക്കുറവുകൊണ്ടോ അപകടം വന്നുപോകരുതെന്നും കരുതേണ്ടതു ഒരു

ഗർഭിണിയുടെ മുഖ്യധർമ്മമാകുന്നു. ദൈവം തന്നിൽ സമർപ്പിച്ചിട്ടുള്ള ആ ജീവാത്മാവിന്നു യാതൊരു ഹാനിയും തട്ടാത്ത നിലയിലായിരിക്കണം തന്റെ പെരുമാററങ്ങളും, പ്രവൃത്തിപദ്ധതികളും മററുമെന്നുള്ള പ്രധാനതത്വമാണ് നമ്മുടെ ഗൃഹനായികകൾ സശ്രദ്ധം മനസ്സിലാക്കേണ്ടതു്.

VIII

## സന്താനങ്ങൾ.

ദൈവത്തിൻ പൂർവ്വാർജ്ജിതസ്വത്താണു ശിശുക്കളെ-
ന്നേവരുമറിയേണ്ടും തത്വമാണുലകിങ്കൽ.

(കിളിപ്പാട്ടു)

ശ്രീമന്മഹത്വമിയലും ശിശുതാൻ യഥാർത്ഥ-
പ്രേമപ്രസക്തിയുടെ മൂർത്തിയു,മപ്രകാരം
ആ മംഗളക്രിയയിൽ ദമ്പതിമാർ കൊടുത്ത
കാമംനിറഞ്ഞ മൃദുചുംബനവും ജഗത്തിൽ.

ഒരു ബുദ്ധിയുള്ള കുട്ടി തന്റെ അച്ഛനെ അനുവർത്തിക്കും എന്ന പഴമൊഴി ഒരു യഥാർത്ഥതത്വമാകുന്നു. എന്നാൽ തന്റെ ശിശുവിന്നു ഹിതകരമായതു അഥവാ യോജിച്ചതു എന്താണെന്നറിയുന്നതിന്നും ഒരു ബുദ്ധിമാനായ അച്ഛനേ സാധിക്കയുള്ളു. അതുപോലെതന്നെ തന്റെ ശിശുവിന്റെ സുഖസൌകര്യങ്ങൾക്കും, ഭാവിയിലെ അഭിവൃദ്ധിക്കും വേണ്ടതെല്ലാം പര്യാലോചിക്കേണ്ടതു അതിന്റെ മാതാവിന്റേയും ചുമതലയാകുന്നു. ദാമ്പത്യ

സുഖത്തിൻെറ ഒരു പ്രധാനഫലമാണു സന്താനലാഭം. അകൃത്രിമവും, അത്യന്തം പ്രയോജനകരവുമായ ഈ ലാഭത്തെ അവസ്ഥാനുസരണം ഉപയോഗപ്പെടുത്തുവാൻ സവ്വഥാ ശ്രദ്ധിക്കേണ്ടതു മാതാപിതാക്കന്മാരുടെ ഒരു മുഖ്യമുറയാകുന്നു. തങ്ങളുടെ പ്രേമപ്രകഷത്തിൻെറ പ്രത്യേക ചിഹ്നമായ ആവശ്യങ്ങളെ അവക്കു പത്ഥ്യമായ ജീവിത സരണിയിൽക്കൂടി നയിക്കുക എന്നതു സാധാരണ മാതാപിതാക്കന്മാരാൽ സാധിപ്പിക്കുവാൻ കഴിയുന്ന എളുപ്പമേറിയ ഒരു സംഗതിയല്ല. ഈ വിഷയത്തിൽ ശിശുപരിചരണത്തെ പുരസ്കരിച്ച അവർ പലതും ചെയ്യേണ്ടതുണ്ടു. "വായ് കല്പിച്ചിട്ടുണ്ടെങ്കിൽ ഇരയും കല്പിച്ചിട്ടുണ്ടു" എന്ന പഴമൊഴിപ്രകാരം ശിശുസംരക്ഷണത്തിൽ വിമുഖരാകുന്ന എല്ലാ ഭായ്യാഭത്താക്കന്മാക്കും ജീവിതത്തിൽ സന്താനലാഭംകൊണ്ടു സ്വാഭാവികമായി ഉണ്ടാകേണ്ടുന്ന സുഖത്തിനുപകരം അതു അപരിമിതമായ ദുഃഖമായിരിക്കും പ്രദാനം ചെയ്യുക.

ഗർഭിണികളായ സ്ത്രീകൾക്കു സുഖപ്രസവംമൂലം അവരുടെ സന്താനങ്ങൾ സുരക്ഷിതമായ നിലയിൽ കാണുവാൻ പൊതുവിൽ നിസ്സാരങ്ങളാണെന്നു തോന്നുന്നതും, പക്ഷെ യഥാൎത്ഥത്തിൽ ഗൌരവമേറിയവയുമായ പല സംഗതികളും അറിയുവാനുണ്ട്. ചില സ്ത്രീകൾ (ഗർഭിണികൾ) ശരീരമാസകലം അശേഷം അയവില്ലാത്ത ജാക്കറുകൾകൊണ്ടും മററും കെട്ടിപ്പൂട്ടി ശരിയായ ശ്വാസോച്ഛ്വാസത്തിനും മററും നിവൃത്തിയില്ലാത്ത നിലയിൽ കാണപ്പെടാറുണ്ടു. ഗർഭിണികൾക്കു അത്തരത്തിലുള്ള കുപ്പായങ്ങൾ തീരെ അസുഖാവസ്ഥ വരുത്തുന്നവയാകുന്നു. വിശേഷിച്ച തീരെ അയവില്ലാത്തവ കൂടുതലായി ഉപദ്രവം ഉണ്ടാക്കുന്നവയുമാണ്. യഥാൎത്ഥത്തിൽ ശരീരത്തി

ലെ ഓരോ അവയവങ്ങളേയും യഥേഷ്ടം ഇളക്കി സൌക
ര്യംപോലെ വ്യായാമപ്രദമായ പ്രവൃത്തികൾ നടത്തുവാ
നും മററും ഈ വക "കെട്ടിപ്പൂട്ടുകൾ"കൊണ്ടുള്ള ഉപദ്ര
വം ചില്ലറയൊന്നുമല്ല. നാഗരികത്വമുള്ള സ്ത്രീകളുടെയി
ടയിൽ ഈ "കുപ്പായഭ്രമം" തീരെ പരിത്യജിക്കപ്പെട്ടിരി
ക്കുന്നു. ഈ കുപ്പായങ്ങളിൽച്ചാടാതിരിക്കുന്ന ഗർഭിണി
കൾ—അഥവാ ഈ സമ്പ്രദായമില്ലാത്ത ചില രാജ്യത്തെ
സ്ത്രീകൾ—യാതൊരു ക്ലേശവും കൂടാതെ പ്രസവിക്കുന്നു.
പ്രസവസംബന്ധമായ ഒരു സുഖക്കേടും അവൎക്കുണ്ടാകു
ന്നതല്ല. ആഫ്രിക്കാഭൂഖണ്ഡത്തിലെ ചില പ്രദേശങ്ങളി
ലുള്ള സ്ത്രീകൾ—അവൎക്കു ഈവക കുപ്പായഭ്രമമില്ലല്ലൊ—
വല്ല സ്ഥലങ്ങളിലും, പ്രത്യേകിച്ചു കാട്ടുപ്രദേശങ്ങളിലും
മററും പ്രവൃത്തി എടുത്തുകൊണ്ടിരിക്കുമ്പോൾ, പെട്ടെ
ന്നു പ്രസവിക്കയും, കുറിച്ചു കഴിഞ്ഞാൽ തങ്ങളുടെ
കുട്ടികളേയുമെടുത്തുകൊണ്ടു സന്തോഷപൂൎവ്വം അവരവരു
ടെ വീട്ടുകളിലേക്കു മടങ്ങുന്നതും സാധാരണമായ ഒരു സ
മ്പ്രദായമാകുന്നു. അവർ പ്രകൃത്യനുസരണം പെരുമാറു
ന്നതുകൊണ്ടു പ്രസവാദികളിലും മററും അവൎക്കു യാതൊരു
ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. ഈ വക സ്ത്രീകൾ സുഖമായി
പ്രസവിക്കുന്നതു അവരുടെ ശരീരത്തിന്നു ശരിയായ വ്യാ
യാമം കൊടുക്കുവാൻ തടസ്ഥപ്പെടുന്ന കുപ്പായങ്ങളും മ
ററും അവർ ധരിക്കാത്തതുകൊണ്ടാകുന്നു.

ഈജിപ്തിലും, ഇന്ത്യയിലും ഒരു വിധം നാഗരികത്വമു
ള്ള സ്ത്രീകൾ മേൽപ്പറയപ്പെട്ട ദുൎഘടങ്ങളായ കുപ്പായങ്ങ
ളിൽനിന്നു ഒഴിവാകുന്നതുകൊണ്ടു അവൎക്കു പ്രായേണ പ്ര
സവം ഒരു വിധത്തിലും ഉപദ്രവഹേതുകമാകുന്നില്ല. ഇ
ക്കാലത്തു മെഡിക്കൽ ഡിപ്പാർട്ടുമെണ്ടുകാരുടെയും, വിദ
ഗ്ദ്ധന്മാരായ ശരീരശാസ്ത്രജ്ഞന്മാരുടെയും ഉത്സാഹത്താൽ

ആഫ്രിക്കയിലെ തീരെ അപരിഷ്കൃതമായ സുഡാൻ മുതലായ രാജ്യങ്ങളിൽപോലും സ്ത്രീകൾക്കു സുഖപ്രസവത്തിനുള്ള പല മാർഗ്ഗങ്ങളും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ യഥാർത്ഥമായ ലോകശുശ്രൂഷയെന്നോ, ശരിയായ മതനിഷ്ഠയെന്നോ മറേറാ നമുക്കു പറയുവാൻ വല്ലതുമുണ്ടെങ്കിൽ അതു ആരോഗ്യകരമായ സ്ത്രീത്വവും, സ്വാഭാവികമായ ശിശുത്വവുമാണെന്നാകുന്നു മഹാനായ ഒരു ഡോക്ടർ ഇയ്യിടെ അഭിപ്രായപ്പെട്ടിരിക്കുന്നതു. ഇതു എത്രയോ വാസ്തവമായ ഒരു തത്വമാണെന്നുള്ളതിന്നു സംശയമില്ല.

പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ച നമ്മുടെ രാജ്യത്തും ചില പാശ്ചാത്യരാജ്യങ്ങളിലും മിക്ക നാഗരികാംഗനമാരുടേയും അവസ്ഥയെപ്പററി ഈ അവസരത്തിൽ ചിന്തിക്കേണ്ടതാണു. അവിടങ്ങളിലെല്ലാം ഒരു കഥ പറഞ്ഞപോലെ കുതിരയെ കട്ടുകൊണ്ടുപോയശേഷമാണു ലായത്തിൻെറ പടി അടയ്ക്കുന്നതു. അതെന്തെന്നാൽ പ്രസവസംബന്ധമായ അബദ്ധങ്ങൾ പററിയശേഷമാണു കുപ്പായഭ്രമമില്ലാത്ത അന്യരാജ്യസ്ത്രീകളെ അനുകരിച്ചാൽ നന്നായിരിക്കുമെന്നു അവൾക്കു തോന്നുവാൻ സംഗതിവരുന്നത്. എന്നാൽ ഇപ്പോൾ നമ്മയ്ക്കായാലും വേണ്ടില്ല പുതിയ പരിഷ്കാരത്തിൽ പ്രിയമുള്ള നമ്മുടെ സ്ത്രീകളിൽ അധികപക്ഷക്കാരും സാധാരണയായി മുൻപറയപ്പെട്ട കുപ്പായഭ്രമം ചുരുക്കിക്കൊണ്ടു വരുന്നുണ്ടു. എന്നാൽ അതു ശരിയായ ഒരു സമ്പ്രദായത്തിൽ അതായതു യുക്ത്യനുസരണമായിത്തീരുന്നപക്ഷം വളരെ ഉപയോഗമായി കലാശിക്കുമെന്നു അവർ പ്രത്യേകം അറിയേണ്ടതാണു. നഗ്നതയെ മറയ്ക്കുവാനും, ശരീരത്തിലെ അവയവങ്ങൾക്കു തക്ക വ്യായാമം കൊടുക്കുവാനും ഉതകുന്ന നില

യിലുള്ള കുപ്പായങ്ങൾ ഏതു കാലത്തും നമ്മുടെ സ്ത്രീകൾക്കു ആവശ്യവും അലങ്കാരവുമായിരിക്കുമെന്നു *എല്ലാവരും മനസ്സിലാക്കേണ്ടതാകുന്നു.

ഗർഭിണികളായ സ്ത്രീകൾക്കും, പ്രസവിച്ചുകിടക്കുന്ന സ്ത്രീകൾക്കും തരാതരംപോലെ ഉപയോഗിക്കുവാൻ പ്രത്യേക കുപ്പായങ്ങൾ ആവശ്യമാണു. ഓരോ കാലത്തും ദേഹസ്ഥിതിക്കുപയുക്തമായ കുപ്പായങ്ങൾ യുക്ത്യനുസരണം ധരിക്കുകയെന്നല്ലാതെ അവയ്യൊന്നിനും ഒരു ഡോക്ടരുടെ ഉപദേശം യാതൊരു സ്ത്രീക്കും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പ്രസവസംബന്ധമായ വേദനകളൊ, ഉപദ്രവങ്ങളൊ തീരെ ഇല്ലാതാക്കിത്തീക്കുവാൻ നമ്മുടെ രാജ്യത്തും, പാശ്ചാത്യരാജ്യങ്ങളിലുമുള്ള പുതിയ ഡോക്ടമാർ പല വഴികളും ആലോചിച്ചുവരുന്നുണ്ടു. ശരിയായ ദിനചൎയ്യ, ന്യായമായ പെരുമാററം വൃത്തി, തക്കതായ വസ്ത്രം, വ്യായാമം വിശ്രമം ഇവയെല്ലാമാകുന്നു സ്ത്രീകൾക്കു സുഖപ്രസവത്തിന്നുള്ള ഏകമാൎഗ്ഗമെന്നു അവർ പ്രസ്താവിക്കുന്നതു. ഇങ്ങിനെയുള്ള എല്ലാ മുൻകരുതലുകളും ശരിയായി അനുഷ്ഠിക്കുന്ന ചില സ്ത്രീകൾക്കും പ്രസവമെന്നു കേൾക്കുമ്പോൾ ഒരു ഭയമുണ്ടാകുന്നുണ്ടു്. അതു സ്വാഭാവികമായിട്ടുള്ള അവരുടെ മനശ്ശക്തിക്കുറവെന്നല്ലാതെ മറെറാന്നും പറയുവാനില്ല. പക്ഷെ ഗർഭിണിയായ സ്ത്രീക്കു ഞരമ്പുകളെ സംബന്ധിച്ചോ, കുടലുകളെ സംബന്ധിച്ചോ വല്ല സുഖക്കേടുകളുമുണ്ടെങ്കിൽ അതിന്നു തക്ക നിവാരണമാൎഗ്ഗം കാലേക്കൂട്ടിത്തന്നെ നോക്കാതിരുന്നാൽ വന്നുകൂടുന്ന അനൎത്ഥങ്ങൾക്കു അവൾതന്നെ ഉത്തരവാദിയാകുമെന്നുള്ളതിന്നു സംശയമില്ല.

ചിലപ്പോഠം പ്രസവശേഷം മിക്ക ശിശുക്കഠംക്കും നല്ല സുഖമില്ലാതെ കാണുന്നുണ്ട്. ഇതിന്നു ഒരു കാരണം പ്രസ്തുത ശിശുക്കളുടെ അമ്മമാക്കു ലഹരിപദാത്ഥങ്ങഠം (കറപ്പ് മുതലായവ) ചേത്ത വല്ല ഔഷധങ്ങളും കൊടുത്തു ആ സാധ്വസ്ത്രീകളെ ബോധരഹിതമാരാക്കുന്നതുകൊണ്ടാണെന്നു ഊഹിക്കപ്പെടുന്നു. ഇങ്ങിനെ പ്രസവത്തിന്നു മുമ്പു "മയക്കപ്പെടുന്ന" സ്ത്രീകഠംക്കു അവരുടെ രക്ഷാകത്താക്കന്മാരോ, വൈദ്യന്മാരോ വിചാരിക്കുന്ന ഗുണത്തിന്നു വിപരീതമായി കൂടുതൽ ദോഷമാണു വന്നുകൂടുന്നതെന്നു നാം അറിഞ്ഞിരിക്കേണ്ടതാണ്.

നമ്മുടെ രാജ്യത്തു ചില ഡോക്ടർമാർ പ്രസവചികിത്സയ്ക്കു സ്ത്രീകഠംക്കു ഒരുവിധം അവീൻസത്തു കൊടുക്കുന്നുണ്ടു. ഇതു തുടരെ മൂന്നു കൊല്ലത്തോളം കൊടുക്കുന്ന സമ്പ്രദായവുമുണ്ടു്. യൂറോപ്പു ഭൂഖണ്ഡത്തിൽ ചില പ്രത്യേക സംഗതികളിൽ എട്ടൊമ്പതു കൊല്ലത്തോളം അപ്രകാരം അവീൻസത്തു കൊടുക്കപ്പെടുന്നതായി ഭൂരിപക്ഷം ഡോക്ടർമാരും സമ്മതിച്ചിട്ടുണ്ടു്. പ്രായമധികമായ ശേഷം—40 വയസ്സിന്നു മേലെയായതിൽപ്പിന്നെ—പ്രസവിക്കുന്ന എല്ലാ സ്ത്രീകഠംക്കും പ്രസവസമയത്തു അപകടമുണ്ടാകാനിടയുള്ളതിനാൽ അങ്ങിനെ അവീൻസത്തു കൊടുക്കുന്നതു നല്ലതാണെന്നു ഒരു അഭിപ്രായമുണ്ടു്. വളരെ എളുപ്പത്തിൽ സ്വഭാവമാററം വരുന്നവരോ, പെട്ടെന്നു വല്ലതും കണ്ടു ഭ്രമിക്കുന്നവരോ, വേഗത്തിൽ മനോവ്യാപാരങ്ങഠംക്കു മാററം വരുന്നവരോ ആയ സ്ത്രീകഠംക്കു—ഇക്കാലത്തു പരിഷ്കാരത്തിൽക്കിടന്നു മുങ്ങുന്ന മിക്ക സ്ത്രീകളും ഏകദേശം ഈ വകുപ്പിൽ ഉഠംപ്പെടും—ഇപ്രകാരം മയക്കം ഉണ്ടാക്കുവാനുള്ള ഔഷധങ്ങഠം കൊ

ടുക്കുന്നതു വാസ്തവത്തിൽ വലിയ അനുഗ്രഹമായിട്ടാണ് പരിണമിക്കയെന്നു പ്രത്യേകം പറയേണ്ടതില്ല. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് അത്തരം സ്ത്രീകൾക്കു വലിയ വേദനയൊന്നും കൂടാതെ പ്രസവിക്കുവാൻ സാധിക്കും.

ഏതായാലും ഓരോ സ്ത്രീകളുടേയും പ്രസവരീതിയെപ്പററി ഓരോ ഡോക്ടർമാർ പരിശോധിച്ചു തക്ക ഔഷധങ്ങൾ കല്പിക്കുന്നു എന്നേ ഇതിന്നർത്ഥമുള്ളൂ. പക്ഷെ ദേഹാരോഗ്യത്തേയും, തൻെറ കുട്ടിയുടെ സുഖത്തേയും പററി പ്രത്യേകം ശ്രദ്ധിക്കുന്ന യാതൊരു അമ്മമാരും മററു മരുന്നുകൾകൊണ്ടു തങ്ങൾക്കു ഉപദ്രവങ്ങൾ ഇല്ലാതാക്കുവാൻ കഴികയില്ലെന്നു കണ്ടല്ലാതെ കൃത്രിമപ്രയോഗങ്ങളായ ഇത്തരം ചികിത്സകൾക്കു (അവീൻസത്തിന്നും മററും) വഴിപ്പെടുകയില്ല. പ്രസ്തുത സ്ത്രീകൾക്കു അപ്രകാരം വഴിപ്പെടുന്നതു പല വിധത്തിലും ദോഷകരവുമാകുന്നു.

ഇതിനെ സംബന്ധിച്ചു വളരെയധികം പുസ്തകങ്ങൾ പലരും എഴുതിയിട്ടുണ്ട്. ഇന്നത്തെ ചില വിദഗ്ദ്ധന്മാരായ ഡോക്ടർമാർ ഇക്കാര്യത്തിൽ പല പരിശ്രമങ്ങളും ചെയ്തു ഓരോ പുതിയ ഔഷധങ്ങൾ കണ്ടുപിടിച്ചുവരുന്നുണ്ട്. എങ്ങിനെയായാലും സഹിക്കവഹിയാത്ത പ്രസവവേദനയാൽ കുഴങ്ങുവാനിടവരുന്ന ചിലൎക്കു ഈ പുതിയ ഔഷധപ്രയോഗം തൽക്കാലം ഒരു ആശ്വാസം നൽകുമെന്നാണു കാണുന്നത്.

സന്താനപരമ്പരകൾക്കു അവയുടെ പരിപാവനങ്ങളായ വംശപാരമ്പൎയ്യഗുണങ്ങൾ കാണുമെന്നുള്ളതിന്നു സംശയമില്ല. ഈ ദൃഷ്ടാന്തം “കുടിൽതൊട്ടു കൊട്ടാരം

വരെ''യുള്ള ഏതു ശിശുവിലും കാണാവുന്നതാണ്. ഈ ഗുണങ്ങരം അഥവാ അവകാശങ്ങരം എന്തെല്ലാമാണെന്നാണു നോക്കേണ്ടത്. യാതൊരു ബുദ്ധിമുട്ടുകളും കൂടാതേയുള്ളസുഖപ്രസവം, സ്വാഭാവികമായസ്നേഹവുമാകുന്നു ഈ വിധ പാരമ്പര്യഗുണങ്ങളിൽപ്രധാനമായവ. ചിലപ്പോരം സാധാരണയായി പ്രത്യേക സൌഭാഗ്യമുള്ള ഒരു കുട്ടിയെപ്പററി "അതു ഒരു ഓമനക്കുട്ടിയായിരിക്കണം, മാതാപിതാക്കന്മാരുടെ യഥാത്ഥാനുരാഗത്തിൻെറയും, ശരിയായ ശുശ്രൂഷയുടേയും ഫലമായിരിക്കണം'' എന്നു പലരും പറയുന്നതു നാം കേരംക്കാറുണ്ട്. ഇതിൽ നിന്നു വിവേകശാലികളായവർ മനസ്സിലാക്കേണ്ടതെന്താണ്? പ്രസ്തുത ശിശു അതിൻെറ മാതാപിതാക്കന്മാരുടെ വാസ്തവമായ അനുരാഗത്തിൻെറ ഒരു അവതാരവും, സുഖസന്തോഷാദികളുടെ ഒരു മാതൃകയുമാണെന്നാകുന്നു. ഇങ്ങിനെയുള്ള കുട്ടികരം വാസ്തവത്തിൽ അവരുടെ വംശപാരമ്പര്യത്തിൽ പ്രസ്പഷ്ടമാകുന്ന സദാചാരജീവിതത്തിനുകൂടി കേവലം നിദശനങ്ങളായിരിക്കുന്നതാണ്.

കേവലം രക്തബന്ധമില്ലാത്ത വധൂവരന്മാരിൽ നിന്നുണ്ടാകുന്ന സന്താനങ്ങളാണു കാഴ്ചയിൽ സുഖശരീരികളും, സുഭഗന്മാരുമായിത്തീരുവാൻ അവകാശം. പക്ഷെ അവർ മാനസികമായ ഗുണങ്ങരം കൂടിയുള്ളവരായിരിക്കേണമെങ്കിൽ തങ്ങളുടെ മാതാപിതാക്കന്മാർ യഥാത്ഥാനുരക്തരും, സദാചാരപരരുമാകേണമെന്ന സംഗതികൂട നാം വിസ്മരിക്കുവാൻ പാടുള്ളതല്ല.

വിവാഹനിശ്ചയം കഴിഞ്ഞ ചിന്താശീലയായ ഒരു പെൺകുട്ടി "അദ്ദേഹം എൻെറ കുട്ടികളുടെ അച്ഛനാകുവാൻ ഞാൻ ഇഷ്ടപ്പെട്ടുമൊ എന്ന കായ്യത്തിൽ എനിക്കു

വലിയ അത്ഭുതമുണ്ട്." എന്നു ഒരു മാന്യനോടു ഒരിക്കൽ പറയുകയുണ്ടായി.

വിവാഹത്തിനുമുമ്പായി എല്ലാ പെൺകുട്ടികൾക്കും ഇപ്രകാരമുള്ള ആലോചനയാണുണ്ടാകേണ്ടത്. പെൺകുട്ടികളെ! ഭർത്താക്കന്മാരെത്തിരഞ്ഞെടുക്കുവാനുള്ള നിങ്ങളുടെ രാജകീയാവകാശത്തെ നിങ്ങൾ ശരിയായി വിനിയോഗിക്കുവിൻ! ഒരാളുടെ ലാളനകൾ പ്രകൃത്യാ നിങ്ങൾക്കു യോജിക്കാത്തതും, തന്മൂലം നിങ്ങൾക്കു വെറുപ്പും, അസ്വാസ്ഥതയും വരുവാനിടയുള്ളതും ആയാൽകൂടി അയാളുടെ ധനം, പദവി മുതലായവകൊണ്ട് നിങ്ങൾ അയാളെ വരിക്കുവാൻ നിർബ്ബന്ധിതരാകുന്നതു ചിലപ്പോൾ സ്വാഭാവികമായ ഒരു സംഭവമാകുന്നു. അങ്ങിനെവരുന്ന വിവാഹങ്ങൾ പ്രായേണ സുഖപ്രദങ്ങളാകുന്നതല്ലെന്നുതന്നെയല്ല, അതിൽനിന്നുണ്ടാകുന്ന സന്താനങ്ങളും അഭിലഷണീയമായ ഗുണമുള്ളവരായിരിക്കയില്ല. ധനത്തേയും, പദവിയേയും മാത്രം മോഹിച്ച് നിങ്ങൾ അങ്ങിനെയുള്ള ഒരാളെ വിവാഹം കഴിക്കരുതെന്നാണ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. അയാൾക്കു പലവിധ സ്വഭാവദൂഷ്യങ്ങളുമുണ്ടായിരിക്കും. നിങ്ങൾ ആ വക ദൂഷ്യങ്ങൾ നിങ്ങളുടെ സന്താനങ്ങളിലും വ്യാപിക്കുവാൻ എന്തിനു സംഗതിയാക്കുന്നു? നിങ്ങൾക്കും, അയാൾക്കും തമ്മിൽ പ്രകൃതിയിൽ യാതൊരു യോജിപ്പുമില്ലെങ്കിൽ, നിങ്ങൾ അരുമയായി വളർത്തുന്ന സന്താനങ്ങളെ അയാൾക്കു തീരെ ഇഷ്ടമില്ലെങ്കിൽ, അയാളുടെ ജീവിതത്തിലെ പ്രധാനോദ്ദേശം ധനസമ്പാദനം മാത്രമാണെങ്കിൽ, അഥവാ നിങ്ങളുടെ ആവശ്യങ്ങളേയും സൌകര്യങ്ങളേയും ഗണിക്കാതെ നിങ്ങളിൽനിന്നുള്ള സുഖം മാത്രം ആഗ്രഹിക്കുന്ന ഒരാളാണു അയാൾ എങ്കിൽ, അയാളുടെ കൃതഘ്ന

തയെപ്പററി നിങ്ങഠംക്കു ശരിയായി അറിയുവാനിടയാ യെങ്കിൽ, അയാളുമായുള്ള: സഹവാസത്തിൽനിന്നു വിട്ടൊ ഴിയുവാൻ നിങ്ങഠം ഒരിക്കലും കണ്ഠിതപ്പെടേണ്ട ആവ ശ്യമില്ല.

നിങ്ങഠംക്കു നിങ്ങളുടെ കുട്ടികളോടും ഭത്താക്കന്മാ രോടും ഒരു മുറയുണ്ടു. പരിശുദ്ധജീവിതത്തിൻെറ യഥാ ത്ഥഭവനത്തിലെ നായികമാരാണു നിങ്ങഠം. ഗ്രാമത്തി ലൊ, പട്ടണത്തിലൊ, നാട്ടുപുറത്തോ നിങ്ങളുടെ ഭത്താ ക്കന്മാർ നിങ്ങഠംക്കുണ്ടാക്കിത്തന്നിട്ടുള്ള വീട്ടിൻെറയും ഭാരവാഹിത്വം നിങ്ങഠംക്കുണ്ടു. എന്നാൽ പ്രസ്തുത ഭവനം നിങ്ങളുടെ സന്താനങ്ങഠംക്കു പററിയതാണൊ എന്നു നിങ്ങഠം പ്രത്യേകം നോക്കേണ്ടതാണ്. അപ്രകാരമുള്ള ഭവനങ്ങളിൽ നിങ്ങളുടെ ഭത്താക്കന്മാർപോലും അതി ത്തിവിട്ടു കടന്നുചെന്നു അവയെ അശുദ്ധമാക്കാതിരിക്കു വാനാണു നിങ്ങഠം നോക്കേണ്ടത്. ആ പാവനഗൃഹത്തി ൻെറ താക്കോൽ പ്രേമമല്ലാതെ മറെറാന്നുമല്ലെന്നും, സ ദാചാരവിരുദ്ധമായ യാതൊരു സ്വഭാവവും അതു തുറക്കു വാൻതക്ക ആയുധമായിരിക്കയില്ലെന്നും നിങ്ങഠം പ്രത്യേ കം മനസ്സിലാക്കണം.

ചുരുക്കിപ്പറയുകയാണെങ്കിൽ പ്രസ്തുത ഗൃഹത്തിലേ ക്കു നിങ്ങളാൽ പ്രവേശനം അനുവദിക്കപ്പെടുന്നവൻ നി ങ്ങളുടെ ദൃഷ്ടിയിൽ മററുള്ളവരിൽ എല്ലാംകൊണ്ടും മേ ലെയായി നില്ക്കുന്ന നിങ്ങളുടെ സന്താനങ്ങളുടെ പിതാ വായിരിക്കുവാൻതക്കവനായിരിക്കണമെന്നു നിങ്ങഠം ദൃഢ മായിക്കരുതേണ്ടതാകുന്നു. അങ്ങിനെയായാൽ നിങ്ങഠം ക്കുണ്ടാകുന്ന ആ സന്താനം നിങ്ങളുടെ "പ്രേമാങ്കുരം" എന്നു സവ്വവിധ അധികാരങ്ങളോടുകൂടിയും നിങ്ങഠംക്കു

പറയാവുന്നതാണ്. പ്രസ്തുത സന്താനത്തിന്നു ഉൽകൃഷ്ട ജനനം മൂലം അഭിനന്ദനീയമായ സൽഗ്ഗുണവും ഉണ്ടാകാതിരിക്കയില്ല.

ശരിയായ ശിശുത്വത്തിന്റെ ഗുണങ്ങൾ യഥാൎത്ഥമായ മാതൃസ്ഥാനത്തിൽനിന്നു ലഭിക്കുന്നവയാണ്. അതിന്നുതക്ക വളൎച്ചയും, ധാടിയും, മോടിയും വരുത്തുന്നതു മഹനീയമായ പിതൃസ്ഥാനവുമാകുന്നു.

വാസ്തവത്തിൽ ഏററവും ഓമനയായി വളൎത്തുന്നതും, മററു പല ഗുണമുള്ളതുമായ് ശിശുവിന്നും സൽഗ്ഗുണവും തികഞ്ഞു എന്നു വരുന്നതല്ല. നമ്മുടെ മനുഷ്യപാരമ്പൎയ്യത്തിന്റെ ഓരോ വിഭാഗങ്ങളാണു നമുക്കും, നമ്മുടെ സന്താനങ്ങൾക്കും ബാധിക്കുന്ന കഷ്ടതകളും ബുദ്ധിമുട്ടുകളും. എന്നാൽ അപ്രകാരമുള്ള കഷ്ടത അനുഭവിക്കുവാൻ പാത്രമായി ഉത്ഭവിച്ച സന്താനത്തിൽ ജാസ്തിയായ പിതൃസ്നേഹം ഉണ്ടായിരിപ്പാനിടയാകുന്നതു ദൈവേച്ഛയുടെ ഒരു ഉദാഹരണമാണ്. വളരെ സൂക്ഷ്മവും, സ്നേഹവും, കരുതലും ഉള്ള കുടുംബങ്ങൾക്കാണു ചിലപ്പോൾ പലവിധത്തിലുള്ള അസ്വാസ്ഥതകളും അവശതയും കണ്ടുവരുന്നത്. അതും ദൈവവിധിയെന്നു സങ്കല്പിക്കുന്നവർ പലരും ഉണ്ടു.

എന്നാൽ വധൂവരന്മാൎക്കുള്ള ആരോഗ്യസ്ഥിതി നോക്കാതെ കേവലം അനുരാഗത്തെ മാത്രം നോക്കി നിൎവ്വഹിക്കപ്പെടുന്ന വിവാഹങ്ങൾമൂലം ഉണ്ടാകുന്ന സന്താനങ്ങൾ വലിയ ദുഷ്ടന്മാരായിത്തീരുവാൻ ന്യായമില്ലെങ്കിലും കേവലം സമുദായജീവിതത്തിന്നു അവരുടെ നാനാവിധ സ്വഭാവങ്ങളും യോജിക്കുവാൻ പ്രയാസമാണ്.

ഈവക വിവാഹങ്ങറം കേവലം ആലോചനക്കുറവു കൊണ്ടും, പ്രകൃതിയുടെ ആദൎശത്തെ തീരെ ഗണിക്കാത്തതുകൊണ്ടും സാധാരണയായി അതിന്നു തക്ക ശിക്ഷയ്ക്കു പാത്രീഭവിച്ചുകാണുന്നു. മനുഷ്യസമുദായത്തെപ്പററി ഒട്ടാകെ ആലോചിക്കുമ്പോറം മനുഷ്യർ തീരെ ആലോചിക്കാതെ നടത്തുന്ന വിവാഹങ്ങറംകൊണ്ടു എത്രയൊ തലമുറകറംക്കു ഭയങ്കരങ്ങളായ ദോഷങ്ങറം വരുന്നു എന്നു നമുക്കു കാണ്മാൻ കഴിയും. അങ്ങിനെ സ്ഥിതിഗതികളും ആരോഗ്യാവസ്ഥയും മററും നോക്കാതെ നടത്തപ്പെടുന്ന വിവാഹങ്ങറം ഒരു നിയമംമൂലം നിയന്ത്രിക്കേണ്ടതു അത്യാവശ്യമാകുന്നു. അമ്മയുടെ കുടുംബത്തിലുള്ള ഒരു ദോഷംമൂലം മാനസികമായ ന്യൂനതയാൽ –ഭ്രാന്തല്ല, പക്ഷെ ഏതാണ്ടു അതിൻെറ അടുത്തെത്തും—അനേക തലമുറകളായി കഷ്ടപ്പെടുന്ന ചില കുടുംബങ്ങറം ഉണ്ട്. ഈ കുടുംബവുമായുള്ള വിവാഹങ്ങറം നിയമദൃഷ്ട്യാ ശിക്ഷാൎഹമാണെന്നു വരുന്നതു വളരെ നല്ലതാണെങ്കിലും, ആവക ലോകോപകാരപ്രദങ്ങളായ കാൎയ്യങ്ങളിൽ ആരും ശ്രമിച്ചുകാണുന്നില്ല. പൊതുജനാഭിപ്രായം ഈവക കാൎയ്യങ്ങളിലുള്ള ദോഷഭാഗങ്ങളെ ശരിയായി മനസ്സിലാക്കിയാൽ പ്രസ്തുത വിവാഹങ്ങളെ നിയമങ്ങറം മൂലം നിയന്ത്രിക്കപ്പെടാമെന്നുള്ളതിന്നു സംശയമില്ല. ഇതുപോലെ പാരമ്പൎയ്യവഴിക്കു പല സുഖക്കേടുകളുമുള്ള കുടുംബങ്ങറം വിവാഹങ്ങറംകൊണ്ട് മനുഷ്യസമുദായത്തിൽ പലവിധരോഗികളേയും സൃഷ്ടിച്ചുവിടുന്നതിന്നു കയ്യും കണക്കുമില്ല. വിവാഹവിഷയത്തിൽ ഇങ്ങിനെയുള്ള കാൎയ്യങ്ങറം നോക്കാതിരിക്കുന്നതു് മനുഷ്യർ മനുഷ്യരോടു കാണിക്കുന്ന കഠിനമായ ക്രൂരതയുടെ ഒരു ശരിയായ നിദൎശനമാണെന്നു പറയേണ്ടിയിരിക്കുന്നു. സ്ത്രീകളാകട്ടെ, പുരുഷന്മാരാകട്ടെ വിവാഹകാൎയ്യ

ങ്ങളിൽ ഇങ്ങിനെ അറിഞ്ഞുകൊണ്ട് അപകടത്തിൽപ്പെട്ടുവാനിടവരുന്നതു വളരെ വ്യസനിക്കത്തക്ക ഒരു സംഗതിയാകുന്നു. ദാമ്പത്യത്തിന്നു തടസ്ഥമായ സംഗതികൾ ഉണ്ടായാലും, അവയെ ഗണ്യമാക്കാതെ വിവാഹിതരായിത്തീൎന്നു സമുദായത്തിന്നു കളങ്കമുണ്ടാക്കുന്നതു മഹാപാപമാണെന്നു നാം പ്രത്യേകം അറിയേണ്ടതാകുന്നു. പ്രസവിക്കുവാൻ തക്ക ശരീരസുഖമില്ലാത്തവരോ, ഭൎത്താക്കന്മാരെ സ്വീകരിപ്പാൻ വല്ല കാരണവശാലും നിവൃത്തിയില്ലാത്തവരോ വിവാഹബന്ധത്തിൽപ്പെടരുതെന്നേ ഇതിന്നെല്ലാം അൎത്ഥമുള്ളു. ഈ വക വിഷയത്തിൽ ജനങ്ങൾക്കു തക്ക പഠിപ്പും, കൃത്യബോധവും ഉണ്ടാകുന്നതുവരെ വിവാഹകാൎയ്യങ്ങളിൽ സുസമ്മതമായ ഒരു പ്രവൃത്തിപദ്ധതി രൂപീകരിക്കുവാൻ കഴിയുകയില്ല.

"മുളയിലറിയാം വിത്തിൻെറ ഗുണം" എന്ന തത്വം സസ്യാദികൾക്കെന്നപോലെ മനുഷ്യസമുദായത്തിന്നും ശരിയായി പറവുന്ന ഒരു പരമാൎത്ഥമാകുന്നു. അന്തസ്സിലിരിക്കുന്ന ദമ്പതിമാർ അതേവിധത്തിലുള്ള സന്താനങ്ങളെ പ്രദാനം ചെയ്യുന്നു. ദരിദ്രരായ മാതാപിതാക്കന്മാൎക്കു ദരിദ്രസന്താനങ്ങൾ ഉണ്ടാകുന്നു. പക്ഷെ ഈ രണ്ടു തരക്കാരുടേയും (സന്താനങ്ങളുടേയും) സ്വഭാവം അവരവരുടെ മാതാപിതാക്കന്മാരുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. പ്രസ്തുത സ്വഭാവം കൊണ്ടാണ് ദരിദ്രശിശു ധനികനാകുന്നതും, ധനികശിശു ദരിദ്രനാകുന്നതും എന്നു നാം പ്രത്യേകം അറിയേണ്ടതാകുന്നു.

സന്താനോല്പാദനവിഷയത്തിൽ ഒരു നിയമം ആവശ്യമാണെന്നു കാണുന്നതു് ഇങ്ങനെ പല സംഗതികളും ആലോചിക്കുമ്പോഴാകുന്നു. ഭാവിതലമുറകളുടെ സുഖ

സൌകയ്യാദികറംക്ക അങ്ങിനെ ഒരു ഏപ്പാടുണ്ടാകുന്നതു എത്രയോ പ്രയോജനകരമാണെന്നു പ്രത്യേകം പറയേണ്ടതല്ല. 'അറിവില്ലായ്മ മരണത്തിൻെറ അമ്മയാകുന്നു എന്നു പണ്ഡിതന്മാർ പറയുന്നതു വാസ്തവമാണ്. വിധിബലത്താൽ മനുഷ്യന്മാരായതിൽ ആരും തന്നെ ആരോഗ്യശാലികളായിത്തീൎന്നിട്ടില്ല. കേവലം ചെററപ്പുരയിൽ കിടക്കുന്ന ഒരു കൂലിക്കാരൻ അരോഗദൃഢഗാത്രനാകുന്നതു അവൻെറ ദൈനംദിനമായ വ്യായാമങ്ങളെകൊണ്ടും ഭക്ഷണനിയമം കൊണ്ടുമാകുന്നു. നേരെ മറിച്ച കൊട്ടാരത്തിൽ സൎവ്വസുഖാനുഭവത്തിന്നും പാത്രമായിരിക്കുന്ന പ്രഭുക്കന്മാർകൂടി രോഗികളായിപരിണമിക്കുന്നതു അവരുടെ ദിനചൎയ്യകറം സ്വാഭാവികമായ കായികവ്യാപാരങ്ങളോട് യോജിക്കാത്തതുകൊണ്ടാണെന്നുള്ളതിന്നു സംശയമില്ല. ഇതുപോലെ തന്നെ മാനസികപരിഷ്കാരവും, ശരിയായ ആദശ്ശശുദ്ധിയും, ദേഹാരോഗ്യവുമാണ് തങ്ങളുടെ സന്താനങ്ങറംക്ക പ്രത്യേകമായുണ്ടാകേണ്ടതു് എന്നു ദൃഢമായി ഗ്രഹിച്ചിട്ടുള്ള മാതാപിതാക്കന്മാരെക്കൊണ്ട് സന്തത്യുല്പാദനവിഷയത്തിൽ അഭിലഷണീയമായ ഫലം ലോകത്തിന്നുണ്ടാകുന്നു എന്നു നിഷ്പ്രയാസം തെളിയിക്കാവുന്നതാണ്. ആരോഗ്യമുള്ള കുട്ടികറം ഒരു രാജ്യത്തിൻെറ മൂലധനം സ്വൎണ്ണനാണ്യങ്ങറം — ആകുന്നു. അവരുടെ മാതാപിതാക്കന്മാരാകട്ടെ കേവലം ചെമ്പുനാണ്യങ്ങളുമാണ്. ഈ ചെമ്പുനാണ്യങ്ങളും, സ്വൎണ്ണനാണ്യങ്ങളും ലോകത്തിന്നു ശരിയായി പ്രയോജകീഭവിക്കുന്നുണ്ടോ എന്നാണ് നോക്കേണ്ടതു്. സന്താനോല്പാദനവിഷയത്തിൽ മാതാപിതാക്കന്മാർ അറിഞ്ഞിരിക്കേണ്ട സംഗതികളെല്ലാം അവർ ഹൃദിസ്ഥമാക്കുന്ന പക്ഷം അക്കാൎയ്യത്തിൽ യാതൊരു നിയമവുമാവശ്യമില്ല.

പ്രസ്തുത കാൎയ്യത്തിലുള്ള ഗൌരവമേറിയ ചുമതലകളെ അഗണ്യമാക്കുന്ന ഒരു സ്ത്രീ എത്രതന്നെ സമൎത്ഥയായാലും അവളെ സമുദായശുശ്രൂഷക്കു തക്ക യോഗ്യയെന്നു അറിവുള്ളവർ പറയുകയില്ല. വിവാഹം ചെയ്ത ചെറുപ്പക്കാരായ സ്ത്രീകൾ ഈ തത്വങ്ങൾ നല്ലപോലെ അറിഞ്ഞിരുന്നാൽ അവൎക്കു ഗൃഹജീവിതം സന്തോഷപ്രദമാകുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല.

ഒരു മാതാവിൻെറ പ്രധാനമായ ചുമതല അവളുടെ കുട്ടിയെ സ്വാഭാവികമായ നിലയിൽ ശുശ്രൂഷിക്കുന്നതാകുന്നു. പ്രസവിച്ചു വീണ കുട്ടികളെക്കൂടി ശുശ്രൂഷകൾക്കു ആയമാരെ ഏൎപ്പെടുത്തുന്ന പാശ്ചാത്യപരിഷ്കാരികളായ ദമ്പതിമാർ പ്രകൃതിയുടെ ധൎമ്മത്തെ തീരെ അറിയാത്തവരോ അഥവാ അതിനെ അവഗണിക്കുന്നവരോ ആകുന്നു. വാസ്തവം പറയുകയാണെങ്കിൽ സ്വന്തം മാതാവ് തന്നെ മുലകൊടുത്തു വളൎത്തുന്ന കുട്ടികളാണ് ഏററവും ആരോഗ്യമുള്ളവരായിത്തീരുന്നത്. കുട്ടികൾക്കു ശൈശവത്തിലുള്ള ക്ഷീണത്തെ ദൂരീകരിച്ച് കൂടുതൽ ശക്തികൊടുക്കുവാൻ അമ്മയുടെ മുലപ്പാൽ അത്യാവശ്യമാണ്. അതിനാൽ ഇന്നത്തെ പരിഷ്കാരത്തിന്നു യോജിച്ച മുലക്കുപ്പികളും മററും ഉപയോഗിച്ചു കുട്ടികളെ കഷ്ടപ്പെടുത്താതെ സ്വാഭാവികമായ മുലപ്പാൽതന്നെ കൊടുത്ത് തങ്ങളുടെ സന്താനങ്ങളെപ്പോററുന്നതു എല്ലാംകൊണ്ടും ഗുണമായിരിക്കുമെന്നു എല്ലാ അമ്മമാരും അറിയേണ്ടതാകുന്നു. സാധാരണയായി അമ്മമാൎക്കു അവരുടെ കുട്ടികൾ തങ്ങളുടെ ശുശ്രൂഷകൾകൊണ്ടു തൃപ്തിപ്പെടുന്നുണ്ടോ എന്നു ക്ഷണത്തിൽ അറിയുവാൻ സാധിക്കുന്നതിന്നു പുറമെ അവൎക്കു പ്രസ്തുത കുട്ടികളുടെ ആവശ്യങ്ങളും മററും ആയമാരേക്കാൾ താ

ല്പയ്യത്തോടുകൂടി ശ്രദ്ധിക്കുവാൻ സ്വാഭാവികമായ ഒരു ഔൽസുക്യവും ഉണ്ടാകുന്നതാണല്ലോ.

ശിശുപരിപാലനത്തെക്കുറിച്ചു ഇന്നത്തെ അമ്മമാക്ക പലതും പഠിക്കുവാനുണ്ട്. ഇന്ത്യയിൽ ഇന്നും ശിശുമരണം മററുരാജ്യങ്ങളെ അപേക്ഷിച്ചു കൂടുതലായി കാണുന്നതു സാധാരണയായി ചെറുപ്പക്കാരായ അമ്മമാക്ക ശിശുപരിപാലനവിഷയത്തിൽ പറയത്തക്കതായ അറിവില്ലായ്കകൊണ്ടാകുന്നു. വിദഗ്ദ്ധന്മാരായ പലരും ഈ വിഷയത്തിൽ എഴുതിയിട്ടുള്ള പുസ്തകങ്ങറം വായിക്കുന്നതുകൊണ്ടു കുറെയൊക്കെ അറിവു സ്ത്രീകറംക്കു ഈ വിഷയത്തിൽ സിദ്ധിക്കുമെന്നുള്ളതിന്നു സംശയമില്ല. പക്ഷെ അവർ തങ്ങളുടെ ബുദ്ധിശക്തി ശരിയായി ഉപയോഗിച്ചു അവരവരുടെ ശിശുക്കളുടെ ആവശ്യങ്ങളെ അറിഞ്ഞു യഥോചിതം പ്രവത്തിച്ചല്ലാതെ എത്രതന്നെ പുസ്തകങ്ങറം പഠിച്ചതുകൊണ്ടും കൂടുതലായ ഒരു പ്രയോജനമുണ്ടാകുന്നതല്ല. ഇതിനെല്ലാം സ്വാഭാവികമായി ഒരു വാസന അത്യാവശ്യമാണ്. ശിശുപരിപാലനത്തിൽ അതിവിദഗ്ദ്ധകളായ സ്ത്രീകളാരും ജനനാൽതന്നെ "അമ്മ"മാരെല്ലന്നു നമുക്കറിയാമല്ലൊ. കുട്ടികളെ വളത്തുവാനും ശുശ്രൂഷിക്കുവാനും സ്വാഭാവികമായി ഒരു താല്പയ്യം അവക്കുണ്ടാകുമ്പോറം അതിന്നു തക്ക മാഗ്ഗങ്ങറം അവർ സ്വയമേവ കണ്ടുപിടിക്കുന്നു. ഇതിനെല്ലാം അടിസ്ഥാനം തങ്ങളുടെ ശിശുക്കളോടു അവക്കുള്ള സ്നേഹം ഒന്നുമാത്രമാകുന്നു. ആ ഒരു ദിവ്യൌഷധംതന്നെയാണ് ഏതു മാതാവും ശിശുശുശ്രൂഷക്കു സവ്വഥാ ഉപയോഗിക്കേണ്ടതു്. "നല്ലവണ്ണം സ്നേഹിക്കപ്പെടുന്നവരാണ് നല്ലവണ്ണം ജീവിക്കുന്നതു്" എന്ന പണ്ഡിതവചനം മാതാവും, ശിശുവും തമ്മിലുള്ള

ബന്ധത്തിന്നു പ്രത്യേകമായി ഉതകുന്ന ഒരു തത്വരത്ന മാകുന്നു.

## IX
## ദാമ്പത്യഭംഗം

ഈശ്വരസംഘടിതം ഭുവി-
ശാശ്വതമാം വസ്തുവാസ്സിളങ്ങിീട്ടും
നശ്വരമാക്കരുതതു നാം
പ്രശ്രയഹീനം, പ്രമാണമിതുധന്യം.

സാമുദായികവിഷയങ്ങളിൽ വിവാഹമോചനത്തേക്കാൾ ബുദ്ധിമുട്ടുകൂടിയ ചില കാൎയ്യങ്ങളുണ്ട്. ആദ്യമായി അവയെപ്പററി ചുരുക്കത്തിൽപ്പറയുന്നതു പരക്കെ ഉപകാരമായിരിക്കും. വിവാഹം എന്നതു ലോകമൎയ്യാദക്കനുസരിച്ച ഒരു ഉടമ്പടിയോ അല്ലെങ്കിൽ ഒരു മതപരമായ പ്രസ്ഥാനമോ എന്നാണു ഒന്നാമതു നോക്കേണ്ടത്.

വിവാഹത്തിൻെറ പരിപാവനമായ ആദൎശത്തിൽ അതിയായ വിശ്വാസമുള്ളവർ-ഉദാഹരണമായി ക്രിസ്തു്യാനികളിൽ കത്തോലിക്കക്കാർ മുതലായവർ—എന്തുതന്നെയായാലും വിവാഹമോചനം തെററായ ഒരു കൎമ്മമാണെന്നാകുന്നു വിചാരിക്കുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഒരു ബന്ധത്തെ അഴിക്കുകയാണല്ലോ വിവാഹമോചനം എന്ന കൎമ്മം എന്ന ഒരു സദാചാരപരമായ ബോധത്താലാണു അവർ അപ്രകാരം കരുതുന്നതിനുള്ള കാരണം. ഇതിന്നു വിപരീതമായി, അവനവൻെറ പ്രത്യേക

സുഖസൌകര്യങ്ങളേയും, ന്യായങ്ങളേയും നോക്കുന്നവരും, മതപരമായ സംഗതികളെത്തന്നെ എല്ലാററിന്നും ആധാരമാക്കാത്തവരുമായ എല്ലാവരും വിവാഹം നിയമദൃഷ്ട്യാ മറോരോ ഉടമ്പടികൾപോലെയുള്ള ഒരു ഉടമ്പടിമാത്രമാണെന്നും, ആ ഉടമ്പടിയിലെ ഏതെങ്കിലും ഒരു കക്ഷി അതിലെ തത്വങ്ങളിൽ ഏതെങ്കിലും അനുസരിക്കാതിരുന്നാൽ പ്രസ്തുത കക്ഷിക്കു അതിന്മേലുള്ള സകല ബാദ്ധ്യതയും പൊയ്പ്പോയി എന്നും വിചാരിക്കുന്നു.

മേൽപ്പറയപ്പെട്ട രണ്ടു അഭിപ്രായങ്ങളിൽ ഏതാണു ശരി, ഏതാണു തെററ എന്നു തീർച്ചപ്പെടുത്തേണ്ടതു നമ്മുടെ ചുമതലയല്ല; അഥവാ നമുക്കു അതിന്നു തക്ക ത്രാണിയുമില്ല. മനുഷ്യസ്വഭാവം പലവിധമായിരിക്കും. വിശേഷജ്ഞാനത്തോടും, സദാചാരബോധത്തോടും ആലോചിക്കുന്നപക്ഷം ദമ്പതിമാരിൽ ഒരാൾ (സ്ത്രീയോ പുരുഷനോ) വിവാഹബന്ധത്തെ മുറിക്കുവാനിടയാക്കുന്നു എങ്കിൽ— എത്രയൊ നീചമായ ഒരു പ്രവൃത്തിയാണു ചെയ്യുന്നതെങ്കിൽ— എത്രവേഗത്തിൽ വിവാഹമോചനക്രിയ നടത്തുന്നുവോ അതു അത്രയും നല്ലതായിരിക്കും.

യഥാർത്ഥമതതത്വത്തെ ആസ്പദമാക്കിപ്പറയുകയാണെങ്കിൽ കേവലം വേദാന്തികളുടേയൊ, പുരോഹിതന്മാരുടേയൊ സ്വഭാവമായിരിക്കയില്ല സാധാരണ മനുഷ്യസ്വഭാവം. വലിയ വൈദികന്മാർ മുൻപറയപ്പെട്ട ഉടമ്പടിപ്രകാരമുള്ള വിവാഹത്തെ തീരെ നിഷേധിക്കുന്നവരാകുന്നു. “വിവാഹം എത്രയോ പരിശുദ്ധമായ ഒരു പ്രസ്ഥാനമാണ്. അതു കേവലം കച്ചവടംപോലെ വല്ല ഖരാറിന്മേലും ഇത്രകാലത്തേക്കു എന്നും മററും നിബന്ധനകൾ മൂലം ഉറപ്പിക്കുന്നതു വളരെ നീചമായ ഒരേർപ്പാടാകുന്നു.

പ്രകൃതിനിയമം അതായതു ദൈവനിയമം തീരെ അഗണ്യമാക്കുകയാകുന്നു ഈ വക വിവാഹഉടമ്പടിക്കാർ ചെയ്യുന്നത്” എന്നൊക്കെയാകുന്നു ഒരു പുരോഹിതൻ അഥവാ വൈദികൻ മതപരമല്ലാത്ത വിവാഹത്തെപ്പററി അഭിപ്രായപ്പെടുക.

മുൻപ്രസ്താവിക്കപ്പെട്ടപോലെ വിവാഹമോചനത്തിന്റെ സദാചാരപരമോ സദാചാരവിരുദ്ധമോ ആയ തത്വത്തിൽ എല്ലായ്പോഴും വിഭിന്നാഭിപ്രായക്കാരുണ്ട്. അതിനാൽ ഈ രാജ്യത്തലേയും, അന്യരാജ്യത്തിലേയും വിവാഹമോചനനിയമങ്ങളെ പരിശോധിച്ചും, ഈ വിഷയത്തിൽ പല സമുദായങ്ങളിലുമുള്ള പ്രായോഗികമായ സമ്പ്രദായങ്ങളേയും നോക്കിയശേഷംമാത്രം നമ്മുടെ ബുദ്ധിശക്തിയുപയോഗിച്ചു ഒരു തൃപ്തികരമായ തീർപ്പു ചെയ്യുകയാണു ഈ സംഗതിയിൽ നമ്മുടെ കൎത്തവ്യം.

ഒന്നാമതായി, ഏതെല്ലാം സംഗതികളിലാണ വിവാഹമോചനം അനുവദിക്കപ്പെടുന്നതു എന്നു പരിശോധിക്കാം. ഉദാഹരണമായി, ദമ്പതിമാരിൽ ഒരാൾ (ഭാൎയ്യയോ ഭൎത്താവോ) വിവാഹധൎമ്മത്തിന്നു യോജിക്കാത്ത ഒരു കുററം ചെയ്തു എന്നു തെളിഞ്ഞാൽ നിരപരാധിയായ മറേറയാൾക്കു (ഭാൎയ്യക്കോ ഭൎത്താവിന്നോ) വിവാഹമോചനത്തിന്നു അവകാശം നൽകപ്പെടുന്നു. എന്നാൽ രണ്ടുപേരും (ദമ്പതിമാർ) ഈ കുററം ചെയ്തവരാണെങ്കിൽ വിവാഹമോചനം അനുവദിക്കുകയുമില്ല. ഇതു ഏതാണ്ടു ന്യായരഹിതമായ ഒരേർപ്പാടാകുന്നു. നിയമത്തിലുള്ള അസ്ഥിരതയും ഇതുകൊണ്ടു വ്യക്തമാകുന്നു.

വിശേഷിച്ചു, ഒരു ഭൎത്താവിന്നു തന്റെ ഭാൎയ്യയെ

പരിത്യജിക്കേണമെങ്കിൽ അവളുടെ പേരിൽ നടപ്പുദുഷ്യം എന്ന ഒരു കുററം തെളിയിച്ചാൽ മാത്രം മതി. എന്നാൽ ഒരു ഭാൎയ്യക്കാകട്ടെ വിവാഹമോചനം സിദ്ധിക്കേണമെങ്കിൽ ഒന്നുകിൽ ഭൎത്താവിൻെറ നടപ്പുദുഷ്യവും, തൻെറ അനാഥസ്ഥിതിയും അല്ലെങ്കിൽ അയാളുടെ ക്രൂരതയും, ദ്വിഭാൎയ്യത്വവും തെളിയിക്കേണ്ടിവരുന്നു. ഈവക ബുദ്ധിമുട്ടുകൾ ഉണ്ടായാൽ വിവാഹമോചനക്കേസ്സ ഭൎത്താവു കൊണ്ടുവന്നാലും വേണ്ടില്ല, ഭാൎയ്യ കൊണ്ടുവന്നാലും വേണ്ടില്ല, അതിനെസംബന്ധിച്ച ചിലവുകൾ കൊടുക്കുവാൻ ഭൎത്താവു ബാദ്ധ്യസ്ഥനാകേണ്ടിവരുന്നു. വിവാഹശേഷം ഭൎത്താവിൻെറ പേരിൽ നടപ്പുദുഷ്യം കാണുന്ന പക്ഷം ഭാൎയ്യക്കു സ്വാതന്ത്ര്യലബ്ധിക്കിടയാക്കുന്ന വിവാഹമോചന നിയമങ്ങൾ ഇരുകക്ഷികളുടേയും കാൎയ്യത്തിൽ ഒന്നുപോലെ പ്രായോഗികമായിട്ടുള്ളതാകുന്നു. നടപ്പുദോഷംകൊണ്ടോ, ക്രൂരതകൊണ്ടോ, സനാഥസ്ഥിതികൊണ്ടോ കോടതിമൂലം ഭാൎയ്യക്കോ ഭൎത്താവിന്നോ താൽക്കാലികമായ വിവാഹമോചനം സിദ്ധിക്കുന്നതാണ്.

ഈ ആധുനികകാലത്തുപോലും എത്രയോ ദേശഭക്തിദ്യോതകമായ ഒരു വാദപ്രതിവാദമായിട്ടാണു ധാതുക്ഷയമുള്ള പുരുഷന്മാൎക്കും, വന്ധ്യകളായ സ്ത്രീകൾക്കും വിവാഹമോചനം അനുവദിക്കപ്പെടരുതെന്നു ചിലർ സിദ്ധാന്തിക്കുന്നതെന്നു തോന്നുന്നു! എന്നാൽ ഈ ലോകത്തിൽ വിവാഹം എന്ന പരിപാവനകൎമ്മത്തെ അനുഷ്ഠിക്കുന്നതിൻെറ പരമതത്വം മനസ്സിലാക്കുന്നവർ ഈ രണ്ടു സംഗതികളിൽ ഏതെങ്കിലും തെളിയുന്നപക്ഷം വിവാഹമോചനം നൽകേണമെന്നു നിൎബ്ബന്ധിക്കാതിരിക്കയില്ല.

പഴയ ചരിത്രങ്ങളെ പരിശോധിക്കുന്നപക്ഷം പ്രാ

ചീന റോമൻ നിയമത്തിൽ വിവാഹക്രിയ ദമ്പതിമാർക്കു സ്വേച്ഛാനുസരണം നടത്താമെന്നും, അതേ പ്രകാരം അതിൽനിന്നു ഏതു സമയത്തും മോചനം സിദ്ധിക്കാമെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ നിയമത്തിന്നു ജസ്റ്റിനിയൻ എന്ന റോമാചക്രവർത്തിയുടെ കാലത്തു ചില പ്രത്യേകവ്യവസ്ഥകൾകൂടി വരുത്തുകയുണ്ടായി. ദമ്പതിമാരിൽ ആർക്കെങ്കിലും ധാതുക്ഷയം സംഭവിക്കുക, പൌരോഹിത്യത്തിൽ പ്രവേശിക്കുവാൻ ആഗ്രഹം തോന്നുക, വളരെകാലം കാരാഗൃഹത്തിൽ പാർക്കുവാൻ യോഗംവരിക എന്നീ മൂന്നു സംഗതികളിൽ ഏതെങ്കിലും ഒന്നുണ്ടായാൽ വിവാഹമോചനത്തിന്നു അനുവാദം കൊടുക്കാമെന്നായിരുന്നു അന്നത്തെ സിദ്ധാന്തം. ഈ വ്യവസ്ഥകൾമൂലം പുരുഷന്മാർക്ക എളുപ്പത്തിൽ വിവാഹമോചനം സിദ്ധിച്ച സ്ത്രീകളെ അനാഥകളാക്കാമെന്നു വ്യക്തമാകുന്നു. അന്നു ഈ നിയമത്തിന്നെതിരായി ശക്തിയായ പൊതുജനാഭിപ്രായമുണ്ടായി. അതിന്നുശേഷം 500 സംവത്സരങ്ങൾ കഴിഞ്ഞപ്പോഴാണ് സ്പൂരിയാസ്സ്കാർവീലിയസ്സ പ്രസവിക്കാതിരുന്ന തൻെറ ഭാര്യയെ നിയമാനുസരണം ഉപേക്ഷിച്ചത്. അനന്തരം വ്യഭിചാരദോഷം സ്ഥാപിക്കപ്പെട്ട ഒരു ഭർത്താവു അയാൾ വാങ്ങിയ സ്ത്രീധനം മുഴുവനും തൻെറ ഭാര്യക്കു മടക്കിക്കൊടുക്കണമെന്നു റോമൻ നിയമത്തിൽ വ്യവസ്ഥപ്പെടുത്തി. എന്നാൽ അതേ കുററത്തിന്നു ശിക്ഷിക്കപ്പെടുകയും, വിവാഹബന്ധത്തിൽനിന്നു ഒഴിവാക്കപ്പെടുകയുംചെയ്ത ഒരു ഭാര്യക്കു അവളുടെ സ്ത്രീധനത്തിൽ ആറിൽ ഒരു ഭാഗത്തിന്നേ അവകാശമുള്ളു എന്നും പ്രസ്തുത നിയമത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

പിന്നീടും ഏ. ഡി. 449_ാം വർഷത്തിന്നു ശേഷം രസകരമായ ചില നിയമങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ

പാസ്സായി. ഒരു ഭാൎയ്യക്കു അവളുടെ ഭൎത്താവിനെ ചില പ്രത്യേകസംഗതികളാൽ ഉപേക്ഷിക്കാമെന്നു തീൎച്ചയായി. അവ (1) ഭൎത്താവു ഭാൎയ്യയെ കൊല്ലുവാൻ ഒരുങ്ങിയാൽ (2) ഭൎത്താവു വ്യഭിചരിച്ചാൽ (3) അയാൾ ഭാൎയ്യയെ വ്യഭിചാരത്തിന്നു പ്രേരിപ്പിച്ചാൽ (4) അടിസ്ഥാനമില്ലാതെ ഭാൎയ്യയുടെ പേരിൽ വ്യഭിചാരക്കുററം ചുമത്തിയാൽ (5) ഭൎത്താവു തന്റെ വീട്ടിലൊ അന്യഗൃഹത്തിലൊ ഒരു ജാരനെ കൂട്ടിക്കൊണ്ടുപോയാൽ (6) രാജദ്രോഹത്തിന്നൊരുങ്ങിയാൽ എന്നീ സംഗതികളായിരുന്നു. പ്രസ്തുത കുററങ്ങൾക്കു പുറമെ അന്യപുരുഷന്മാരുടെ കൂടെകളിപ്പാനോ, വല്ല വിരുന്നിന്നോ പോയാലും തന്റെ സമ്മതം കൂടാതെ ഗൃഹംവിട്ടു വല്ല സ്ഥലങ്ങളിലും ചെന്നു താമസിച്ചാലും നാടകം, സൎക്കസ്സ് മുതലായവയ്ക്കു താൻ അനുവദിക്കാതെ പോയാലും ഭൎത്താക്കന്മാൎക്കു ഭാൎയ്യമാരെ ഉപേക്ഷിക്കാമെന്നും അന്നു നിയമമുണ്ടായിരുന്നു.

ഈ ചരിത്രരേഖകൾ പരിശോധിക്കുമ്പോൾ വിവാഹമോചനങ്ങളെ സംബന്ധിച്ച പല രസകരമായ കഥകളും നമുക്കു കിട്ടുന്നുണ്ട്. ഉപേക്ഷിക്കപ്പെട്ട ഭാൎയ്യക്കു അവൾ വിവാഹം കഴിക്കാതിരിക്കുന്നതുവരെ ഭൎത്താവു ചിലവിന്നു കൊടുക്കുന്ന സമ്പ്രദായവും ഇന്നത്തെ മാതിരി അന്നും ഉണ്ടായിരുന്നു. പഴയ റോമൻലായിൽ (നിയമത്തിൽ) വിവാഹമോചനത്തെപ്പററിപ്പറയുന്നതു വളരെ ഗൌരവമായിട്ടാകുന്നു. അതുപ്രകാരം സാധാരണ നിയമാനുസരണം വിവാഹമോചനത്തിന്നു സാധിക്കയില്ല. മനുഷ്യരെ കഠിനമായ ചില നിയമങ്ങൾകൊണ്ടു ബന്ധിച്ചു അവൎക്കു ന്യായമായി വിവാഹം ചെയ്യാനോ, വിവാഹമോചനം സിദ്ധിക്കുവാനോ നിവൃത്തിയില്ലാത്ത ഭയങ്കരവ്യവ

സ്ഥകളാണു അതിൽ പ്രതിപാദിക്കപ്പെട്ടുന്നത്. യൂറോപ്പിൽ മതനവീകരണകാലം വരെ എട്ടു തലമുറകളായി രക്തസംബന്ധമുള്ള കുടുംബങ്ങൾ തമ്മിൽ മാത്രമേ വിവാഹം ചെയ്യുവാൻ പാടുള്ളു എന്നൊരു നിശ്ചയമുണ്ടായിരുന്നു. ആ വക വിവാഹങ്ങളെല്ലാം അസാധുവാണെന്നും അപ്രകാരം വിവാഹം ചെയ്തവർക്കു വീണ്ടും വിവാഹം ചെയ്യാമെന്നും പിന്നീടു തീച്ചപ്പെട്ടു. വിവാഹമോചനത്തെ സംബന്ധിച്ച സകല കാര്യങ്ങളും തീർച്ചപ്പെടുത്തുവാനുള്ള അധികാരം മതാദ്ധ്യക്ഷന്മാക്കാണെന്നും അന്നു വ്യവസ്ഥപ്പെടുത്തി.

പൊതുവിൽ മതസംബന്ധമായ ഒരു പ്രക്ഷോഭം അഥവാ പരിഷ്കാരം വന്നതോടുകൂടി ഇംഗ്ലാണ്ടിലും, സ്കോട്ടലാണ്ടിലും വിവാഹമോചനവിഷയത്തിലുള്ള കഠിനനിയമങ്ങളെല്ലാം ഒരു വിധം പരിത്യജിക്കപ്പെട്ടു. എന്നാൽ റോമൻ കത്തോലിക്കാ രാജ്യങ്ങളിൽ ഇപ്പോഴും പ്രസ്തുത ഭയങ്കര നിയമങ്ങൾ സുദൃഢമാംവണ്ണം ആചരിക്കപ്പെട്ടുന്നുണ്ട്.

1853 ൽ ഇംഗ്ലാണ്ടിൽ ഒന്നാമതായി "വിവാഹമോചന ആക്ട്" പാസ്സാകുന്നതുവരെ വൈദികന്മാരുടെ നിയമമാണു വിവാഹമോചന കാര്യത്തിൽ അംഗീകരിച്ചു വന്നിരുന്നത്. ഈ ആക്ട്തന്നെ പരിഷ്കൃതാശയന്മാരായ പല മഹാന്മാരുടേയും അഭിപ്രായത്തിനോടു പൂർണ്ണമായി യോജിച്ചതല്ല. അന്നു ആ ആക്ടിന്നു പറയത്തക്ക വ്യാപ്തിയുണ്ടായിട്ടില്ലെന്നു പ്രത്യേകം പ്രസ്താവിക്കത്തക്കതാകുന്നു. എന്നാൽ പുരോഹിതന്മാരുടെ അഭിപ്രായഗതിയനുസരിച്ചുള്ള ഈ ആക്ട് നിലവിലിരിക്കുമ്പോൾത്തന്നെ പാർളിമെണ്ടു സഭയിൽ പൂർണ്ണമായി വിവാഹമോചന

ത്തിന്നനുവാദം കൊടുക്കുന്ന അനേകം സ്വകാര്യ ആക്ടു കളും നടപ്പിൽ വന്നു.

ഇങ്ങിനെയുള്ള ആക്ടുകൾ പ്രകാരം രണ്ടു സംഗതി കളാണു തെളിയിക്കേണ്ടി വന്നതു്. മതാദ്ധ്യക്ഷന്മാരുടെ സഭയിൽവെച്ചുള്ള ഒരു വിവാഹമോചനവും, നടപ്പു ദോഷത്താലോ മററോ വിവാഹത്തിൽനിന്നു ഒഴിവാക്ക പ്പെടേണ്ട ആളുടെ പേരിൽ നഷ്ടത്തിന്നു കോടതിയിൽ വ്യവഹാരവുമായിരുന്നു ആ സംഗതികൾ. ഏതായാലും ഈ നടവടികൾക്കൊക്കെ വളരെയധികം പണം ചില വാക്കേണ്ടിവന്നിരുന്നു. തന്മൂലം ധനവാന്മാരുടെയിടയി ൽ മാത്രമേ വിവാഹമോചനം സുസാദ്ധ്യമായിരുന്നുള്ളൂ. സാധുക്കളായവർ അക്കാലങ്ങളിൽ പതിഭാര്യാത്വം അനു ഷ്ഠിക്കേണ്ടി വന്നിട്ടുണ്ടു്. അതു ഒരു കുററമായി പരിഗ ണിക്കപ്പെട്ടിരുന്നതിനാൽ നടപ്പുദോഷമുണ്ടെന്നു തനിക്കു ബോദ്ധ്യംവന്ന ഭാര്യയെ ഉപേക്ഷിക്കാതെ ഒരാൾ വെച്ചു കൊണ്ടിരിക്കേണമെന്നായിരുന്നു അന്നു പതിഭാര്യാത്വത്തി ന്നുണ്ടായിരുന്ന ശിക്ഷ.

ഇപ്രകാരം പല കുഴപ്പങ്ങൾക്കും ഇടവരുത്തിയിരു ന്നതും മതാദ്ധ്യക്ഷന്മാരുടെ തീർപ്പിനെ ഏതാണ്ടു അടി സ്ഥാനപ്പെടുത്തുന്നതുമായ 1858ലെ "വിവാഹമോചന ആക്ടു" തീരെ ദുർബ്ബലപ്പെടുത്തുകയും, അതിന്നുശേഷം കോടതിയിൽ വ്യവഹാരം കൊടുത്തു ഭാര്യാഭർത്താക്കന്മാർ തമ്മിൽപ്പിരിയത്തക്ക ഒരു പ്രത്യേക ഏർപ്പാടു നടപ്പിൽ വരികയും ചെയ്തു. ഇതു മൂലം ഭർത്താവിനാൽ ശരിയായി രക്ഷിക്കപ്പെടാത്ത ഒരു ഭാര്യക്കു സ്വയം രക്ഷക്കായി കോടതിയിൽ ബോധിപ്പിക്കുവാൻ അവകാശമുണ്ടെന്നു വരികയും, തൻമൂലം അവളുടെ സ്വന്ത സമ്പാദ്യങ്ങളെ

ല്ലാം അവരം ഒരുത്തി മാത്രമേയുള്ളവെങ്കിലും അവരംക്ക സ്വേച്ഛാനുസരണം അനുഭവിക്കാവുന്നതാണെന്നു തീച്ച്പ്പെടുകയും ചെയ്തു. ഈ സംഗതിയിൽ കുററം സമ്മതിച്ചു ഏതെങ്കിലും കക്ഷി ക്ഷമായാചനം ചെയ്യുന്നപക്ഷം കോടതിയിൽനിന്നു ഹരജി തള്ളിക്കളയുകയും സാധാരണയായിരുന്നു. അതിന്നു എതിർകക്ഷിയും സമ്മതിക്കേണമെന്നു ഒരു നിശ്ചയമുണ്ടു. ഭാൎയ്യയാണ് ഒരു ഭൎത്താവിൻെറ പേരിൽ ഇങ്ങിനെ കേസ്സുകൊണ്ടുവരുന്നതെങ്കിൽ അവരംക്ക ചിലവിന്നു കിട്ടുവാൻ അവകാശപ്പെടാമെന്നു പ്രത്യേകം നിബന്ധനയുണ്ടായിരിക്കും. ഭൎത്താവിന്നു ഭാൎയ്യയുടെ പേരിൽ നഷ്ടത്തിന്നു വ്യവഹാരം കൊടുക്കുന്നതിന്നു വിരോധമില്ല.

1858-ലെ "വിവാഹമോചന ആക്ടിൽ" വളരെ ഭേദഗതികരം കൊണ്ടുവരപ്പെട്ടിരുന്നു. അവയിൽ പ്രധാനമായ ഒരു സംഗതിയുണ്ടായിരുന്നു. അതു ഈവക കേസ്സുകരംക്ക തൽക്കാലം ആറ മാസത്തേക്ക ഒരു വിധി ജഡ്ജി യുക്തംപോലെ കല്പിക്കുകയും, ആ കാലത്തിന്നിടയിൽ ഒരു കക്ഷിക്ക കൂടുതൽ തെളിവു കൊണ്ടുവരാവുന്നതും, അതുപ്രകാരം കേസ്സു വീണ്ടും വിസ്തരിച്ചു ഖണ്ഡിതമായി വിധി കല്പിക്കാവുന്നതുമാണ എന്നുള്ളതായിരുന്നു. വിവാഹമോചനത്തെസംബന്ധിച്ചു ഇംഗ്ലാണ്ടിലെ നിയമം ഇപ്രകാരം വ്യവസ്ഥപ്പെട്ടു. ഇനി അന്യരാജ്യങ്ങളിൽ ഇക്കാലത്തു വിവാഹമോചനകാൎയ്യങ്ങളിൽ ഏതു പ്രകാരത്തിലായിരുന്നു വ്യവസ്ഥകളെന്നു നോക്കേണ്ടതു ആവശ്യമാകുന്നു.

സ്കോട്ടുലാണ്ടിൽ അവസാനത്തെ ബിൽ പാസ്സാകുന്നതുവരെ വിവാഹമോചനം ഇംഗ്ലാണ്ടിലേക്കാരം എള്ളു

പ്പത്തിൽ സാധിച്ചിരുന്നു. ഭാര്യാഭർത്താക്കന്മാരിൽ ഏതെങ്കിലും ഒരു കക്ഷിയുടെ പേരിൽ നടപ്പുദോഷം തെളിഞ്ഞാൽ വിവാഹമോചനം എതിർകക്ഷിക്കു ക്ഷണത്തിൽ അനുവദിക്കപ്പെട്ടിരുന്നു. ഇതിൽ സങ്കടമുള്ള കക്ഷിക്കു കോടതിമൂലം അവരുടെ ബന്ധത്തെ വേർപെടുത്താൻ നിയമമുണ്ടു. കൂടുതലായ ക്രൂരതയാണു ഒരു കക്ഷി മറെറാരു കക്ഷിയുടെ മേൽ ചുമത്തുന്നതെങ്കിൽ തീരെ വിവാഹമോചനം ലഭിക്കുവാനും വിരോധമില്ല എന്നാൽ വിവാഹമോചനത്തിന്നുശേഷം ഈ രണ്ടു കക്ഷികളും വിവാഹംചെയ്യാത്ത നിലയിൽ കരുതപ്പെടുന്നു. ഇവക്കു പുനർവ്വിവാഹത്തിന്നു അവകാശമുണ്ടു. പക്ഷെ ജാരകൃത്യം നിർവ്വഹിച്ചു എന്നു തെളിഞ്ഞ പുരുഷനേയൊ, സ്ത്രീയെയൊ, ആ പുരുഷന്നൊ, സ്ത്രീക്കൊ അന്യോന്യം വിവാഹം കഴിക്കുവാൻ പാടില്ലെന്നുണ്ട്.

അമേരിക്കയിൽ വിവാഹമോചനം പ്രത്യേകിച്ചു ചില സംസ്ഥാനങ്ങളിൽ വളരെ എളുപ്പത്തിൽ സാധിക്കുന്നുണ്ടു. ഈ സംഗതിയെ തെളിയിക്കുവാൻ ധാരാളം റിക്കാർഡുകറം ഉണ്ടു. എന്നാൽ ഇങ്ങിനെ വിവാഹമോചനങ്ങറം അമേരിക്കയിൽ സുലഭമാകകൊണ്ടു അവിടുത്തെ ജനങ്ങറം സദാചാരബോധത്തിൽ ഇംഗ്ലാണ്ടിലെ ജനങ്ങളെക്കാറം പിന്നാക്കമാണെന്നു പറയുവാൻ പാടില്ല. ഇതിൽനിന്നു എതിരായ അഭിപ്രായമാണു ആലോചിക്കുമ്പോറം നമുക്കു തോന്നുവാനിടയുള്ളത്. വധൂവരന്മാർ തമ്മിൽ യോജിപ്പില്ലാത്ത ദാമ്പത്യജീവിതം അവിടെ അനാദാസ്യമായിക്കരുതുന്നു എന്നേ ഇതിന്നർത്ഥമുള്ളു. സമുദായപരിഷ്കാരത്തിൻെറ അഭിലഷണീയമായ ഒരു പ്രസ്ഥാനത്തെയാണ് ഈ വിവാഹമോചനങ്ങറം ദൃഷ്ടാന്തപ്പെടുത്തുന്നതെന്നു സയുക്തികം പറയുന്നവർ പലരുമുണ്ട്. അവിടെ ചില

പ്രദേശങ്ങളിൽ നടപ്പുദോഷത്തിന്നുമാത്രമല്ല, വിവാഹമോചനം അനുവദിക്കപ്പെടുന്നതു്. ക്രൂരകൃത്യത്തിന്നും, മദ്യപാനത്തിന്നും, മനഃപൂൎവ്വമായി ഏതെങ്കിലും ഒരു കക്ഷി മറേറ കക്ഷിയെ നോക്കാതിരിക്കുന്നതിന്നും നിയമേന വിവാഹമോചനം സിദ്ധിക്കുന്നതാണ്. എന്നാൽ ദക്ഷിണ കാറോലിന (South Carolina) എന്ന രാജ്യത്തു കുറച്ചു സംവത്സരങ്ങൾവരെ യാതൊരു സംഗതിക്കും വിവാഹമോചനം അനുവദിക്കപ്പെട്ടിരുന്നില്ല. ഈ സംഗതിയാൽ അവിടത്തെ സ്ഥിതി ഏകദേശം ഫ്രാൻസിലെപ്പോലെ ആയിത്തീൎന്നിട്ടുണ്ട്. അവിടെ ജാരസംസൎഗ്ഗം നിയമത്താൽ മിക്കവാറും സാധൂകരിക്കപ്പെട്ടിരിക്കുന്നതിന്നു പുറമെ വിവാഹം കഴിച്ചിട്ടുള്ള ഒരു പുരുഷൻ തൻെറ രഹസ്യക്കാരിയായ ഭാൎയ്യക്കു കൊടുക്കേണ്ട സ്വത്തിനെപ്പററി ഒരു നിശ്ചയവും നിയമത്താൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

നടപ്പുദോഷംകൂടാത്ത മററനേകദോഷങ്ങൾക്കും വിവാഹമോചനം അനുവദിക്കപ്പെടുന്ന പല രാജ്യങ്ങളുമുണ്ട്. ന്യൂഹാംപ്‌ഷയർ (New Hampshire) എന്ന സംസ്ഥാനത്തു ഭാൎയ്യയോ, ഭൎത്താവോ മതസംബന്ധമായ എന്തെങ്കിലും വിപ്‌ളവമുണ്ടാക്കുന്ന ഒരു സംഘത്തിൽ ചേൎന്നാൽ 3 കൊല്ലത്തേക്കു അവർ തമ്മിൽ യോജിച്ചു താമസിക്കുകയോ, സഹവാസം ചെയ്യുകയോ പാടില്ലെന്നു നിയമമുള്ളതുകൊണ്ടു അതുതന്നെ അവരുടെ വിവാഹമോചനത്തിന്നു മതിയായ കാരണമാകുന്നു.

ഫ്രാൻസിൽ വിവാഹമോചനത്തിന്നു കൂടുതൽ സ്വാതന്ത്ര്യം സിദ്ധിക്കുവാനിടയായതു താൽക്കാലികമായുണ്ടായ രാജ്യഭരണപരിവൎത്തനത്തിൻെറ ഫലമാകുന്നു. മററു കാരണങ്ങൾക്കു വിവാഹമോചനം അനുവദിക്കപ്പെ

ന്നതിന്നു പുറമെ അവിടെ ഇരുകക്ഷികളും യോജിക്കുന്നു ണ്ടെങ്കിൽ വിവാഹമോചനം സമ്മതിക്കപ്പെടുന്നു. എന്നാൽ പ്രസ്തുത കക്ഷികളുടെ വയസ്സ്, ദാമ്പത്യകാലം, ചാൎച്ചക്കാരുടെ അനുവാദം, കുട്ടികളുടെ സംരക്ഷണം ഇവയെല്ലാം ഇക്കാൎയ്യത്തിൽ പ്രത്യേകം ആലോചിക്കാറുണ്ടു്. വിവാഹമോചനം സിദ്ധിക്കപ്പെട്ട കക്ഷികളിൽ സ്ത്രീക്കൊ, പുരുഷനൊ മൂന്നുകൊല്ലത്തേക്കു വീണ്ടും വിവാഹം കഴിക്കുവാൻ പാടുള്ളതല്ല. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ പിരിഞ്ഞിരിക്കണമെന്ന നിശ്ചയവും അവിടെ നടപ്പുണ്ടു്. പക്ഷെ ഇതു ആ കക്ഷികളുടെ ഹിതാനുസരണമുള്ള ഒരേൎപ്പാടല്ല. നടപ്പുദോഷത്തിന്നു ശിക്ഷിക്കപ്പെട്ട ഒരു സ്ത്രീ (ഭാൎയ്യ) അവളുടെ സ്വഭാവത്തെ നന്നാക്കുവാൻ പ്രത്യേകം ഒരു വീട്ടിൽ ചുരുങ്ങിയതു മൂന്നുമാസമോ, കൂടിയതു രണ്ടു കൊല്ലമോ താമസിക്കേണമെന്നും നിയമമുണ്ടു്. ഈ ഒരു സംഗതിതന്നെ പഴയകാലത്തും ശരിയായ മൎയ്യാദ ചില രാജ്യങ്ങളിൽ അനുവൎത്തിച്ചിരുന്നതിന്നു ദൃഷ്ടാന്തമാകുന്നു. കാലക്രമേണ കോർട്ടുമൂലമുള്ള ഭാൎയ്യഭൎത്താക്കന്മാരുടെ വേർപാടു ഒഴികെ മററുള്ള സകല വ്യവസ്ഥകളും തീരെ ദുർബ്ബലപ്പെടുത്തി. വീണ്ടും പ്രസ്തുത വകുപ്പുകളെ നിയമത്തിൽ കൊണ്ടുവരുവാൻ ചെയ്ത ഉത്സാഹങ്ങളെല്ലാം നിഷ്ഫലമാവുകയും ചെയ്തു. എന്നാൽ ഇന്നത്തെ പുതിയ സമ്പ്രദായപ്രകാരം വ്യഭിചാരം, അടികലശൽ, ക്രൂരത, കഠിനമായ ദ്രോഹം, ഭാൎയ്യാഭൎത്താക്കന്മാരിൽ ആരെങ്കിലും നിന്ദ്യമായവിധം ശിക്ഷാൎഹന്മാരാവുക എന്നീ കാരണങ്ങൾക്കും വിവാഹമോചനം സമ്മതിക്കപ്പെടുന്നുണ്ടു.

ഓരോ രാജ്യത്തേയും, ഒരു രാജ്യത്തുതന്നെ പല സംസ്ഥാനങ്ങളിലേയും ഉദാഹരണമായി അമേരിക്കയിലെ

ഐക്യസംസ്ഥാനങ്ങളെത്തന്നെയെടുക്കാം. വിവാഹമോചനനിയമം വ്യത്യസ്തമായിരിക്കേണ്ട ഒരു രാജ്യത്തുള്ള നിവാസികൾ മറെറാരു രാജ്യത്തുപോയി പാക്കുവാൻ ഇടയായാൽ വിവാഹമോചനം ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. ഒരു രാജ്യത്തു ജനിച്ച ഒരാൾ മറെറാരു രാജ്യത്തു വിവാഹം ചെയ്യുകയും, മൂന്നാമതൊരു രാജ്യത്ത് താമസമാക്കുകയും നാലാമതൊരു രാജ്യത്തുനിന്നു വിവാഹമോചനം സിദ്ധിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഉദാഹരണമായി പഴയകാലങ്ങളിൽ വിവാഹങ്ങൾ ദുർബ്ബലപ്പെട്ടത്തേണ്ടകാര്യത്തിൽ ഇംഗ്ലാണ്ടും, സ്കോട്ട്ലാണ്ടും തമ്മിൽ വിപരീതാഭിപ്രായങ്ങൾ പുറപ്പെട്ടവിച്ചിട്ടുണ്ട്. ഒരു രാജ്യത്തു സിദ്ധിച്ച വിവാഹമോചനം മറവ രാജ്യത്തു അസാധുവാണെന്നുള്ളതിലേക്കു പല കേസ്സുകളും ഉണ്ടായിട്ടുണ്ട്. അതുപോലെത്തന്നെ ഏതാനും കാലത്തെ ഉടമ്പടിയിന്മേൽ കഴിഞ്ഞു വിവാഹത്തിൽനിന്നു സന്താനങ്ങൾ ഉണ്ടായശേഷം ആ കക്ഷികൾക്കു വീണ്ടും വിവാഹം ചെയ്യാമെന്ന സംഗതി നിയമവിരോധമാണെന്നും പ്രഖ്യാപനം ചെയ്തിട്ടുള്ളതായി കേട്ടിട്ടുണ്ട്. എന്നാൽ അമേരിക്കയിലെ ഐക്യസംസ്ഥാനങ്ങളിൽ വിവാഹമോചനം സിദ്ധിച്ചാൽ ആ വിവാഹമോചനത്തിന്നു അപേക്ഷിച്ചിട്ടുള്ള ആൾ വിവാഹമോചനം അനുവദിക്കപ്പെടുന്ന ഒരു രാജ്യത്ത് പാക്കുന്ന ആളാണെങ്കിൽ ഇംഗ്ലണ്ടിലെ കോടതികൾ പ്രസ്തുത വിവാഹമോചനം നിയമാനുസൃതമാണെന്നു സമ്മതിക്കുന്നതാകുന്നു. വിവാഹമോചനം സിദ്ധിപ്പാൻവേണ്ടി ഇംഗ്ലീഷുകാർ എപ്പോഴും എളുപ്പത്തിൽ ഇങ്ങിനെ ചെയ്യാറുണ്ട്.

ഈ സംഗതികൾകൊണ്ടെല്ലാം തെളിയുന്നതു് ചില രാജ്യങ്ങളിൽ തക്കതായ കാരണം കിട്ടിയാൽ വിവാഹമോച

നം സിദ്ധിക്കുമെന്നാകുന്നു. ഭാൎയ്യാഭൎത്താക്കന്മാരുടെ സ്വഭാവയോഗ്യതക്കനുസരിച്ചായിരിക്കും കോടതിമുഖേനയുള്ള അവരുടെ വേർപാടു എന്നും തെളിയുന്നു. എന്നാൽ ഈ വിഷയത്തിൽ ധനികന്മാൎക്കു ഒരു നിയമം ദരിദ്രന്മാൎക്കു ഒരു നിയമം എന്നും, ഒരു പുരുഷന്നു ഒരു നിയമമെന്നും, ഒരു ഭാൎയ്യക്കു മറെറാരു നിയമമെന്നും വരുന്നതു വളരെ ബുദ്ധിമുട്ടുള്ള ഒരു വിഷയമാകുന്നു. ഏതായാലും വിവാഹമോചനകാൎയ്യത്തിൽ മനുഷ്യർ ശരിയായി വിശേഷബുദ്ധിയും മതിയായ ന്യായവും ഉപയോഗിച്ചു അതിന്നു പ്രത്യേകം ഒരു നിയമം ഉണ്ടാക്കുന്നതുവരെ നമ്മുടെ ഇപ്പോഴത്തെ വിവാഹമോചനനിയമങ്ങളെല്ലാം കേവലം കുഴപ്പങ്ങളുള്ളവയായിതന്നെ ഇരിക്കുന്നതാണ്.

വിവാഹജീവിതത്തിൽ സഹിക്കവെയ്യാത്ത കുഴപ്പങ്ങൾ ഉണ്ടാകുമ്പോഴാണ് മജിസ്ട്രേട്ടു മുഖേനയോ, ജഡ്ജിമുഖേനയോ വിവാഹബന്ധത്തെ വേർപെടുത്തുവാൻ സാധാരണയായി പലരും ശ്രമിക്കുന്നത്. ഒരു ഭൎത്താവു് തൻെറ ഭാൎയ്യയോടു വളരെ ക്രൂരമായിപെരുമാറുമ്പോൾ—ഭാൎയ്യയെ ഭൎത്താവു ചിലവിന്നും മററും കൊടുക്കാതേയോ അടിച്ചോ മററുപദ്രവങ്ങൾ ചെയ്തോ കഷ്ടപ്പെടുത്തുമ്പോൾ—ഭാൎയ്യക്കു ഭൎത്താവിനെ വിട്ടു മജിസ്ട്രേട്ടിൻെറ അടുക്കൽപ്പോയി സങ്കടം പറയേണ്ടിവരുന്നു. ഉടനെ മജിസ്ട്രേട്ട് കാൎയ്യത്തിൻെറ വാസ്തവം മനസ്സിലാക്കിയ ശേഷം അവരെ ദാമ്പത്യജീവിതത്തിൽനിന്നു ഒഴിവാക്കി ഇപ്രകാരം ഒരു കല്പന പാസ്സാക്കുന്നു.—"ഈ ഭാൎയ്യാഭൎത്താക്കന്മർ പിരിഞ്ഞു താമസിക്കേണ്ടതാണ്. പതിനാറു വയസ്സിൽ താഴെയുള്ള എല്ലാകുട്ടികളും അമ്മയോടുകൂടി താമസിക്കേണ്ടതാകുന്നു. ഭൎത്താവു ഭാൎയ്യക്കു മാസത്തിൽ അഥവാ ആഴ്ചയിൽ ചിലവിന്നു....കൊടുക്കേണ്ടതാകുന്നു. ഈ നിശ്ചയത്തിന്നു വി

പരീതമായി ഭത്താവു ഭായ്യക്കു ചിലവിനു കൊടുക്കാതിരുന്നാൽ അയാളുടെ വസ്തുവകകഠം ലേലം വിളിച്ചു വില്ലുകയോ അയാളെ മൂന്നുമാസത്തേയ്ക്കു ജയിലിലേക്കു അയക്കുകയോ ചെയ്യുന്നതാകുന്നു". ഈ സമ്പ്രദായം പാശ്ചാത്യരാജ്യങ്ങളിൽ സവ്വസാധാരണമാകുന്നു. നമ്മുടെ രാജ്യത്തും കുറഞ്ഞൊരു കാലമായി ഈ വക കേസ്സുകഠം ധാരാളമാണ്.

വിവാഹമോചനത്തോടു ഏതാണ്ടടുത്ത ഈ വക ഏപ്പാടുകഠ വളരെ എളുപ്പവും, ആദായകരവുമാണ്. വാസ്തവത്തിൽ ഈ ഒരു സമ്പ്രദായം അഥവാ നിയമം പാവപ്പെട്ടവരായ അസംഖ്യം സ്ത്രീകഠംക്കു ഒരു ശരിയായ ദൈവാനുഗ്രഹമായിപ്പരിണമിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തു ഈ വക സമ്പ്രദായങ്ങഠം കുറഞ്ഞൊരു കാലമായി ക്രമാതീതമായി വദ്ധിച്ചുവരുന്നു എന്നുതന്നെ പറയാം.

മനുഷ്യക്കു അവരവരുടെ സുഖസൌകയ്യാനുസരണം വിവാഹബന്ധം വേർപെടുത്തുവാനും, പ്രത്യേക ഉടമ്പടി പ്രകാരം വീണ്ടും ദാമ്പത്യജീവിതം നയിക്കുവാനും സകലവിധനിയമവുമുള്ള അമേരിക്ക മുതലായ രാജ്യങ്ങളിൽ ഈ വക വിവാഹങ്ങളുടെ ഫലത്തിൽനിന്നുണ്ടാകുന്ന കുട്ടികഠംക്കു നാഠംക്കുനാഠം വ്യത്യസ്തനിലയിലിരിക്കുന്ന ഇത്തരം ഏപ്പാടുകൊണ്ടു തങ്ങളുടെ അച്ഛന്മാരെ തിരിച്ചറിയുവാൻ നിവൃത്തിയില്ലാതെ വരുന്ന ഒരു കായ്യം ഏററവും വ്യസനകരമായതാണെന്നു പ്രത്യേകം പറയാതെ നിവൃത്തിയില്ല. ഹെൻറിജെയിംസ് എന്ന സുപ്രസിദ്ധ നോവലെടുത്തുകാരൻ ഒരു കഥയിൽപ്പറഞ്ഞിരിക്കുന്ന സംഗതിയാണു ഈ ഘട്ടത്തിൽ ഓമ്മവരുന്നത്. "മെഴ്സി എന്തറിഞ്ഞിരിക്കുന്നു? സന്താനങ്ങളുടെ കഥ

അവരും തീരെ കരുതുന്നില്ല. മാസംപ്രതി പ്രമാദമായി നടക്കുന്ന വിവാഹമോചനകോലാഹലംകൊണ്ടു മററു കാൎയ്യങ്ങളിൽ ശ്രദ്ധപതിക്കുവാൻ സാധിക്കുമോ?" എന്നിങ്ങിനെയാണു അദ്ദേഹം അവിടത്തെ സ്ഥിതി വിവരിക്കുന്നത്.

ചില സംഗതികളിൽ മുൻപറയപ്പെട്ട മജിസ്ത്രേട്ടിന്റെ കല്പനപ്രകാരമുള്ള ഭാൎയ്യാഭൎത്താക്കന്മാരുടെ വേർപാട്ടുകൊണ്ടു പല അബദ്ധങ്ങളുമുണ്ടാകുന്നുണ്ട്. ഈ സങ്കടത്തിൽപ്പെട്ട കക്ഷികൾക്കു പുനൎവ്വിവാഹത്തിന്നനുവാദമില്ലാത്തതിനാലും, അവൎക്കു കേവലം വിവാഹമോചനം സിദ്ധിക്കാത്തതിനാലും വേർതിരിഞ്ഞുള്ള അവരുടെ താമസം മാനസികമായ പല ദുൎവ്വ്യാപാരങ്ങളിലേക്കും അവരെ പ്രേരിപ്പിക്കുമെന്നുള്ളതിന്നു സംശയമില്ല. ഇങ്ങിനെ "ത്രിശങ്കുസ്വൎഗ്ഗ"ത്തിലുള്ള അവരുടെ ഇരിപ്പിനേക്കാൾ ഭേദം അവൎക്കു വിവാഹമോചനം അനുവദിക്കുകയാകുന്നു. എന്നാൽ അവരുടെ ഇഷ്ടപ്രകാരം വിവാഹം ചെയ്തു താമസിക്കുവാൻ സാധിക്കുന്നതാണ്. അല്ലാത്തപക്ഷം പ്രസ്തുത സ്ത്രീപുരുഷന്മാൎക്കു കുറെ കാലത്തെ ഏകാന്തവാസത്തിന്നുശേഷം അവർ തമ്മിൽ യോജിക്കേണമെന്നു ഒരു ആഗ്രഹം അങ്കുരിക്കുന്നപക്ഷം അതിന്നു തക്ക മാൎഗ്ഗം ഉണ്ടാക്കിക്കൊടുത്തു അവരെ പൂൎവ്വസ്ഥിതിയിൽ ജീവിതം നയിക്കുവാൻ ഇടയാക്കുന്നതും വളരെ ഗുണകരമായ ഒരു ഏൎപ്പാടായിരിക്കും. നിയമകൎത്താക്കന്മാർ കേവലം ലോകസമ്പ്രദായവുംകൂടി ആലോചിച്ചു നിയമങ്ങൾ ഉണ്ടാക്കുന്നതായാൽ ഈ വകക്കെല്ലാം സൌകൎയ്യം ഉണ്ടാകുമെന്നുള്ളതു തൎക്കമെററ ഒരു സംഗതിയാകുന്നു.

വിവാഹത്തിന്റെ മഹത്തായ പരിശുദ്ധിക്കു യാതൊരു കളങ്കവും വരാത്ത നിലയിൽ സമുദായ കാൎയ്യങ്ങ

ളിൽ ശ്രദ്ധിക്കുന്ന എല്ലാവരും നമ്മുടെ രാജ്യത്തും വിവാഹമോചനം ഇപ്പോഴത്തേതിലും എളുപ്പവും, ആദായകരവും, ന്യായവുമായ നിലയിൽ അനുവദിക്കപ്പെട്ടുവാൻ സമ്മതിക്കുന്നതു എല്ലാംകൊണ്ടും ഉത്തമമായിരിക്കും." ഒരു സ്ത്രീ അവൾ ഒരു അബലയാണെന്ന കാരണത്താൽ ഒരിക്കലും ശിക്ഷാർഹയാകുവാനിടയാകരുത്. ഒരു പുരുഷനു വിവാഹമോചനം ഏതെല്ലാം വഴിക്കു സാധിപ്പിക്കാൻ കഴിയുമോ ആ വഴിക്കെല്ലാം അവൾക്കും വിവാഹമോചനത്തിന്നവകാശം നൽകേണ്ടതു നമ്മുടെ ചുമതലയാകുന്നു.

ലോകം ദിനംപ്രതി പരിഷ്കരിക്കപ്പെടുന്ന ഇക്കാലത്തു വിവാഹമോചനത്തിന്നുള്ള മുഖ്യകാരണങ്ങൾ വ്യഭിചാരവും, ക്രൂരതയും മാത്രമാണെന്നു നാം ഒരിക്കലും കരുതരുത്. അവയിലും മുഖ്യമായ കാരണങ്ങൾ—അഥവാ ഗൌരവമേറിയ സംഗതികൾ—നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാകുന്നു. നല്ല ദേഹാരോഗ്യമുള്ള ഒരു പുരുഷന്നോ സ്ത്രീക്കോ തന്റെ ജീവിതത്തിലെ ഭാഗഭാക്കായി ഭ്രാന്തോ മഹാരോഗമൊ ഉള്ള ഒരാളെ ലഭിക്കുന്നതു എത്രമാത്രം ദയനീയമായ ഒരു സംഗതിയാണെന്നു ആലോചിക്കുന്നതുതന്നെ വ്യസനഹേതുകമാകുന്നു. ഈവക അനീതികൾ അല്ലെങ്കിൽ അധൎമ്മങ്ങൾ തടയുവാൻ ഏതു തരത്തിലുള്ള വിവാഹത്തിന്നും വധൂവരന്മാർ കായികമായൊ മാനസികമായൊ യാതൊരു രോഗവുമില്ലാത്തവരാണെന്നു നിഷ്പക്ഷവാദികളായ ഡോക്ടർമാർ അഭിപ്രായപ്പെടേണമെന്നുള്ള ഒരു നിയമമാണു നമ്മുടെ രാജ്യത്തു ഒന്നാമതായി ഉണ്ടാകേണ്ടതു. നേരേ മറിച്ചു ദീനക്കാരും, ഭ്രാന്തന്മാരും വിവാഹജീവിതം അനുഷ്ഠിക്കുന്നതുകൊണ്ടു

തന്നെയാണു മനുഷ്യസമുദായത്തിന്നു പൊതുവിൽ പല ദൂഷ്യങ്ങളും സംഭവിക്കുന്നത്.

തൊഴിലാളികളുടെയിടയിലും പരക്കെ സദാചാര ബോധം ഉണ്ടാകുന്നപക്ഷം എളുപ്പത്തിലുള്ള വിവാഹ മോചനം നിശ്ചയമായും ആവശ്യമാകുന്നു. ഒരു കൂലിവേലക്കാരന്നു തന്റെ കുടുംബത്തിൽ ശരിയായ സുഖവും, സമാധാനവും, പരിപാലിക്കുവാൻ അവന്റെ ഭാൎയ്യ എത്രമാത്രം ഉപകരിക്കുമെന്നുള്ളതിന്നു സംശയമില്ല. നേരെ മറിച്ചു വളരെ ദേഹപ്രയത്നം ചെയ്തു വല്ലതും സമ്പാദിച്ചു കൊണ്ടു വന്നാൽ അതു സുഖത്തോടെ അനുഭവിക്കുവാൻ സംഗതി വരുത്താത്ത കുടുംബജീവിതം കേവലം ഇരപ്പാളികൾക്കുംകൂടി നികൃഷ്ടമായിട്ടുള്ളതാകുന്നു. ധനികനായ ഒരാൾക്കു അയാളുടെ കുടുംബത്തിലെ സമാധാനക്കേടിന്നു പല കാരണങ്ങളും പറയുവാനുണ്ടായേക്കാം. എന്നാൽ സാധുവായ ഒരു കൂലിക്കാരന്നു അവന്റെ കുടിലിലെങ്കിലും സ്വസ്ഥത ലഭിക്കുന്നില്ലെന്നു വരുന്നതായാൽ അതിൽപ്പരം സങ്കടം മറെറന്താണുള്ളത്?

വിവാഹവിഷയത്തിൽ ഇനിയും കാൎയ്യമായ പല പരിഷ്കാരങ്ങളും വരുത്തുവാനുണ്ടെന്നാണു ഈ വക സംഗതികളെല്ലാം ആലോചിമ്പോൾ പറയേണ്ടിവരുന്നത്. ദാമ്പത്യജീവിതം ക്ലേശഭൂയിഷ്ഠമാക്കുകയല്ലാ വേണ്ടതെന്നും കേവലം സുഖാനുഭവമാണു നമുക്കു അതിൽ നിന്നുണ്ടാകേണ്ടതെന്നും കരുതുന്നവർ അടിമജീവിതമായ കഠോര വിവാഹനിബന്ധനകളിൽ നിന്നൊഴിഞ്ഞു പരിശുദ്ധമായ ഭാൎയ്യാഭൎത്തൃത്വം—സുഖസൌകൎയ്യങ്ങളും, സ്വാതന്ത്ര്യവും അനുഭവിക്കപ്പെടുന്ന ഒരു പ്രസ്ഥാനം—ശരിയായ ഒരു അനുഗ്രഹമാണെന്നു കരുതി പ്രായോഗികമായ സന്മാൎഗ്ഗങ്ങളിൽ

കൂടി ജീവിതത്തിന്റെ യഥാർത്ഥമനോരഥത്തെ നടത്തുവാൻ ഉൽസുകരായിരിക്കേണ്ടതാണ്.

ചുരുക്കിപ്പറയുന്നതായാൽ വിവാഹജീവിതത്തിൽ അസുഖാവസ്ഥ തീരെ ഇല്ലാതാക്കുവാൻ കോടതി മുഖേന പ്രമാണങ്ങളായ നിയമങ്ങൾ പാസ്സാക്കുന്നതുകൊണ്ടോ മറ്റു നിബന്ധനകൾ വരുത്തുന്നതുകൊണ്ടോ പൂർണ്ണമായി സാധിച്ചു എന്നു വരുന്നതല്ല. നമ്മുടെ മനുഷ്യസമുദായം സദാചാരപരമായ സ്വഭാവത്തെ സർവ്വോപരി അംഗീകരിക്കുന്ന ഒരു കാലത്തല്ലാതെ വിവാഹബന്ധം തീരെ ക്ലേശരഹിതമായിത്തീരുകയില്ല. അടുത്തകാലത്തു സമുദായശുശ്രൂഷകന്മാരായ പല മഹാന്മാരും ഈ തത്വം കണ്ടറിഞ്ഞു യഥാർത്ഥ സമുദായാഭിവൃദ്ധിക്കു ശ്രമിക്കുന്നതു സന്തോഷാവഹമായ ഒരു കാര്യമാകുന്നു.

വിവാഹബന്ധം അഴിക്കപ്പെടുന്നതു മഹാപാപമാണെന്നു തത്വജ്ഞാനം പറഞ്ഞുനടക്കുന്ന ചില പണ്ഡിതന്മാരുണ്ട്. കേവലം അസുഖാവസ്ഥയിലുള്ള വിവാഹജീവിതംകൊണ്ടുള്ള കഷ്ടനഷ്ടങ്ങളെ തീരെ ആലോചിക്കാതെ 'ശുദ്ധാത്മാക്കളുടെ' നിലയിൽ വല്ലതും ജല്പിക്കുക മാത്രമാകുന്നു അവർ ചെയ്യുന്നത്. ഭാര്യാഭർത്താക്കന്മാർക്കു കായികമായും, മാനസികമായും ശരിയായ ചേർച്ചയുള്ള യാതൊരു വിവാഹബന്ധവും അഴിഞ്ഞുപോകുന്നതല്ല. അസമത്വം ഏതുവിഷയത്തിലും അസ്ഥിരമായിരിക്കുമെന്ന തത്വമാലോചിക്കുമ്പോൾ ദുരുദ്ദേശത്തെ മാത്രം ലാക്കാക്കുന്നവരല്ലാതെ ദുഃഖഭൂയിഷ്ഠമായ ദാമ്പത്യബന്ധത്തെക്കൂടി വേർപെടുത്തരുതെന്നു ശഠിക്കുകയില്ല. "ദമ്പതിമാരെ പരിശുദ്ധമായ ഒരു ബന്ധത്താൽ പിരിയാതെ വെച്ചുകൊണ്ടിരിക്കുന്നതു യഥാർത്ഥപ്രേമം മാത്രമാകുന്നു"

എന്ന തത്വത്തെയാണ വിവാഹമോചനകാൎയ്യത്തിൽ മുക്കടെമിഷ്ട പിടിക്കുന്നവർ ഉരുവിടേണ്ടത്. അതുകൊണ്ടു ശ്രേഷ്ഠമായ ആദൎശത്തെ മുൻനിൎത്തി വിവാഹകാൎയ്യത്തിൽ പ്രത്യേക നിബന്ധനകൾ ഉണ്ടാക്കേണമെന്നു ആഗ്രഹിക്കുന്നവർ അന്ന്യായമായ വിവാഹബന്ധങ്ങൾ അനായാസേന കെട്ടഴിഞ്ഞുപോകുമെന്നു സൎവ്വഥാ വിശ്വസിക്കേണ്ടതാകുന്നു. അധൎമ്മത്തെ ആസ്പദമാക്കുന്ന ദാമ്പത്യബന്ധം അതിവേഗത്തിൽ അഴിച്ചുകളയുവാൻ സാമാന്യേന എല്ലാവൎക്കും അനുവാദം സിദ്ധിക്കുമ്പോൾ ആ വക അൎത്ഥമില്ലാത്ത ജീവിതം നയിക്കുവാൻ ആരും ഒരുങ്ങുന്നതല്ല. അതിനാൽ ന്യായമായ വിവാഹത്തിന്നു ഒരുവിധത്തിലും കുഴപ്പം വരികയില്ലെന്നും അനീതിക്കാസ്പദമായ എല്ലാ വിവാഹങ്ങൾക്കും മോചനം സിദ്ധിക്കുന്നതു മനുഷ്യസമുദായാഭിവൃദ്ധിക്കു ഏററവും ഉത്തമമായ മാൎഗ്ഗമാണെന്നും നാം അറിയേണ്ടതാകുന്നു.

X

## പരിശുദ്ധമായ ഐക്യം.

ദൈവികയജ്ഞ വിശുദ്ധപീഠത്തിൽ നി-
ന്നാവശ്യംപോലെ കൊളുത്തിയോരു
പന്തങ്ങളാണനുരാഗവും സത്തായ-
സന്തോഷവുമെന്നറിഞ്ഞിടേണം.

(ഗാഥ)

പരിപൂൎണ്ണമായ ഐക്യം—ഇതു എവിടെ കാണുന്നു? അസംഖ്യം സ്നേഹിതന്മാർ ചേൎന്നിരിക്കുന്ന ഒരു സദ

സ്സിലോ സന്തുഷ്ടഹൃദയരായ ചില വധൂവരന്മാരുടെ സംഘത്തിലൊ അതു കാണുമെന്നു പലരും ഉത്തരം പറയുമായിരിക്കും. എന്നാൽ ആ വക സ്ഥലങ്ങളിലും വളരെ അപൂർവ്വമായേ പരിപൂർണ്ണമായ ഐക്യം കാണുകയുള്ളു. എന്തെന്നാൽ മനുഷ്യസ്വഭാവം സംഗതിവശാൽ തീരെ സ്വാവാവികമായിരിക്കും. എന്നാൽ പലക്കും പലതരത്തിലുള്ള സ്വഭാവമാണുണ്ടായിരിക്കുക. ഒരു ശരിയായ വൃത്താകാരമുണ്ടാകേണമെങ്കിൽ അതിന്നു ഒരു ഭാഗത്തും കോട്ടമുണ്ടാകരുതു്. ആ അർത്ഥത്തിലാണ് സ്വഭാവത്തിന്നു മററുപല ദോഷങ്ങളേയും ജയിക്കുവാനുള്ള ശക്തി വേണമെന്നു പറയുന്നതു്. ചിലപ്പോൾ വലിയ ഔദാർയ്യമുള്ളവരിലും നിസ്സാരത്വം കാണാം.. എത്രയോ സൂക്ഷ്മമുള്ളവർ ചില സംഗതികളിൽ സൂക്ഷ്മക്കുറവുള്ളതായി പരിശോധിച്ചാലറിയാം. ചുരുക്കിപ്പറയുകയാണെങ്കിൽ ; വളരെയധികം ഗുണങ്ങളുള്ള ഒരാൾക്കു ഏതാനും ചില ദുർഗ്ഗുണങ്ങളും ഉണ്ടാകുന്നതു പ്രകൃതിയുടെ ഒരു വികൃതിയാകുന്നു.

എങ്കിലും മഹാനായ ഒരു തത്വജ്ഞാനി പറഞ്ഞിട്ടുള്ളതു് "മനുഷ്യരായ നാം എല്ലാററിലും വിജയികളായി എന്നു വരില്ല. പക്ഷെ മനുഷ്യപ്രയത്നത്താൽ സാധിക്കാത്തവ വളരെ ദുല്ലഭമാണെന്നും നാം ;മനസ്സിലാക്കേണ്ടതാണ്" എന്നാകുന്നു. അതുകൊണ്ടു ഏതു വിഷയത്തിലും വിജയം നേടണമെങ്കിൽ സ്ഥിരപരിശ്രമം തന്നേയാണു ആവശ്യം. ദാമ്പത്യജീവിതത്തിൽ ഇക്കാർയ്യം പ്രത്യേകിച്ചും ആലോചിക്കേണ്ടതാണ്. വിവാഹം കഴിക്കുവാൻ വളരെ ആലോചിച്ചിട്ടുവേണം; കഴിച്ചുകഴിഞ്ഞാൽ ആ ജീവിതത്തെ വിജയകരമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

യാതൊരു ആലോചനയും കൂടാതെയുള്ള അനുരാഗം തരുണിതരുണന്മാർ അന്യോന്യം കണ്ടുമുട്ടുന്ന മാത്രയിലുള്ള അനുരാഗം എന്നുതന്നെ പറയട്ടെ—മുമ്പു പ്രസ്താവിച്ചതുപോലെ കാലപ്പഴക്കംകൊണ്ടു സുദൃഢമാക്കിത്തീക്കാമെന്നല്ലാതെ, പെട്ടന്നു അതു വിവാഹത്തിനുള്ള ഒരു മാർഗ്ഗമാക്കിത്തീക്കരുതു. അവർ പരസ്പരാനുരക്തരാകുവാൻ തുടങ്ങുന്ന കാലത്തു യഥാർത്ഥ ദാമ്പത്യത്തിൻെറ ചൈതന്യം അവരിൽ അങ്കുരിക്കുമാറ് സ്നേഹലക്ഷണങ്ങളം അവരിൽ പ്രകാശിക്കണം. അപാരവും അത്യഗാധവും അജ്ഞാതവുമായ ദാമ്പത്യസമുദ്രത്തിലേക്കു നാം കപ്പലോടിക്കുന്നതിനുമുമ്പ് പ്രസ്തുത സമുദ്രത്തിൻെറ ആഴം വിസ്താരം മുതലായവയെ ശരിയായി മനസ്സിലാക്കുകയും ഭയങ്കരമായ തിരമാലകളാൽ അപായം നേരിടാതിരിക്കത്തക്കവണ്ണം കപ്പൽപായകറം ആവശ്യംപോലെ ഉപയോഗിക്കുകയും ചെയ്യുന്ന പക്ഷം മാത്രമേ നമുക്കു പരിപൂർണ്ണമായ ഐക്യം എന്ന തുറമുഖത്തു ചെന്നെത്തുവാൻ കഴികയുള്ളു.

അനുരാഗരഹസ്യം അറിയുവാൻ വളരെ പ്രയാസമാണ്. ഒരു പുരുഷൻ പ്രത്യേകമായൊരു സ്ത്രീയെ സ്നേഹിക്കുന്നതു എന്തുകൊണ്ടാണ്? ഒരു സ്ത്രീ ഒരു പുരുഷനെ സ്നേഹിക്കയും, അതിനുശേഷം അയാളെവിട്ടു മറെറാരാളെ സ്നേഹിക്കുകയും ചെയ്യുന്നതു എന്തുകൊണ്ടാണ്? ഇതെല്ലാം പ്രപഞ്ചത്തിൻെറ ചില ജാലവിദ്യകളാണെന്നേ പലരും പറയുകയുള്ളു. പ്രകൃതിയുടെ വികൃതിയിലും വിധിയിലും അധികവിശ്വാസമുള്ളവർ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള യോജിപ്പില്ലായ്മയെപ്പററിപ്പറയുമ്പോറം "എല്ലാം തലയിലെഴുത്തു" എന്നും മററും പറയാറുണ്ട്. ഇങ്ങിനെ വെറുതെ തലയിലെഴുത്തിനെ പഴിക്കുന്നവരു

ടെ സംഖ്യ നമ്മുടെ ഇടയിൽ നാൾക്കുനാൾ വദ്ധിച്ചുവരുന്നതു പരിതാപകരമാകുന്നു. പ്രകൃതിയുടെ ധമ്മം അതു ശരിയായി കാണിക്കുമെങ്കിലും വിവാഹകാൎയ്യത്തിൽ നാം നല്ല കരുതലും ശ്രദ്ധയും ഉള്ളവരായിരുന്നാൽ നിശ്ചയമായും പരിപൂൎണ്ണമായ ഐക്യം നമുക്കു സാധിക്കുമെന്നുള്ളതിന്നു സംശയമില്ല.

ദാമ്പത്യത്തിലേക്കു പലപ്പോഴും മനുഷ്യരിൻ അധികപക്ഷക്കാരേയും നയിക്കുന്നതു വിധിയല്ല. പെട്ടെന്നു അക്കുണ്ടാകുന്ന ഒരു അഭിനിവേശമാണ് ദാമ്പത്യത്തിലേക്കു അവരെ നയിക്കുന്നതു. മിക്കവാറും നമ്മുടെ ഇടയിലുള്ള വിവാഹങ്ങൾ നാംതന്നെ സ്വേച്ഛാനുസരണം നടത്തുന്നു. അതിൽ വിധിയെ അവലംബിക്കുകയോ വിധിയെ നിരസിക്കുകയോ ചെയ്യുന്നില്ല. അനാവശ്യമായും, അൎത്ഥമില്ലാതേയും വിധിയെ വിവാഹത്തിൻെറ അധിഷ്ഠാനദേവതയാക്കുന്നതു് കേവലം ഭോഷത്വമാണ്. "മനുഷ്യൻ വിധിയുടെ യജമാനനാണെന്നും, അവൻെറ ആത്മാവിൻെറ നേതാ"വാണെന്നും നാം അറിഞ്ഞിരുന്നാൽ ഏതു ഗൌരവമേറിയ കാൎയ്യങ്ങളിലും നമുക്കു അപകടം വരുന്നതല്ല.

ചില കാൎയ്യങ്ങളിൽ വിധി, വിധി എന്നു പറഞ്ഞു നാം അടങ്ങിയൊതുങ്ങിയിരിക്കുന്നതുകൊണ്ടും ആലോചിക്കാതെ വിവാഹകാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതുകൊണ്ടും നമ്മുടെ ഭാഗഭാക്കുകളാകുന്നവർ നമുക്കു അനുഗ്രഹണരായിത്തീരുന്നില്ല. സുശീലയും, സുന്ദരിയുമായ ഒരു തരുണിക്കു ദുസ്സ്വഭാവിയായ ഒരു പുരുഷനെ വരിക്കുവാൻ തോന്നുന്നതു "വിധി"യാണെന്നു വിശ്വസിക്കുന്നവരുണ്ടു്. അതുപോലെതന്നെ സാധുശീലനും, വ്യവസായ തല്പരനും, കുടുംബസ്നേഹിയുമായ ഒരു പുരുഷന്നു കാഴ്ചക്കു സൌന്ദ

ൎയ്യം മാത്രമുള്ള ഒരു സ്ത്രീയെ കല്യാണം കഴിക്കുവാൻ തോന്നുന്നതും ചിലരുടെ വ്യാഖ്യാനപ്രകാരം "വിധി"കൊണ്ടാണെന്നാകുന്നു. തങ്ങൾക്കു എളുപ്പത്തിൽ കിട്ടുന്നവയെ ഒന്നും ആലോചിക്കാതെ സ്വീകരിക്കുന്നവർ കേവലം സ്വഭാവധാർഢ്യമില്ലാത്തവരും, ബുദ്ധികൂർമ്മതയില്ലാത്തവരുമാകുന്നു. അവർ താൽക്കാലികമായ ആവശ്യത്തെ നിറവേററുവാനായി എന്തെങ്കിലും അവിവേകം പ്രവൎത്തിച്ച ശേഷം വിധിയെ പഴിക്കുന്നതു സാധാരണയാകുന്നു. സുസ്ഥിരബുദ്ധികളും, സ്വഭാവദാർഢ്യമുള്ളവരും പെട്ടെന്നു ഒരു കാൎയ്യത്തിലും പ്രവേശിക്കാതെ യദൃച്ഛയാ വരുന്ന അപകടത്തോടു പൊരുതി അതിലെല്ലാം വിജയംനേടുന്നു. ഒരാൾ തനിക്കെതിരായി ഒഴുകുന്ന പുഴയിൽ ക്ലേശൽകൂടാതെ നീന്തുന്നതുകൊണ്ടു അയാളുടെ ശരീരത്തിന്നും, കൈകാലുകൾക്കും സുദൃഢമായ വ്യായാമം സിദ്ധിക്കുന്നതു നമുക്കു അനുഭവമാണ്. അതുപോലെതന്നെ നമുക്കു നേരേ വരുന്ന ആപത്തുകളോടു മല്ലിടുന്നതുകൊണ്ടു നമ്മുടെ ബലം കൂട്ടുകയാണു ചെയ്യുന്നതെന്നു പറയുന്നതിൽ അശേഷം സംശയിപ്പാനില്ല. ഒരു തരുണി സുന്ദരിയാണെന്ന കാരണംകൊണ്ടു മാത്രം യാദൃച്ഛികമായി ഒരാൾ അവളെ കണ്ടു ഭ്രമിച്ചു അവർ തമ്മിൽ വവാഹം നടത്തുവാനിടവരുന്നതു അവരുടെ ജീവിതത്തിലെ ഭീരുത്വമേറിയ ഒരുഭാഗം മാത്രമാണെന്നു ഒരു മഹാൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതു വാസ്തവമാണെന്നു നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണ്. പരസ്പരാനുരാഗത്തോടു കൂടാത്ത ഒരു ദാമ്പത്യജീവിതത്തെ അനുഷ്ഠിക്കുന്നതിൽ ഭേദം കേവലം ബ്രഹ്മചാരിയായിരിക്കുന്നതു എത്രയോ സുഖമായ ഒരവസ്ഥയാണെന്നു പ്രത്യേകിച്ചും പറയേണ്ടതില്ല.

ചിലപ്പോഠം ആകസ്മികമായി കണ്ടുമുട്ടുവാനിടയായ സ്ത്രീപുരുഷന്മാർ തമ്മിൽ ധനമോ, സൌന്ദര്യമോ ഗൌനിക്കാതെ സ്നേഹിക്കുവാൻ ഇടവരുന്നതായാൽ അവരുടെ പിന്നീടുള്ള സാഹചര്യംകൊണ്ടു സന്തോഷപ്രദമായ ഒരു വിവാഹത്തിന്നിടവരുന്നു. പ്രതിഫലേച്ഛകൂടാതെ നടക്കുന്ന പ്രസ്തുത വിവാഹങ്ങഠംക്കു വലിയ പ്രതിബന്ധങ്ങഠം നേരിടുവാൻ വഴിയില്ലെന്നാണു ഒരു നവീനമനശ്ശാസ്ത്രപണ്ഡിതൻ പറയുന്നത്.

വിവാഹത്തിൽ മനസ്സ്, ശരീരം, ധനം എന്നീ മൂന്നു വസ്തുക്കളുടെ സംബന്ധം ആവശ്യമാകുന്നു്. ഈ മൂന്നു വസ്തുക്കളും മനുഷ്യൻെറ അധീനതയിലുള്ളവയാണു. ഈ മൂന്നും ശരിയായി കാണപ്പെടുന്നവർ തമ്മിലുള്ള വിവാഹമാകുന്നു ഏററവും സന്തോഷാവഹമായ വിവാഹം.

മാനസികമായ സംഗതിയെപ്പററിപ്പറയുന്നതായാൽ ഒന്നാമതു നാം ഏററവും അധികം ഗുണമുള്ളതിലേക്കു—മാതൃകയിലേക്കു—ആസക്തി കാണിക്കരുത്. മനുഷ്യപ്രകൃതിയെപ്പററി നിരൂപണം ചെയ്യുന്നപക്ഷം ശിഥിലമായ ഒരു ദോഷവുമില്ലാത്ത എന്തെങ്കിലും ഒരു വസ്തു കാണ്മാൻ കഴികയില്ല. ചിലപ്പോഠം വിവാഹം കഴിക്കാത്ത ഒരാളോടു "നിങ്ങഠം എന്താണു വിവാഹം കഴിക്കാത്തതു" എന്നു നാം ചോദിച്ചാൽ അയാഠം ദീഘശ്വാസത്തോടുകൂടി ഉടനെ മറുപടി പറയുന്നതു "ഞാൻ, എനിക്കു പററിയ ഒരു ഭാര്യയെ കണ്ടുപിടിക്കുവാൻ ശ്രമിക്കയാണു" എന്നായിരിക്കും. ആ മനുഷ്യൻ ഇങ്ങിനെ മനോരാജ്യം കൊണ്ടു കാലം കഴിച്ചുകൂട്ടുമെന്നല്ലാതെ യഥാർത്ഥദാമ്പത്യജീവിതാനുഭവം അയാഠംക്കു സിദ്ധിക്കുന്നതല്ല. അയാളാകട്ടെ, തനിക്കു ഒരു ദേവകന്യകയെ വിവാഹം കഴിക്കേണ

മെന്നാശിക്കുന്നു. തൻെറ കുററങ്ങളൊന്നും അയാഠം കാ ണുന്നതുമില്ല. ഏററവും സുന്ദരിയായ ഒരു തരുണിയിലായിരിക്കും അയാഠംക്കു അഭിനിവേശം. പക്ഷെ തൻെറ ആഗ്രഹം അവളെ ധരിപ്പിക്കുമ്പോഠം കിട്ടുന്ന മറുപടി ഇച്ഛാഭംഗത്തിന്നിടയാകുന്ന സമയത്താണു അയാഠം സ്തബ്ധനാകുന്നത്. തന്നെപ്പററിത്തന്നെ വലിയ അഭിപ്രായമുള്ള പലക്കും സാധാരണയായി സംഭവിക്കുന്ന ഒരു വലിയ ദോഷമാണിത്.

ചില പെൺകുട്ടികഠംക്കു തങ്ങളുടെ ഭർത്താക്കന്മാർ സാക്ഷാൽ കാമദേവനെപ്പോലെ സൌഭാഗ്യമുള്ളവരായിരിക്കേണമെന്നും, മററു ചിലക്കു സൌന്ദയ്യമില്ലെങ്കിലും തരക്കേടില്ല വൈശ്രവണനെപ്പോലെയുള്ള വല്ലവരേയും കിട്ടിയാൽ മതിയെന്നും ആഗ്രഹമുണ്ടായിരിക്കും. എന്നാൽ അങ്ങിനെയുള്ള പെൺകുട്ടികഠം ഒന്നു പ്രത്യേകം ധരിക്കേണ്ടതായിട്ടുണ്ട്. വലിയസൌന്ദയ്യമുള്ളവരും, മഹാപ്രഭുക്കന്മാരും പ്രായേണ പഠിപ്പില്ലാത്തവരും സുഖാന്വേഷികളുമായിരിക്കും. വിശേഷിച്ചു പണക്കാർ മിക്കവാറും സുഖശരീരികളായിരിക്കയില്ല. അമേരിക്കയിലെ കോടീശ്വരന്മാരിൽ അധികപക്ഷക്കാരും അരോചകബാധിതരായ കഷണ്ടിക്കാരാണെന്നു കേട്ടിട്ടുണ്ട്. അവരുടെ തലകഠം ഏകദേശം ബില്ലിയേഡ് പന്തുകഠംപോലെ അത്ര മിനുസമുള്ളവയായിരിക്കുമത്രേ. ധനവും, ആരോഗ്യവും മിക്കവരിലും ഒന്നിച്ചുകാണുന്നതു വളരെ ദുല്ലഭമായിരിക്കും. വിവാഹകാൎയ്യത്തിൽ സൌന്ദയ്യവും ധനവും മാത്രം ഗണ്യമാക്കുന്നവർ ഈ സംഗതി പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണു.

നമ്മുടെ ആഗ്രഹങ്ങഠം അതിർത്തിവിട്ടുപോയാൽ അനത്ഥമാണെന്നാണു ഇതിൽനിന്നു മനസ്സിലാക്കേണ്ടത്.

അഭിവൃദ്ധിയിലുള്ള ആകാംക്ഷ ജീവിതത്തിൽ ഒരു പ്രത്യേകവിജയത്തിന്നു കാരണമാകുന്നു. പക്ഷെ ദാമ്പത്യവണ്ടി ഓടിക്കുവാൻ ശരിക്കു നടക്കുന്നതും, ഭാരം പേറുവാൻ ശക്തിയുള്ളതുമായ കുതിരയിൽക്കൂടുതലായി മററൊന്നും ആഗ്രഹിക്കാതിരിക്കയാണ് നല്ലത്. വിവാഹജീവിതത്തിൽ വിജയം സിദ്ധിപ്പാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾ ഈ തത്വം മനസ്സിലാക്കേണ്ടതാകുന്നു.

ഒരു മാതൃകാപുരുഷന്നു ഒരു മാതൃകാസ്ത്രീയെ കിട്ടുകയെന്ന കാൎയ്യം വളരെ ദുല്ലഭമാണു. എന്നാൽ മാതൃകാദമ്പതിമാരെ നമുക്കു ധാരാളം കാണ്മാൻ കഴിയും. അവരുടെ സ്വഭാവത്തിലുള്ള ശിഥിലങ്ങളായ വല്ല വ്യത്യാസങ്ങളും അത്ര ഗണിക്കേണ്ട അവശ്യമില്ല. പരിപൂൎണ്ണത ഭൎത്താവിലും ഭാൎയ്യയിലും കാണുകയില്ല.

നാം തീൎച്ചയാക്കേണ്ടതു നമ്മുടെ ജീവിതത്തിലെ ഭാഗഭാക്കുകൾ നല്ലവരായിരിക്കേണമെന്നും, നാം അതിലും നല്ലവരായിരിക്കേണ്ടതാണെന്നുമാകുന്നു. എന്നാൽ അതിൻെറ സങ്കലനം ഏററവും ഉത്തമമായിരിക്കും.

പരിശുദ്ധമായ ഐക്യത്തിന്നുള്ള ഒരു പ്രധാനമായ കുറവു ദമ്പതിമാരിൽ ഒരാൾ കേവലം ചാപല്യമുള്ള ആളായിരിക്കുന്നതാകുന്നു. പുരുഷന്മാരിലും സ്ത്രീകളിലും അപ്രകാരം കൊഞ്ചിക്കുഴഞ്ഞാടുന്ന തെണ്ടികളായ പലരും ഉണ്ട്. ആ സ്വഭാവം തീരെ തൃപ്തികരമല്ലാത്തതാകുന്നു. ദാമ്പത്യജീവിതത്തിൽ അപ്രകാരമുള്ളവർ ഭാഗഭാക്കുകളാകുന്നതു—ഒരു കക്ഷിക്കു മററെ കക്ഷിയോടു എത്രതന്നെ സ്നേഹവും, ബഹുമാനവും ഉണ്ടായാലും—തീരെ സുഖപ്രദമായിരിക്കയില്ല. അങ്ങിനെയുള്ളവർ—സ്ത്രീയായാലും പു

രുഷനായാലും—കേവലം ഭയങ്കരസത്വങ്ങളായ പിശാചു ക്കളാണെന്നുള്ളതിന്നു സംശയമില്ല. അവർ ദാമ്പത്യ ത്തിൽ ഒരു വിധം സുഖമായി കുറച്ചു കാലം കഴിച്ചുകൂട്ടി യാൽ വീണ്ടും കൂടുതൽ സുഖമുള്ള ജീവിതത്തിന്നായി അ ന്വേഷിക്കുന്ന ചപലബുദ്ധികളായിരിക്കും. ഈ വക കാരണങ്ങളിലാണു സാധാരണ കുടുംബജീവിതത്തിന്നു അ സുഖാവസ്ഥ നേരിടുന്നത്. അങ്ങിനെയുള്ള സ്ത്രീകളായ പി ശാചുക്കൾക്കു തൃപ്തിയുണ്ടാകേണമെങ്കിൽ പല തരത്തിലു ള്ള വിനോദങ്ങളിൽ—നാടകം സിനിമാ—പങ്കുകൊള്ളുക തന്നെ വേണം. അപ്രകാരമുള്ള പുരുഷസത്വങ്ങളൊ മ ററു സ്ത്രീകൾ ഇഷ്ടഭാവത്തോടുകൂടിവന്നു ആശ്ലേഷിച്ചാലേ സന്തുഷ്ടരാകയുള്ളൂ. ഈ വിഷയത്തെപ്പററി അധികം വിസ്തരിക്കേണ്ട അവശ്യമില്ല. കല്യാണംകഴിച്ചവരായ ഈ വക തോന്നിവാസികൾക്കു അവരുടെ ദാമ്പത്യജീവി കം ഒരു കാലത്തും സന്തോഷാവഹമാക്കാൻ കഴികയില്ല. ഇനി അവർ അടങ്ങി ഒതുങ്ങിയിരിക്കുന്നു എന്നു കരുതുക. നാം അപ്പോൾ മനസ്സിലാക്കേണ്ടതു അവരുടെ സുഖാനുഭ വാസക്തിയെല്ലാം അവസാനിച്ചു എന്നും, അവർ മേലാൽ അവരുടെ ഭാഗ്യഹീനരായ ഭാഗഭാക്കുകളെ തൃപ്തിപ്പെടുത്തു വാൻ അശക്തരാകുന്നു എന്നുമാകുന്നു.

ദാമ്പത്യജീവിതത്തിലെ പരിപൂർണ്ണമായ ഐക്യത്തി ന്നു മറെറാരു പ്രധാനദോഷം ഭാര്യാഭർത്താക്കന്മാർ ഏതു സമയത്തും ഒരുമിച്ചിരിക്കുന്നതാകുന്നു. ഇതിൻെറ ഫലവും ഏറെക്കുറെ സ്പൃഹണീയമായ ഒന്നായിരിക്കയില്ല. വാ സ്തവത്തിൽ അഥവാ സ്വാഭാവികമായി അവർ വിവാഹം കഴിച്ചതു അവരുടെ ജീവകാലം മുഴുവനും ഒന്നിച്ചിരിക്കു വാൻ തന്നെയാണ്. എന്നാൽ ഈ ഒരു ഉദ്ദേശം വിജയക രമാക്കിത്തീർക്കണമെങ്കിൽ ഇടക്കു പലപ്പോഴും സ്വല്പ സമ

യം അവർതമ്മിൽ പിരിഞ്ഞിരിക്കുന്നതു ബുദ്ധിപൂർവ്വമായ ഒരു ഏർപ്പാടായിരിക്കും. പരസ്പരാനുരക്തരായ ദമ്പതിമാർ തങ്ങളുടെ വിവാഹാനന്തരമുള്ള സമാഗമം പൂർവ്വാധികം സന്തോഷപ്രദമായിരിക്കുമെന്നേ ഇതിൽനിന്നു മനസ്സിലാക്കുവാനുള്ളു.

ഭാര്യക്കാകട്ടെ, ഭർത്താവിന്നാകട്ടെ ബാഹ്യമായി വളരെ യോജിപ്പുണ്ടായാലും അവരുടെ മനസ്സു പലപ്പോഴും വിഭിന്നങ്ങളാണെന്നു നാം അറിയേണ്ടതാണ്. ചിലപ്പോൾ ഭർത്താവ് ഭാര്യയെ വല്ല കാരണത്താലും കഠിനമായാശാസിച്ചിട്ടുണ്ടായിരിക്കും. ഭാര്യക്കു ആ സംഭവം അഥവാ ആ ഭയം അവളുടെ മനസ്സിൽ എന്നും സ്ഥലം പിടിച്ചിരിക്കും. അതിനാൽ ഭാര്യ കുറെയധികം മനസ്സുറപ്പും, വാശിയുമുള്ളവളാണെങ്കിൽ എന്നും തന്നീയെ താമസിക്കുവാനെ ഇഷ്ടപ്പെടുകയുള്ളു. ഈ ഒററ കാരണം കൊണ്ടുതന്നെയാണ് വിഭിന്നഭാവത്തോടുകൂടിയ ദമ്പതിമാർക്ക അവരുടെ ജീവിതം സുഖാവഹമാക്കാൻ കഴികയില്ലെന്നു പറയുന്നതു്. ഭാര്യ വളരെ അധികം മനസ്ഥൈര്യമുള്ളവളാണെങ്കിൽ ഭർത്താവു നിശ്ചയമായും അവൾക്കടിമപ്പെടേണ്ടിവരും. നേരെമറിച്ചു, ഒരു കുടുംബത്തിൽ ഭർത്താവു വളരെ ഗൌരവഭാവവും, കൂടുതലായ മനസ്ഥൈര്യവുമുള്ള ആളായാൽ ഭാര്യക്കു പേരിന്നുകൂടി യാതൊരുപ്രാമാണ്യവും അവിടെ ഉണ്ടാവുകയില്ല. അവൾക്കു കേവലം ഒരു ദാസിയുടെ നിലയാണ് ഉണ്ടായിരിക്കുക.

പല പ്രസിദ്ധ സ്ത്രീപുരുഷന്മാരുടേയും ചരിത്രങ്ങളിൽനിന്നു ഈ വക വിഷയങ്ങൾക്കു ഉദാഹരണമായി ചില സംഗതികളെല്ലാം എടുക്കുവാൻ നമുക്കു സാധിക്കും. സുപ്രസിദ്ധകവിയും തത്വജ്ഞാനിയുമായിരുന്ന തോമാ

സ്കാർലൈൽ സ്വതവേതന്നെ ആരോഗ്യമില്ലാത്ത ഒരാളായിരുന്നതുകൊണ്ടു മാത്രമല്ല അദ്ദേഹത്തിൻെറ ഭാര്യ്യ വളരെ സമത്ഥയായിരുന്നിട്ടു കൂടി ഏററവും സങ്കടകരമായ ജീവിതം അനുഷ്ഠിക്കുവാനിടവന്നതു്. പ്രസിദ്ധനോവലെഴുത്തുകാരനായിരുന്ന ചാറൽസ്ഡിക്കെൻസിൻെറ ഭാര്യ്യ വലിയ അസൂയക്കാരി ആയിരുന്നതിനാലാണ് അവരുടെ ദാമ്പത്യജീവിതം ദുഃഖഭൂയിഷ്ഠമായതു്. എന്നാൽ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയും, വലിയ രാജ്യകാര്യ്യതന്ത്രജ്ഞനുമായിരുന്ന ഗ്ലാഡ്സ്റ്റൻ തൻെറ ഭാര്യ്യയുടെ ഹിതാനുസരണം നടന്നതുകൊണ്ടു അദ്ദേഹത്തിന്നു ജീവിതത്തിൽ വലിയ കുണ്ഠിതത്തിന്നിടവന്നില്ല.

വളരെയധികം ബുദ്ധിയുള്ള ഭാര്യ്യാഭത്താക്കന്മാരുടെ ഇടയിൽ സുഖപ്രദമായ ദാമ്പത്യജീവിതം ദുർല്ലഭമായിട്ടേ കാണാറുള്ളു. ഈ ഒരു ലോകസമ്പ്രദായത്തിന്നു വിപരീതമായിട്ടായിരുന്നു പാശ്ചാത്യസാഹിത്യലോകത്തിൽ സുപ്രസിദ്ധരായിരുന്ന റോബർട്ട് ബ്രൌണിങ്ങും അദ്ദേഹത്തിൻെറ ഭാര്യ്യയും ജീവിതം നയിച്ചതു്. എന്നാൽ വാസ്തവത്തിൽ അവർ യഥാത്ഥകവനകലാനിധികളായിരുന്നു. അവരുടെ മനോഗുണവും, സ്വഭാവ വൈശിഷ്ട്യവും ദിവസംപ്രതി അവരുടെ കുടുംബത്തിലെ സകല ഗൃഹസംഭവങ്ങളിലുംകൂടി അവരുടെ മനസ്സിൻെറ ഏകീകരണത്തെ പ്രത്യക്ഷപ്പെടുത്തിയിരുന്നു. യഥാത്ഥകവികറംക്കു എല്ലാം കാര്യ്യവും സാധിക്കും.

ദമ്പതിമാരുടെ ഏകീകരണത്തെപ്പററി ഉദാഹരണസഹിതം എത്രതന്നെ പറഞ്ഞാലും അവസാനിക്കുന്നതല്ല. വാസ്തവത്തിൽ അവരുടെ ഏകയോഗക്ഷേമത്തിന്നു അവർ പ്രധാനമായിക്കരുതേണ്ടതു് "ഐക്യം നഃപരമം

ധനം" എന്ന തത്വമാകുന്നു. ഈ പരമാത്ഥത്തെക്കുറിച്ച് പ്രസ്താവിക്കുവാനിടയായപ്പോഴാണ് "ദാമ്പത്യജീവിതം ഒരു പുരുഷൻെറ ദുഃഖങ്ങളെ പകുതിയിലധികം നശിപ്പിക്കുകയും, അയാളുടെ സന്തോഷത്തെ ദ്വിഗുണീഭവിപ്പിക്കുകയുംചെയ്യുന്നു." എന്നുള്ള ഒരു പഴമൊഴി ഓമ്മവന്നതു്. എന്നാൽ ഈ തത്വം നാം പല ഭായ്യാഭത്താക്കന്മാരുടേയും സ്ഥിതിഗതികളെകൊണ്ടു മനസ്സിലാക്കുന്നുണ്ടു്. തൻെറ ഭായ്യയുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാൻ സവ്വഥാ സന്നദ്ധന്മാരായ അനേകം പുരുഷന്മാരുണ്ടു്. അതേ പ്രകാരത്തിൽതന്നെ അസംഖ്യം സ്ത്രീകളും തങ്ങളുടെ ഭത്താക്കന്മാരെ എല്ലാ കായ്യങ്ങളിലും അനുവത്തിച്ചു സന്തുഷ്ടകളായി കഴിഞ്ഞുകൂടുന്നുണ്ടു്.

തങ്ങളുടെ ഭയ്യമാരെ യാതൊരു വിധത്തിലും ക്ലേശിപ്പിക്കാത്ത വളരെ ഭത്താക്കന്മാക്കു ദാമ്പത്യജീവിതംസുഖാവഹമാകുന്നതാണ്. അവർ നിസ്സാരമായ സന്തോഷങ്ങളൊന്നും ഭായ്യമാരോടു പറയുകയില്ല. കായ്യമായ എന്തെങ്കിലും ഒരു സംഗതിയുണ്ടായാൽ അവക്കു ഭായ്യമാരെ ആ വിവരം അറിയിച്ചു ആ സന്തോഷത്തിൽ അവരേയും പങ്കുകൊള്ളിക്കുവാൻ വളരെ ഉത്സാഹമായിരിക്കും. നിസ്സാരമായ സന്തോഷങ്ങളെ സാധാരണമാകയാൽ പ്രധാനമായവക്കു കൂടുതൽ യോഗ്യത കല്പിക്കുകയാണ് അവർ ചെയ്യുന്നതു്. ദാമ്പത്യജിവിതത്തിൽ പരസ്പരബഹുമാനത്തിന്നും, സ്നേഹത്തിന്നും ഈ നയം അഥവാ ഏപ്പാടു വളരെ ഉത്തമമായ ഒന്നാകുന്നു.

ഇങ്ങിനെ ദാമ്പത്യജീവിതത്തിൽ പരിപൂണ്ണമായ ഏകീകരണത്തിന്നായി സ്ത്രീപുരുഷന്മാർ പലതും പ്രവത്തിക്കേണ്ടതുണ്ടു്. കായികമായി അവർ ചെയ്യേണ്ടുന്ന

പല സംഗതികളുമാണ് ഇപ്പോൾ പ്രസ്താവിച്ചു കഴിഞ്ഞത്. മാനസികവും, ആത്മീകവുമായ സംഗതികളേക്കാൾ ഒട്ടും പ്രാധാന്യം കുറയാത്തതാണവയെന്നുള്ളതിന്നു സംശയമില്ല. മനസ്സും, ശരീരവും തമ്മിൽ വളരെ യോജിപ്പുവേണ്ടതാണ്. സ്വാഭാവികമായിട്ടുതന്നെ അവയ്ക്കു ഒരു പ്രത്യേകമായ ഏകീകരണത്തിന്നു വാസനയുണ്ടല്ലോ. സുഖാനുഭവത്തിന്നുള്ള ആഗ്രഹവും, അലങ്കാരഭ്രമവുമെല്ലാം കായികമായിട്ടുള്ളതാകുന്നു. കായികവ്യാപാരത്തിൻെറ ഗുണഭാഗങ്ങളെ തള്ളിക്കളയുന്നതു ആത്മികവും മാനസികവുമായ ഉദാസീനതയേക്കാൾ ദോഷകരമായ ഒരു സംഗതിയാകുന്നു. തൻമൂലം ദാമ്പത്യത്തിൻെറ യഥാൎത്ഥമായ ഐക്യത്തിന്നും കൂടി ഹാനി സംഭവിക്കുന്നു. ദമ്പതിമാർ യഥാൎത്ഥസ്നേഹബഹുമാനമുള്ളവരാണെങ്കിൽ അവൎക്കു അന്യോന്യം ജീവകാന്തിശക്തിയുണ്ടായിരിക്കും. എന്നാൽ അതു കേവലം ധാതുാകൎഷണശക്തി മാത്രമായിരിക്കരുതു. ഈ ആകൎഷണശക്തിയെ ഇടവും വലവും നോക്കാതേയും മേലാലുള്ള ദാമ്പത്യജീവിതത്തിലെ സുഖവാസാവസ്ഥയെ കരുതാതേയും, കൂസൽകൂടാതെ ഉപയോഗിക്കുന്നവരായ സ്ത്രീപുരുഷന്മാർ വളരെയധികം ഉണ്ട്. അങ്ങിനെയുള്ള ദമ്പതിമാർ ആരംഭത്തിൽ ഏററവും സുഖമായ ജീവിതം നയിക്കുന്നവരായിരിക്കും. ഓരോരുത്തരും കായികമായ സുഖത്തെ അന്യോന്യം പ്രദാനം ചെയ്യുന്നതിൽ അത്യുത്സകരാകുന്നതാണ്. പരസ്പരാലോകനംകൊണ്ടും, പരസ്പരസ്പൎശംകൊണ്ടും അവർ പുളകിതഗാത്രരായിത്തീരുന്നു. എന്നാൽ കുറച്ചുകാലം കഴിഞ്ഞാൽ — സുഖാനുഭവാസക്തി ശമിച്ചാൽ — അവരുടെ ജീവിതമാകുന്ന അടുപ്പുകല്ലിന്മേൽ കത്തിക്കരിഞ്ഞുപോയ ചാരമല്ലാതെ മറെറാന്നും കാണുകയില്ല. ഇങ്ങിനെ കായികശക്തിക്കു അധഃപതനം

നേരിടുന്നതോടുകൂടി ആ ദമ്പതിമാൎക്കു തങ്ങളുടെ സ്വഭാവത്തിൽ ക്രമാതീതമായ ജാള്യതയുണ്ടാവുകയും, അതു അവരുടെ അനുരാഗത്തിൻെറ നാശത്തിനു കാരണമായിത്തീരുകയും ചെയ്യുന്നു.

"ജീവിതമായ അടുപ്പിൻതിയ്യിൽ എൻെറ രണ്ടു കൈകളും ഞാൻ ചൂടാക്കിയിട്ടുണ്ടു്" എന്നു ഒരു കവി ഒരിക്കൽ പാടിയിരിക്കുന്നു. സുഖാനുഭവാസക്തിയുടെ ബലിപീഠത്തിന്മേൽ—യാഗത്തിൻെറ അല്ല—തീവെച്ചാൽ അതു നിശ്ചയമായും കെട്ടുപൊകുന്നു. ദമ്പതിമാൎക്കു അവരവരുടെ സ്ഥിതിഗതിക്കനുസരണമായ ബഹുമാനവും, അകൃത്രിമമായ സ്നേഹവും ഉള്ളപക്ഷം അവരുടെ ജീവിതം എന്നും ആനന്ദസന്ദായകമായിരിക്കും.

ഇനി നമുക്കു പ്രധാനമായി ആലോചിക്കുവാനുള്ളതു് ധനത്തെ സംബന്ധിച്ചാണ്. ദമ്പതിമാരുടെ ഏകയോഗക്ഷേമത്തിന്നു ധനവും ഒഴിച്ചുകൂടാത്ത ഒന്നാകുന്നു. ദാരിദ്ര്യാവസ്ഥ എന്നതു ഒരു പ്രത്യേകമായ വിഷമഘട്ടമാണെന്നു ഈ സന്ദൎഭത്തിൽ നാംമനസ്സിലാക്കേണ്ടതാണ്. "ദൈവമേ!ഞങ്ങളെ ധനവാന്മാരുംദരിദ്രന്മാരുമാക്കേണ്ട" എന്നുള്ളതു ഒരു ന്യായമായ അപേക്ഷയായിരിക്കാം. എന്നാൽ അപേക്ഷയെ സമ്മതിക്കുന്നതിന്നുമുമ്പായി അതിനെ ഒന്നു വ്യാഖ്യാനിക്കേണ്ടതു അത്യാവശ്യമാകുന്നു. ഒരു മനുഷ്യൻെറ ആവശ്യംമററൊരുത്തൻെറ സുഖമായിരിക്കെ, ഓരോ മനുഷ്യനും തന്നേക്കാൾ കുറച്ചുപണം ചിലവുചെയ്താണു തൻെറ അയൽവക്കുകാരൻ ജീവിക്കുന്നതു എന്നു കരുതുന്നതു ഒരു പക്ഷെ വാസ്തവമായിരിക്കാം. സമ്പാദിക്കുന്നതിനേക്കാൾ ബുദ്ധിമുട്ടു ന്യായമായും, ബുദ്ധിപൂൎവ്വമായും ചിലവുചെയ്യാനാണെന്ന തത്വവും വാസ്തവമാകുന്നു.

ഒഴിച്ചുകൂടാത്ത സന്ദർഭങ്ങളിൽപ്പോലും സുഖവാസത്തിന്നു വേണ്ടി യാതൊന്നും ചിലവുചെയ്യുകയില്ലെന്നുള്ള സിദ്ധാന്തം ആക്കും അഭിമാനകരവും, ആശാസ്യവുമായ ഒരു നയമായിരിക്കയില്ല. സൌകര്യംപോലെ സുഖവാസത്തിന്നായി സ്ഥലം മാറിത്താമസിക്കുക. സ്വാഭാവികമാഹാത്മ്യമുള്ള നാട്ടുപുറങ്ങളിലൊ കടൽത്തീരങ്ങളിലൊ പോയി നല്ല ബങ്കളാവുകളിൽ താമസിക്കുന്നതു ഒരു ദുർവ്യയമായി ദമ്പതിമാർ ഒരിക്കലും കണക്കാക്കരുത്. വിശ്രമത്തിന്നായി പ്രത്യേകം വല്ല സ്ഥലങ്ങളിലേക്കും യാത്രയാവുന്ന സംഗതിയെപ്പററിപ്പറയുമ്പോഠംത്തന്നെ പണം ചിലവാകുമല്ലോ എന്നു പിറുപിറുത്തുകൊണ്ടിരിക്കുന്ന പല കുടുംബക്കാരും ഉണ്ട്. എന്നാൽ അങ്ങിനെ നാട്ടുപുറങ്ങളിലും മററും പോയി ഒരിക്കൽ താമസിക്കുന്നതുകൊണ്ടു നമുക്കു എല്ലുവിധത്തിലും ചിലവിനേക്കാഠം അധികം സമ്പാദ്യമാണുണ്ടാവുകയെന്നാണു നാം കരുതേണ്ടത്.

ഇനി ഉറപ്പും, ഉപയോഗവുമുള്ള ഉടുപ്പുകഠംക്കായി പണം ചിലവാക്കാത്ത ചില ഭോഷന്മാരുണ്ട്. ആദായവിലക്കു കിട്ടുന്ന വസ്ത്രങ്ങഠം വാങ്ങുന്നവക്കു എപ്പോഴും അവയ്ക്കു പണം ചിലവാക്കുവാനേ നേരമുണ്ടാകയുള്ളു. ഉറപ്പും, വെടിപ്പുമുള്ള ഉടുപ്പുകഠം ഒരു ജോടികൊണ്ടു ആറുമാസം കഴിക്കുവാൻ സാധിക്കുന്ന ഒരാഠംക്കു വില കുറഞ്ഞതും, ഈടില്ലാത്തതുമായ പന്ത്രണ്ടു ഉടുപ്പുകളുണ്ടായാലല്ലാതെ 3 മാസം കഴിക്കുവാൻ സാധിക്കയില്ല. വിശേഷിച്ചു വല്ല കാഴ്ചസ്ഥലങ്ങളിലും മററും പോകേണമെങ്കിൽ അതിന്നു പ്രത്യേകം ഉടുപ്പുകഠം ഉണ്ടാക്കുവാനും ഇടയാകുന്നു.

തൻെറ ഭായ്യക്കായി ഒരു പ്രത്യേകമായ സംഭാവന കൊടുക്കുവാൻ മടിക്കുന്ന ചില ലുബ്ധന്മാരുണ്ട്. എന്നാ

ൽ മിടുക്കത്തികളായ ചില ഭാര്യമാർ കുടുംബച്ചിലവിന്നു തങ്ങളുടെ ഭർത്താക്കന്മാർ കൊടുക്കുന്ന പണം മര്യാദയായി ചിലവാക്കി അതിൽനിന്നു ആദായമുണ്ടാക്കി ഭംഗിയേറിയ ചില വസ്ത്രങ്ങളും മററും വാങ്ങിക്കാറുണ്ട്. ഈ സംഗതി താൻ അറിയുവാനിടയായാൽ അപ്പോൾ "അമ്പെടി! ഇത്ര കുറുമ്പോ! എൻെറ പണം കബളിയ്ക്കുന്നുവോ" എന്നു പറഞ്ഞു പ്രസ്തുത ഭാര്യമാരോടു കലഹിക്കുന്ന നീചമനസ്ഥിതിയുള്ള പല ഭർത്താക്കന്മാരും നമ്മുടെയിടയിൽ തന്നെയുണ്ട്.

നിങ്ങൾ ഭാര്യയെക്കൂടാതെ മറെറാരാളുടെ ഭവനത്തിലോ മറേറാ താമസിക്കുകയാണെന്നു കരുതുക. എന്നാൽ നിങ്ങളുടെ ചിലവു വകയ്ക്കു ആ വീട്ടുടമസ്ഥൻ തരുന്ന സകല ബില്ലുകളും നിങ്ങൾ സ്വീകരിക്കുന്നു. അതേവിധത്തിൽ നിങ്ങളുടെ ഭാര്യമാരോടും നിങ്ങൾ അനുവർത്തിക്കുക. വീട്ടുചിലവുകൾക്കും മററുമായി നിങ്ങളുടെ ഭാര്യമാർക്കു നിങ്ങൾ കൊടുക്കുന്ന പണത്തിൻെറയും മററും കണക്കുകൾ കേവലം അവരെ വിശ്വാസമില്ലാത്ത നിലയിൽ നിങ്ങൾ ആവശ്യപ്പെടുന്നതു പരസ്പരവിശ്വാസത്തിന്നു വലിയ ന്യൂനതയാകുന്നു. വലിയ കൃത്യനിഷ്ഠയും. പിശുക്കും ഉള്ളവരുംകൂടി അങ്ങിനെ ചെയ്യരുതെന്നുള്ളതിന്നു സംശയമില്ല. നാം നമ്മുടെ ഭാര്യമാരെ വിശ്വസിക്കുക. അവർ നമ്മെ സ്നേഹിക്കുന്നുണ്ടെങ്കിൽ ഒരു കാലത്തും അവർ നമ്മെ ചതിക്കയോ, കബളിയ്ക്കയോ ചെയ്കയില്ല. നമ്മുടെ ഭാര്യമാർക്കു നമ്മെ സ്നേഹമില്ലെങ്കിൽ അവരുടെ കാപട്യങ്ങളെ കണ്ടുപിടിക്കുവാനും നമുക്കു സാധിക്കയില്ല. "തൻെറ ഭാര്യ കൊടുക്കുന്ന വീട്ടുചിലവിൻെറ കണക്കു ശരിയായി നോക്കി ശരിപ്പെടുത്തുവാൻ സാധിക്കുന്ന യാതൊരു

യോഗ്യനായ ഗണിതശാസ്ത്രജ്ഞനും ഇതേവരെ ജനിച്ചി ല്ല" എന്നു ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ സ്ഥിതിക്കു അതിന്നായി പരീക്ഷിച്ചിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. വിവാഹം ജീവിതത്തിലെ ഒരു പ്രധാനപ്ര സ്ഥാനമാണു. പക്ഷെ അതു ഒരു വ്യാപാരമല്ല: അതു ന വണ്ണം പരീക്ഷിച്ചു അതിൽ നിന്നു ഒരാദായമുണ്ടാക്കുവാൻ നമുക്കു യാതൊരു അധികാരവുമില്ല; അവകാശവുമില്ല.

ഭാര്യമാരുടെ പേരിൽ നമുക്കു ചുമത്താവുന്ന ഒരു കുററമാണു അവർ (ഭാര്യമാർ) ഭർത്താക്കന്മാരെ യോഗ്യതാ നുസരണം നടത്തുന്നില്ലെന്നുള്ള സംഗതി. ചിലപ്പോൾ ഭർത്താക്കന്മാർ നാടകം, സിനിമാ മുതലായവയ്ക്കും, വല്ല സഭകൾക്കും പോകുമ്പോൾ വൃത്തികെട്ട ഉടുപ്പുകൾ അ വൎക്കു കൊടുത്തയക്കുന്നതുകൊണ്ടു അവരുടെ മാനം നശി ക്കുകയാണു ചെയ്യുന്നതെന്നും, അതിനാൽ നിസ്സാരമായ ആദായമല്ല നോക്കേണ്ടതെന്നും ഭാര്യമാർ പ്രത്യേകം മന സ്സിലാക്കേണ്ടതാണ്. ഈ വക വിഷയങ്ങളിൽ വകതിരി വോടും, മര്യാദയോടും കാര്യങ്ങൾ നടത്തപ്പെടേണമെ ങ്കിൽ ഭാര്യമാൎക്കു ഭർത്താക്കന്മാരോടു യഥാർത്ഥസ്നേഹം സ ദൃഢാ ഉണ്ടായിരിക്കേണ്ടതാണ്.

നിങ്ങൾക്കു വല്ല സുഖക്കേടുമുണ്ടാകുമ്പോൾ ഡോക്ട ൎക്കു പണം കൊടുക്കേണമെല്ലോ എന്നു കരുതി നിങ്ങൾ കണ്ണിതപ്പെടുന്നതു വളരെ തെററാകുന്നു. നിങ്ങളുടെ അന്ത സ്സിന്നനുസരിച്ചു നിങ്ങൾ ജീവിതം നയിക്കുവിൻ. ശുദ്ധ വായുവിൻെറ ഗതാഗതത്തിനു വളരെ സൌകര്യമുള്ള തുറന്ന ഒരു സ്ഥലത്തുവെച്ചു ധാരാളം വ്യായാമം ചെയ്യുക. ചില്ലറയായ സുഖസൌകര്യങ്ങളെ ഉപേക്ഷിച്ചു അനാവ ശ്യമായി രോഗങ്ങൾ വരുത്തിക്കൂട്ടി ഡോക്ടർമാൎക്കു പണം

കൊടുക്കുവാൻ ഇടയാക്കാതിരിക്കുവിൻ. എന്നാൽ സം ഗതിവശാൽ നിങ്ങൾക്കു വല്ല സുഖക്കേടുമുണ്ടാകുമ്പോൾ "എനിക്കു ഇതേവരെ സുഖക്കേടുണ്ടായിട്ടില്ല. ഇപ്പോൾ എന്താണു സുഖക്കേടുണ്ടാവാൻ കാരണം" എന്നും മററു മുള്ള "മക്കിടേമുഷ്ടി"യോടുകൂടി വിഡ്ഢിത്തങ്ങൾ പറയരുതു. ദീനം ചികിത്സിച്ചുമാററാമെന്നു കരുതുന്നതിൽ ഭേദം, അതു പിടിപെടാതിരിക്കുവാൻ നോക്കുകയാണു നല്ലതു എന്നു ള്ള തത്വം ആദരണീയമാണു. എന്നാൽ ദീനക്കാരായ വക്കു ചികിത്സ അത്യാവശ്യമാണു. ഡോക്ടർമാക്കു പണം കൊടുക്കുവാൻ അപ്പോൾ ഒട്ടുംതന്നെ വൈമനസ്യംകാണി ക്കരുത്.

ഒരു ഗൃഹത്തെ ഒരു യഥാൎത്ഥഗൃഹമാക്കുവാൻ കഴി വുള്ള ഒരു ഭാൎയ്യയാണു ഏററവും നല്ല ഭാൎയ്യ. ഇതു സൎവ്വസ മ്മതമായ ഒരു തത്വമാകുന്നു. അതിനെ യാതൊരു വിദ്വാ നും എതിക്കുമെന്നു തോന്നുന്നില്ല. എന്നാൽ ഒരു ഗൃഹം ഉണ്ടാകുവാൻ രണ്ടുപേർ വേണമെന്ന കാൎയ്യം നാം മറക്ക രുത്. ഇവർ രണ്ടു പേരും യോജിച്ചില്ലെങ്കിൽ പരിപൂൎണ്ണ മായ ഐക്യം ഉണ്ടാകുന്നതല്ല. ശാശ്വതമായ ദാമ്പത്യ സൌഖ്യം നല്ല മുൻകരുതലോടുകൂടി യഥാൎത്ഥാനുരാഗമായ ശിമക്കണ്മായമിട്ടു അടിസ്ഥാനം പണിചെയ്തു ഭംഗിയായി കെട്ടി സൂക്ഷിക്കുന്നതായിരിക്കണം. അതുപോലെയുള്ള ഒരു പൂൎണ്ണസംഘടനയെ മരണത്തിന്നുകൂടി ഭംഗപ്പെടുത്തുവാൻ കഴിയുകയില്ലെന്നുള്ളതു നിൎവ്വിവാദമാണ്.

ശുഭം.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 301.42 Acc. No. 80821

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

301.42
PAR-V

80821

പരമേശ്വരക്കുറുപ്പ്

വിവാഹരംഗം

KOTTAYAM PUBLIC LIBRARY
Call No 301.42 PAR-V Acc. No 80821
Author പരമേശ്വരൻ കുട്ടി
Title വിവാഹവും